# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 68

വാല്യം – 14 ലക്കം – 2 മകരം – 1197 ഫെബ്രുവരി 2022








24-01-2022ന് എറണാകുളം കരയോഗം വക **നല്ല കൂട്ടാൻ കട** എറണാകുളം കരയോഗം പ്രസിഡന്റ് ശ്രീ. ആലപ്പാട്ട് മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു.




2022 – ലെ റിപ്പബ്ലിക് ദിനാഘോഷം കരയോഗം അംഗണത്തിൽ വച്ച് പ്രസിഡന്റ് ശ്രീ. ആലപ്പാട്ട് മുരളീധരൻ ദേശീയ പതാക ഉയർത്തി.




വൈപ്പിൻ മേഖലയിൽ പോസ്റ്റ് കോവിഡ് ക്യാമ്പുകളുടെ നടത്തിപ്പിന് ജില്ലാ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ എറണാകുളം കരയോഗം വക ക്ലിനിക് ഓൺ വീൽസ് ജില്ലാ കളക്ടർ ഫ്ളാഗ് ഓഫ് ചെയ്യുന്നു. ചടങ്ങിൽ എറണാകുളം കരയോഗം ജനറൽ സെക്രട്ടറി, ഡി.എം.ഒ., എൻ.എച്ച്.എം., ഡി.പി.എം. തുടങ്ങിയവർ സംബന്ധിച്ചു.



# എഡിറ്റോറിയൽ

## സാംസ്കാരിക നവോത്ഥാനം

**ഭാ**രതം വൈദേശികാധിപത്യത്തിൽ കീഴിലമർന്നു കഴിഞ്ഞിരുന്ന എട്ടൊമ്പത് നൂറ്റാണ്ടുകൾ കൊണ്ട് യുഗങ്ങളായി നാം ആർജ്ജിച്ചെടുത്ത ശാസ്ത്ര സാംസ്കാരിക നേട്ടങ്ങളെല്ലാം തച്ചുതകർക്കപ്പെടുകയുണ്ടായി. ഇസ്ലാമിക ആക്രമണകാരികൾ നമ്മുടെ ക്ഷേത്രങ്ങളിലെല്ലാമുണ്ടായിരുന്ന കണക്കില്ലാത്ത സ്വർണ്ണ രത്ന ശേഖരങ്ങളെല്ലാം കൊള്ളയടിക്കുക മാത്രമല്ല ലോകോത്തരമായ ശില്പങ്ങൾ കൊണ്ട് അത്യാകർഷകമാക്കിയിരുന്ന പരമപവിത്രമായ ക്ഷേത്രങ്ങളെയൊക്കെ തകർക്കുകയും തത്സ്ഥാനങ്ങളിലെല്ലാം മുസ്ലീം പള്ളികൾ സ്ഥാപിക്കുകയും ചെയ്തു. തകർത്ത ക്ഷേത്രങ്ങളുടെ മുകളിൽ തന്നെയാണ് പല പള്ളികളും സ്ഥാപിച്ചത്. ക്ഷേത്രങ്ങളാണല്ലോ ഭാരതീയ സംസ്കാരത്തിന്റെ ഈറ്റില്ലങ്ങൾ. ക്ഷേത്രങ്ങളുടെ നാശവും വൈദേശിക സംസ്കാരത്തിന്റെ കടന്നുകയറ്റവും സനാതനമായ നമ്മുടെ സംസ്കാരത്തെ തെല്ലൊന്നുമല്ല മുറിവേല്പിച്ചത് ക്ഷേത്രങ്ങളുടെ നാശം അനേകം ക്ഷേത്ര നഗരികളുടടെ അധപതനത്തിന് കാരണമായി. ഭാരതീയ സംസ്കാ

# ഉള്ളടക്കം

വാല്യം 14 | ലക്കം 2 | ഫെബ്രുവരി 2022


എഡിറ്റോറിയൽ.......... 3
സെക്രട്ടറിയുടെ പംക്തി.......... 6
ബാലലോകം.......... 7
വാസ്തു.......... 11
ക്ഷേത്രങ്ങളിലൂടെ.......... 13
ശ്രീമഹാഭാഗവതം .......... 16
ശ്രീ ചട്ടമ്പിസ്വാമികൾ ഒരു സ്മരണ.......... 22
കൈകേയി.......... 26
കാലാന്തരങ്ങൾ..........29
ശാസ്ത്രം ഗ്രീസിനെ ചുറ്റിപ്പറ്റി ..........31
പ്രമേഹം..........33
സ്വയം ഭരണ സർവ്വകലാശാലകൾ..........35
ചുട്ടുപഴുക്കുന്ന ഭൂമി, മാറുന്ന കാലാവസ്ഥ..........38
ആത്മജ്ഞാനത്തിന് ഒരു ആമുഖം..........42
പഞ്ചമഹാഭൂതങ്ങളിൽ ഒന്നായ പ്രാണനെക്കുറിച്ച് ..........49
പാതഞ്ജലയോഗദർശനം..........51
കോവിഡ്-19 ഉം മാനസിക സംഘർഷവും..........53
ആയുസിന്റെ അവധി..........56
പുരുഷാർത്ഥങ്ങൾ..........58
രമേശൻ നായരെ ഓർക്കുമ്പോൾ..........60
മാസഫലം.......... 64
മാട്രിമോണിയൽ.......... 65



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ** (മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

രികാഭിമാനജ്യോതിസ്സായിരുന്ന ശ്രീരാമക്ഷേത്രവും ലോക പ്രശസ്ഥമായ കാശിവിശ്വനാഥക്ഷേത്രവും ഇങ്ങനെ തകർക്കപ്പെട്ട ക്ഷേത്രങ്ങളിൽ പെട്ടതാണ്. ഇവയെ കൂടാതെ ആയിരക്കണക്കിന് ഹൈന്ദവ സിക്ക് ജൈനക്ഷേത്രങ്ങളാണ് ഇസ്ലാമിക കിരാത ഭരണകാലത്ത് തകർക്കപ്പെട്ടത്. സെമിറ്റിക് മതങ്ങളുടെ കടന്നുകയറ്റം മൂലം നമ്മുടെ സംസ്കാരത്തിനേറ്റ ക്ഷതം ചില്ലറയല്ല. ഈ കാലയളവിനുള്ളിൽ ഔറംഗസീബിനെപ്പോലെയും ടിപ്പുവിനെപ്പോലെയുമുള്ള പൈശാചികരുടെ കൊടും ക്രൂരതകൾക്കും ഇവിടുത്തെ ഹൈന്ദവജനത ഇരയാകേണ്ടി വന്നിട്ടുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്തും ഇതേ അടിമത്തം തുടർന്നു. സാമ്പത്തിക ചൂഷണവും സാംസ്കാരിക ഹത്യയുമായിരുന്നു അവരുടെ ലക്ഷ്യം. അങ്ങനെ 1947 ആഗസ്റ്റ് 15 വരെ അത് തുടർന്നു. അന്ന് രാഷ്ട്രീയമായി നാം സ്വതന്ത്രരായി. വൈദേശികാധിപത്യം അവസാനിച്ചു. പക്ഷേ സ്വതന്ത്ര ഭാരതത്തിന്റെ ആദ്യ നാളുകൾ അത്ര ശുഭകരമായിരുന്നില്ല. പാശ്ചാത്യ സംസ്കാരത്തിൽ അഭിരമിച്ചിരുന്ന ചിലർ, ഭാരതത്തെ കൈപ്പിടിയിലൊതുക്കുവാനായി ബ്രിട്ടീഷുകാർ ആവിഷ്കരിച്ച വിദ്യാഭ്യാസ സംപ്രദായം തന്നെ തുടർന്നു. മാത്രമല്ല സനാതന ധർമ്മാധിഷ്ഠിതമായ സാംസ്കാരികോന്നമനത്തിനു വേണ്ടി കാര്യമായി യാതൊന്നും തന്നെ ചെയ്തതുമില്ല. ഇന്നിപ്പോൾ ഇതാ സനാതന ധർമ്മം പുനസ്ഥാപിക്കപ്പെടുന്നു. നമ്മുടെ സാംസ്കാരിക ചിഹ്നങ്ങളൊക്കെ പുനർനിർമ്മിക്കപ്പെടുന്നു. അത് "നമാമി ഗംഗ"യിലൂടെയായാലും ശരി ശ്രീരാമക്ഷേത്ര നിർമ്മാണത്തിലൂടെയായലും ശരി, കാശിവിശ്വനാഥക്ഷേത്ര പുനർനിർമ്മാണത്തിലൂടെയായലും ശരി, നാം മാറുകയാണ് ധർമ്മാധിഷ്ഠിതഭാരത നിർമ്മാണത്തിലൂടെ ശരിയായ രാമരാജ്യത്തിലേയ്ക്ക്. ദേശീയ ചിന്തയുള്ള ഓരോ ഭാരതീയന്റെയും അഭിമാനമായാണ് അയോദ്ധ്യയിൽ ശ്രീരാമക്ഷേത്രം ഉയർന്നു വരുന്നത്. അതുപോലെ കാശിയിൽ വിശ്വനാഥക്ഷേത്രം പുനർനിർമ്മിക്കപ്പെടുന്നു. മുസ്ലീം പള്ളിയിലേയ്ക്ക് നോക്കിയിരിക്കുന്ന നന്ദിദേവനെ കാണുമ്പോൾ എത്ര വിഷമമാണ് ഭക്തമനസ്സുകളിൽ ഉണ്ടാകുന്നതെന്നോ? ശരിയായ വിശ്വനാഥസ്ഥാ നം തകർത്ത് അവിടെ പള്ളി പണിതതിനാലാണ് അങ്ങനെ സംഭവിച്ചത്. ഇന്ന് ഇതാ ആർക്കും എതിർപ്പില്ലാതെ പള്ളി അവിടെ നി ന്നും മാറ്റി, ക്ഷേത്രം പുതുക്കി പണിയുവാനുള്ള സാഹചര്യം ഒരുങ്ങുന്നുവെന്ന് കേൾക്കുമ്പോൾ എത്ര സന്തോഷമാണുണ്ടാവുക.

അങ്ങനെ അടിമത്തത്തിന്റെ അടയാളങ്ങൾ ഓരോന്നായി മായ്ക്കപ്പെടുന്നു, അവിടെ സ്വാഭിമാനപ്രതിഷ്ഠകൾ ഉയരുന്നു. ഇതു മാത്രമല്ല മാലിന്യംകൊണ്ട് നിറഞ്ഞിരുന്ന ഗംഗയെ "നമാമി ഗംഗ"യിലൂടെ മാലിന്യമുക്തമാക്കി പരിപാവനമായ ഗംഗയാക്കി മാറ്റിയിരിക്കുന്നു. ഇതിനെല്ലാം അപ്പുറം നമ്മുടെ പുരാണേതിഹാസങ്ങളിലെല്ലാം പ റഞ്ഞിരിക്കുന്ന സരസ്വതി നദി, പണ്ട് ഭാരതത്തിന് അനുഗ്രഹമായി ഈ മണ്ണിലൂടെ പ്രവഹിച്ചിരുന്ന സരസ്വതി നദി, അധർമ്മാധിപത്യം ഉണ്ടായപ്പോഴായിരിക്കാം അപ്രത്യക്ഷയായത്. ഇപ്പോഴിതാ ചരിത്രപരമായ ഒരു തീരുമാനമായിരിക്കു

ന്നു, ഭൂമിക്കടിയിലേയ്ക്ക് അന്തർദ്ധാനം ചെയ്ത സരസ്വതീ നദിയെ ഭൂമിക്ക് മുകളിലേയ്ക്ക് കൊണ്ടു വന്ന്, ഭാരതത്തിന്റെ പുണ്യം വീണ്ടെടുത്ത്, നാടിനെ സമ്പദ്സമൃദ്ധമാക്കുക എന്ന്. ഇത്ര മഹത്തായ ഒരു കർമ്മം നമ്മുടെ ജീവിതകാലത്ത് നടക്കും എന്ന് നാം ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ചരിത്രപ്രാധാന്യമുള്ള ഈ നദിയെ തിരികെ ഭൂമിക്ക് മുകളിലൂടെ ഒഴുക്കുവാൻ സാധിച്ചാൽ അതൊരു വലിയ നേട്ടമാവും. ഒപ്പം നമ്മുടെ സാംസ്കാരികത്തെളിമയ്ക്കും ഉയർത്തെഴുന്നേൽപ്പിനും കാരണവുമാകും.

ഇതിനെല്ലാമുപരി നമ്മെ സന്തോഷിപ്പിക്കുന്ന ഒരു മഹത്കർമ്മം കൂടി നടക്കുകയാണിപ്പോൾ. അത് ദൂരെയൊന്നുമല്ല. നമ്മുടെ കേരളത്തിൽ നമ്മുടെ ജില്ലയിൽ തന്നെ. ആദിശങ്കരജന്മസ്ഥാനവും പെരിയാറുമെല്ലാം ദേശീയ സ്മാരക പദ്ധതിയിലിടം പിടിക്കുന്നു. പെരിയാർ ശുദ്ധീകരണവും മുതലക്കടവ് നവീകരണവും എല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ് കേന്ദ്ര സാംസ്കാരിക മന്ത്രാലയം ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. മുതലക്കടവിനോട് ചേർന്ന് ശങ്കരാചാര്യരുടെ ഒരു വലിയ പ്രതിമയും സ്ഥാപിക്കപ്പെടും.

അദ്വൈത സിദ്ധാന്തത്തിന്റെ ആചാര്യനായ ശങ്കാരചാര്യരുടെ പ്രതിമ മാത്രമല്ല സ്ഥാപിക്കപ്പെടുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഗർജ്ജിക്കുന്ന സിംഹമായിരുന്ന നേതാജി സുഭാഷ് ചന്ദ്രബോസിന്റെ പ്രതിമ ഇന്ത്യാഗേറ്റിൽ സ്ഥാപിക്കുന്നു. ബ്രിട്ടനിലെ രാജാവായിരുന്ന ജോർജ്ജ് അഞ്ചാമന്റെ പ്രതിമ നീക്കം ചെയ്ത സ്ഥലത്താണ് നേതാജിയുടെ പ്രതിമ സ്ഥാപിക്കുന്നത്. മാത്രമല്ല ഇനി മുതൽ അദ്ദേഹത്തിന്റെ ജന്മദിനം 'പരാക്രം' ദിവസമായി ആചരിക്കുന്നു. റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾ അന്നേ ദിവസം തുടങ്ങുവാനാണ് സർക്കാർ തീരുമാനം. അഭിമാനത്തോടെയാണ് ഇത് എഴുതുന്നത്. ഇതിനെല്ലാമുപരി ഇതാ മറ്റൊരു പ്രഖ്യാപനം വന്നിരിക്കുന്നു, ലക്ഷ്യ 2047. അതിൽ പ്രകാരം അടുത്ത 25 വർഷംകൊണ്ട് വൈദേശികാധിപത്യത്തിന്റെ പ്രതീകങ്ങളായി ഭാരതത്തിൽ നിലനില്ക്കുന്ന സർവ്വതും തുടച്ച് നീക്കപ്പെടുമെന്നും എല്ലാം ഭാരതീയമാകുമെന്നുമാണ് കേൾക്കുന്നത്. എല്ലാം ഭാരതീയ സംസ്കാരാധിഷ്ഠിതമാകണമെന്ന്. എത്ര അഭിമാനോജ്ജ്വലമായിരിക്കും ആ നാളുകൾ എത്ര ധന്യമായിരിക്കും അന്നത്തെ ഭാരതം **അമ്മേ ഭാരതാംബേ!** നമിക്കുന്നു ആ തൃപ്പാദങ്ങളിൽ. ഈ ഉദയത്തിനായിരുന്നു, ഉണർവിനായിരുന്നു ഇത്രനാളും ഞങ്ങൾ കാത്തിരുന്നത്. ഇനി ഭാരതം ലോകത്തെ നയിക്കും, സനാതന ധർമ്മത്തിലൂടെ, ശാന്തിയും സമാധാനവും അപ്പോൾ ലോകമെങ്ങും പുനസ്ഥാപിക്കപ്പെടും. കാത്തിരിക്കാം ആ നല്ല നാളുകൾക്കായി.

അങ്ങനെ ഭാരതത്തിൽ ഇന്ന് നടക്കുന്നത് യഥാർത്ഥ നവോത്ഥാനമാണ്, സാംസ്കാരിക വിപ്ലവമാണ്. ഹർഷപുളകിതരായി ഈ സദ്യുത്തമങ്ങളിൽ നമുക്കും പങ്കാളികളാകാം-ശിരസ്സുയർത്തി, അഭിമാനത്തോടെ

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

പ്രിയ കരയോഗാംഗങ്ങളെ,

എങ്ങനെ തുടങ്ങണം? എന്തു പറയണം? എന്തെഴുതണം? എന്നറിയില്ല. കഴിഞ്ഞ രണ്ടു വർഷമായി ആവർത്തിക്കുന്ന പല്ലവി വീണ്ടും പറയുവാനും എഴുതുവാനുമുള്ള ബുദ്ധിമുട്ട് മനസ്സിലാകുമല്ലോ ?

സ്വപ്നം, പ്രതീക്ഷ, ശുഭാപ്തി വിശ്വാസം ഇതൊക്കെയാണ് ബാക്കിയുള്ളത്. അത് കൈ വെടിയുന്നില്ല. ഓരോ ദിവസവും ശുഭകരമല്ലാത്ത വാർത്തകളും അനുഭവങ്ങളും കേട്ടുകൊണ്ടും അറിഞ്ഞുകൊണ്ടുമാണ് കടന്നു പോകുന്നത്. വല്ലാത്തൊരവസ്ഥ. കാര്യങ്ങൾ നടത്തി കൊണ്ടു പോകുവാൻ പുതിയ പുതിയ സംരംഭങ്ങളും പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയേ കഴിയൂ. അതുകൊണ്ട് ഇന്നല്ലെങ്കിൽ നാളെ എല്ലാം ശരിയാകും എന്ന ഉറച്ച വിശ്വാസമാണ് ഇപ്പോൾ നമ്മെ മുന്നോട്ടു നയിക്കുന്നത്. നമ്മുടെ പ്രവർത്തനങ്ങൾ എല്ലാം പരിധിക്കകത്തു നിന്നുകൊണ്ട് ചെറിയ തോതിൽ മുന്നോട്ടു പോകുന്നു. ആശയങ്ങളും ആഗ്രഹങ്ങളും വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കി പൊതു സമൂഹത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ പ്രാവർത്തികമാക്കുകയാണ് ലക്ഷ്യം. അതിനുവേണ്ടിയുള്ള തീവ്രമായ, കഠിനമായ പ്രയത്നം ചെയ്യേണ്ടിയിരിക്കുന്നു. പലപ്പോഴും ഈ കെട്ടകാലത്തെ ദുരവസ്ഥ നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സാരമില്ല, ഭയപ്പെടേണ്ട നമുക്ക് ഒരുമിച്ച് ഒരേ മനസ്സോടെ പ്രവർത്തിക്കാം. മുന്നോട്ടു പോകാം. ശുഭപ്രതീക്ഷയോടെ.

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ടി.ഡി. എം ഹാളിൽ ജനുവരി 15 ന് ശേഷം നടത്താൻ നിശ്ചയിച്ചിട്ടുള്ള എല്ലാ പരിപാടികളും അനിശ്ചിതമായി മാറ്റിവെച്ചിരിക്കുകയാണ്. സർക്കാരിന്റെ നിയന്ത്രണങ്ങൾക്കു വിധേയമായി മാത്രമേ തുടർന്നു പരിപാടികൾ നടത്തുവാൻ കഴിയുകയുള്ളൂ എന്ന് അറിയാമല്ലോ. ഫെബ്രുവരി മൂന്നാം വാരത്തിൽ 20 മുതൽ 27 വരെ 35 -ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം കോവിഡ് -19 നിബന്ധനകൾക്ക് വിധേയമായി മാത്രം നടത്തുന്നതായിരിക്കും.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## കൊച്ചു കൊച്ചു വലിയ ചിന്തകൾ

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

**ജീ**വിതം എന്നും ഏതൊക്കെയോ വിളികൾ തേടിയുള്ള യാത്രയാണ്.

വഴികൾ, യാത്രകൾ, ഒന്നുമറിയാതെയാണ് നാം നടന്നു തുടങ്ങുന്നത്. മരുഭൂമികൾ, അഗാധഗർത്തങ്ങൾ, നിമ്നോന്നത സ്ഥലികൾ കൊടിയ വനാന്തരങ്ങൾ ഒക്കെ വഴിയേ നമ്മെ കാത്തിരിപ്പുണ്ട്. വഴികൾ, യാത്രകൾ ഒന്നും അറിയാത്ത കാലം.

തുടങ്ങിയിടത്ത് അവസാനിക്കുന്നില്ല. ഒരു ജീവിതവും ഒരു കാലവും ഒരു പാട് കാലത്തേക്കുള്ളതല്ലെന്ന ബോധ്യത്തിലാണ് നാം മുന്നോട്ടു പോകേണ്ടത്. യാത്ര തുടരേണ്ടത്. വഴിയെ, പലവേഷങ്ങൾ കാണും. വേഷങ്ങൾ വിശ്വസിച്ചാൽ ദോഷമാണ്. കണ്ടുമറന്നു കളഞ്ഞേക്കണം പലതും. നന്നേ കുഞ്ഞായിരിക്കേ, പിച്ച വെച്ചു തുടങ്ങും മുൻപ് നമുക്കൊരു പേരു വീണു കിട്ടുന്നു. പേരെന്തുമാവട്ടെ, പേരിനോടൊരു പരിഭവം വേണ്ട. വിളിക്കാൻ, വേർതിരിക്കാൻ ഒരു ശബ്ദം മാത്രമാണ് പേര് എന്നു കരുതിയാൽ മതി.

കണ്ടും പറഞ്ഞും മറന്നു പോയേക്കാവുന്ന എത്രയോ കാഴ്ചകൾ നമുക്കു സ്വന്തമായുണ്ടാവും. പിന്നീട് എപ്പോഴോ എന്നോ ഓർത്തിരുന്നതും കണ്ടിരുന്നതുമാണല്ലോ ഇവയെന്ന് നാം ഓർത്തെടുത്തേക്കാം. നമ്മൾ ചോദ്യങ്ങൾ പലരിലൂടെ കേൾക്കുന്നു. ചിലരിൽ നാം അത്തരം പലതിനും ഉത്തരങ്ങൾ കണ്ടെത്തുന്നു. എത്ര കരഞ്ഞാലും പിഴിഞ്ഞാലും നിശ്ശൂന്യമാകാതെ ഉള്ളിലുയിർക്കുന്ന ഒരു ഞാനുണ്ട് നമ്മിലെല്ലാം. അതങ്ങനെ ഉയിർന്നെണീററു തന്നെ നിൽക്കും. പല കാലങ്ങളിലും പലതും നാം അതിജീവിച്ചു എന്നു പറയുന്നതു ശരിയാവില്ല. കടന്നു വന്നു എന്നതത്രേ ശരി. മറക്കാനിഷ്ടമുള്ളവയെ ഓർമ്മിപ്പിക്കുകയും ഓർക്കാനിഷ്ടമായവയെ മായ്പ്പിക്കുകയും ചെയ്യുന്നത് പ്രകൃതിയുടെ വിനോദമാണ്.

സ്വന്തം പേര് ഇഷ്ടമല്ലാത്തവരാണ് നമ്മളിൽ അധികവും. തന്റെ പേര് തനിക്കൊട്ടും ചേർന്നതല്ലെന്നും ഞാനതിൽ ചേർത്തിണക്കപ്പെട്ട് കഴിഞ്ഞു പോകുന്നുവെന്നും പറയുന്നവർ ഏറെയാണ്. വിളിക്കാൻ, വേർതിരിച്ചറിയാൻ ഒന്നാണ് പേര് എന്നു മാത്രം ധരിക്കുന്നവരാണ് ഏറെ. ഒരു പേരിലെന്തിരിക്കുന്നു എന്നു ചോദിക്കുന്നവരുമുണ്ട്. എന്നാൽ പേരിലാണ് നമ്മൾ ജീവിതം കൊട്ടിഘോഷിക്കപ്പെടുന്നത്.

ഏതായാലും മറുകരയിലേക്കുതന്നെയാണ് ഒരോ മനുഷ്യനും സഞ്ചരിക്കുന്നത്. ഊർജ്ജം പ്രതീക്ഷയാണ്. ഈ പ്രതിഭാസം ജീവിതമാണ്.

പഴമക്കാർ പറയും. ലോകം അങ്ങനെയാണ്. ക്ഷാമകാലവും സുഭിക്ഷകാലവും നല്ലകാലവും ചീത്തകാലവും മാറിമാറിവരും. സുഭിക്ഷതയുടെയും നല്ല കാലത്തിന്റെയും മൂർദ്ധന്യത്തിൽ നിൽക്കുമ്പോൾ പൊതുവേ ആർക്കും മറ്റൊരവസ്ഥയെക്കുറിച്ചു ചിന്തിക്കുവാൻ പോലും തോന്നുകയില്ല.

നിങ്ങളുടെ ചുണ്ടുകൾ അടക്കുകയും ഹൃദയം തുറന്നുവെക്കുകയും ചെയ്യുക. ജ്ഞാനം നേടുക. ജ്ഞാനം മുത്തുകളേക്കാൾ ശ്രേഷ്ഠമാണ്. സർവ്വസമ്പത്തും സിദ്ധിയും തരുന്നത് മനസ്സാണ്. മനോജയമാണ് മഹാവിജയം. പരീക്ഷണങ്ങൾ കൂടാതെ പൂർണ്ണത നേടാനാവില്ല.

ദൈവദാനമാണ് നിങ്ങൾ പൈതലൊരൊന്നും. കരുതലും സ്നേഹവും പുതുയുവത ശീലിക്കണം. സ്നേഹമെന്ന കിളിയുടെ കൂട് ലോ

കമെന്നതറവാട്. മറഞ്ഞിരിക്കുമ്പോഴും എങ്ങും നിറഞ്ഞിരിക്കുന്നീശൻ. ഈശ്വരശരീരമാണ് പ്രപഞ്ചം. നാം അതിൽ ഒരു മൺതരിയോളം മാത്രം. ശരീരം നാശത്തിനു വിധേയം. ജനിച്ചതും മരിക്കുന്നതും ശരീരമാണ്. മതവും രാഷ്ട്രീയവും പണത്തിനും ആധികാരത്തിനും വേണ്ടിയാണ് ഇന്ന്. രണ്ടും നമുക്കു വേണ്ടാ.

സത്യമാണ് പരമമായ ബ്രഹ്മം. സത്യമത്രേ വാഗ്ദാനം. എന്തും കണ്ടെത്തി കൊണ്ടേയിരിക്കുക. കാരണം കണ്ടെത്തലുകൾ തിരുത്തപ്പെടാൻ മാത്രമുള്ളതാണ്. എപ്പോഴും പ്രിയമായ് പറയണം സത്യം. സത്യത്തിന്റെ വഴിയാണ് സമാധാനത്തിന്റെ വഴി. ദൈവം നിയമത്തിന്റെ രൂപത്തിലാണ് ലോകത്തെ പാലിക്കുന്നത്. സ്വന്തം പ്രാണനെ രക്ഷിക്കാൻ പോലും ധർമ്മം വെടിയരുത്.

ജീവിതയാത്രയെപ്പറ്റി പറഞ്ഞല്ലോ സമർത്ഥനായ ഒരു സഞ്ചാരിക്ക് പാതകളോ അടയാളങ്ങളോ ആവശ്യമില്ല. സമർത്ഥനായ ഒരു സഞ്ചാരിയാവട്ടെ നിങ്ങൾ ഓരോരുത്തരും.

നിങ്ങളുടെ കണ്ണുകൾ വെളിച്ചത്തിലേക്ക് തുറക്കുക. ആ വെളിച്ചത്തിൽത്തന്നെ കണ്ണുകൾ ഉറപ്പിക്കുക. മറ്റുള്ളതെല്ലാം തനിയെ ശരിയായി വരും.

പലതാണ് വിശ്വാസവഴികൾ. പലതാണ് ദൈവങ്ങൾ. ദൈവം പലർക്കും പലതാണ്. കനിവിന്റെ മുഖങ്ങളാണ് ആരാധനാലയങ്ങൾ ഓരോന്നും.

സ്നേഹമാണ് ക്രിസ്തുമതം. സാഹോദര്യമാണ് ഇസ്ലാം. കരുണയാണ് ബുദ്ധമതം. ഏകമാണ് ഹൈന്ദവത. മതം അനുഭൂതിയാവണം മനുഷ്യന്.

ഒരു പാട് ഉയരങ്ങളിലേക്ക് പോകാം. ആകാശത്തോളം വളരാം. പക്ഷേ വേരുകൾ മണ്ണിൽ ആഴത്തിൽ ഉറയ്ക്കണം.

നിറമേഴും ചേർന്നാൽ എന്താവും മക്കളേ പറയാമോ? "മഴവില്ല്".

പവിത്രമായ സൗഹൃദം ഭാവങ്ങൾക്ക് അതീതമാണ്. ആത്മാർത്ഥ സുഹൃത്തിനു വേണ്ടി ആത്മത്യാഗം ചെയ്യാൻ പോലും തയ്യാറാകുന്നതാണ് മൈത്രീബന്ധം. പാൽ അടുപ്പിൽ വച്ച് തിളപ്പിക്കുമ്പോൾ പാലെന്ന സുഹൃത്തിന്റെ സന്താപത്തിൽ പാലിലെ ജലാംശം അഗ്നിയിൽ സ്വന്തം ദേഹം ദഹിപ്പിക്കുന്നു. ലോകത്തിൽ രണ്ടുപേർ തമ്മിലുള്ള സൗഹൃദം അഥവാ മൈത്രി ഇങ്ങനെ ആയിരിക്കണം. പരസ്പരം ചേർന്നിരിക്കുന്ന ഈ പാരസ്പര്യമാണ് മൈത്രിയുടെ മഹത്വം. അതു വേർപിരിയില്ല. വേർപിരിക്കാനാവില്ല.

ജീവിതയാത്രയിൽ അവശ്യം വേണ്ടുന്നതാണ് വായിച്ചു നേടേണ്ട അറിവ്. വായന വളമായി ജീവിതം പുഷ്ടിപ്പെടുത്തും. പുഷ്ക്കലമാക്കും. നല്ലൊരു പുസ്തകം വായിച്ചിട്ട് കണ്ണാടിയിൽ നോക്കൂ. പുസ്തകം വായിച്ചു തുടങ്ങും മുൻപുള്ള ആളല്ല നിങ്ങളെന്ന് മനസ്സിലാകും. പുസ്തകവായനയോളം സുഖം മറ്റെവിടെ ലഭിക്കാൻ. ഇരുട്ടിലേക്ക് തിരിയുന്ന കണ്ണുകളെ വെളിച്ചത്തിലേക്കു നയിക്കാൻ വായിക്കാം, മക്കളേ നമുക്ക് പ്രകൃതിയെ ചേർത്തുനിർത്തുന്നവന് പ്രകൃതി തന്നെ പുസ്തകം.

ചക്രവാളം എത്ര സുന്ദരമാണ്. എന്നാൽ അതെപ്പോഴും അകലെയേ നിൽക്കൂ. ക്ഷമാശീലനം മാത്രമേ സുഖമുള്ളൂ. അഥവാ സുഖം എന്നാൽ ദുഖത്തെ മറയ്ക്കൽ മാത്രമാണ്. ദുഖത്തിനൊരൊറ്റ പ്രത്യൗഷധമേയുള്ളൂ. നിരുപാധികസ്നേഹം. നിരുപാധിക സ്നേഹമാകണം നിങ്ങൾ. നമ്മൾ മനുഷ്യർ!

നേർവഴി ഏതെന്നറിയാത്തവർക്ക് സംശയം മാത്രമേയുള്ളൂ. സംശയാലുക്കളുടെ വചനങ്ങൾ മാത്രമേ മറ്റുള്ളവരെ സംശയാലുക്കളാക്കുകയുള്ളൂ. ബോധോദയമുള്ളവരുടെ വാക്കുകൾക്ക് സംശയരഹിതമായ അന്തരീക്ഷത്തെ നിലനിർത്താൻ സാധിക്കും.

ലഹരിയാൽ മത്തനായ ഒരാൾ കായലിലൂടെ കാഴ്ചകാണാൻ തോണിയിൽ കയറി തോണി തുഴഞ്ഞു കൊണ്ടിരുന്നു. നിലാവെളിച്ചത്തിൽ പലതും കണ്ടതായി തോന്നി. നേരം പുലർന്നപ്പോൾ മനസ്സിലായി, കണ്ടതെല്ലാം തോന്നലായിരുന്നെന്ന്.

ജന്മത്തിന്റെ കാരണം തന്നെ കർമ്മമാണു മക്കളേ വാക്കിലും പ്രവൃത്തിയിലുമാണ് കാര്യം, വസ്ത്രധാരണത്തിലല്ല.

കൊടുമുടികളെ സ്വപ്നം കാണുക. താഴ്വാരങ്ങളെയല്ല. നല്ലശീലങ്ങൾ പരിശീലിക്കുക. പരിശീലനം പഠനം തന്നെയാണ്. ചിലയിടങ്ങളിൽ തോറ്റുകൊടുത്തേക്കൂ. അത്തരം തോൽവികളും നിങ്ങളെ നാളെ വിജയത്തിലെത്തിക്കും. പ്രകൃതിയെ സ്നേഹിക്കുക. മണ്ണും സംസ്കൃതിയും മാനവവിഭവനിധികൾ. ആരാനും കട്ടുമുടിക്കാതെ, അപഹരിക്കാതെ കാത്തു വെയ്ക്കണം

നാം. പ്രകൃതി സ്നേഹം തന്നെ ഈശ്വര സ്നേഹം.

ഒന്നു പുതുതായി ഇല്ല. പഴയതു തന്നെയാണ് വീണ്ടും വീണ്ടും ഉണ്ടാക്കപ്പെടുന്നത്. കൈയിൽ ആയുധങ്ങൾ അരുത്. മനസ്സിൽ കന്മഷങ്ങളും. സമ്പത്ത് സംതൃപ്തിയാണ്. അമൃതം സന്തോഷവും. മറക്കണ്ട. രാഷ്ട്രത്തിന് മികച്ച മാതൃകകളാവണം നിങ്ങൾ. എന്തുകൊണ്ടെന്നാൽ ഇനിയെങ്കിലും വേണം ജനങ്ങൾക്ക് മികച്ച് മാതൃകകൾ. പകരമായി ഒന്നും, സ്നേഹം പോലും ആവശ്യപ്പെടാത്ത യഥാർത്ഥ സ്നേഹത്തിന്റെ ഉടമകളാകണം കൊച്ചുകൂട്ടുകാർ ഭാവിയിൽ.

ജീവിതം എന്ന പരീക്ഷയിൽ പങ്കെടുക്കുന്ന നമുക്ക് ഓരോരുത്തർക്കും വ്യത്യസ്ഥ ചോദ്യപേപ്പറുകളാണ് ലഭിക്കുന്നത്. പക്ഷേ നാം അനുകരിക്കുന്നു. കോപ്പിയടിക്കുന്നു. സ്വന്തം നിലയിൽ ഉത്തരം കണ്ടെത്തി എഴുതാൻ ശ്രമിക്കുന്നവർ കുറവാണ്. അപ്പുറത്തെ കുട്ടിയെ കണ്ടുപഠിക്കണമെന്നാണ് അച്ഛനമ്മമാർ സ്വന്തം കുട്ടിയോട് നന്നേ ചെറുപ്പത്തിൽ തന്നെ പറഞ്ഞു കൊടുക്കുന്നത്. ഭാര്യ ഭർത്താവിനോടും സഹോദരൻ സഹോദരിയോടും അദ്ധ്യാപകർ വിദ്യാർത്ഥികളോടും ഇതു തന്നെ പറയുന്നു.

വീണ്ടും കണ്ടുമുട്ടാൻ സാധിക്കാത്ത അതിഥിയല്ല ഈ ജീവിതമെന്ന് കബീർദാസ് പറഞ്ഞു തന്നിട്ടുണ്ട്. നമ്മൾ അത് ഓർക്കാറേയില്ല.

ജീവിതത്തിന് നാടകത്തിലേതു പോലെ ഡ്രസ്സ് റിഹേഴ്സൽ ഒന്നും ഇല്ലെന്ന് ഓർക്കുക. മത്സരപരീക്ഷയിലേതു പോലെ മോഡൽ എക്സാമും ഇല്ല. ജീവിതത്തിൽ കണ്ണാടിയേയും നിഴലിനേയും പോലുള്ള സുഹൃത്തുക്കളാണ് നമുക്ക് വേണ്ടത്. കണ്ണാടി കണ്ട കാര്യം പറയുന്നു. കണ്ണാടി ഒരിക്കലും കളവു പറയുകയില്ല. നിഴൽ എല്ലാക്കാലവും നമ്മോടൊപ്പം തന്നെയുണ്ടാവും. നിഴൽ നമ്മെ വിട്ട് ഒരിക്കലും പിരിയുന്നില്ല.

വല്ലവന്റേയും ഹുണ്ടികയിൽ ഇടുന്ന നാണയമാവരുത് നമ്മുടെ ജീവിതം. പിന്നെ അത് ഒരിക്കലും തിരിച്ചെടുക്കാനാവില്ല. വല്ലവരും കുടുക്ക തല്ലിപൊട്ടിച്ചെടുത്ത് നമ്മെ ഉള്ളം കയ്യിലിട്ട് അമ്മാനമാടും. ആലോചിക്കുക. രക്ഷാകർത്താക്കളോട് പറയാൻ ഇത്ര മാത്രം- നിങ്ങളുടെ മകന്റെ/മകളുടെ സന്തോഷം നിങ്ങളുടേതിനേക്കാൾ പ്രധാനമായിരിക്കട്ടെ.!

## തൊഴിലിന്റെ മഹത്വം

ചെങ്ങമനാട്ടെ വാസുദേവപുരത്ത് ധർമ്മിഷ്ഠനായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരായിരുന്നു നാരായണരാജ. നാടുതോറും നടന്ന് കുട്ടികൾക്ക് സരളഗുണപാഠകഥകൾ പറഞ്ഞുകൊടുത്തും സന്മാർഗ്ഗോപദേശം ചെയ്തുമായിരുന്നു രാജ നിത്യവൃത്തിക്കു വേണ്ടത് സ്വരൂപിച്ചിരുന്നത്. സുകന്യ അദ്ദേഹത്തിന്റെ ഭാര്യയും ശീലവതി ഏകമകളുമായിരുന്നു.

അങ്ങനെയിരിക്കെ, ശീലവതിയുടെ വിവാഹം അടുത്തു. കല്യാണത്തിനും മറ്റുമായി ധാരാളം പണം വേണം. ബ്രാഹ്മണകുടുംബം ചിന്തയിലായി. മകളുടെ വിവാഹച്ചെലവുകൾക്കു വേണ്ടുന്ന പണം എങ്ങനെ കണ്ടെത്തുമെന്ന ആലോചനയിലായി.

ഒടുവിൽ അദ്ദേഹത്തിന്റെ മുന്നിൽ ഒരു വഴി തെളിഞ്ഞു. തന്റെ ആവശ്യവുമായി നാരായണരാജദേശം വാഴുന്നോരുടെ അടുത്തെത്തി, സഹായം അഭ്യർത്ഥിച്ചു.

വാഴുന്നോർ ഉടനെ ഖജാൻജിയോടു പറഞ്ഞു.

"ഈ ബ്രാഹ്മണന് നൂറു സ്വർണ്ണ നാണയങ്ങൾ കൊടുത്തേക്കൂ. ഇദ്ദേഹത്തിന്റെ മകളുടെ വിവാഹത്തിനുള്ള നമ്മുടെ പാരിതോഷികമാണിത്".

ഇതുകേട്ട് നാരായണരാജ ഉടൻ പറഞ്ഞു.

"വാഴുന്നോരറിയണം. ഈ തുക മകളുടെ മംഗല്യ കർമ്മങ്ങൾക്ക് തീരെ കുറവാണ്."

വാഴുന്നോർ കൊടുക്കാമെന്നു പറഞ്ഞ സ്വർണ്ണനാണയങ്ങൾ ഇരട്ടിയാക്കി. ബ്രാഹ്മണൻ അതുകൊണ്ടും തൃപ്തനാകാതെ വാഴുന്നോർ സമക്ഷം വീണ്ടും കൈനീട്ടി.

"ശരി, ഇദ്ദേഹത്തിന് പതിനായിരം സ്വർണ്ണ നാണയങ്ങൾ കൊടുത്തേക്കൂ. ആർഭാടമായി ഇദ്ദേഹം മകളുടെ വിവാഹം നടത്തിക്കോട്ടെ".

അതു കേട്ടിട്ടും ബ്രാഹ്മണന് തൃപ്തിയായില്ല. ബ്രാഹ്മണന്റെ മുഖഭാവം ശ്രദ്ധിച്ചിട്ട് വാഴുന്നോർ കൽപിച്ചു.

എന്തോ ഇദ്ദേഹത്തിന്റെ മുഖഭാവം കണ്ടിട്ട് അത്ര തൃപ്തി വന്നതായി നമുക്ക് തോന്നുന്നില്ല. അതിനാൽ അദ്ദേഹത്തിനായി നമ്മുടെ ഖജനാവു തുറന്നു കൊടുക്കൂ. ആവശ്യമുള്ള ധനം അദ്ദേഹം എടുത്തു കൊള്ളട്ടെ.

അപ്പോൾ ബ്രാഹ്മണൻ പറഞ്ഞു.

"അങ്ങയുടെ ഔദാര്യത്തിന് നന്ദിയുണ്ട്. എന്നിരുന്നാലും അങ്ങ് നൽകുന്ന ധനം ഒട്ടും തന്നെ മകളുടെ വിവാഹത്തിന് മതിയാകില്ല. എന്തുകൊണ്ടെന്നാൽ ഈ ധനമത്രയും അങ്ങ് ആർജ്ജിച്ചതല്ല. മറിച്ച് പൂർവ്വികരാൽ അങ്ങയ്ക്കു ലഭിച്ചതാണ്. സ്വപ്രയത്നം കൊണ്ട് അങ്ങ് ആർജ്ജിച്ച ധനത്തിൽ നിന്ന് ഒരെളിയപങ്ക് അങ്ങ് അടിയനു തന്നാൽ,.....അതുമതി ഈയുള്ളവന് മനസ്സ് തൃപ്തിയാകാൻ. മകളുടെ വിവാഹം നടത്താൻ".

വാഴുന്നോർ വല്ലാതായി.

"ഇങ്ങനെയും ഒരു ബ്രാഹ്മണനോ, നമ്മുടെ ദേശത്ത് അതും ഇക്കാലം. ഇദ്ദേഹം നമ്മെ പ്രവൃത്തിയിലേക്കാണല്ലോ നയിക്കുന്നത്. ചെറുതല്ലാത്ത വലിയൊരൊന്നിലേക്കാണല്ലോ കൺതെളിച്ചു നടത്തുന്നത്".

വാഴുന്നോർ ബ്രാഹ്മണനോട് രണ്ടുനാൾ കഴിഞ്ഞുവരാൻ പറഞ്ഞയച്ചു.

പിന്നീട് വേഷപ്രച്ഛന്നനായി ഒരു തൊഴിൽ തേടിയിറങ്ങി.

"എന്തായാലും സ്വപ്രയത്നം കൊണ്ടു ഞാൻ സമ്പാദിക്കുക തന്നെ ചെയ്യും". വാഴുന്നോർ മനസ്സിൽ കുറിച്ചു.

ജോലിക്കായി അദ്ദേഹം ഒരു പണിശാലയിലെത്തി. അതൊരു പറയന്റെ പണിശാലയായിരുന്നു. പറയൻ അവിടെ വാഴുന്നോരെ കൊട്ടനെയ്യാനും മുറം തീർക്കാനും പണിപറഞ്ഞുകൊടുത്ത് കൂടെ നിർത്തി. നന്നായി ജോലി ചെയ്യിച്ചു. കൂലിയായി രണ്ടുനാണയങ്ങളും കൊടുത്തു.

രണ്ടു നാൾ കഴിഞ്ഞ് ബ്രാഹ്മണൻ വാഴുന്നോരെ മുഖം കാണിച്ചു. വാഴുന്നോർ ആ രണ്ടു നാണയങ്ങളും ബ്രാഹ്മണനു കൊടുത്തിട്ടു പറഞ്ഞു. "സ്വന്തമായി അധ്വാനിച്ചു ഞാൻ നേടിയതാണിത്. കൊണ്ടു പൊയ്ക്കൊള്ളൂ".

ബ്രാഹ്മണന്റെ മുഖം തെളിഞ്ഞു. അതുകണ്ട് വാഴുന്നോർക്ക് സംശയമായി. അദ്ദേഹം തിരക്കി. "അങ്ങ് ഇപ്പോൾ തീർത്തും സന്തോഷവാനാണെന്ന് നാം മനസ്സിലാക്കുന്നു. പക്ഷേ, ഈ രണ്ടു നാണയങ്ങൾകൊണ്ട് അങ്ങെങ്ങനെ മകളുടെ കല്യാണം ഭംഗിയായി നടത്തും". വാഴുന്നോരുടെ ചോദ്യത്തിന് ബ്രാഹ്മണൻ ഒരു മറുപടിയും നൽകിയില്ല. എന്നാൽ ഒരു മന്ദസ്മിതം ആ ചുണ്ടുകലിലെവിടെയോ വാഴുന്നോർ വായിച്ചെടുത്തു.

വാഴുന്നോർ കൊടുത്ത രണ്ടു നാണയങ്ങളുമായി നാരായണ രാജ സ്വഗൃഹത്തിലെത്തി. നടന്ന കാര്യമത്രയും ഭാര്യയോടു പറഞ്ഞു. കിട്ടിയ രണ്ടു നാണയങ്ങളും അദ്ദേഹം തന്റെ ഭാര്യ സുകന്യയുടെ കൈയിൽ വെച്ചു കൊടുത്തു.

എല്ലാം കേട്ട് ഭാര്യ അദ്ദേഹത്തെ നല്ലപോലെ ശകാരിച്ചു.

"നിങ്ങളൊരു മഹാമരമണ്ടൻ തന്നെ. വേണ്ടുവോളം ധനം വാഴുന്നോർ തന്നിട്ടും അതൊന്നും വാങ്ങാതെ രണ്ടു ചെമ്പു നാണയം മാത്രം കൊണ്ടു വന്ന നിങ്ങളെ ഞാൻ മറ്റെന്താ വിളിക്യാ. മോള്ടെ കല്യാണം നടത്താനാണത്രെ. രണ്ട് നാണയം ആയിക്കോ, നടത്തിക്കോ, എന്തു വേണേലുമായിക്കോ".

ഭാര്യ സുകന്യ അരിശംകൊണ്ട് അലറി. പിച്ചും പേയും പോലെ പലതും പറഞ്ഞലറികൊണ്ട് അവൾ ആ രണ്ടു നാണയങ്ങൾ വലിച്ചു ദൂരെയെറിഞ്ഞു.

നാണയങ്ങൾ ചെന്നു വീണിടത്ത് രണ്ട് മരങ്ങൾ വളർന്നു വന്നു. അതിൽ നിറയെ രത്നങ്ങളും മുത്തുകളും സ്വർണ്ണനാണയങ്ങളും പവിഴവും വജ്രങ്ങളും നിറഞ്ഞു നിന്നു.

ബ്രാഹ്മണൻ ധാരാളം പണം ചെലവഴിച്ച് മകളുടെ വിവാഹം കേമമാക്കി. വാഴുന്നോർ കുടുംബവും പ്രഭുക്കന്മാരുമൊത്ത് വന്ന് എല്ലാറ്റിലും പങ്കു ചെർന്നു.

പിരിയും മുമ്പ് വാഴുന്നോർ ചോദിച്ചു

"ഇതെങ്ങനെയാവും സംഭവിച്ചിരിക്കുക? അങ്ങയ്ക്ക് അറിവുള്ളതാണെങ്കിൽ പറഞ്ഞു തന്നാലും."

ബ്രാഹ്മണൻ പറഞ്ഞു.

"കഠിനവും സത്യസന്ധവുമായ തൊഴിൽ വഴി നേടുന്ന ധനത്തിന്റെ അളവ് ചെറുതെങ്കിലും അതിൽ നിന്നു കിട്ടുന്ന ഫലം വളരെ വലുതായിരിക്കും എന്നു മാത്രം അറിയുക".

"പക്ഷേ, ഇത് നാം ചെയ്ത തൊഴിലിനു കിട്ടിയ പണം. അതിൽ നിന്ന് അങ്ങ്",....വാഴുന്നോർ ചോദിച്ചു നിർത്തി.

ബ്രാഹ്മണൻ പറഞ്ഞു.

"സ്വപ്രയത്നംകൊണ്ട് നല്ല വഴിക്ക് ഒരാൾ നേടിയ ധനം ദാനം ലഭിച്ചയാൾക്കും അതു കൊണ്ടുള്ള സത്ഫലങ്ങൾക്ക് അളവില്ല പ്രഭോ!"

വാഴുന്നോർ ബ്രാഹ്മണനെ മെയ് ചേർത്തു പുണർന്നു.

*****

വാസ്തു

# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## കണക്കും വാസ്തവവും

ഒരു വീടു പരിശോധിച്ചപ്പോൾ അവിടുത്തെ പ്രധാനപ്രശ്നം മുറികളുടെ കണക്കുകൾ തെറ്റാണ്. മകന്റെ കല്യാണം പ്രമാണിച്ച് ചില പൊ ളിക്കലും കൂട്ടിച്ചേർക്കലുകളുമുണ്ടായി. കല്യാണം കഴിഞ്ഞ് 6 മാസമായപ്പോൾ ചില്ലറ പ്രശ്നങ്ങൾ തുടങ്ങി. ജോത്സ്യനെ കണ്ടപ്പോൾ കണക്കുകൾ തെറ്റാണെന്നു പറഞ്ഞു.

ജോതിഷപ്രകാരം നവഗ്രഹങ്ങൾ തരുന്ന ഫലത്തെ അനുസരിച്ച് മനുഷ്യജീവിതം നീങ്ങുമെന്നും ജാതകപ്രകാരം 12 ഭാവങ്ങൾ അനുസരിച്ച് ഭൂതം, ഭാവി, വർത്തമാനങ്ങൾ പ്രവചിക്കാമെന്നുമുണ്ട് ഗ്രഹങ്ങളുടെ സ്ഥാനം ആർക്കും മാറ്റാനാകില്ല. എന്നാൽ വാസ്തുശാസ്ത്രപ്രകാരം ഒരു ജനൽ മാറ്റിവച്ചാൽ മുറിയുടെ അകത്തുകൂടി കാറ്റ് കടത്തിവിടാനും, സൂര്യപ്രകാശം അകത്തു വരാനും കഴിയും. അവിടെ താമസിക്കുന്നവരുടെ ആരോഗ്യപ്രശ്നങ്ങൾ ഒരളവു വരെ മാറ്റാം. പഴയകാലത്ത് വാസ്തു ശാസ്ത്രത്തിലും ചില്ലറപ്രശ്നങ്ങളുണ്ടായിരുന്നു. ഏറ്റവും നല്ലഭൂമി ബ്രാഹ്മണർക്ക് വീടുപണിയാൻ കൊടുക്കണം. നല്ല ഭൂമി അന്വേഷിച്ച് കൊല്ലങ്ങൾ അവർ നടക്കുമായിരുന്നു. അന്ന് അളവു കോലുകൾ ഒന്നും തന്നെയില്ല. എള്ളുമണികൾ നിരത്തി വച്ച് അതിൽ നിന്നും പല അംഗുലങ്ങളും ഉണ്ടാക്കും.അതായിരുന്നു അളവുകോൽ. പിന്നീട് വർഷങ്ങൾക്കു ശേഷം ഉടമസ്ഥന്റെ അല്ലെങ്കിൽ മൂത്ത മകന്റെ വിരലുകൾ വച്ച് കോൽ ഉണ്ടാക്കിത്തുടങ്ങി. നാലുകോലുകൂട്ടി ഒരു ദണ്ഡുമുണ്ടാക്കി. ഈ ദണ്ഡുകോൽ ഉപയോഗിച്ചാണ് പറമ്പുകൾ അളന്നിരുന്നത്. ഇതേ സമയം തന്നെ കോലുണ്ടാക്കാൻ ചാൺ, മുഴം എന്നിവ ഉപയോഗിച്ചിരുന്നു. വളരെ പഴയ ആധാരങ്ങളിൽ ദണ്ഡും, കോലും കാണാം.

കോലുകൾ പലതരമുണ്ട്. ഓരോ ജാതിക്കാർക്കും പ്രത്യേകം കോലുകളായിരുന്നു. ദേവാല

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

യങ്ങൾ, രാജവീഥി, കുളങ്ങൾ എന്നിവയ്ക്കും വേറെ കോലുകളായിരുന്നു. 20-22-24-29-30-31 വിരലുകൾ തുടങ്ങി എട്ടു തരം കോലുകളുണ്ടായിരുന്നു.

എന്റെ ചെറുപ്പത്തിൽ വീടിന് കുറ്റിയടിക്കുവാൻ വന്ന മൂത്താശാരി (1949ൽ) വീട്ടിൽ വന്ന് ഉയരം കുറഞ്ഞ ഒരു തെങ്ങിന്റെ പട്ടവെട്ടി അതിന്റെ മുകളിൽ നിന്ന് 1 1/4 ഇഞ്ച് വീതിയിൽ നീളത്തിൽ മടലിന്റെ മുകൾഭാഗം മുറിച്ചെടുത്തു കോലുണ്ടാക്കി. ഉടമസ്ഥന്റെ വിരൽ മടക്കിപ്പിടിച്ച് ഒരു അംഗുലം (വിരൽ) കോലുണ്ടാക്കി. 24 വിരലാണ് ഒരു കോൽ ആയി കണക്കാക്കിയിരുന്നത്. കിടപ്പുമുറിയിലെ ഏറ്റവും നല്ല അളവ് 2 നീളവും, 2 വീതിയും കൂട്ടിയാൽ 20 കോൽ 8 വിരൽ ആയിരുന്നു. ഒരു നീ ളവും ഒരു വീതിയും കൂട്ടിയാൽ അതിന്റെ പകുതി 10 കോൽ 4 വിരൽ വരണം. ഇന്നത്തെ കണക്കിൽ പറഞ്ഞാൽ 732 സെ.മീ ആണ്. നീളം 372 സെ.മീ ആണെങ്കിൽ വീതി 360 സെ.മീ. ആയിരിക്കും. പഴയകാലത്തെ വീടു പണിഞ്ഞിരുന്നത് ചുമരിന്റെ വണ്ണം 8 വിരൽ അല്ലെങ്കിൽ 16 വിരൽ ആയിരുന്നു. അന്നൊന്നും ഇന്നത്തെപ്പോലെ പുറം തേച്ചു ഭംഗിയാക്കിയിരുന്നില്ല. മഴക്കാലത്ത് വെട്ടുകല്ല് വെള്ളം കുടിക്കുന്നതുകൊണ്ടും, വേനൽക്കാലത്ത് വെള്ളം പുറത്തേക്കു വിടുന്നതുകൊണ്ടും വീടിനടുത്ത് വലിയ ചൂട് അനുഭവപ്പെടുമായിരുന്നില്ല. കാലം മാറി, വെട്ടുകല്ലുമാറി ഇഷ്ടിക വന്നു. വീടും ഇഷ്ടിക മാറി കോൺക്രീറ്റ് കട്ടകളായി. 8 വിരൽ ഭിത്തി മാറി ഓരോരുത്തർക്കും ആവശ്യം പോലെ 10, 20, 30 സെ.മീ. ഭിത്തി പണിയാൻ പാകത്തിന് കിട്ടുന്നതാണ്. അകത്തും പുറത്തും സിമന്റ് പ്ലാസ്റ്റർ ചെയ്യുമ്പോൾ വീണ്ടും ചുമരിന്റെ വണ്ണം കൂടുന്നു. കണക്കു നോക്കി കുറ്റിയടിച്ച് വീടുപണികഴിയുമ്പോൾ അളവുകൾ ഒരിക്കലും ശരിയാകണമെന്നില്ല.

കാലം മാറി, അളവുകോൽ മാറി, കോൽ വിരലുകൾ അടിയും, ഇഞ്ചുമായി. വീണ്ടും മാറി മീറ്ററും, സെന്റീമീററുമായി. തൂക്കം നോക്കുന്നത് റാത്തൽ മാറി ഗ്രാമും, കിലോയുമായി. ഒരു രൂപ 16 അണ എന്നുള്ളത് 100 പൈസയായി. കാളവണ്ടിയും കട്ടിയും, ട്രാമും പുതുജനറേഷൻ കണ്ടിട്ടുണ്ടാവില്ല. കോൽ, വിരൽ എന്നത് പണ്ട് ഉപയോഗിച്ചിരുന്ന ഒരു അളവു കോൽ മാത്രം. എന്താണെന്ന് പലർക്കും അറിയില്ല. 8 തരം കോലുകളുള്ളതിൽ ഏതു കോലാണ് എടുക്കേണ്ടതെന്നും ആർക്കും അറിയില്ല. ഞാൻ പോയി പരിശോധിച്ച വീട്ടിൽ മകന്റെ കല്യാണം പ്രമാണിച്ച് അടുക്കളയുടെ കിഴക്കുഭാഗത്ത് ഒരു വലിയ കുളിമുറി എടുക്കുകയും അടുക്കളയുടെ കിഴക്കോട്ടുള്ള ജനൽ അടയുകയും ചെയ്തു. കൂടാതെ പറമ്പിന്റെ തെക്കുപടിഞ്ഞാറു ഭാഗത്ത് ഗാർഡനറുടെ വക ഒരു താമരക്കുളവുമുണ്ടാക്കി. താമരക്കുളം അവിടെനിന്നും മാറ്റുവാനും, അടുക്കളയുടെ വടക്കെചുമരിൽ കിഴക്കോട്ടു മാറി ഒരു ജനൽ വയ്ക്കുന്നതിനും ഏർപ്പാടാക്കി. പു തിയ മരുമകൾ വന്ന ശേഷമുള്ള കുഴപ്പമല്ല. വീടു റീ മോഡലിംഗ് ചെയ്തപ്പോഴുണ്ടായ കുഴപ്പമാണ്. വീണ്ടും പറയുന്നു കണക്കുകളിൽ യാതൊരു കാര്യവുമില്ല. കേരളത്തിലെ നല്ല കണക്കുകൾ തമിഴ്നാട്ടിലും, കർണാടകത്തിലും മോശം കണക്കാണ്. തമിഴ്നാട്ടിൽ മന്നാടി ശാസ്ത്രമാണ്. കർണാടകത്തിൽ കുടക് ശാസ്ത്രമാണ്. ഇതെല്ലാം തമ്മിൽ യാതൊരു ഐക്യവുമില്ല.




*****

> ഇദം ശരീരം കൗന്തെയ
> ക്ഷേത്രമിത്യഭിധീയതേ
> ഏതദ്യോ വേത്തി തം പ്രാഹുഃ
> ക്ഷേത്രജ്ഞ ഇതി തദ്വിദഃ
>
> അല്ലയോ അർജ്ജുന, ഈ ശരീരത്തെയാണ് ക്ഷേത്രമെന്നു പറയുന്നതത്. ഇതറിയുന്നവനെ തത്ത്വജ്ഞാനികൾ ക്ഷേത്രജ്ഞനെന്നു പറയുന്നു.

ക്ഷേത്രങ്ങളിലൂടെ



# തൃത്തം തളി ശിവപാർവ്വതിക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892

ഭാരതീയ സംസ്കാരത്തിന്റെ മുഖമുദ്രകളായിരുന്നു ഓരോ പ്രദേശങ്ങളിലും സ്ഥിതി ചെയ്തിരുന്ന ക്ഷേത്രങ്ങൾ. ക്ഷേത്രങ്ങൾ നാടിന്റെ ഐശ്വര്യത്തിന്റെയും സമ്പൽസമൃദ്ധിയുടേയും അടയാളങ്ങളുമായിരുന്നു. അധർമ്മം കൊടികുത്തി വാഴാൻ തുടങ്ങിയപ്പോൾ ചരിത്രപ്രാധാന്യമുള്ള പല ക്ഷേത്രങ്ങളും നശിപ്പിക്കപ്പെട്ടു. അവയിൽ പലതും ഇന്നും അങ്ങനെ തന്നെ കിടക്കുന്നു. ചില ക്ഷേത്രങ്ങൾ പുനർനിർമ്മിച്ചുകൊണ്ടേയിരിക്കുന്നു. അങ്ങനെ പുനർനിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഒരു ക്ഷേത്രമാണ് തൃശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമക്ഷേത്രമായ തൃത്തം ശിവപാർവ്വതി ക്ഷേത്രം.



ഭഗവാനിൽ സ്വയം അർപ്പിച്ച് ഭഗവത്ദാസന്മാരായി രാജ്യഭരണം നടത്തിയിരുന്ന അനേകം മഹത്വ്യക്തികൾ വാണിരുന്ന നാടാണ് കേരളം. മലയാളമണ്ണിന്റെ മഹിമയ്ക്കു മാറ്റുകൂട്ടുന്ന എത്രയോ പ്രഗത്ഭമതികൾ അധിവസിച്ചിരുന്നതും രാജ്യഭരണം നടത്തിയിരുന്നതുമായ നാടാണിത്. മണ്ണിനേയും വിണ്ണിനേയും ഈശ്വരതുല്യം സ്നേഹിച്ചിരുന്ന അന്നത്തെ ഭരണാധികാരികൾ പ്രജാക്ഷേമതല്പരരും ആയിരുന്നു. അധിവസിക്കുന്ന മണ്ണിനെ മാതൃതുല്യം സ്നേഹിച്ചിരുന്ന ഭരണാധികാരികൾ രാജ്യത്തിന്റെ ഭരണ കാര്യങ്ങൾ സുഗമമാക്കുവാൻ വേണ്ടി അവരുടെ അധികാരപരിധിയിൽപ്പെട്ട സ്ഥലങ്ങളെ പല ഭാഗങ്ങളായി വിഭജിച്ച് ഓരോ നാട്ടുരാജാക്കന്മാരെ ഭരണച്ചുമതല ഏല്പിച്ചിരുന്നു. ചേരരാജാക്കന്മാരുടെ കാലത്ത് അവരും അവരുടെ അധികാര പരിധിയിൽപ്പെട്ട സ്ഥലങ്ങളെ ഭരണകാര്യനിർവ്വഹണത്തിനായി പല ഭാഗങ്ങളായി വിഭജിച്ച് ഓരോ നാടുവാഴികളെ ഭരണച്ചുമതല ഏല്പിക്കുകയും ഇവരുടെയെല്ലാം മേൽനോട്ടം രാജാവ് നിർവ്വഹിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ പലതായി വിഭജിച്ച പ്രദേശങ്ങളെ തളി എന്നും തളിയുടെ ഭരണാധികാരിയെ തളിയാതിരി എന്നും അറിയപ്പെട്ടിരുന്നു. എല്ലാ തളികളുടേയും പരമാധികാരം രാജാവിൽ നിക്ഷിപ്തവുമായിരുന്നു. ഓരോ തളിയിലും ഓരോ ക്ഷേത്രങ്ങളും സ്ഥാപിച്ചിരുന്നു. ആദ്യകാല ചേരരാജാക്കന്മാർ ശിവഭക്തരായിരുന്നതിനാലാകാം ഓരോ തളികളിലും ശിവക്ഷേത്രങ്ങളായിരുന്നു അവർ സ്ഥാപിച്ചിരുന്നത്. ഈ ശിവക്ഷേത്രങ്ങളായിരുന്നു തളിയാതിരിമാരുടെ ഭരണസിരാകേന്ദ്രങ്ങൾ. ഭരണകാര്യങ്ങളുടെ വിശകലനങ്ങൾക്കായി എല്ലാവരും ക്ഷേത്രങ്ങളിൽ ഒത്തുകൂടിയിരുന്നു എന്നത് അവരുടെ ഈശ്വരഭക്തിയേയും വിശ്വാസത്തേയും സൂചിപ്പിക്കുന്നു. പരമശിവനെ മുൻനിർത്തി അവർ

ഭരണസാരഥ്യം നിർവ്വഹിക്കുന്നു എന്നുസാരം. ശൈവാരാധകരായ ചേരരാജാക്കന്മാർ സ്ഥാപിച്ച പതിനെട്ടരതളികളാണ് രാജ്യത്തുണ്ടായിരുന്നത്. അതിൽ അരതളിയുടെ കേന്ദ്രമായിരുന്ന കൊണ്ടാഴി ഗ്രാമത്തിൽ സ്ഥിതി ചെയ്തിരുന്ന ക്ഷേത്രമാണ് തൃത്തം തളി ശിവപാർവ്വതി ക്ഷേത്രം. കൊടുങ്ങല്ലൂരിനടുത്ത് മാകോതൈ എന്നറിയപ്പെട്ടിരുന്ന മഹോദയപുരം പട്ടണം ആയിരുന്നു ചേരരാജാക്കന്മാരുടെ തലസ്ഥാനം. തൃശൂർ ജില്ലയിലെ കൊണ്ടാഴിയെന്ന ഗ്രാമത്തിന്റെ ഗ്രാമദേവതയാണ് തൃത്തം തളി ക്ഷേത്രത്തിലെ ശിവപാർവ്വതിമാർ. നിളാ നദിയുടെ തെക്കേക്കരയിൽ സ്ഥിതിചെയ്യുന്ന ഈ ശിവപാർവ്വതിക്ഷേത്രം പരശുരാമപ്രതിഷ്ഠിതമായ 108 ശിവക്ഷേത്രങ്ങളിലൊന്നാണ്. തളിക്ഷേത്രങ്ങളുടെ പ്രത്യേകതയെന്തെന്നാൽ ക്ഷേത്ര നിർമ്മിതികളെല്ലാം കരിങ്കല്ലിലും മരത്തിലും ആണെന്നുള്ളതാണ്. അടിത്തറയും തൂണുകളും ശില്പങ്ങളും പടിക്കെട്ടുകളും എല്ലാം കരിങ്കല്ലിൽ കൊത്തി പണിതീർത്തിട്ടുള്ളതാണ് ഈ തളിക്ഷേത്രവും.

തൃശ്ശൂർ ജില്ലയിലെ തലപ്പള്ളയിൽ നിളാനദീതീരദേശമായ കൊണ്ടാഴി ഗ്രാമത്തിലെ അതിവിശാലവും മനോഹരവുമായ പ്രദേശത്താണ് തൃത്തം തളിശിവപാർവ്വതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. രാജഭരണകാലത്തു സ്ഥാപിതമായ പല ക്ഷേത്രങ്ങളും സമ്പത്തും പ്രതാപവും നഷ്ടപ്പെട്ടുപോയിട്ടും രാജകീയ പ്രൗഢിയോടെ ഇന്നും നിലനില്ക്കുന്നുണ്ട്. തൃത്തം തളിശിവപാർവ്വതിക്ഷേത്രവും രാജകീയപ്രതാപത്തിന്റെ കഥകൾ അയവിറക്കിക്കൊണ്ട് നില്ക്കുന്നു. എന്നാൽ ഒരു പാടു നഷ്ടപ്രതാപത്തിന്റെ കഥകളും ഈ ക്ഷേത്രത്തിനുണ്ട്. പല കാലങ്ങളായി പുനർനിർമ്മിച്ച ക്ഷേത്രമാണ് ഇന്ന് നാം ഇവിടെ കാണുന്നത്. വളരെയധികം സമ്പൽസമൃദ്ധമായ ഒരു ക്ഷേത്രമായിരുന്നു ഇത്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ഈ ക്ഷേത്രം തല്ലിത്തകർത്തു തരിപ്പണമാക്കിയിരുന്നു. പ്രഗത്ഭരായ ശില്പികളാൽ നിർമ്മിതമായ ശില്പസൗകുമാര്യങ്ങളെല്ലാം കരിങ്കൽ കഷണങ്ങളാക്കി മാറ്റി. ക്ഷേത്രശ്രീകോവിലും മറ്റുനിർമ്മിതികളും തകർത്ത് വെറും കരിങ്കൽ തറകൾ മാത്രമാക്കി അവശേഷിപ്പിച്ചു. രത്നഖചിതങ്ങളായ പല നിർമ്മിതികളും ഈ ക്ഷേത്രത്തിലുണ്ടായിരുന്നു. അവയെല്ലാം കൊള്ളയടിക്കപ്പെട്ടു. പിന്നീട് തകർന്നടിഞ്ഞ അതേ നിലയിൽ ഈ ക്ഷേത്രം ഇരുനൂറിലേറെ വർഷക്കാലം ആരാലും ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്നു. വർഷങ്ങൾക്കുശേഷം ദേശവാസികൾ അവരുടെ ദേശനാഥന്റെ ആസ്ഥാനമായ ക്ഷേത്രം പുനർനിർമ്മിക്കണമെന്നാഗ്രഹിക്കുകയും അതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. നാട്ടുപ്രമാണിമാരുടേയും ഭക്തജനങ്ങളുടേയും സഹായസഹകരണത്തോടെ തകർന്നടിഞ്ഞു കിടന്ന ക്ഷേത്രം പുനർനിർമ്മിച്ചു. ധാരാളം വൃക്ഷലതാദികൾ നിറഞ്ഞ ഒരു ഗ്രാമമാണ് കൊണ്ടാഴി. അപൂർവ്വങ്ങളായ പല വൃക്ഷങ്ങളേയും ഈ ക്ഷേത്ര പരിസരത്തുകാണാം. ചതയം നക്ഷത്രത്തിൽ ജനിച്ചവരുടെ ജന്മനക്ഷത്രവൃക്ഷമായി കരുതുന്ന കടമ്പുവൃക്ഷം ഇവിടെ പൂത്തുലഞ്ഞുനില്ക്കുന്നു. കാളിയന്റെ വിഷവീര്യത്താൽ കാളിന്ദീതീരത്തെ എല്ലാ ചെടികളും വൃക്ഷങ്ങളും ഉണങ്ങിക്കരിഞ്ഞു എങ്കിലും കടമ്പ് വൃക്ഷം മാത്രം അമൃതു തുള്ളിയുടെ അമൃതത്താൽ പൂത്തുതളിർത്തു നിന്നു. ആ വൃക്ഷത്തിനു മുകളിൽ നിന്നുമാണല്ലോ ഭഗവാൻ ശ്രീകൃഷ്ണൻ കാളിയശിരസ്സിലേക്കു ചാടിയതും കാളിയദർപ്പമടക്കി കാളിയനു മോക്ഷം നൽകിയതും. ശ്രീകൃഷ്ണഭഗവാന്റെ തൃപ്പാദസ്പർശമേറ്റ പുണ്യവൃക്ഷമായ കടമ്പുവൃക്ഷം തൃത്തം തളിശിവപാർവ്വതിക്ഷേത്രാങ്കണത്തിലെ ഒരു പ്രത്യേക ആകർഷണം തന്നെയാണ്.

നിളാനദിയുടെ തെക്കെകരയിൽ കിഴക്കോട്ടു ദർശനമായി ശ്രീപാർവ്വതീദേവിയും ശ്രീമഹാദേവനും കുടികൊള്ളുന്ന ഈ ക്ഷേത്രം ഇന്ന് ഒരു മഹാക്ഷേത്രപ്രതീതിയിൽ തന്നെയാണ് കാണപ്പെടുന്നത്. സാധാരണ ക്ഷേത്രങ്ങളിൽ പരമശിവപ്രതിഷ്ഠയുള്ള ശ്രീകോവിലിന്റെ പിൻഭാഗത്താണ് ശ്രീപാർവ്വതീ ദേവിയുടെ സ്ഥാനം. എന്നാൽ ഇവിടെ വ്യത്യസ്തമാണ്. ശിവക്ഷേത്രത്തിന്റെ വടക്കുഭാഗത്തായി ഒരു സ്വതന്ത്ര ക്ഷേത്രമെന്നനിലയിലാണ് ദേവിക്ക് സ്ഥാനം നൽകിയിട്ടുള്ളത്. ഇവിടെ ദേവി കുടികൊള്ളുന്നത് ബലിക്കല്ലും വട്ട ശ്രീകോവിലും നമസ്ക്കാരമണ്ഡപവും തിടപ്പള്ളിയും ചുറ്റമ്പലവും എല്ലാം ഉള്ള ഒരു ക്ഷേത്രത്തിലാണ് ഭദ്രകാളി ദേവിക്ക് ഇവിടെ ഉപദേവതാസ്ഥാനവും നൽകിയിട്ടുണ്ട്. നാലമ്പലത്തിനു പുറത്ത് പ്രത്യേക

ശ്രീകോവിലിൽ തെക്കുപടിഞ്ഞാറുഭാഗത്താണ് ഭദ്രകാളിയമ്മയുടെ ശ്രീകോവിലിൽ കാണപ്പെടുന്നത്. ഭാരതപ്പുഴയുടെ കൈവഴിയായ ഗായത്രിപുഴ ഈ ക്ഷേത്രത്തിനരികിലൂടെ ഒഴുകുന്നു. ശിവക്ഷേത്രത്തിൽ നിന്നു വടക്കുഭാഗത്ത് താഴേക്ക് പടിക്കെട്ടുകളിറങ്ങി വേണം ശ്രീപാർവ്വതി ദേവീക്ഷേത്രത്തിലെത്താൻ.

കിഴക്കും പടിഞ്ഞാറും പ്രവേശനകവാടങ്ങളുള്ള ശിവക്ഷേത്രത്തിൽ സാമാന്യം വലിപ്പമുള്ള ബലിക്കല്ലും ബലിക്കൽപുരയും കൊടിമരവും കാണാം. ഉപദേവതകൾക്കെല്ലാം സാമാന്യവലിപ്പമുള്ള ശ്രീകോവിലുകളും ശ്രീകോവിലുകൾക്കു മുന്നിൽ ദീപസ്തംഭങ്ങളും കാണാം. ശിവക്ഷേത്ര ശ്രീകോവിൽ ചതുരാകൃതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. നല്ല ഉയരമുള്ള ചതുരാകൃതിയിലുള്ള ശ്രീകോവിലിൽ പരശുരാമപ്രതിഷ്ഠിതമായ മഹാദേവൻ വിരാജിക്കുന്നു. ഇവിടുത്തെ എല്ലാ നിർമ്മിതികളും അടുത്തകാലങ്ങളിലായി നിർമ്മിച്ചവയാണ്. നാലമ്പലത്തിനു പുറത്ത് ഗണപതി, അയ്യപ്പൻ, ബാലസുബ്രഹ്മണ്യൻ, മഹാവിഷ്ണു, ഭദ്രകാളി, നാഗദേവതകൾ, ബ്രഹ്മരക്ഷസ്സ്, നവഗ്രഹങ്ങൾ, ഹനുമാൻസ്വാമി എന്നീ ഉപദേവതാപ്രതിഷ്ഠകളും ഉണ്ട്. മഹാവിഷ്ണു പ്രതിഷ്ഠയുള്ള ശ്രീകോവിലിനു മുന്നിൽ കുതിരയേയും ശിരസ്സിലേറ്റിനില്ക്കുന്ന ദീപസ്തംഭങ്ങളും കാണാം.

സാധാരണ ശിവപാർവ്വതി ക്ഷേത്രങ്ങളിൽ നടത്തപ്പെടുന്ന വഴിപാടുകൾ തന്നെയാണ് ഇവിടെയും പ്രധാനം. ദേവിക്കു പ്രത്യേകസ്ഥാനമുള്ളതിനാൽ ഇവിടെ പിൻവിളക്ക് തെളിയിക്കാറില്ല. ശിവരാത്രിയാണ് തൃത്തം തളിശിവപാർവ്വതിക്ഷേത്രത്തതിലെ പ്രധാന ഉത്സവം 8 ദിവസം നീണ്ടുനില്ക്കുന്ന ഉത്സവമാണ് ഇവിടുത്തെ ശിവരാത്രി ഉത്സവം. ആ ദിവസം ക്ഷേത്രനട അടക്കാറില്ല. രാത്രിയുടെ ഓരോ യാമത്തിലും യാമപൂജയും കലശാഭിഷേകപൂജയും നടത്താറുണ്ട്. ശിവരാത്രി നാൾ ലക്ഷദീപവും ഉണ്ടാകും. ലക്ഷദീപപ്രഭയിൽ കൊണ്ടാഴിഗ്രാമം ഒന്നടങ്കം പ്രശോഭിക്കുന്ന ആഘോഷമാണ് തൃത്തം തളിക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവം തൃത്തം തളിക്ഷേത്രം ഇന്ന് പഴയ കാലപ്രൗഢിയിലേക്കുയർന്നുകൊണ്ടിരിക്കുന്നു. സമ്പത്തും ഐശ്വര്യവും ഒരിടത്തു സ്ഥിരമായി നില്ക്കാറില്ല എന്നൊരു ചൊല്ലു കേട്ടിട്ടു്. ഈ ക്ഷേത്രത്തിൽ ദർശനം നടത്തിമടങ്ങുന്നവർ ഇവിടുത്തെ പ്രകൃതി ഭംഗി ആസ്വദിക്കുമ്പോൾ ഒരു കാലത്തും എത്ര ഐശ്വര്യവും പ്രതാപവും ഉള്ള ക്ഷേത്രമായിരുന്നിരുക്കാം. ഇത് എന്ന് ചിന്തിക്കാതിരിക്കില്ല. വീണ്ടും ഐശ്വര്യപൂർണ്ണമാകണേ ഈ ക്ഷേത്രം എന്ന് ആരും പ്രാർത്ഥിച്ചുപോകും. കലികാലം, കാലദോഷം എന്നൊക്കെ നാം പറയാറുണ്ട്. കാലദോഷം ചിലപ്പോൾ നാടിനേയും ബാധിച്ചേക്കാം. കാലത്തിന്റെ കണക്കു തീർക്കലുകളിൽ നഷ്ടങ്ങളുടെ കണക്കെടുക്കാൻ ആർക്കും കഴിയില്ല. കഷ്ടനഷ്ടങ്ങളെല്ലാം തീർത്തു തരാൻ സാക്ഷാൽ മഹാദേവനും ദേവിയും എല്ലാവരേയും അനുഗ്രഹിക്കട്ടെ.

ശ്രീ മഹാദേവന്റെയും ശ്രീപാർവ്വതിദേവിയുടെയും തിരുസന്നിധിയിൽ ദർശനം നടത്തി അവിടുത്തെ പ്രകൃതിഭംഗിയും ആസ്വദിച്ച് മനശ്ശാന്തിയോടെ മടങ്ങുവാൻ എല്ലാ ഭക്തജനങ്ങളേയും ഭഗവാനും ഭഗവതിയും അനുഗ്രഹിക്കട്ടെ.

*****

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതംഅവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ



# ശ്രീമഹാഭാഗവതം

## പഞ്ചമസ്കന്ധം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

പരീക്ഷിത്തു മഹാരാജാവ് ഗംഗാതീരത്തു മരണം പ്രതീക്ഷിച്ചു ഭഗവാനിൽ മനമുറപ്പിച്ചിരുന്നപ്പോൾ ശുകമുനി വന്നു പരീക്ഷിത്തിന്റെ ചോദ്യങ്ങൾക്കു മറുപടി പറയുന്നതാണല്ലോ നാം ചർച്ച ചെയ്യപ്പെടുന്ന ഭാഗങ്ങൾ. വിദുരരുടെ യാത്രയിൽ മൈത്രേയമഹർഷിയോടു ധാരാളം ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരമായി ലഭിച്ച ജ്ഞാനം അദ്ദേഹത്തിൽ ഭക്തിപ്രവാഹം ഉണ്ടാക്കുകയും ചെയ്തു. വിദുരർ ഹസ്തിനപുരത്തേക്കു പോകുന്നതായും മനസ്സിലാക്കി. ഈ വിവരങ്ങളെല്ലാം സശ്രദ്ധം കേട്ടുകൊണ്ടിരുന്ന പരീക്ഷിത്ത്, ഭക്തനും ബ്രഹ്മവിദ്യാജ്ഞനവുമുള്ള പ്രിയവൃതൻ എന്തുകൊണ്ടാണ് ഗൃഹസ്ഥാശ്രമം സ്വീകരിച്ചതെന്ന് ശ്രീശുകനോടു ചോദിക്കുന്നു. പരമഭക്തനായിരുന്ന പ്രിയവൃതൻ നാരദരുടെ ശിഷ്യനും കൂടിയായിരുന്നു. ജീവിതകാലം മുഴുവൻ ആത്മീയതത്ത്വങ്ങളിൽ ആകൃഷ്ടനായി കഴിയണമെന്ന് ആഗ്രഹിച്ച പ്രിയവൃതനോട് അച്ഛനായ മനു രാജ്യഭാരം ഏൽപ്പിച്ചുകൊടുത്ത് ഗൃഹസ്ഥാശ്രമജീവിതം നയിക്കുവാനാവശ്യപ്പെട്ടു. മകന് അതിൽ താൽപര്യമില്ലായിരുന്നു. അച്ഛനമ്മമാരുടെ ആഗ്രഹം അവരുടെ തലമുറയെ നിലനിർത്തി കൊണ്ടുപോകാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്, എന്തൊക്കെയാണ്, രാജ്യം മകനെ ഏൽപ്പിച്ച് മോക്ഷപ്രാപ്തിക്കായി എന്തു ചെയ്യണമെന്നും, സർവ്വ പ്രവർത്തികളും ഈശ്വരസേവക്കായി കരുതി ജീവിച്ചാൽ കാമക്രോധലോഭാദികളെ അതിജീവിച്ച് പുണ്യം നേടാമെന്നുമൊക്കെ മകനെ ധരിപ്പിക്കാൻ മനു ശ്രമിച്ചു. വിവരങ്ങളെല്ലാം അറിഞ്ഞ ബ്രഹ്മദേവൻ പുത്രന്മാരോടു കൂടി പ്രിയവൃതൻ തപസ്സു ചെയ്തുകൊണ്ടിരുന്ന ഗന്ധമാന പർവ്വതത്തിലെത്തി പറഞ്ഞു.

ഞാൻ പറയുന്നതിനെ കേട്ടുകൊൾ കുമാര! നീ
സാമ്പ്രതമതു കൊണ്ടു മോക്ഷത്തെ പ്രാപിച്ചിടാം
ഈശ്വരൻ തന്നെ നിന്ദിച്ചീടൊലാ കുറഞ്ഞൊന്നു
മീശ്വരാജ്ഞയാതന്നെ ലോകങ്ങൾ വർത്തിക്കുന്നു
ആരാലുമതിക്രമിക്കാവതല്ലിതു നൂനം
അതുകൊണ്ടു നീ മടികൂടാതെ ഗൃഹസ്ഥാശ്രമ
ധർമ്മങ്ങൾ പാലിച്ചു ജീവിക്കുക
മഹത്ത്വം വളരുമാറിരുന്നു വഴിപോലെ
ഗൃഹസ്ഥാശ്രമമവലംബിക്ക മടിയാതെ
ഈശ്വരാർപ്പണമായി കർമ്മങ്ങളനുഷ്ഠിച്ചാൽ
ഈശ്വരാജ്ഞയാ വരും ഭോഗങ്ങൾ ഭുജിക്ക നീ

ഈശ്വര നിശ്ചയം മാറ്റാൻ മറ്റാർക്കും കഴിയില്ല. കർമ്മങ്ങൾ ചെയ്യാനും സുഖദുഃഖങ്ങളനുഭവിക്കാനും ഉതകുന്ന ഒരു ശരീരം ഈശ്വരൻ നിശ്ചയിച്ചിരിക്കുന്നത് ഓരോരുത്തരും എടുത്തു ജീവിക്കുന്നു. സത്വം രജസ് തമസ് എന്നീ ഗുണങ്ങളും പൂർവ്വകർമ്മഫലങ്ങളുമൊക്കെ നമ്മെ ബന്ധിതരാക്കുന്നു. മുജ്ജന്മകർമ്മമനുസരിച്ച് നമ്മുടെ പ്രവർത്തികൾ നടക്കുകയും ഫലം കിട്ടുകയും ചെയ്യുന്നു. ഈ ശരീരം നിലനിൽ

ക്കുന്നിടത്തോളം കാലം പ്രാരാബ്ധം നമ്മുടെ കൂടെ കാണും. പക്ഷെ ഭഗവാന്റെ അനുഗ്രഹമുണ്ടെങ്കിൽ അറിവു നേടിയാൽ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുവാനുള്ള കഴിവ് നേടുമ്പോൾ ഗൃഹസ്ഥാശ്രമം കൊണ്ട് ഒരു പ്രശ്നവുമില്ല. അങ്ങനെ ബ്രഹ്മാവിന്റെ ആഗ്രഹപ്രകാരം പ്രിയവൃതൻ ഗൃഹസ്ഥാശ്രമിയായി തീരുന്നു. മനുവിന്റെ ആഗ്രഹപ്രകാരം പ്രിയവൃതൻ രാജാവായി. അദ്ദേഹം വളരെ നാൾ ധർമ്മമാർഗ്ഗങ്ങളിലൂടെ ചലിച്ചു രാജ്യം ഭരിച്ചു. കാലം കഴിഞ്ഞപ്പോൾ മക്കളെ രാജ്യഭാരം ഏൽപ്പിച്ച് തപസ്സനുഷ്ടിച്ചു ഭഗവാനിൽ അഭയം പ്രാപിച്ചു.

പ്രിയവൃതന്റെ മകനായ ആഗ്നീധ്രതൻ രാജാവായി. അദ്ദേഹത്തിന്റെ മൂത്ത പുത്രനായ നാഭി ഭഗവാൻ പുത്രനായി ജനിക്കണമെന്നാഗ്രഹിച്ചു യജ്ഞം ചെയ്തു. ശ്രേഷ്ഠമായ ഋഷഭാവതാരമായി ഭഗവാൻ കൊട്ടാരത്തിൽ അവതരിച്ചു. എല്ലാ മഹത്ഗുണങ്ങളും ഋഷഭനിൽ കണ്ടിരുന്നു. ഋഷഭനോട് ഇന്ദ്രൻ വരെ അസൂയാലുക്കളായി. സദ്ഗുണങ്ങൾ പുത്രനിൽ കണ്ട രാജാവ് രാജ്യഭാരം ഏൽപ്പിച്ചു. ഇവിടെ നമുക്ക് ഏറ്റവും മൂല്യമായ ഒരു സമ്പത്ത് ലഭിക്കുന്നു. ബ്രഹ്മാവർത്തത്തിലെത്തിയ ഋഷഭൻ ഇവിടെ വെച്ചു നൽകുന്ന പുത്രന്മാർക്കുള്ള ഉപദേശം. അതു വിശദമായി മനസ്സിലാക്കേണ്ടതുണ്ട്. എക്കാലവും അമൂല്യമായി സൂക്ഷിക്കേണ്ട ചില ധർമ്മമാർഗ്ഗങ്ങളാണവ.

ബുദ്ധികൊണ്ടെന്റെ ചൊല്ലു സർവ്വരും ഗ്രഹിക്കേണം
ചിത്തത്തിലാക്കി നന്നായുറപ്പിക്കയും വേണം
മർത്ത്യവിഗ്രഹം നാനാഭോഗത്തിനുള്ളതല്ല
നിത്യമായിരിപ്പോരു കൈവല്യം വരുത്തുവാൻ
മറ്റുള്ള ജന്തുക്കൾക്കുമുണ്ടല്ലോ ഭോഗങ്ങളോ
മറ്റുള്ള ജന്തുക്കൾക്കു മോക്ഷമോ വരായല്ലോ
മാനുഷജന്മങ്ങൾക്കേ മോക്ഷത്തെ സാധിക്കാവൂ
മാനസശുദ്ധിവരും തപസ്സുകൊണ്ടുതന്നെ
മറ്റുള്ള ജന്തുക്കളിൽ വച്ചു മാനുഷന്മാർക്കു
ചെറ്റു വൈശിഷ്ട്യമെന്തതല്ലായ്കിൽ നിരൂപിക്ക
സത്സംഗം തന്നെയല്ലോ മോക്ഷത്തിൻ ദ്വാരമോർത്താൽ
ദുസ്സംഗം നരകത്തിൻ ദ്വാരമെന്നറിഞ്ഞാലും
സ്ത്രീസംഗം വിശേഷിച്ചു നരകദ്വാരമെന്നാൽ
സ്ത്രീസംഗിസംഗം വർജ്ജിച്ചീടേണമ കലവേ

മനുഷ്യജന്മം ഉൽകൃഷ്ടമാണ്. വെറും വിഷയസുഖങ്ങളിൽ മാത്രം ആമഗ്നനായി കളയാനുള്ളതല്ല.

നായം ദേഹോ ദേഹഭാജാം നൃലോകേ
കഷ്ടാൻ കാമനാർഹതേ വിഡ്ഭുജാം യേ
തപോ ദിവ്യം പുത്രകായേന സത്വം
ശുദ്ധേദുസ്മാത് ബ്രഹ്മസൗഖ്യം ത്വനന്തം

ശരീരം ഭോഗങ്ങളനുഭവിക്കാനുള്ളതല്ല. ഈ ശരീരം കൃമികീടങ്ങൾക്കു ഭക്ഷണമായി തീരുന്നു. അതുകൊണ്ട് മനശുദ്ധിയും സന്തോഷവുമുണ്ടാകുന്ന കർമ്മം ചെയ്യണം. മനുഷ്യശരീരം കാമസുഖത്തിനല്ല, മറിച്ച് ബ്രഹ്മസുഖത്തിനാണ്. അതുകൊണ്ട് ജ്ഞാനികൾക്കു വേണ്ടത് മോക്ഷം. സ്ത്രീകളുടെ പിറകേ പായുന്നവർക്ക് നരകമാണ് ലഭിക്കുക. ആദ്യം രസവും പിന്നീട് ദുഃഖവുമായിരിക്കും.

ഇന്ദ്രിയങ്ങളെ പ്രീതിപ്പെടുത്താൻ ശ്രമിച്ചാൽ ഒരിക്കലും മുക്തി ലഭിക്കില്ല. നാം സാധാരണ നമ്മുടെ ശരീരത്തിനാവശ്യമായ സുഖങ്ങൾ തേടിപ്പോകും. അജ്ഞാനിയായതുകൊണ്ട് അത്തരം കർമ്മം ചെയ്യുന്നു. ഹൃദയഗ്രന്ഥി ബലഹീനമാകുമ്പോൾ ഞാനെന്ന ഭാവം കുറയും. പരബ്രഹ്മത്തേക്കുറിച്ചു ബോധവാനാകും. അഹങ്കാരത്തെ നശിപ്പിക്കണം. ദേഹവും ഇന്ദ്രിയങ്ങളും പ്രധാനമെന്നതോന്നൽ അജ്ഞാനം കൊണ്ടുണ്ടാകുന്നതാണ്. സാധാരണക്കാരായ മനുഷ്യർ വിഷയസുഖത്തിൽ തല്പരരാണ്. നല്ല കാര്യങ്ങളിലൂടെ മക്കളേയും ശിഷ്യരേയും കൊണ്ടുപോകാൻ ശ്രമിക്കാത്തവർ രക്ഷിതാക്കളും ഗുരുവുമല്ല. സാധാരണ നിലയിൽ ചിന്തിക്കുമ്പോൾ ധനവും കീർത്തി

യും ഉത്കൃഷ്ടമാണെന്നു തോന്നും. ഇന്ദ്രിയങ്ങളെ അധീനതയിൽ കൊണ്ടുവരാൻ കഴിയാതെ ഇന്ദ്രിയങ്ങൾക്കധീനമാകുമ്പോൾ ധർമ്മവിചാരങ്ങൾ കുറയും. അങ്ങനെ ഓരോ ജന്മത്തിലും പാപം ചെയ്യുമ്പോൾ അതിൽനിന്നും രക്ഷപ്പെടാൻ ജന്മജന്മാന്തരങ്ങൾ വേണ്ടിവരും. ഞാനെന്ന ഭാവംമൂലം കർമ്മത്തിനധീനനാകുന്നു. ഞാനെന്നും എന്റേതെന്നും ഉള്ള ഭാവം നമ്മുടെ മനസിലുണ്ടാകുന്നു. ഞാനെന്ന ഭാവം അഹന്ത കൊണ്ടുണ്ടാകുന്നു. ഭഗവാന്റെ അനുഗ്രഹത്താൽ ഉള്ള കർമ്മങ്ങളനുഷ്ഠിക്കുകയും സമഭാവനാചിന്തയോടു വർത്തിക്കുകയും വേണം.

മഹത്സേവാം ദ്വാരമാഹുർവ്വിമുക്തേ
സതമോ ദ്വാരം യോഷിതാം സംഗിസംഗം

മഹാന്മാരുടെ സംഗം മോക്ഷകവാടമാണ്. സ്ത്രീകളിൽ ആസക്തിയുള്ളവരുടെ സംഗം നരകമാണ്.

ഇന്നത്തെ കാലഘട്ടത്തിൽ മനുഷ്യർ അഭിനവരാവണന്മാരുടെ പ്രവർത്തികളിൽ മുഴുകി കഴിയുമ്പോൾ സ്ത്രീകൾക്കുവേണ്ട സ്ഥാനവും ബഹുമാനവും കൊടുക്കേണ്ടതെങ്ങനെയെന്നു വരും തലമുറക്കു മനസ്സിലാക്കികൊടുക്കേണ്ടത് അത്യാവശ്യമാണ്. മനുഷ്യമനസ്സിനെ നിയന്ത്രണവിധേയമാക്കേണ്ടതിന്റെ ആവശ്യം വരും തലമുറയെ ഈ കുത്സിത പ്രവർത്തികളിൽ നിന്നും മുക്തരാക്കേണ്ട ചുമതലയും രക്ഷകർത്താക്കളുടേതാണെന്നു മനസ്സിലാക്കിക്കുവാനാണ് വ്യാസൻ ഋഷഭന്റെ ഉപദേശമെന്ന വ്യാഖ്യാനത്തിലൂടെ ചെയ്യുന്നതും. മനസ്സിനെ ഒരിക്കലും ആശ്രയിക്കുകയോ വിശ്വസിക്കുകയോ ചെയ്യരുത്.

വിശ്വസിക്കരുതാർക്കുമേ മനസ്സിനെ
തന്നുടെ വശത്തു വന്നീടുകയില്ലയല്ലോ
ഗുരുർ നസ സ്യാത് സ്വജനോ നസ സ്യാത്
പിതാ നസ സ്യാത് ജനനീ ന സാ സ്യാത്
ദൈവം ന തസ്യാന നതിശ്ച സസ്യാ
മോചയേവ്യഃ സമുപേത മൃത്യും

തന്നെ ആശ്രയിച്ചവരെ ലോകബന്ധങ്ങളിൽ നിന്നും മോചിപ്പിക്കാത്ത അമ്മ അമ്മയല്ല. അച്ഛൻ അച്ഛനുമല്ല. അതുകൊണ്ട് എങ്ങനെ ധർമ്മാർത്ഥ കാമ മോക്ഷങ്ങളിലൂടെ പെരുമാറണമെന്നും വ്യാസൻ പഠിപ്പിക്കുന്നു. മനസ്സുകൊണ്ടും കർമ്മംകൊണ്ടും ഈശ്വരചിന്തയിലൂടെ പ്രവർത്തിക്കണമെന്നു കൂടി പറഞ്ഞു ഋഷഭൻ സർവ്വവും പരിത്യജിച്ച് ഭഗവദ്ഭക്തിയിലേക്കു മടങ്ങിപോയി. രജോഗുണം കൂടുമ്പോഴുണ്ടാകുന്ന ചില ചിന്തകളെ മോക്ഷത്തിലേക്കു നയിക്കാനാണ് ഋഷഭ അവതാരം ഉണ്ടായത്. അച്ഛന്റേയും അമ്മയുടേയും ആഗ്രഹപ്രകാരം ഗൃഹസ്ഥാശ്രമ ജീവിതം എങ്ങനെയായിയെന്നും അവിടെയും ധർമ്മാർത്ഥമാർഗ്ഗങ്ങളിലൂടെ ചരിക്കേണ്ടതെങ്ങനെയെന്നും വ്യാസൻ ഋഷഭനിലൂടെ വിവരിക്കുന്നു. അതുപോലെതന്നെ വൈകാരികബന്ധങ്ങൾക്കു അധീനമാകുമ്പോൾ മനസ്സ് അസ്വസ്ഥമാകുമെന്നും.

ന മനസോ ള ണ്ഡാ വിശ്രംഭമനവസ്ഥാനസ്യ
ശം കിരാത ഇവ സംഗഛന്നേ

മനസ്സ് കുടിലവും കപടവുമാണ്. അതിനെ വിശ്വസിക്കുക മൂലമുണ്ടാകുന്ന അബന്ധവും സവിസ്തരം സ്വന്തം മക്കൾക്കുപദേശിക്കുന്ന പിതാവ് ആധുനിക യുഗത്തിൽ ആചാര്യനല്ലേ. ഇതുപോലെതന്നെയാണ് ഇനി ആസക്തി മനുഷ്യനെ എങ്ങനെ നശിപ്പിക്കുകയെന്നു ഭരതൻ എന്ന മഹാത്മാവിലൂടെ നമ്മെ പഠിപ്പിക്കുന്നു.

### ഭാഗവതം പഞ്ചമസ്കന്ധം 2-ാം ഭാഗം

ഋഷഭദേവന്റെ മകൻ ഭരതൻ പിന്നീട് രാജ്യഭാരം ഏറ്റെടുത്തു. രാജാവ് ധർമ്മം ചെയ്യുകയും പ്രജകൾ ധർമ്മമനുസരിച്ച് നടക്കുന്നതിന് സഹായിക്കുകയും ചെയ്തു. ഭഗവാൻ വാസുദേവനെ ബ്രഹ്മമാണെന്നു മനസ്സിലാക്കി ജീവിച്ചു. താൻ സൂര്യദേവന്റെ തേജസ്സിനെ ശരണം പ്രാപിക്കുന്നു. ഈശ്വരനാണ് എല്ലാ ജീവജാലങ്ങളിലും അന്തര്യാമിയായിരിക്കുന്നതെന്നും അദ്ദേഹം വിശ്വസിച്ചു. ഗണ്ഡകീനദിയിൽ കുളിച്ചു സന്ധ്യാവന്ദനം നടത്തുകയായിരുന്നു അദ്ദേഹം. ആ സമയം ഗർഭിണിയായ ഒരു മാൻ വെള്ളം കുടിക്കുവാൻ നദിയിൽ വന്നു. ആ സമയം ഒരു സിംഹത്തിന്റെ അലർച്ച കേട്ടു ഭയന്ന മാൻ പെട്ടെന്ന് കുട്ടിയെ പ്രസവിച്ചു. ഉടൻതന്നെ മാൻ പേട മരിച്ചു വീഴുകയും ചെയ്തു. ഭരതൻ ആ മാൻകുട്ടിയെ കയ്യിലെടുത്ത് തന്റെ സ്വന്തം കുട്ടിയെപ്പോലെ സ്നേഹിച്ചു ലാളിച്ചു വളർത്തി. എപ്പോഴും മാൻകുട്ടിയുമായി ഒരുമിച്ചു കഴിഞ്ഞു. മാൻ ഓടിയാൽ ആകാംക്ഷയായി. ഇങ്ങനെ ആ

മാൻകുട്ടിയിൽ ആസക്തനായി, മറ്റൊന്നിലും ശ്രദ്ധയില്ലാതായി. ഇത്തരം ആളുകളെ നിത്യ ജീവിതത്തിൽ നാം ധാരാളം കാണാറില്ലേ. ഏതെങ്കിലും ഒരു പ്രവർത്തിയിൽ മുഴുകിയാൽ പരിസരം മറക്കും. എപ്പോഴും അതിൽ ആമഗ്ന മായിരിക്കും. ഇവിടെ ഭരതന് യോഗദൃഷ്ടനാ കേണ്ടി വന്നു. മക്കളേയും രാജ്യത്തേയും ഉപേ ക്ഷിച്ച് തപസ്സു ചെയ്യാൻ കാട്ടിൽ വന്ന ഭരതൻ ഒരു മാൻകുട്ടിയിലുണ്ടായ താൽപര്യത്തിൽ സ്വ ന്തം ലക്ഷ്യം മറന്നു. ഇവിടെ മാനിനെ രക്ഷിച്ച തും വളർത്തിയതും നല്ല കാര്യം തന്നെ. പക്ഷെ അവിടം കൊണ്ടവസാനിച്ചില്ല. ശ്രദ്ധ മുഴുവൻ മാൻകിടാവിൽ. മാൻ സ്വന്തമെന്നു കരുതി. സ്വ:വും ഞാനും തുടങ്ങിയ വികാരങ്ങൾക്കതീ തനാകണം ജ്ഞാനി. ഈ മമതക്കു കടിഞ്ഞാ ണിടാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇവിടെ സംഭവിക്കുതെല്ലാം അങ്ങനെയല്ലേ. സ്വാർത്ഥ താൽപര്യവും തന്റേതെന്നു മാത്രമുള്ള മമത യും എപ്രകാരം ലക്ഷ്യത്തെ തടസ്സപ്പെടുത്തുന്നു വെന്നു വിവരിക്കുകയാണ്. വേണ്ട സമയത്ത് വേണ്ട രീതിയിൽ പ്രതികരിക്കാനും പ്രവർത്തി ക്കാനും കഴിവു നേടണം. തക്ക സമയത്ത് നിശ്ശ ബ്ദരായിരിക്കുകയല്ല വേണ്ടത്. എല്ലാത്തിനും ആസക്തിയും വിരക്തിയും വേണം. സമമായി വസ്തുതയെ വീക്ഷിക്കണം. അടുപ്പവും വേ ണം വിരക്തിയും വേണം. ഇത്തരം വിരക്തിയേ യും ആസക്തിയേയും അതിന്റേതായ സ്ഥാന ങ്ങളിൽ നിർത്താൻ കഴിവുണ്ടെങ്കിൽ മാത്രമേ ജ്ഞാനമാർഗ്ഗം തെളിയുകയുള്ളൂ. ഇവിടെ മര ണസമയത്തുപോലും മാനിനേക്കുറിച്ചാലോ ചിച്ചു. ജീവിതം അവസാനിക്കാറാകുമ്പോൾ നമുക്കുണ്ടാകുന്ന ചിന്തക്കനുസരിച്ചായിരിക്കും അടുത്ത ജന്മം. ആ ആഗ്രഹം നടക്കുമെന്നു പറയുന്നതിനുദാഹരണമായി പറയുന്നത് അദ്ദേ ഹം വീണ്ടും മാനായി ജനിച്ചുവെന്നാണ്. അദ്ദേ ഹത്തിന് ഭഗവൽ ഭക്തി പൂർണ്ണമായും ലഭി ച്ചിരുന്നതു കൊണ്ട് മാനായി ജനിച്ചപ്പോൾ പൂർവ്വജന്മവൃത്താന്തമെല്ലാം ഓർമ്മയിൽ വന്നു വെന്നാണ്. വീണ്ടും അദ്ദേഹം ഒരു ബ്രാഹ്മണകു ടുംബത്തിൽ ജനിച്ചുവെന്നും ജഡഭരതൻ എന്ന പേരിലറിയപ്പെട്ടിരുന്നുവെന്നും പറയുന്നു. അദ്ദേ ഹം ചിന്തിച്ചു:

പ്രക്ഷാളപാത് ഹി പങ്കസ്യ ദുരാത് അസ്പ ർശനം വരം

അഴുക്ക് ശരീരത്തിൽ ആയതിനുശേഷം വൃത്തിയാക്കുന്നതിനേക്കാൾ നല്ലത് അതു പറ്റാ തിരിക്കുകയല്ലേ. പൂർവ്വജന്മവൃത്താന്തം പൂർ ണ്ണമായി മനസ്സിലാക്കിയതുകൊണ്ട് അദ്ദേഹം എല്ലാത്തിൽനിന്നും വിരക്തി നേടി. ഒരു തെറ്റിൽ അകപ്പെട്ട് ഉഴലുകയെന്നതാണ് ഇന്നത്തെ ചിന്ത. തെറ്റു മനസ്സിലാക്കിയാലും വീണ്ടും ആവർത്തി ക്കും. അത്തരം ചിന്താഗതി മാറ്റി തെറ്റിലേക്ക് ആഴ്ന്നിറങ്ങുതിനു മുൻപ് തന്നെ യുക്തിസഹ ജമായ തീരുമാനമെടുക്കേണ്ടതിന്റെ ആവശ്യ മാണ് ഇതിൽനിന്നും ശ്രോതാവിന്റെ ശ്രദ്ധയിൽ പെടേണ്ടത്. തെറ്റിന്റെ കാഠിന്യം മനസ്സിലാക്കിയ ഭരതൻ ഇന്ദ്രിയവിഷയങ്ങളിൽ താൽപര്യപ്പെ ടാതെ ജീവിച്ചു. താൻ ശ്രേഷ്ഠനാണ്. പണ്ടു ചെയ്ത ചില പ്രാരാബ്ധങ്ങളാണ് തനിക്കി ങ്ങനെയെന്നൊക്കെ അദ്ദേഹത്തിനറിയാമായി രുന്നു. ഒരിക്കൽ രഹുഗുണൻ എന്ന രാജാവ് ക പിലാശ്രമത്തിലേക്കു പോകുംവഴി പല്ലക്കു ചു മക്കാൻ ഒരാൾ കൂടി വേണമെന്നു വന്നപ്പോൾ അവിടെയിരുന്ന ജഡഭരതനെ വിളിച്ചു പല്ലക്കു ചുമക്കുവാനാവശ്യപ്പെട്ടു. പക്ഷെ മറ്റുള്ളവർ ക്കൊപ്പം വേഗതയില്ലാത്തതിന് കുറ്റം പറഞ്ഞു. രാജാവ് ഭരതനെ ആക്ഷേപിച്ചു. പക്ഷെ ഇന്ദ്രിയ ങ്ങളെ ജയിച്ച ഭരതന് ഇതൊന്നും വലിയ കാ ര്യമായില്ല. താൻ രാജാവാണ് എന്നൊന്നുകൂടി ഉറപ്പിച്ചു പറഞ്ഞു. അങ്ങ് എന്നെ പറഞ്ഞ വാ ക്കുകളൊന്നും ഞാനല്ല. അങ്ങ് എന്നെ പറയാൻ എടുത്ത വാക്കുകളൊക്കെ താല്ക്കാലികമാ ണ്. ആരും സ്വാമിയും ഭൃത്യനുമല്ല. ഇങ്ങനെ ബ്രഹ്മതത്ത്വമെല്ലാം ഭരതൻ പറഞ്ഞു.

അത്തരം നൃപൻ തന്നോടുത്തരമരുൾ
ചെയ്താൻ
മന്നവനറിഞ്ഞിതു ദിവ്യനെന്നതുനേരം
തണ്ടിൽനിന്നിറങ്ങിവീണുടനെ നമസ്കരി-
ച്ചിണ്ടൽ പൂണ്ടറിയായ്ക പൊറുത്തുകൊൾ
കെന്നെല്ലാം
ചൊന്ന മന്നവൻതന്നോടദ്ധ്യാത്മജ്ഞാ
നാർത്ഥത്തെ
നന്നായിട്ടുപദേശിച്ചീടിനാനതു തഥാ

സന്ദേഹമൊഴിഞ്ഞു ചൊല്ലീടുവാൻ പണി
യത്രെ
ചെന്നിരുവരും വൈകുണ്ഡലോകം
പുക്കാർ.

ഭരതന്റെ വാക്കുകൾ കേട്ട രഹൂഗുണൻ പറഞ്ഞു, ഭരതൻ പരമാത്മജ്ഞാനം സിദ്ധിച്ചയാളാണെങ്കിലും ജഡനേപ്പോലെ സംസാരിക്കുന്നു. ഞാനാണെങ്കിൽ സംസാരമുക്തി ലഭിക്കുന്നതെങ്ങനെയെന്നറിയാൻ കപിലമുനിയെ കാണാനാണു പോകുന്നത്. ജഡഭരതൻ പിന്നീട് തത്തോപദേശങ്ങൾ കൊടുക്കുകയാണ് ചെയ്യുന്നത്. മനസ്സ് ത്രിഗുണങ്ങളുടെ അധീനതയിലിരിക്കുന്നിടത്തോളം സുഖമാഗ്രഹിക്കും. സുഖദുഃഖങ്ങളെല്ലാം മാനസ്സികമാണ്. ഞാനിതൊന്നും കണക്കാക്കാത്തതുകൊണ്ട് സുഖദുഃഖങ്ങളില്ല. മനസ്സുണ്ടായതു മായ മൂലമാണ്. രാജാവ് മനസ്സിനധീനനായതുകൊണ്ട് ഇതെല്ലാം യാഥാർത്ഥ്യമാണെന്നു വിചാരിക്കുന്നു. പ്രപഞ്ചവും സത്യമാണെന്നു തോന്നുത് അജ്ഞതമൂലമാണ്. ഇന്ദ്രിയവിഷയങ്ങളിൽ തൽപരരാകുമ്പോൾ ജനനമരണങ്ങളുണ്ടാകും. ഗുണകർമ്മ ചിന്തയാണ് പ്രാരാബ്ധം ഉണ്ടാക്കുന്നത്. ഈശ്വരൻ സർവ്വവ്യാപിയാണ്. സ്വയം പ്രകാശമാണ്. വായു എല്ലാ ചരാചരങ്ങളുടേയും ഉള്ളിൽ പ്രവേശിച്ച് പ്രാണനാകുന്നു. ശരീരമാണ് ആത്മാവ് എന്നു തോന്നുത് അവിദ്യകൊണ്ടാണ്. സംസാരദുഃഖത്തിനു കാരണം മനസ്സാണ്. ഭഗവാൻ മാത്രമാണ് സത്യം. തന്റെ പുനർജന്മത്തിന്റെ കാരണവും ആസക്തിയാണെന്നു ഭരതൻ പറഞ്ഞു. ആധുനിക മനശാസ്ത്ര ചികിത്സയിലും പ്രാധാന്യംകൊടുത്തുകൊണ്ടു പറയുന്നത് മനസ്സിനെ നിയന്ത്രിക്കുവാനാണ്. മനുഷ്യൻ മനസ്സിനെ ആശ്രയിക്കുന്നു. ആശ്രയിക്കുന്ന, അനുസരിക്കുന്ന യുക്തിസഹജമായ വായനയിലൂടെ സഞ്ചരിക്കുമ്പോൾ മാത്രമേ തെറ്റും ശരിയും മനസ്സിലാക്കാൻ സാധിക്കുധകയുള്ളൂ. വികാര വിക്ഷോഭങ്ങൾ മനസ്സിന്റെ സൃഷ്ടിയല്ല. ജ്ഞാനം ലഭിക്കുമ്പോൾ മാത്രമേ ഈ മനസ്സിനെ നിയന്ത്രണവിധേയമാക്കാൻ കഴിയുകയുള്ളൂ. ഇവിടെ ഈശ്വരന്റെ കഥകൾ ശ്രവിക്കുമ്പോൾ അജ്ഞാനം മാറി ജ്ഞാനം ലഭിക്കുമെന്നു പറയപ്പെടുന്നു. തുടർന്നു ജഡഭരതൻ നടത്തുന്ന ദിവ്യോപദേശങ്ങൾ ഇനി വരുന്ന തലമുറക്കും ഈ വർത്തമാനകാലത്തും ജനങ്ങൾ മനസ്സിലാക്കേണ്ടതാണ്. അനുകരണീയവുമാണ്. ഇവിടെ ശ്രീശുകൻ പരീക്ഷിത്തിന്റെ ചോദ്യത്തിനുത്തരമായി പറയുന്ന മറുപടി ശ്രദ്ധേയമാണ്. ശുകൻ പറയുകയാണ് പലരും ദേഹത്തെ ആത്മാവായി ധരിച്ച് ഓരോരോ പ്രവർത്തികൾ ചെയ്യുന്നു. പല ജന്മങ്ങളായതിനാൽ ഫലവും അനുഭവിക്കുന്നു. ഈ ലോകത്തിൽ എല്ലാം അനുഭവിക്കേണ്ടിവരുന്നത് നാം ഇന്ദ്രിയങ്ങൾക്കു വശംവദരാകുന്നതുകൊണ്ടാണ്. പ്രവർത്തിമാർഗ്ഗത്തിലൂടെ സഞ്ചരിക്കുമ്പോൾ തടസ്സങ്ങൾ ധാരാളം വരും. പണസമ്പാദനം പോലും കഷ്ടപ്പെട്ടുണ്ടാക്കുന്നതായിരിക്കണം. വേണ്ട വിധത്തിലുണ്ടാക്കിയ പണം ഉപയോഗിച്ചില്ലെങ്കിൽ അത് പ്രശ്നമായി മാറും. ധർമ്മം രക്ഷിക്കാനും ശരീരരക്ഷക്കുമാണ് ധനം ഉപയോഗിക്കേണ്ടത്. ഒരു കർമ്മവും അനശ്വരമല്ല. കർമ്മം ചെയ്യുമ്പോൾ അതിന്റെ ഫലം കിട്ടും. പക്ഷെ ഗൃഹസ്ഥാശ്രമകർമ്മികൾ ഒരു കർമ്മം ചെയ്തു തീരുമ്പോൾ മറ്റൊരെണ്ണം ചെയ്യും. അവനവന്റെ വാസന മൂലം വീണ്ടും ജനിക്കും. അറിവില്ലായ്മ മൂലമാണ് പല കർമ്മങ്ങളും ചെയ്യുത്. ഇന്ദ്രിയാസക്തിമൂലം വിഷയാസക്തി കൂടും. ഇവിടെ ശ്രീശുകൻ പറയുന്നത് കൂടുതൽ സുഖത്തിനായി പണം സമ്പാദിക്കാൻ മനുഷ്യൻ പാടുപെടുന്നു. സ്വയം പറ്റാതെ വരുമ്പോൾ അന്യരുടെ ധനം അപഹരിക്കും. പ്രവർത്തിമാർഗ്ഗത്തിൽ സഞ്ചരിക്കുമ്പോൾ പരദ്രവ്യവും പരസ്ത്രീകളും ചിലപ്പോൾ മോഹിക്കപ്പെട്ടേക്കാം. എപ്പോഴും സു:ഖദുഃഖസമ്മിശ്രമായ വികാരങ്ങൾക്കടിമപ്പെട്ടേക്കാം. ഇവിടെ രാഗം, ദ്വേഷം, മോഹം, മാത്സര്യം മുതലായവ മൂലം വിവേകം നശിക്കുന്നു. അന്തഃകരണം ശുദ്ധമല്ലാത്തതുകൊണ്ട് വിഷയാസക്തരായി മാറുന്നു. ഈ കാലഘട്ടത്തിൽ നടമാടുന്ന പല ഏർപ്പാടുകളും എന്തുകൊണ്ടാണെന്നിവിടെ വിവരിക്കുന്നു. മറ്റുള്ളവരോട് വെറുപ്പും പ്രതികാരവും കാണിക്കുന്നു. വിവാഹബന്ധങ്ങൾ പോലും പവിത്രമല്ലാതെ വരുന്നു.

ഈ ഭൂമി എന്റേതാണെന്നു പറഞ്ഞ് യുദ്ധം ചെയ്യുന്നു. അതുകൊണ്ട് ഇന്ദ്രിയങ്ങളെ ജയിച്ച് സത്സംഗത്തിലൂടെ സഞ്ചരിച്ച് മുക്തിനേടാനുള്ള മാർഗ്ഗം കണ്ടുപിടിക്കണം. ഈ സംസാരമാകുന്ന സ്ഥലത്ത് അലഞ്ഞു തിരിഞ്ഞു നടക്കുന്ന മനുഷ്യന് കണ്ടുമുട്ടുന്ന ഓരോ ജീവിയും മനുഷ്യനും പെട്ടെന്ന് വിടപറയുന്നു. ഭഗവദ് ഭക്തിയുടെ ജ്ഞാനത്താൽ ഭരതൻ എല്ലാ ബന്ധങ്ങളിൽനിന്നും മുക്തനായി. ബ്രഹ്മജ്ഞാനം നേടിയാൽ മാത്രമേ അവിദ്യയിൽനിന്നും മോചനം നേടാൻ കഴിയുകയുള്ളൂ. ഈ സംസാരദുഃഖത്തിൽ നിന്നും മോചനം നേടാനുള്ള മാർഗ്ഗം മഹാവിഷ്ണുവിനെ പ്രാർത്ഥിക്കുക. സദ്ഗുരുവിനെ അഭയം പ്രാപിക്കണം. പരീക്ഷിത്ത് ശ്രീശുകനോട് ഭൂലോകത്തിന്റെ വിസ്തൃത വർണ്ണനയേക്കുറിച്ചു ചോദിക്കുന്നതിനുത്തരമായി ശ്രീശുകൻ പറയുന്നത് അനന്തകാലം വരെ വർണ്ണിച്ചാലും വർണ്ണന പൂർത്തിയാകുകയില്ലെന്നാണ്.

ഇന്നുമുണ്ടെനിക്കൊന്നു കേൾപ്പതിന്ന
ത്യാഗ്രഹം
എന്നോടിതുമരുൾ ചെയ്യണം മഹാമുനേ!
സപ്തസാഗരങ്ങളും സപ്തദീപങ്ങളുമങ്ങെ
ത്ര വിസ്താരമെന്നും തത്രലക്ഷണങ്ങളും
വ്യക്തമായരുളി ചെയ്തീടണമടിയനോ
ടെത്രയും വളർന്നുള്ള പാപങ്ങളകലുവാൻ

ശ്രീശുകൻ പറയുന്നു:

അവ്യക്ത സ്വരൂപമാമീശ്വര സ്ഥൂലരൂപം
സുവ്യക്തമാമ്മാററിഞ്ഞീടുവാനാർക്കാ
മെടോ?
ഞാനറിഞ്ഞതുചൊല്ലാമെനിക്കാകുന്നവണ്ണ
മാനന്ദം നിനക്കതിലുണ്ടെന്നു
തോന്നുകയാൽ

എന്നു പറഞ്ഞ് വർണ്ണിക്കുകയാണ് ചെയ്തത്. സൃഷ്ടിയും നിലനിൽപ്പും ഭഗവാനിലർപ്പിതമാണ്. സത്വ രജോ തമോ ഗുണങ്ങളുടെ കൂടിച്ചേരൽകൊണ്ടാണ് വ്യത്യസ്ത ലോകങ്ങളുണ്ടാകുത്. ഇവിടെ വസിക്കുന്നവരുടെ സ്വഭാവവും വാസനയും കർമ്മഫലവും വ്യത്യസ്തമാണ്. ആധുനിക മനശാസ്ത്രത്തിൽ പറയുന്നത് ഒരു വ്യക്തിയുടെ സ്വഭാവം അയാൾ വളരുന്ന സാഹചര്യങ്ങൾക്കനുസരിച്ചു വളരാൻ സാധ്യതയുണ്ടെന്നല്ലേ. ലോകം വ്യത്യസ്തവും, വ്യത്യസ്ത പ്രവർത്തിയും വ്യത്യസ്ത ആളുകളും നിറഞ്ഞതാണ്. അതുപോലെ തന്നെ പരീക്ഷിത്ത് നരകത്തേക്കുറിച്ചു ചോദിച്ചു. സ്വർഗ്ഗാദി കർമ്മഫലങ്ങൾ പോലെ നരകത്തിലും കർമ്മഫലമുണ്ട്. നമ്മളുടെ പ്രവർത്തികളുടെ ഫലം ചിലപ്പോൾ ഉടനേ തന്നെ നമുക്കു കാണാവുന്നതും മറ്റു ചിലപ്പോൾ ഉടനേ കാണാൻ കഴിയാത്തതുമാണ്. ലക്ഷ്യബോധത്തോടെ കർമ്മഫലം ഉണ്ടാകുമ്പോൾ പുണ്യപാപമായി നാം കരുതും. ഇവിടെ ശുകൻ 28 നരകങ്ങൾ വിവരിക്കുന്നു. ഞാനെന്ന ഭാവത്തിൽ മറ്റുള്ളവരെ ഉപദ്രവിക്കുന്നവർ തുടങ്ങി ഭൂമിയിൽ എല്ലാ ജീവജാലങ്ങളേയും വേദനിപ്പിക്കുമ്പോൾ ഓരോ ഫലങ്ങൾ ലഭിക്കുന്നു. പുണ്യം കൂടുമ്പോൾ സ്വർഗ്ഗപ്രാപ്തിയും പാപം കൂടുമ്പോൾ നരകപ്രാപ്തിയും ലഭിക്കുന്നു. ഇത് ഈ കാലഘട്ടത്തിൽ മനസ്സിലാക്കുതിനു വേണ്ടി വ്യാസൻ പുണ്യപാപങ്ങളിൽ നിന്നും മനുഷ്യജന്മം മോചിതമാകേണ്ടതിന്റെ ആവശ്യകത ഊന്നി പറയുന്നുണ്ട്. തുല്യമായി പാപപുണ്യം ചെയ്താലും അവയുടെ സത്ത വ്യത്യസ്തമായതുകൊണ്ടാണ് സു:ഖദുഃഖങ്ങളിൽ വ്യത്യസ്തത കാണുന്നത്.

ശ്രുത്വാ സ്ഥൂലം തഥാ സൂക്ഷ്മം
രൂപം ഭഗവതോ യതിഃ
സ്ഥൂലേ നിർജ്ജിതമാത്മാനം

ആകാശവും ഭൂമിയും ഭഗവാന്റെ സ്ഥൂലരൂപങ്ങളാണ്. മനസ്സിനേയും ഇന്ദ്രിയങ്ങളേയും അടക്കി നിർത്തണം. സൂക്ഷ്മത്തിൽ നിന്നും അതിസൂക്ഷ്മത്തിലേക്കും അവിടെനിന്നും നിർഗ്ഗുണ സ്വരൂപത്തിലേക്കും എത്തും.

ശ്രീനാരായണ സ്വാമി തന്നെസ്സേവിച്ചു
കൊൾക
നാനാ ദോഷങ്ങളും പോം ഗതിയും
വരുമെന്നാൽ.

ഇവിടെ പഞ്ചമസ്കന്ധം അവസാനിക്കുന്നു.

*****

# ശ്രീ ചട്ടമ്പിസ്വാമികൾ – ജീവിച്ച നാളുകൾ ഒരു സ്മരണ

കാരോട്ടുമഠം ശ്രീകണ്ഠൻ നായർ – 9447991258

(തുടർച്ച )

**സ്വാമിയുടെ സ്ത്രീ കാര്യനിരൂപണം**

അമ്മമാരിൽ നിന്ന് ചട്ടമ്പിസ്വാമികളിലേക്ക് എന്തുദൂരം എന്ന് ചിന്തിക്കേണ്ടത് അദ്ദേഹത്തിന്റെ സ്ത്രീ സങ്കൽപ്പത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഭാഗം ആയാണ്. വനത്തിലെ നിലാവെന്നപോലെ സ്വാമിയുടെ സ്ത്രീ ദർശനം വെളിവാക്കിതരികയാണ്. എറണാകുളത്തെ കൊച്ചിൻ വിമൻസ് അസ്സോസിയേഷനിൽ നടത്തിയ പ്രസംഗത്തിലൂടെ സ്വാമികൾ ചെയ്തത്.

അദ്ദേഹത്തിന്റെ ഗ്രഹസ്ഥ ശിഷ്യൻ ആയ സാഹിത്യകുശലൻ ടി.കെ. കൃഷ്ണമേനോന്റെയും പത്നി സാഹിത്യസഖി ടി.സി. കല്യാണി അമ്മയുടെയും എറണാകുളത്തെ കുമാരാലയം എന്ന വീട്ടിൽ പാർക്കുന്ന കാലത്താണ്. വിമൻസ് അസ്സോസിയേഷനിൽ പ്രസംഗിക്കാനിടയായത്. ഈ.ടി.സി. കല്യാണിയമ്മയാണ് കൊച്ചിൻ വിമൻസ് അസ്സോസിയേഷനും ബാലികാസദനവും സ്ഥാപിച്ചത്. ഈ വിമൻസ് അസ്സോസിയേഷന്റെ കാര്യദർശി ആയ ടി.സി. കല്യാണി അമ്മയുടെ അപേക്ഷ മാനിച്ച് നടത്തിയതായിരുന്നു ആ പ്രസംഗം.

അന്നത്തെകാലത്തെ സമാജങ്ങളുടെ അന്തസ്സ് എത്ര വലുതായിരുന്നു എന്നതിനെക്കുറിച്ചു കൂടി ചിന്തിക്കാൻ ഇത് പ്രേരണയാകും സ്ത്രീ സ്വാതന്ത്ര്യത്തിനും സ്ത്രീപുരുഷസമത്വത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് സ്ത്രീ അബലയാണെന്ന് വിശേഷിപ്പിക്കുന്നത് ശരിയല്ലെന്നും പതിവുപോലെ വേദപുരാണേതിഹാസങ്ങളുടെ പിൻബലത്തോടെ സ്വാമി സമർത്ഥിക്കുന്നു.

പുരുഷൻ പ്രബലൻ ആണെന്നും സ്ത്രീ അബല ആണെന്നും ഇനി അതു പാടില്ല എന്നുമൊക്കെയുള്ള വാദങ്ങൾ മുറുകുമ്പോൾ ഏതൊരു കൊച്ചുകുട്ടിയും സംശയിച്ചു പോകും. സ്ത്രീ പരുഷജീവിതം ഒരു സുമോ ഗുസ്തിയാണോ എന്ന്. എന്നാൽ ലിംഗ ഭേദങ്ങൾക്ക് അപ്പുറം കരുത്ത് തെളിയിക്കേണ്ടത് ആത്മബലം കൊണ്ട് വേണമെന്ന സന്ദേശം ആണ് ചട്ടമ്പിസ്വാമികൾ നൽകിയത്.

പ്രപഞ്ചത്തിൽ സ്ത്രീപുരുഷൻമാർക്കുള്ള സ്ഥാനം എന്തായിരുന്നു? എറണാകുളത്തെ വിമൻസ് അസ്സോസിയേഷനിലെത്തിയ സ്വാമികളുടെ പ്രഭാഷണം ഏതൊരു സ്ത്രീവിമോചനപ്രസ്ഥാനക്കാരെയും വിസ്മയിപ്പിക്കുന്നതായിരുന്നു. സ്ത്രീപുരുഷസമത്വത്തെക്കുറിച്ചുള്ള വസ്തുതാപരമായ ഒരു പഠനമാണ് സ്വാമികൾ അവിടെ നടത്തിയത്. സ്ത്രീ സർവതന്ത്രസ്വതന്ത്രയും ത്രൈലോക്യനായികയുമാണ്. മൂഢന്മാരെപ്പോലെ "ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന് കല്പിച്ച് കൂട്ടിലിട്ട കിളിയെപ്പോലെ അസ്വതന്ത്രയായ അടിമയായും കേവലം പുത്രോദ്പാദനത്തിനുള്ള യന്ത്രമായും സ്ത്രീയ കരുതരുതെന്ന് അദ്ദേഹം പറഞ്ഞു. പുരുഷന് അവളുടെ മേൽ എന്തുമാകാം എന്ന് ഗർവ്വോടെ സകല കാര്യങ്ങളും ശരിയായി നോക്കി ഭരിക്കാൻ തനിക്കേ കഴിയൂ എന്ന് ശഠിക്കുന്നതിനു പിന്നിലെ ധർമ്മവിരുദ്ധതയെ സ്വാമികൾ ചോദ്യം ചെയ്തു.

മധുരം കയ്പ്, പകൽ രാത്രി എന്നിവ വിപരീതപദങ്ങൾ പഠിപ്പിക്കുന്നതുപോലെ സ്ത്രീ പുരുഷൻ എന്നും പറഞ്ഞുകൊടുത്താൽ കുട്ടികളിലേക്ക് അതു പകരുന്ന തെറ്റായ സന്ദേശത്തെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. ശത്രുതാ

മനോഭാവത്തോടെ വളരേണ്ടവർ ആണെന്ന വിപൽ സന്ദേശം പ്രചരിപ്പിക്കാതെ സ്ത്രീ സങ്കൽപത്തിന്റെ പവിത്രത വ്യക്തമാക്കേതാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

സ്ത്രീക്ക് കാര്യനിർവ്വഹണത്തിനു വേണ്ട ഉപകരണങ്ങൾ സജ്ജമാക്കേണ്ടത് പുരുഷന്റെ ഉത്തരവാദിത്വം ആണെന്ന് സ്വാമികൾ ബോധ്യപ്പെടുത്തി. സ്ത്രീ പ്രകൃതികൽപ്പിച്ചിരിക്കുന്നതിലധികം ശരീരമനക്ലേശങ്ങൾ അനുഭവിക്കേണ്ടതില്ലെന്ന് സ്വാമികൾക്ക് അറിയാമായിരുന്നു. സ്വാമിയുടെ ഈ ദർശനങ്ങൾ പെണ്ണിന്റെ മനസ്സെഴുത്തായിരുന്നു.

ഒരു കുഞ്ഞിന് ജന്മം കൊടുത്ത അമ്മ എന്ന നിലയിൽ സ്ത്രീ അനുഭവിക്കുന്ന വേദനയും അതിനെ വളർത്തി വലുതാക്കി സദാസമയം അനുഗ്രഹിക്കാൻ തയ്യാറായി വർത്തിക്കുന്ന സ്ത്രീയുടെ കാരുണ്യവും സ്വാമിയുടെ ശ്രദ്ധ ആകർഷിക്കുന്നു.

ഒരു ശവം ദഹിപ്പിക്കുന്നതുപോലും തപസ്സാണെന്ന് ബൃഹദാരണ്യകോപനിഷത്ത് പറയുന്നു. അപ്പോൾ ഒരു കുഞ്ഞിന് ജന്മം നൽകുന്നത് എത്രയോ വലിയ തപസ്സാണെന്നുള്ള സ്വാമിയുടെ വീക്ഷണ ഗതിയെ മാതൃത്വവും സ്ത്രീജനത്തിന്റെ ഉദാരതയും ആണ് സ്വാധീനിക്കുന്നത്.

നല്ല വസ്ത്രങ്ങൾ മാറിമാറി ധരിച്ചതുകൊണ്ടോ സമാജപ്രസംഗംകൊണ്ടോ സ്ത്രീയുടെ കടമ തീരുന്നില്ല. സ്ത്രീ അവളുടെ കർത്തവ്യം നന്നായി നിർവ്വഹിച്ച് തങ്ങൾ ലോകത്തിന്റെ രക്ഷാധികാരികൾ ആണ് എന്ന് ബോധ്യപ്പെടുത്തി സർവ്വരാലും പ്രശംസാർഹരായി മാറുക എന്നതാവണം സ്ത്രീ സമാജങ്ങളുടെ മുഖ്യ ലക്ഷ്യമെന്ന് അദ്ദേഹം അടിവര ഇടുന്നു. ഇത് സ്ത്രീകൾക്കുള്ള നല്ല നടപ്പിന്റെ, സാംസ്കാരത്തിന്റെ നാന്ദിയാണ്. അവർക്ക് ആ ദൗത്യനിർവഹണത്തിനുള്ള ഒരു ഉത്തേജകവും ആണ്.

കുമ്പളത്തു ശങ്കുപ്പിള്ളയും - ചട്ടമ്പിസ്വാമികളും-രണ്ടു വ്യത്യസ്ത വ്യക്തിത്വങ്ങൾ അവർ സംഗമിച്ചു. 24 വയസ്സുള്ളപ്പോൾ ചട്ടമ്പിസ്വാമികളെ ശങ്കുപിള്ള സ്വന്തം വീട്ടിലേക്ക് ക്ഷണിച്ചു. രണ്ടു മൂന്നു തവണ കണ്ട് ക്ഷണിച്ചു. അവസാനം സ്വാമികൾ ഒരു ഗഞ്ചിറ കുമ്പളത്തോട് ആവശ്യപ്പെട്ടു. അതു പണി കഴിപ്പിച്ച് അദ്ദേഹം സ്വാമികൾക്ക് സമർപ്പിക്കുകയും ചെയ്തു.

പന്മനയിലെത്തിയ സ്വാമികൾക്ക് ഹിതകരമായ താമസത്തിനുള്ള ഏർപ്പടുകൾ കുമ്പളം ചെയ്തു. സ്വാമിയെ കാണാൻ വരുന്നവർ, അവർ എത്ര പേരുണ്ടായാലും ആഹാരം കൊടുക്കുക പതിവായിരുന്നു. കുറച്ചു നാൾ കഴിഞ്ഞ് സ്വാമി തിരുവനന്തപുരത്ത് ഒട്ടാകെ ഒരു യാത്ര നടത്തി. തിരിച്ചു വന്ന സ്വാമികൾ വിശ്രമിച്ചത് പന്മനയിലെ പ്രാക്കുളം സി. പത്മനാഭപിള്ള സ്മാരക വായനശാലയിൽ ആണ്. 1924 മെയ് 5ന് (മേടം 23നു) ഉച്ചയോടെ കുമ്പളത്തിനെ വിളിച്ച് സ്വാമികൾ സാവകാശം പറഞ്ഞു. കാരണവർ ഇന്നെങ്ങും പോവരുത്, ഇവിടെ തന്നെ ഉണ്ടായിരിക്കണം . കുമ്പളത്തിനെ സ്വാമികൾ കാരണവർ എന്നാണ് വിളിക്കുക.

അന്നു പകൽ മൂന്നര മണിക്ക് സ്വാമികൾ വായനശാലയിൽ വച്ച് മുൻനിശ്ചയിച്ച പ്രകാരം സമാധി ആയി. സ്വാമികൾ നേരത്തേ നിർദ്ദേശിച്ച പന്മനക്കാവിൽ അദ്ദേഹത്തെ സമാധി ഇരുത്തി. കുമ്പളം ശങ്കുപിള്ള അവിടെ ആശ്രമവും സ്ഥാപിച്ചു.

ചട്ടമ്പിസ്വാമികളും, ശ്രീനാരായണ ഗുരുവും സമകാലികരായിരുന്നു. ഗുരുവിനേക്കാൾ ചട്ടമ്പിസ്വാമികൾക്ക് 3 വയസ്സ് പ്രായകൂടുതൽ ഉണ്ടായിരുന്നു. ജീവിതകാലം മുഴുവൻ അവർ പരസ്പരം സ്നേഹിച്ചും മാനിച്ചും കഴിഞ്ഞിരുന്നു. 1882 മുതൽ അനവധി വർഷങ്ങൾ അവർ സഹവസിച്ചു. കുറേക്കാലം അവർ വേർപിരിയാതെ നടന്നു. ഇന്ന ദിക്കിൽ ഭക്ഷണം കഴിക്കണമെന്നോ ഇന്ന ദിക്കിൽ കിടക്കുകയെന്നോ ഒന്നും നിശ്ചയിച്ച് ഉറപ്പിച്ചിരുന്നില്ല.

ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുദേവനും തമ്മിലുള്ള ബന്ധം എന്തായിരുന്നു ഗുരുദേവന്റെ ഗുരു ചട്ടമ്പിസ്വാമികൾ ആണെന്നും അല്ലെന്നും വാദഗതികൾ പ്രചരിച്ചിട്ടുണ്ട്.

എന്നാൽ ഇവർ രണ്ടുപേരും ഏതെങ്കിലും ഒരു സമുദായത്തിന്റെ വക്താക്കളല്ല.

1916 ശ്രീനാരായണഗുരുദേവൻ "പ്രബുദ്ധകേരളം" മാസികയിലൂടെ ഒരു വിളമ്പരം നടത്തി.

നാം ജാതിമതഭേദം വിട്ടിട്ട് ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ചിലർ നമ്മെ അവരുടെ വർഗ്ഗത്തിൽ പെട്ടതായി വിചാരിച്ചും പ്രവർത്തിച്ചും വരുന്നതായും അതിനാൽ പലർക്കും വാസ്തവത്തിനു വിരുദ്ധമായ ധാരണക്ക് ഇടവന്നിട്ടുണ്ടെന്നും അറിയുന്നു. നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല. നമ്മുടെ ശിഷ്യവർഗ്ഗത്തിൽ മേൽ പ്രകാരം ഉള്ളവരെ മാത്രമേ പിൻഗാമിയായി വരത്തക്കവിധം പ്രവേശനം നല്കാവൂ എന്ന് ആലുവ അദ്വൈതാശ്രമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമാകുന്നു.

അതുപോലെ സമുദായത്തിന്റെ ആചാര്യസ്ഥാനം ഏറ്റെടുക്കണം എന്ന നായർ സർവീസ് സൊസൈറ്റിയുടെ നിർദ്ദേശം ശ്രീ ബോധേശ്വരൻ നിറകണ്ണുകളോടെ സ്വാമിയുടെ മുമ്പിൽ വെയ്ക്കുകയുണ്ടായി. എന്നാൽ അദ്ദേഹം അത് സമർത്ഥമായി നിരാകരിക്കുകയാണുണ്ടായത്.

എന്നാൽ ചട്ടമ്പിസ്വാമിയും ഗുരുദേവനും രണ്ട് ഗ്രന്ഥങ്ങളുടെ ആമുഖങ്ങളിൽ നടത്തിയ പരാമർശങ്ങൾ അനുപേക്ഷണീയങ്ങളാണ്. 1885-ൽ ശ്രീനാരായണ ഗുരു എഴുതിയ ആദ്യകാലകൃതിയായ 'നവമഞ്ജരി'യിൽ

ശിശുനാമഗുരുരോരാജ്ഞാം കരോമി ശിരസാവഹൻ
നവമഞ്ജരികാം ശുദ്ധി, കർത്ത്യമഹന്തി കോവിദാ

എന്ന് ഗുരുദേവൻ പറയുന്നു.

ശിശുനാമധേയനായ കുഞ്ഞൻപിള്ള എന്നു പേരുള്ള ഗുരുവിന്റെ ആജ്ഞ ശിരസ്സാവഹിച്ച് ഞാൻ നവമഞ്ജരി രചിക്കുന്നു. അതിന്റെ ഗുണദോഷനിരൂപണം നടത്താനുള്ള അർഹത പണ്ഡിതന്മാർക്കാണ്.

1917ൽ നീലകണ്ഠതീർത്ഥപാദരുടെ "ദേവാർച്ചാപദ്ധതി"യുടെ മുഖവുരയിൽ ചട്ടമ്പിസ്വാമി ഇങ്ങനെ എഴുതി. യോഗജ്ഞാനപരംഗമതക്ക് യോഗജ്ഞാനപ്രമേയങ്ങളെ സമ്പ്രദായരീത്യാഗ്രഹിക്കയും പരിശീലിക്കയും ആരൂഢപദത്തിലെത്തുന്നതിന് അനേകസംവത്സരക്കാലം എന്നോടുകൂടി വസിച്ചിട്ടുള്ള എന്റെ പ്രഥമശിഷ്യൻ നാണുഗുരുവെന്നു പറയുന്ന ആൾ ആ സമുദായത്തിന്റെ അഭ്യുത്ഥാനത്തിനായി അവരുടെ ഇടയിൽ ദേവാർച്ചനാദിയെ പുരസ്കരിച്ച് ബഹുവിധകാര്യങ്ങളിൽ സ്വാതന്ത്ര്യം ഉണ്ടാക്കിയതുപോലെ മറ്റൊരു സമുദായത്തിന് സ്വയംകൃതാർത്ഥ നിലയിൽ വന്നുകൂടിയ അന്യേച്ഛാധീനവൃത്തിയെ നിഷ്കാസനം ചെയ്‌വാൻ ദ്വിതീയ ശിഷ്യൻ ഇങ്ങനെ ഗ്രന്ഥകരണാദിയിൽ പ്രവർത്തിക്കുന്നത് ഗൗണാത്മതാദ്ധ്യയാസദൃഷ്ട്യാ ചാരിതാർഥ്യ ജനകമായിരിക്കുന്നു.

ചട്ടമ്പിസ്വാമികളുടെ മഹാസമാധി അറിഞ്ഞ് ശ്രീനാരായണഗുരു എഴുതിയ ശ്ലോകങ്ങൾ ഉണ്ട്. വെറും 8 വരിയിൽ ഒരു മഹാഗുരു മറ്റൊരു മഹാഗുരുവിന്റെ ജീവചരിത്രം രചിക്കുക ആയിരുന്നു അതിലൂടെ.

ജനനം, ബാല്യം, വിദ്യാഭ്യാസം എന്നിങ്ങനെ ലൗകിക ക്രമത്തിലുള്ള ഒരു ജീവചരിത്രം രചിക്കാൻ ആർക്കും കഴിയും.

എന്നാൽ ശ്രീചട്ടമ്പിസ്വാമികൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ജീവന്റെ ഉത്പത്തി സ്ഥിതി സ്വഭാവം, തിരോധാനം, കൈവല്യം മുതലായവ എല്ലാം ഇതിൽ ഉൾപ്പെടുന്നു.

സർവ്വജ്ഞ ഋഷിരുത് ക്രാന്ത
സദ്ഗുരു ശുകവർത്മനാ
അഭാതി പരമവ്യോമ്നി
പരിപൂർണ്ണ കലാനിധി
ലീലയാകാലമധികം
നിത്വാന്തേ സ മഹാപ്രഭു
നിസ്സ്വം വപുസമുത്സൃജ്യ
സ്വം ബ്രഹ്മവപുരാസ്ഥിത:

ഒരു ജ്ഞാനിക്കുമാത്രം സാധ്യമാകുന്ന വൈഭവത്തോടെ ശ്രീ വിദ്യാനന്ദതീർത്ഥപാദർ ഈ സമാധിപദ്യത്തിന്റെ ഭാവതലം മുഴുവൻ വെളിപ്പെടുത്തുംവിധം തയ്യാറാക്കിയവ്യാഖ്യാനം ഇവിടെ നിരീക്ഷിക്കുകയാണ്.

സർവ്വജ്ഞന്റെയും ഋഷിയുടെയും സദ്ഗുരുവിന്റെയും ഭാവങ്ങൾ ഒത്തിണങ്ങിയ ശ്രീചട്ടമ്പിസ്വാമികൾ. ശുകമാർഗ്ഗത്തിലൂടെ ഉയർന്ന് പരാകാശത്തിൽ പരിപൂർണ്ണ കലാനിധിയായി പ്രകാശിക്കുന്നു. ആ മഹാപ്രഭു മായാമയമായ ദേഹത്തെ വെറും ലീലയായി സ്വീകരിച്ച്

വളരെ നാൾ കഴിച്ചുകൂട്ടിയതിനുശേഷം ഒന്നിനോടും സംഗം പുലർത്താതെ നിർല്ലേപനും നിർമ്മമനും ആയി. വ്യവഹരിച്ചിട്ട് തന്റേതല്ലാത്ത മായികമായ മർത്ത്യശരീരം ഉപേക്ഷിച്ച് വീണ്ടും സ്വന്തമായ ബ്രഹ്മശരീരം കൈവരിച്ചിരിക്കുന്നു.

ചട്ടമ്പിസ്വാമികൾ സദ്യോമുക്തിയാണ് അടഞ്ഞതെന്ന് ശുകവർത്മനാ എന്ന പദം കൊണ്ട് ശ്രീനാരായണഗുരുസ്വാമികൾ പ്രഖ്യാപിച്ചിരിക്കുന്നു. അത്തരം മുക്തി അപൂർവ്വം മഹർഷി ശ്രേഷ്ഠൻമാർക്ക് മാത്രമേ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. എന്നാണ് ശാസ്ത്രങ്ങൾ ഉത്ഘോഷിക്കുന്നത്. ഇങ്ങനെയുള്ള മഹാപുരുഷന്മാർ അനേകനൂറ്റാണ്ടുകൾ കൂടുമ്പോൾ ആണ് ലോകത്തിൽ അവതരിക്കുക. അങ്ങനെയുള്ള ഒരു മഹാപുരുഷനെ ആണ് തന്റെ സദ്ഗുരുവായ ചട്ടമ്പിസ്വാമികളുടെ രൂപത്തിൽ ശ്രീനാരായണഗുരുസ്വാമി ലോകത്തിനു കാണിച്ചുകൊടുത്തത്.

ബ്രഹ്മസൂത്രത്തിന്റെയും അതിന്റെ ശങ്കരഭാഷ്യത്തിന്റെയും അടിസ്ഥാനത്തിലാണ് വിദ്യാനന്ദ തീർത്ഥപാദർ സമാധിപദ്യത്തിന് മേൽ പറഞ്ഞു വ്യാഖ്യാനം തയ്യാറാക്കിയത്.


പരിമിതികളില്ലാത്ത യാഥാർത്ഥ്യത്തെയാണ് ഗുരുദേവൻ ഇതിലൂടെ വെളിപ്പെടുത്തിയത്. വളരെ കുറച്ച് വാക്കുകൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എണ്ണിയാൽ 64 അക്ഷരം ഈ ശ്ലോകത്തിൽ കാണാം. സ്വാമികളുടെ ജീവിതത്തിലൂടെ ഗുരുദേവൻ നടത്തിയ ആന്തരികയാത്രയാണത്. അദ്ദേഹത്തിന്റെ ജീവചരിത്രം പലരും പുസ്തകങ്ങളായി ഇറക്കിയിട്ടുണ്ട്. എന്നാൽ വിസ്താരഭയം കൊണ്ട് എല്ലാം എഴുതാൻ സാധിക്കില്ല എന്നുള്ളതിനാൽ ചുരുക്കി എഴുതിയ ഈ ലേഖനം പ്രത്യേകിച്ച് പ്രൊഫ ശശിധരക്കുറിപ്പിന്റെ സ്വാമികളുടെ ജീവിതവും പഠനവും എന്നു കൃതിയിൽ നിന്നും പലതും കിട്ടിയതാണ് എന്നു കൂടെ സൂചിപ്പിച്ചുകൊണ്ട് ഈ ലേഖനം ഇവിടെ സമർപ്പിക്കുന്നു.

***

## 2022 ജനുവരി മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



രാമൻകുട്ടി മേനോൻ
L/0542, കാരുവള്ളിൽ ഹൗസ്,
തോപ്പുംപടി,
കൊച്ചി - 05



**ശങ്കരൻകുട്ടി. സി.പി.**
L/4197. പുത്തലത്ത് വീട്,
ചെറുപറമ്പത്ത്,
കടവന്ത്ര -20



**കൃഷ്ണൻകുട്ടി നായർ**
L/1933. തച്ചപ്പിള്ളി,
ടെംബിൾ റോഡ്,
കൊച്ചി-20



**പി. അരവിന്ദാക്ഷൻ**
L/1367. കൃഷ്ണമന്ദിരം
എസ്.ആർ.എം. റോഡ്
കൊച്ചി



വി. അച്ചുതൻ
L/1506, ഐശ്വര്യ,
എം.എ. സജീവ് റോഡ്,
ഇടപ്പിള്ളി, കൊച്ചി- 24,



കൊച്ചമ്മിണി അമ്മ
L/2533, മാറായിൽ ഹൗസ്
കാരിക്കാമുറി
കൊച്ചി- 11



**ജനാർദനൻ നായർ. പി.വി.**
L/0661, ലക്ഷ്മിസദൻ
കരിംപുറത്ത് റോഡ്,
കടവന്ത്ര - 20

ഒരാമുഖം

# കൈകേയി

അംബുജാക്ഷി. പി. - 9447577652

വാല്മീകി രാമായണത്തിലെ ബാല കാണ്ഡം 16-ാം സർഗം 27 മുതൽ 30 വരെയുള്ള ശ്ലോകങ്ങളാണ് എന്റെ കഥയുടെ ആലംബം. പുത്രകാമായാഗത്തിലെ പായസവിതരണത്തിൽ

ദശരഥമഹാരാജാവ് കൈക്കൊണ്ട അസമത്വം എനിക്ക് അപരിചിതമായിരുന്നു. കാരണം, ഞാൻ വായിച്ച അദ്ധ്യാത്മരാമായണത്തിൽ ആ രംഗം ഇങ്ങനെയാണ് വിവരിച്ചിട്ടുള്ളത്.

"ദക്ഷിണചെയ്തു നമസ്ക്കരിച്ചു ഭക്തി പൂർവ്വം
ദക്ഷനാം ദശരഥൻ തത്ക്ഷണം പ്രീതിയോടെ
കൗസല്യാദേവിക്കർദ്ധം കൊടുത്തു നൃപവരൻ
ശൈഥില്യാത്മനാ പാതി നല്കിനാൻ കൈകേയിക്കു
അന്നേരം സുമിത്രക്കു കൗസല്യാദേവി താനും
തന്നുടെ പാതി കൊടുത്തീടിനാൾ മടിയാതെ
എന്നതുകണ്ടു പാതികൊടുത്തു കൈകേയിയും
മന്നവനതുകണ്ടു സന്തോഷം പൂണ്ടാനേറ്റം".

നിസ്വാർഥവും സ്നേഹഭരിതവുമായ സഹവർത്തിത്വം ഈ സപത്നികളിൽ പ്രകാശിക്കുന്നു. എന്നാൽ വാല്മീകി രാമായണത്തിൽ നാം കാണുന്നത് തികച്ചും വ്യത്യസ്തമായ ഒരു രംഗമാണ്. അവിടെ നിന്നാണ് ഞാൻ ചിന്തിച്ചു തുടങ്ങിയത്. എന്തേ കൈകേയി ഇങ്ങനെയായത്? മന്ഥരമാത്രമായിരുന്നുവോ കാരണം?

### കൈകേയി

ഞാനിപ്പോൾ ഒരു തടവറയിലാണ്. ആരും അടച്ചതല്ല. കാറ്റും വെളിച്ചവും മറ്റെല്ലാ സുഖസൗകര്യങ്ങളുമുള്ള ആ ആഡംബരമുറി ഞാൻ സ്വയം ഒരു തടവറയാക്കിയതാണ്. എന്റെ മകന്റെ കൊട്ടാരക്കെട്ടിലെ ഒരു പ്രധാനഭാഗത്താണ് എന്റെ മുറി. എന്നാലും എല്ലാവരിൽ നിന്നും വളരെയകലെയാണ് ഞാൻ. സ്വയം അകലേക്ക് പോയതാണ്.

ചുമരിലെ നിലക്കണ്ണാടികൾ എന്നെ നോക്കി പരിഹസിക്കുന്നു. വെഞ്ചാമരം പോലെ നരച്ചമുടി, പ്രകാശമറ്റകണ്ണും മുഖവും. എന്റെ വസ്ത്രങ്ങൾ. എന്തിനേറെ, എന്റെ മനസ്സു പോലും ജീർണ്ണിച്ചുകഴിഞ്ഞു.

ഇനിയെത്രനാൾ? ചുമരുകളിലേക്ക് അലക്ഷ്യമായി നോക്കിക്കൊണ്ട് ഞാനിരുന്നു. നിമിഷങ്ങളുടെ ദൈർഘ്യത്തെ ശപിച്ചുകൊണ്ട് ചിന്തിച്ചു. ഇനിയും എത്രനാൾ? ആർക്കുവേണ്ടി? എന്തിനുവേണ്ടി? സ്വാർത്ഥയായ, കുടിലചിത്തയായ ഒരു സ്ത്രീയുടെ പാഴ്ജന്മം.

ആർക്കും എന്നു പറയാനാവില്ല. രാമകുമാരന് എന്നും എന്നോട് സ്നേഹമായിരുന്നു. ബഹുമാനമായിരുന്നു. ആരാധനയായിരുന്നു. ഇയ്യിടെ ഞാൻ ഉൾവലിഞ്ഞ്, ഒഴിഞ്ഞ്, ഒളിഞ്ഞു മാറുന്നതുകൊണ്ട് എപ്പോഴും കാണാൻ സാധിക്കുന്നില്ലെന്നുമാത്രം.

അല്ലെങ്കിൽത്തന്നെ, മഹാരാജാവല്ലേ എന്തൊക്കെ കാര്യങ്ങൾ ചെയ്തു തീർക്കാൻ ഉണ്ട്. എന്തു തിരക്കിനിടയിലും സമയം കിട്ടുമ്പോൾ കുമാരൻ ഓടിയെത്താറുണ്ട്. മഹാശക്തിയുടെ പേരിൽ ഞാൻ അഹങ്കരിച്ചിരിക്കുന്ന എന്റെ ഇടംകൈ തലോടും, ആരാധനഭാവത്തോടെ. ചുക്കിച്ചുളിഞ്ഞ എന്റെ ഇടംകൈ! എനിക്ക് ലജ്ജതോന്നും.

കുറ്റബോധം കൊണ്ട് വിങ്ങുന്ന മനസ്സിനെ പ്രായത്തിന്റെ ജഡതകൊണ്ട് മറച്ച് ഞാൻ എന്റേ എല്ലിച്ച കൈകൾകൊണ്ട് കുമാരനെ ആലിംഗനം ചെയ്യും. ആ ശീതളസ്പർശം മാത്രമാണ് എനിക്ക് ഒരാശ്വാസവും. ജീവിതം ജീവിച്ചു തീർക്കാനുള്ള ഒരു കൊതിയും തരുന്നത്.

ഈ ഏകാന്തതയിൽ, തടവറയുടെ പുമരുകളിലേക്ക്, കാഴ്ചമങ്ങിത്തുടങ്ങിയ കണ്ണുകളോടിച്ച് ഇരിക്കുമ്പോൾ എന്റെ നിരർഥക വാർധക്യം എന്നെ കുറ്റപ്പെടുത്താറുണ്ട്.

"ഞാൻ എന്തുകൊണ്ട് ഇങ്ങനെയായി"? പുത്രൻ വെറുത്തു ശപിച്ചു.

"ലോകത്തിൽ ഒരു പെണ്ണിനും കൈകേയി" എന്ന പേരുണ്ടാകാതിരിക്കട്ടെ. ആ പേരിനെ ദുഷ്ടത എന്ന് വ്യാഖ്യാനിക്കട്ടെ. ഈ ശാപം ചൊരിഞ്ഞത് എന്റെ മകൻ ഭരതൻ തന്നെയാണ്.

പുത്രവധു മുഖത്തുപോലും നോക്കുന്നില്ല. ദുശ്ശകുനം എന്ന മട്ടിൽ മുഖം തിരിച്ചു നടക്കുന്നു. അവളുടെ സഹോദരിയുടെ ദുർവിധിക്ക് കാരണം മറ്റാരുമല്ല. അവളുടെ ഭർത്തൃമാതാവാണ്. ആ സഹോദരിമാർ തമ്മിലുള്ള ബന്ധം അത്രയും ആഴത്തിലുള്ളതാണ്. ഒരാളുടെ ദു:ഖം മറ്റു മൂന്നു പേരേയും വല്ലാതെ വേദനിപ്പിച്ചിരിക്കുന്നു.

ഇത്തരം ബന്ധങ്ങൾ എനിക്ക് പരിചയമില്ല. അനുഭവമില്ല. കാരണം, ഞാൻ ഏഴു സഹോദരന്മാരുടെ സഹോദരി. അവരുടെ നേതാവ്. അവരെല്ലാം എന്നെ പേടിച്ചും അനുസരിച്ചും കഴിയുന്നവർ. അല്ലെങ്കിൽ ഞാൻ അവരെ പേടിപ്പിക്കുകയും അനുസരിപ്പിക്കുകയും ചെയ്യുന്നവൾ.

എന്റെ പേരക്കുട്ടികൾക്ക് ഞാൻ ഒരു വന്യജീവിയാണ്. കൺമുന്നിൽപ്പെടുമ്പോൾ രക്ഷപ്പെടാൻ ശ്രമിക്കുന്ന കൊച്ചു കുഞ്ഞുങ്ങൾ.

കർമ്മഫലം

ആരുടെ

എന്റെ പിതാവ് കേകയാധിപനായ അശ്വപതിയുടേയോ?

തന്നിഷ്ടക്കാരിയായതു കൊണ്ട് അച്ഛൻ ഉപേക്ഷിച്ച അമ്മയുടേയോ? ഏഴു സഹോദരന്മാരുടെ സഹോദരിയായി അവരേക്കാൾ സാഹസികതോയെ വളർന്ന എന്റെ തന്നെയോ?

ഇടതുകയ്യിന് വജ്രത്തിന്റെ കരുത്തുണ്ടാകട്ടെ എന്നനുഗ്രഹിച്ച മഹർഷിയുടേയോ?

അതോ, കൈക്കരുത്തും സൗന്ദര്യവും കണ്ട് എന്നെ ആഗ്രഹിച്ച അനപത്യനായ ദശരഥ മഹാരാജാവിന്റേയോ?

ഇനിയുമുണ്ട് നൂറു നൂറു ചോദ്യങ്ങൾ. ഉത്തരം കിട്ടാത്ത ഈ ചോദ്യങ്ങൾ അവസാനിക്കാത്ത അലകളായി എന്റെയുള്ളിൽ ഒരു കടൽ തീർക്കുന്നു.

ഞങ്ങൾക്ക് നായാട്ടിൽ വലിയ കമ്പമായിരുന്നു. രാജകുമാരന്മാർ നാടുഭരിക്കേണ്ടവർ. പക്ഷെ ഞാനോ?

ഞാൻ അമ്മയില്ലാത്ത ആ കുഞ്ഞുങ്ങളുടെ അമ്മയാണ്. അവർക്ക് എന്തിനുമേതിനും ഞാൻ തന്നെ വേണം. യുദ്ധമുറകൾ പഠിപ്പിക്കുന്നതിനും പരിശീലിക്കുന്നതിനും നായാട്ടിനും തേരോട്ടത്തിനുമൊക്കെ. എനിക്കും അതൊരു ഹരം തന്നെ.

ഒരിക്കൽ ഞങ്ങൾ ഒരു നായാട്ടിന് പോയി എന്റെ കഴിവിൽ അച്ഛനും വലിയ വിശ്വാസവും അഭിമാനവും ഉണ്ടായിരുന്നു. അദ്ദേഹം വിജയമാശംസിച്ച് ഞങ്ങളെ യാത്രയാക്കി. കൊന്നും കൊലവിളിച്ചും കാട്ടിലൂടെ ഞങ്ങൾ മദിച്ചു നടന്നു. പെട്ടെന്ന് ഒരു വലിയ കാട്ടു പൂച്ച, മുന്നിൽ. കണ്ണുകൾ തീക്കട്ടപ്പോലെ!.

തേറ്റകാട്ടി ചീറ്റിക്കൊണ്ട് ആക്രമിക്കാൻ തയ്യാറായി നില്ക്കുന്നു. അതിന്റെ മുരൾച്ച കേട്ടപ്പോൾ തന്നെ അനുജന്മാർ എന്റെ പിന്നിൽ ഒളിച്ചു.

എനിക്കൊരു കളിപ്പാട്ടം കിട്ടിയതുപോലെ തോന്നി. ഒട്ടും പരിഭ്രമിച്ചില്ല. ഞാൻ കൈകേയിയല്ലേ ! ഒരു സാഹസികന്റെ ധൈര്യവും കരുത്തുമുള്ള രാജകുമാരി. എന്റെ ഇരട്ടസഹോദരനായ യുധാജിത്തിനോട് നിർദ്ദേശിച്ചു.

"നീ അനുജന്മാരെ സൂക്ഷിച്ചോളൂ. ഇവനെ ഞാൻ നേരിടാം."

എനിക്കെന്റെ ഇടംകയ്യിൽ വിശ്വാസമുണ്ട്. അതിലെ മൂർച്ചയേറിയ കത്തിയിലും. ചാടാൻ ആഞ്ഞ ആ കാട്ടുമൃഗത്തെ ലക്ഷ്യമാക്കി എന്റെ ഇടതുകയ്യിലെ കത്തിക്കൊണ്ട് ഒരു പ്രയോഗം. ആ ക്രൂരമൃഗം കഴുത്തറ്റു വീണു.

എന്റെ അനുജന്മാർ ആ നിമിഷം അന്തിച്ചു നിന്നു. പിന്നീടവർ ആ കാട്ടുമൃഗത്തിന്റെ ചുറ്റും നിന്ന് ആർത്തു വിളിച്ചു തുള്ളിച്ചാടി. അവരുടെ നാവിൻ എന്റെ വീരകഥകൾ മാത്രം. കത്തിയെറിഞ്ഞ് കാട്ടുപൂച്ചയെ കൊന്നതും രുചിയേറിയ കാട്ടുപഴങ്ങൾ എറിഞ്ഞു വീഴ്ത്തിയതുമൊക്കെ.

അങ്ങനെ അവരുടെ മുൻപിൽ ഞാൻ ഒരു മഹാശക്തിയായി വളരുകയായിരുന്നു.

ശക്തിയുടെ ആ പരിവേഷം ഞാനും ഏറെ ആസ്വദിച്ചു. പതുക്കെ പതുക്കെ അതെന്റെ മനോഭാവത്തിലും ഏറെ മാറ്റം വരുത്തി. എന്നെ മാത്രം കേന്ദ്രീകരിച്ചുള്ള ഒരു അസാധാരണത്വം!

ധൈര്യംകൊണ്ടോ ബലംകൊണ്ടോ സാഹസികതകൊണ്ടോ എന്തും നേടാം എന്ന ഒരു വിശ്വാസം എന്നിൽ വേരൂന്നി. നല്ല തിളക്കമുള്ള ഒരു പ്രഭാവലയം !

പക്ഷെ......ഇന്ന് ഞാൻ തിരിച്ചറിയുന്നു. എല്ലാം വ്യാമോഹങ്ങൾ. നിരർത്ഥകമായ നൈമിഷികപ്രഭ. സ്നേഹവും ത്യാഗവും സഹനവുമാണ് ശക്തി എന്നറിയാൻ ഒരു ജീവിതകാലം മുഴുവൻ വേണ്ടി വന്നല്ലോ.

വീണ്ടും അതേ ചോദ്യം. ഞാനെന്തേ ഇങ്ങനെയാവാൻ?

അമ്മയില്ലാതെ വളർന്നതുകൊണ്ടാവാം നന്മതിന്മകളെക്കുറിച്ച് ബോധമില്ലാത്തതുകൊണ്ടാവാം.

ആയുധവിദ്യയല്ലാതെ ജീവിതവിദ്യ അറിയാത്തതുകൊണ്ടാവാം അല്ലെങ്കിൽ എന്റെ ഇഷ്ടത്തിനൊത്തു തുള്ളുന്ന ഒരു വളർത്തമ്മയുടെ കുടിലബുദ്ധികൊണ്ടാവാം.

എന്നിൽ വളരുന്നത് ആക്രമണസ്വഭാവമാണോ. അതോ പ്രതിരോധഭാവമാണോ?

എന്റെ ശരീരം കൗമാരത്തിൽ നിന്ന് യൗവ്വനത്തിലേക്ക് വളർന്നു. ആ വളർച്ച മനസ്സിനെ ബാധിച്ചില്ല. ആരോടും യാതൊരു സങ്കോചവും കൂടാതെ ഇടപെടാനും എന്തിനേയും കീഴടക്കാനും ഉള്ള ഒരു തന്റേടം . അതായത് ചെറുതാവാത്ത ചെറുപ്പം. വാശി.

കാടും നായാട്ടും ആങ്ങളമാരുമായിത്തന്നെ കാലം കടന്നു പോയി. ഒരു ദിവസം യാദൃശ്ചികമായാണ് അത് സംഭവിച്ചത്. ഞങ്ങൾ നായാട്ടിനിറങ്ങിയതാണ്. പെട്ടെന്ന് മുമ്പിൽ ഒരാൾ നില്ക്കുന്നു. ആരോഗ്യദൃഢഗാത്രനായ ഒരു സുമുഖൻ. വേഷം കണ്ടപ്പോൾ രാജാവാണെന്നു തോന്നി. കുറച്ചു പ്രായം തോന്നും. എന്നാലും എന്തൊരു സുഭഗത! കൂട്ടം തെറ്റിയോ വഴി തെറ്റിയോ വന്നതാവാം. ഒരു കാട്ടുപൂച്ചയുടെ മുമ്പിൽ പകച്ചു നില്ക്കുന്നു. കണ്ണിമക്കാതെ പരസ്പരം നോക്കി നില്ക്കുകയാണ്. കണ്ണൊന്നു തെറ്റിയാൽ .........കാട്ടുപൂച്ചയ്ക്ക് ആക്രമിക്കാൻ അത്ര സമയമൊന്നും വേണ്ട. എന്റെ അനുജന്മാരും പതുക്കെ പിൻവാങ്ങി. എനിക്ക് സംശയമൊന്നുമുണ്ടായില്ല. മിന്നൽ വേഗത്തിൽ എന്റെ ഇടംകൈ ചലിച്ചു. കാട്ടുപൂച്ചയുടെ തലവേറെ, ഉടൽ വേറെ.

ഞാൻ ഒന്നും സംഭവിക്കാത്തതുപോലെ തിരിഞ്ഞു നടന്നു. എന്റെ കുഞ്ഞാങ്ങളമാർ ചുറ്റും വന്നു കൂടി. ഏറെ ആശ്വാസത്തോടെ അദ്ദേഹം എന്നെ സമീപിച്ചു.

"എന്റെ ജീവൻ രക്ഷിച്ച ഭവതി ആരാണ് ? ഈ കുമാരന്മാരോ ? "

കാട്ടിലകൾകൊണ്ട് കത്തിയിലെ ചോര തുടച്ചു കളഞ്ഞ് ഞാൻ അലക്ഷ്യമായി പറഞ്ഞു.

"ഞാൻ കൈകേയി."

കൈകേയിയോ? അദ്ദേഹത്തിന് അത്ഭുതം.

"അതൊരു രാജ്യത്തിന്റെ പേരുപോലെ തോന്നുന്നു.''

അതെ ഞാൻ കേകയരാജാവായ അശ്വപതിയുടെ മകളാണ്. ഇവർ എന്റെ സഹോദരന്മാരും.

കേകയം ! കേട്ടിട്ടുണ്ട് . കോസലത്തിന്റെ സാമന്ത രാജ്യമല്ലേ. അവിടെ ഇത്രയും ധീരയായ ഒരു രാജകുമാരിയോ? രാജാവ് തുടർന്നു. ഞാൻ അയോധ്യാരാജാവായ ദശരഥൻ ആണ്.

കാട്ടുപൂച്ചയുടെ മുൻപിൽ പേടിച്ചു നിന്ന അയോധ്യാരാജാവിന്റെ ആ അവഹേളനം എനിക്കത്ര ഇഷ്ടപ്പെട്ടില്ല. അനുജന്മാരെയും കൂട്ടി ഞാൻ തിരിഞ്ഞു നടന്നു. അജയ്യമായ എന്റെ മനസ്സ് പിറുപിറുത്തു കൊണ്ടിരുന്നു.

"കോസലത്തിന്റെ സാമന്ത രാജ്യം."

എന്റെ അസാധാരണ പെരുമാറ്റം കണ്ട് അനുജന്മാരും അമ്പരന്നു.

"എന്തേ ജ്യേഷ്ഠത്തി?" അവർ ഒന്നിച്ചു ചോദിച്ചു.

ഞാൻ പല്ലു കടിച്ചുകൊണ്ട് പിറുപിറുത്തു.

''കോസലം ! സാമന്തൻ ! ''

ആ രണ്ടു വാക്കുകളേയും ചവച്ചരക്കാൻ തോന്നി.

ഞാനവരോടു കയർത്തു.

"നമ്മൾ ആരുടേയും കീഴിലല്ല. കണ്ടോ എന്റെ ഇടതു കയ്യിന്റെ ശക്തി."

കുട്ടികളും പേടിച്ചു പോയി. എന്തോ പന്തികേടുണ്ടെന്ന് തോന്നിയിരിക്കും. പിന്നീട് അവർ ഒന്നും ചോദിച്ചില്ല. ഒന്നും മിണ്ടാതെ എന്നെ അനുഗമിച്ചു.

"സാമന്തൻ ! സാമന്തൻ!" ഞാൻ മുറുമുറുത്തുകൊണ്ടേയിരുന്നു. മനസ്സിൽ രണ്ടു കരിങ്കൽ ക്കഷണങ്ങൾ. "കോസലം, സാമന്തൻ".

"രാജകുമാരി" രാജാവു വിളിച്ചെങ്കിലും ഞങ്ങൾ തിരിഞ്ഞു നോക്കാതെ നടന്നു.

*(തുടരും.)*

***

## അവതാരം – കലിയുഗത്തിൽ

കുത്തുകൾ മൂന്നു കിട്ടിയെന്നാകിലും
എത്തി കോവിദൻ
എന്നുടെ മേനിയിൽ
ബാങ്കിൽ നിന്നും വിതരണം ചെയ്തതാ
ശങ്ക വേണ്ട കരുതൽ മതി മതി
മൂന്നാം കുത്തിന്റെ മേന്മ കൊണ്ടാവാം
തോന്നുന്നില്ലെനിക്കേറെ കുഴപ്പം
തൊണ്ടയിൽ കിരുകിരുപ്പല്ലാതെ
കണ്ടിട്ടില്ലൊന്നും ഇത്രനേരംവരെ!
എത്ര കുത്തുകൾ ഏറ്റിട്ടുവേണമെൻ
ശിഷ്ടജീവിതം ശാന്തിതീരത്തെത്താൻ
കഷ്ടകാലത്തിനിത്ര കരുത്തോ?
കിട്ടില്ലാർക്കും ഒരാശ്വാസമെന്നോ!
ദുഷ്ടന്മാർ കേറി മേളിക്കുന്നേരം
ശിഷ്ടരേമാത്രം ശിക്ഷിപ്പതെന്തേ?
ദുഷ്ടനാശം വരുത്തുവാനായിട്ട്
പത്തവതാരമുണ്ടെന്നു കേൾപ്പൂ
എങ്കിലീയവതാരത്തിലിപ്പോൾ
ശങ്ക വേണ്ട, നശിപ്പൂ സുകൃതികൾ
കലികാലത്തിന്റെ ശക്തികൊണ്ടാവാം
കളികളിങ്ങനെ കീഴ്മേൽ മറിയാൻ

***

കഥ

# കാലാന്തരങ്ങൾ

അനുരാധ - 9447035067

"അപ്പൂപ്പൻ വേഗമൊന്നിറങ്ങിയാട്ടെ" കണ്ടക്ടർ ധൃതിവെച്ചു.

ശരിയാണ്, ബസ്സിനിനിയും എത്രയോ ദൂരം സഞ്ചരിക്കാനുള്ളതാണ്. എത്രയോ പേരെ എവിടെയൊക്കെ എത്തിക്കാനുണ്ട്. അതൊന്നും അറിയാഞ്ഞിട്ടല്ല, പക്ഷെ മനസ്സാഗ്രഹിക്കുന്നപോലെ ശരീരം ചലിക്കാതായിരിക്കുന്നു.

അച്ചുമാരാർ കഴിയുന്നതും വേഗം ബസ്സിന്റെ സ്റ്റെപ്പിറങ്ങി. പിന്നെ വഴിയോരത്തേക്ക് നീങ്ങി നിന്ന് നെറ്റിയിലെ വിയർപ്പ് തുടച്ചശേഷം മെല്ലെ മുന്നോട്ടു നടന്നു.

അല്പം നടന്നപ്പോഴേക്കും വല്ലാതെ കിതച്ചുപോയി. ശരീരം വിയർപ്പിൽ കുളിച്ചു. ദേഹമാകെ തളരുന്നപോലെ. ഒരു ചായകുടിച്ചിരുന്നെങ്കിൽ അല്പം ആശ്വാസം തോന്നുമായിരുന്നു. പക്ഷെ ക്ഷേത്രദർശനം നിർവ്വഹിക്കുന്നതിനുമുൻപ് സ്വന്തം ശരീരത്തെ പ്രീണിപ്പിക്കയോ? മനസ്സതിന് സമ്മതിക്കുന്നില്ല.

അമ്പലപ്പറമ്പിൽ എത്തിയപ്പോൾ ശ്രദ്ധിച്ചു. ഉത്സവം പ്രമാണിച്ച് കുറേ കടകളെത്തിയിട്ടുണ്ട്. കടകൾക്ക് മുന്നിൽ നല്ല തിരിക്ക്. കച്ചവടം ഉഷാറായി നടക്കുന്നുണ്ടാകണം, വിലപേശലുകളുടെ ശബ്ദഘോഷങ്ങൾക്കിടക്ക് കുഞ്ഞുങ്ങളുടെ കരച്ചിൽ. പീപ്പി ഘടിപ്പിച്ച ബലൂണുകൾ അതേറ്റു പാടുന്നു.

ദൂരെ നിന്നേ ക്ഷേത്രമുറ്റത്തെ ആൽമരവും സ്വർണ്ണക്കൊടിമരവുമൊക്കെ കാണാൻ കഴിയുമായിരുന്നല്ലോ. നെറ്റിയിൽ കൈചേർത്ത് പൊക്കുവെയിലിന്റെ കണ്ണിൽ കുത്തുന്ന പ്രകാശത്തെ മറച്ചുപിടിച്ചുകൊണ്ട് മാരാർ ആ മനോഹരദൃശ്യം കാണാൻ ശ്രമിച്ചു. അപ്പോഴാണ് ചുറ്റുപാടുകൾക്കുണ്ടായ മാറ്റത്തെക്കുറിച്ച ബോധവാനായത്. ക്ഷേത്രത്തിന് ചുറ്റും എത്ര ബഹുനിലക്കെട്ടിടങ്ങളാണ് തലയുയർത്തിനിൽക്കുന്നത്.അവ തിമിംഗലത്തിന്റെ വായിൽ ചെറുമീനിനെയെന്നപോലെ ക്ഷേത്രപരിസരത്തെയാകെ വിഴുങ്ങിക്കളഞ്ഞിരിക്കുന്നു.

ക്ഷേത്രകവാടത്തിനുമുന്നിലെ ഷെഡ്ഡിൽ കുറേ മാന്യന്മാർ, പുതിയ കമ്മിറ്റി അംഗങ്ങളായിരിക്കണം. അകത്തുനിന്ന് മേളം കേൾക്കാനുണ്ട്. കാഴ്ചശ്ശീവേലി ആരംഭിച്ചിരിക്കുന്നു. മാരാരുടെ കാലുകൾക്ക് വേഗത കൂടി.

പണ്ടൊക്കെ മൂന്നാനപ്പുറത്താണ് കാഴ്ചശ്ശീവേലി. ഇപ്പോഴിതാ ഏഴാനകളാണ് നിരന്നിരിക്കുന്നത്. ക്ഷേത്രത്തിലെ ഉത്സവപ്പിരിവ് കൂടിയതിന്റെ ഫലം. ചെണ്ടക്കരും മറ്റും പണ്ടത്തെക്കാളധികം. കൂടുതൽ പ്രൗഢിയോടെ ആനപ്പുറത്ത് എഴുന്നള്ളിയിരിക്കുന്ന ഭഗവാന്റെ തിടമ്പിലേക്ക് നോക്കി ഭക്തിപുരസരം കൈകൂപ്പിക്കൊണ്ട് മാരാർ തെല്ലുനേരം നിന്നു. കണ്ണുകളപ്പോൾ സജലങ്ങളായി.

എന്തെല്ലാം ഓർമ്മകൾ!

തിമിലയും തോളിൽതൂക്കി എത്രയോ കാലം ഉച്ചശ്ശീവേലിക്കും അത്താഴശ്ശീവേലിക്കും ഭഗവാന് അകമ്പടി സേവിച്ചിട്ടുള്ളതാണീ കാലുകൾ. അതൊക്കെയൊരു കാലം.

ജോലിയിൽ നിന്ന് വിരമിച്ചിട്ടിപ്പോൾ രണ്ട് വ്യാഴവട്ടം കഴിഞ്ഞിരിക്കുന്നു. മുൻപൊക്കെ ഇടക്കെങ്കിലും തൊഴാനെത്തുമായിരുന്നു. ഇപ്പോൾ അതും കഴിയാതായി. കുറേ നാളായി ആഗ്രഹിക്കുന്നതാണ് ഒരിക്കൽകൂടി ഭഗവാനെ തൊഴണമെന്ന്. ഇന്നാണത് സാധിച്ചത്. നാളെ വെളുപ്പിനേ

മടങ്ങിയെത്തുകയുള്ളൂ എന്ന് പറഞ്ഞിട്ടാണ് വീട്ടിൽ നിന്നിറങ്ങിയത്. ഒറ്റക്കുള്ള ഈ യാത്രയുടെ കാര്യത്തിൽ ഭാര്യക്കും മകനും ചെറിയൊരു സമ്മതക്കുറവുണ്ടായിരുന്നെങ്കിലും അവർ തടസ്സം നിന്നില്ലെന്നത് ആശ്വാസമായി.

എഴുന്നള്ളത്ത് സാവധാനത്തിലാണ് നീങ്ങുന്നത്. കാഴ്ചക്കാർ കൂടിവരുന്നുണ്ട്.

സന്ധ്യയായപ്പോൾ ക്ഷേത്രപരിസരമാകെ വിവിധവർണ്ണങ്ങളിലുള്ള ബൾബുകളുടെ പ്രകാശം പരന്നു. അതോടൊപ്പം ചുറ്റുവിളക്കുകളുടെ മഞ്ഞവെട്ടം കൂടിയായപ്പോൾ ക്ഷേത്രമുറ്റമാകെ തിളങ്ങിനിന്നു.

ക്ഷേത്രനടയും പന്തലുകളുമെല്ലാം ജമന്തിമാലകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നത് കാണാനും നല്ലഭംഗി.

അച്ചുമാരാർ പ്രദക്ഷിണവഴിയിലെ കാഴ്ചകൾ ആസ്വദിച്ചുകൊണ്ട് മുന്നോട്ടുനടന്നു. ഉപദൈവങ്ങളുടെ നടയിൽ തെല്ലുനേരം കൈകൂപ്പിതൊഴുതു. ചുറ്റുവിളക്കുകളിൽ, ദീപസ്തംഭങ്ങളിൽ, കരിങ്കൽതൂണുകളിലെ ദാരുശില്പങ്ങളിൽ എല്ലാം ആ കണ്ണുകൾ കൗതുകത്തോടെ പാറിനടന്നു, ക്ഷീണമെല്ലാം പമ്പകടന്നപോലെ ആകെ ഒരു പ്രസരിപ്പ് വീണുകിട്ടിയതുപോലെ.

കൗണ്ടറിൽചെന്ന് നിവേദ്യച്ചോറിനും കൂട്ടുപായസത്തിനുമുള്ള ചീട്ടെഴുതിച്ചു. നിവേദ്യപൂജ കഴിയുമ്പോൾ വന്ന് വാങ്ങിച്ചോളൂ കൗണ്ടറിൽ ഇരിക്കുന്ന ആൾ പറഞ്ഞു.

നല്ല വിശപ്പുണ്ട്. നിത്യം കഴിച്ചാലും മടുപ്പുതോന്നാത്ത നൈവേദ്യങ്ങളുടെ രുചി ഇപ്പോഴും നാവിലുണ്ട്. പൂജ കഴിയാൻ മാരാർ കാത്തിരുന്നു.

നട തുറന്നയുടനെ തിടപ്പള്ളിയിൽ നിന്നും പ്രസാദവും നിവേദ്യവും വാങ്ങി ക്ഷേത്രമുറ്റത്തെ തിരക്കുകുറഞ്ഞ ഒരു ഭാഗത്ത് ചെന്നിരുന്നു. പ്രസാദം നെറ്റിയിൽ തൊട്ടശേഷം പായസത്തിൽ നിന്നും ഒരു നുള്ളെടുത്ത് വായിലിട്ടു. അറിയാതെ മുഖം ചുളിഞ്ഞുപോയി, പൂത്ത് കേടായ അരിയുടെ ദുസ്വാദ് വായിൽ ഒട്ടിനിന്നു.

പന്തലിന്റെ മുളംതൂണിനടുത്തുനിന്നിരുന്ന അപരിചിതൻ ഒരു വരണ്ട ചിരിയോടെ ചോദിച്ചു. എന്താ എന്തുപറ്റി

ഈ നിവേദ്യത്തിന് വല്ലാത്തൊരു ദുസ്വാദ്

ഇപ്പൊ ഇങ്ങനെയൊക്കെയാ കാര്യങ്ങൾ. പരാതിപറഞ്ഞിട്ടൊന്നും ഒരു കാര്യോല്ല്യ. സർക്കാർ തരുന്നതുകൊണ്ടല്ലേ നിവേദ്യം ഉണ്ടാക്കാൻ പറ്റൂ. എന്നാ ദേവസ്വക്കാരുടെ ചോദ്യം.

"ഭഗവാനും പരീക്ഷണങ്ങളോ വല്ലാത്ത കഷ്ടം തന്നെ".

വിശപ്പുകൊണ്ട് തളർന്ന ശരീരവുമായി മാരാർ ആയാസത്തോടെ എഴുന്നേറ്റ് അടുത്തുള്ള ചായക്കടയിലേക്ക് നടന്നു.

തിരികെ ക്ഷേത്രമുറ്റത്തെത്തിയപ്പോൾ മൈക്കിലൂടെ ഹരികഥ തുടങ്ങാൻ പോകുന്നു എന്ന അറിയിപ്പ് കേട്ടു. പാർവ്വതീപരിണയമാണ് കഥ.

കഥ കേൾക്കാം. അതുകഴിഞ്ഞ് കുറച്ച് കഥകളിയും കണ്ട് അതിരാവിലെ വീട്ടിലേക്ക് മടങ്ങാം. അച്ചുമാരാർ ഉത്സാഹത്തോടെ സ്റ്റേജിനടുത്തേക്ക് നടന്നു. സ്റ്റേജിന് ഏതാണ്ട് മുന്നിൽ തന്നെയുള്ള കസേരയിലിരുന്നു. കഥാകാലക്ഷേപം കേൾക്കാൻ ധാരാളം ആളുകളെത്തിയിട്ടുണ്ട്.

പരിപാടി തുടങ്ങി., കഥാഖ്യാനം നടത്തുന്നത് ഒരു യുവതിയാണ്. അപ്പുമാരാർ താല്പര്യത്തോടെ കഥകേട്ടുതുടങ്ങിയപ്പോഴാണ് അമളി മനസ്സിലാകുന്നത്. അതൊരു പുരാണകഥയല്ല. ഇതിലെ കഥാനായിക കോളേജ് കുമാരിയാണ്. അവളുടെ പ്രണയമാണ് ഇതിവൃത്തം. ഹരികഥക്കാരി കഥാനായികയുടെ പ്രയണചാപല്യങ്ങളിലേക്ക് കടന്നിരിക്കുന്നു. യാതൊരു സങ്കോചവും കൂടാതെ ശൃംഗാരചേഷ്ടകളോടെ ആഭാസം കലർന്ന ഭാഷയിൽ വിവരിച്ച് ശ്രോതാക്കളെ ആവോളം രസിപ്പിക്കാനാണ് അവളുടെ ശ്രമം. കുറച്ചുകഴിഞ്ഞപ്പോൾ അവളാ കഥാപാത്രമായി അഭിനയിക്കാനും തുടങ്ങി.

അച്ചുമാരാരുടെ ക്ഷമ നശിച്ചു. ക്ഷേത്രസന്നിധിയിൽ ക്ഷേത്രസന്നിധിയിൽ നിന്നുകൊണ്ട്

*(ശേഷം പേജ് 37ൽ)*

# ശാസ്ത്രം ഗ്രീസിനെ ചുറ്റിപ്പറ്റി

**സി. രാമചന്ദ്രൻ - 9995820684**

യുക്തി ബോധത്തോടെ അറിവിനെ സമീപിച്ച ഒരു പ്രാചീന പൈതൃകം ഗ്രീസിനുള്ളതുപോലെ മറ്റാർക്കും അവകാശപ്പെടാനില്ല. സോക്രട്ടീസിന്റെ കാലമാകുമ്പോഴേയ്ക്കുമാണ് നിർഭാഗ്യകരമായി അവർ വെളിപാടുകളിലേക്ക് വഴുതിവീഴുന്നത്. എന്നാൽ പ്ലേറ്റോ, അരിസ്റ്റോട്ടിൽ പ്രഭൃതികളും കാലത്തിന്റെ അറിവുകൾക്കനുസരിച്ച് വിജ്ഞാനശേഖരത്തിലേയ്ക്ക് അകമഴിഞ്ഞ സംഭാവനകൾ നൽകി എന്നും കാണാതിരുന്നുകൂടാ. പ്രകൃതിയുടെ ക്രമപ്രകാരമുള്ള നിയമങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് പ്രാചീന യവനരെ വ്യത്യസ്തരാക്കുന്നത്. അളവിന്റെ പ്രാധാന്യവും അളക്കലിന്റെ ചിട്ടയും അവർക്കന്യമായിരുന്നില്ല. മാത്രമല്ല ഉള്ള അറിവുകളെ സാമാന്യവല്ക്കരിക്കുന്നതിനും, സിദ്ധാന്തവൽക്കരിക്കുന്നതിനും അവർ യുക്തിഭദ്രതയോടെ പരിശ്രമിച്ചു. ഗ്രീസിലെ കടലോരഗ്രാമങ്ങളിൽ ചിലത് തുറമുഖങ്ങളായി വികസിക്കുകയും ചരക്കുകൾക്കൊപ്പം അറിവുകളും കയറ്റിറക്കുമതി ചെയ്യുകയും ചെയ്തിരുന്നു. പുറമേ നിന്നു ലഭിക്കുന്ന അറിവുകളെ മറ്റു ചരക്കുകളെപ്പോലെ തന്നെ ശുദ്ധീകരിച്ചു സ്വായത്തമാക്കുന്ന സ്വഭാവവും അവർക്കുണ്ടായിരുന്നു. അതിനുള്ള പ്രധാന കാരണം അറിവ് മതങ്ങൾക്കകത്ത് പുരോഹിതന്മാരാലും മതപണ്ഡിതന്മാരാലും തളച്ചിടപ്പെട്ടിരുന്നില്ല എന്നതാണ്. അന്ധവിശ്വാസങ്ങളുടെ പുകമറകളെ അകറ്റിനിർത്തുവാൻ അവർ ശ്രമിച്ചിരുന്നു. ആത്മീയചിന്തകളെപ്പോലും പ്ലേറ്റോയും മറ്റും മതചിന്തകളിൽ നിന്നും പുരോഹിതരിൽ നിന്നും അകറ്റിനിർത്തി. എഴുത്തും, ലിപിയും, അക്ഷരമാലാക്രമങ്ങളുമെല്ലാം ലളിതവും ജനകീയവുമായിരുന്നുതാനും.

ഗ്രീസിലെ മിലെറ്റസ് നഗരത്തിൽ ക്രിസ്തുവിനുമുമ്പ് 7-6 നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഥെയിൽസ് ആയിരുന്നു അറിയപ്പെടുന്ന ആദ്യ ശാസ്ത്രജ്ഞൻ. പല രാജ്യങ്ങൾ സഞ്ചരിച്ചാണ് അദ്ദേഹം വിജ്ഞാനസമ്പാദനം നടത്തിയത്. ഈജിപ്തിൽ നിന്ന് ഗണിതത്തിലും, മെസപ്പെട്ടോമിയയിൽ നിന്ന് ജ്യോതിശാസ്ത്രത്തിലും അവഗാഹമുണ്ടാക്കി. ശാസ്ത്രത്തിൽ മാത്രമല്ല രാഷ്ട്രമീമാംസ, രാജ്യതന്ത്രജ്ഞത, തത്ത്വജ്ഞാനം, സാങ്കേതിക വിദ്യ, വ്യവസായം എന്നീ രംഗങ്ങളിലും അദ്ദേഹം അന്നത്തെ നിലയ്ക്ക് നിഷ്ണാതനായിരുന്നു. ഭൗതികവ്യാഖ്യാനങ്ങളിലൂടെ പ്രകൃതിയെ വിശദീകരിക്കുവാനായി അദ്ദേഹം ഇതിഹാസപുരാണങ്ങൾ മറിച്ചു നോക്കുകയല്ല ചെയ്തത്. ഇന്ദ്രിയാനുഭൂതിപരമായ ആത്മനിഷ്ഠഭാവങ്ങൾക്കതീതമായ ഒരു പ്രകൃതിയേയും പ്രപഞ്ചത്തേയും അദ്ദേഹം വിഭാവനം ചെയ്തു.

വൈദ്യ പാരമ്പര്യത്തിൽ ഭാരതത്തിലെന്നപോലെ ഒരു ത്രിമൂർത്തി പാരമ്പര്യം ഗ്രീസിലും ദർശിക്കാം. എസ്കലപി യൂസ്, പൈത്തഗോറസ്, ഹിപ്പോക്രാറ്റിസ് എന്നിവരാണവർ. താന്ത്രികവും സൈദ്ധാന്തികവും പ്രായോഗികവുമായ രീതികളുടെ പ്രയോക്താക്കളായിരുന്നു അവർ. ചതുർദോഷങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ രോഗാതുരതയെ കണ്ടത് - ഭാരതത്തിൽ ത്രിദോഷവും, ചൈനയിൽ പഞ്ചദോഷവുമെന്നപോലെ. വൈദ്യവിദ്യാർത്ഥികൾ ചികിത്സാ രംഗത്തേയ്ക്കിറങ്ങും മുമ്പ് കൈക്കൊള്ളേണ്ടതായ ഒരു പ്രതിജ്ഞ ഹിപ്പോക്രാറ്റിസ് രൂപപ്പെടുത്തി. ഇന്നും ലോകമാകെ അത് ആദരിക്കപ്പെടുന്നു; ഉരുവിടുന്നു.

ഗ്രീക്കു ഭൗതികചിന്തയെ സമ്പുഷ്ടമാക്കിയ അവസാനത്തെ ആചാര്യനാണ് അനക്സഗോറസ്. ആകാശഗോളങ്ങൾ ദേവതകളല്ലെന്നും അവ ഭൂമിയെപ്പോലുള്ള ഭൗതികവസ്തുവാണെന്നും അദ്ദേഹം പറഞ്ഞു. ചന്ദ്രനു പ്രകാശമില്ലെന്നും സൂര്യപ്രകാശത്തെ പ്രതിഫലിപ്പിക്കുകയാണെന്നും അദ്ദേഹം ശരിയായി വിലയിരുത്തി. ചന്ദ്രഗ്രഹണവും സൂര്യഗ്രഹണവും നിഴലുകളു

ടെ കളിയാണെന്ന അന്നത്തെ അദ്ദേഹത്തിന്റെ വിശദീകരണം ഇന്നുനമ്മെ അത്ഭുതപ്പെടുത്തും. മറ്റു പ്രപഞ്ചങ്ങളും അവിടെ എവിടെയെങ്കിലും ഗ്രഹങ്ങളും ബുദ്ധിയുള്ള ജീവികളും കണ്ടേക്കാമെന്നും അദ്ദേഹം പറഞ്ഞു. കാലത്തിനുമുമ്പേ നടന്ന ആരെയുമെന്നപോലെ അദ്ദേഹവും വേട്ടയാടപ്പെട്ടു. പരമ്പരാഗത ദൈവങ്ങളെ അപ്രസക്തമാക്കുന്ന അഭിപ്രായങ്ങൾ ജനങ്ങളെ പ്രകോപിപ്പിച്ചു. ജീവനപകടത്തിലായ അദ്ദേഹം അയോണിയയിലേയ്ക്കു പാലായനം ചെയ്തു.

ഗ്രീക്കു ചിന്തയെ ഭൗതികതയിൽ നിന്ന് ആത്മീയതയിലേയ്ക്കു വഴിതിരിച്ചുവിട്ട മറ്റൊരു ചിന്താ പരമ്പരയാണ് സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയവയുടേത്. എങ്കിലും സോക്രട്ടീസ് വധശിക്ഷയ്ക്കു വിധിക്ക പ്പെടുകയും പരാതിയില്ലാതെ വഴങ്ങി വിഷം കഴിക്കുകയും ചെയ്തത് പരമ്പരാഗത ദൈവങ്ങളെ അംഗീകരിക്കാതിരുന്നതുകൊണ്ടാണ്. അദ്ദേഹത്തിന്റെ ശിഷ്യനായ പ്ലേറ്റോ ആണ് 'ഗണിതമറിയാത്തവർക്ക് പ്രവേശനമില്ല' എന്ന് കവാടത്തിൽ എഴുതിവച്ചുകൊണ്ട് 'അക്കാദമി' എന്ന വിശ്വവിദ്യാലയം ഗ്രീസിൽ സ്ഥാപിച്ചത്. അത് വളരെക്കാലം പെരുമയോടെ നിലനിന്നു. പ്ലേറ്റോയിൽ നിന്നു പലതും നമ്മുടെ ശങ്കരാചാര്യർക്കും പഠിക്കാനുണ്ടായിരുന്നു.്.

ഗുരുവിന്റെ വിദ്യാലയത്തിനു സമാന്തരമായി പുതിയ ചിന്തകളുമായി 'ലൈസിയം' എന്ന സ്കൂൾ സ്ഥാപിക്കുകയാണ് അരിസ്റ്റോട്ടിൽ ചെയ്തത്. അക്കാദമിയിൽ നിന്നുടക്കിയപ്പോൾ ഫിലിപ്പ്‌രാജാവിന്റെ മകന്റെ ട്യൂട്ടറായി നിയമിതനായി. ആ വിദ്യാർത്ഥിയാണ് മഹാനായ അലക്സാണ്ടറായി ലോകം കീഴടക്കുവാൻ തുനിഞ്ഞത്. പനി വന്നു ചെറുപ്പത്തിൽത്തന്നെ മരിച്ചില്ലായിരുന്നുവെങ്കിൽ ലോകചരിത്രം മറ്റൊന്നായേനെ. ഗ്രീക്കുദേവതകളെ വേണ്ടത്രവിശ്വസിക്കുകയും മാനിക്കുകയും ചെയ്യുന്നില്ല എന്ന ആരോപണമുയർന്നപ്പോൾ, സോക്രട്ടീസിന്റെ ഗതി തനിക്കുമുണ്ടാകേണ്ട എന്ന ചിന്തയിലാകാം അരിസ്റ്റോട്ടിൽ ആഥൻസിൽ നിന്നു രക്ഷപ്പെട്ടു.

വെളിപാടുകൾക്ക് അരിസ്റ്റോട്ടിൽ മുൻഗണന നൽകി എന്നത്, വസ്തുനിഷ്ഠ ചിന്തകളുടെ വളർച്ചയ്ക്കു വിനയായി. കനം കൂടിയ വസ്തുക്കൾ കൂടുതൽ വേഗതയിൽ മുകളിൽ നിന്നു വീഴും, സ്ത്രീകൾക്ക് ഇരുപത്തി എട്ടു പല്ലുകളേയുള്ളൂ, പ്രപഞ്ചഗോളങ്ങളുടെ ചലനം ഭൂമിയ്ക്കു ചുറ്റും വൃത്താകൃതിയിലാണ്, ഓരോ ഗ്രഹവും ചലിക്കുന്നത് അതിനപ്പുറമുള്ള ഗ്രഹത്തിന്റെ ബലത്തിലാണ്, നക്ഷത്രമടക്കമുള്ള ബ്രഹ്മാണ്ഡത്തിന്റെ ചാലകശക്തി അതിനുമപ്പുറത്ത് അചഞ്ചലമായി നിലനിൽക്കുന്നു എന്നും മറ്റുമുള്ള അരിസ്റ്റോട്ടലിന്റെ നിഗമനങ്ങൾ തെളിവിന്റെ ബലത്തിലല്ല, ഊഹത്തെ അടിസ്ഥാനപ്പെടുത്തിയാണ്. അരിസ്റ്റോട്ടലിന്റെ സിദ്ധാന്തങ്ങൾ ഏതാണ്ട് രണ്ടായിരത്തോളം വർഷങ്ങൾ ആധികാരികമായി നിലനിന്നു. ആര്യഭടനെപ്പോലെ ചിലർ അതിനു വിരുദ്ധമായി ചിന്തിച്ചെങ്കിലും പൊതുബോധം അതിനനുകൂലമായിത്തന്നെ നിലനിന്നു. ക്രൈസ്തവസഭ അരിസ്റ്റോട്ടലിനെ പൊതുവേ അംഗീകരിച്ചു എന്നതും അതിന്റെ ബലമായിരുന്നു. മതനവീകരണത്തോടൊപ്പം തന്നെയാണ് അരിസ്റ്റോട്ടലിയൻ ചിന്തകളും പുനരാവിഷ്കരിക്കപ്പെട്ടത്.

അന്നത്തെ അറിവിന്റെ സമസ്തമേഖലകളേയും സമന്വയിപ്പിച്ച ഒരു മഹാചിന്തകനും തത്വജ്ഞാനിയുമായിരുന്നു അരിസ്റ്റോട്ടിൽ. അറിവിന്റെ ഒരു ശാഖയും അദ്ദേഹത്തിനന്യമായിരുന്നില്ല. ജൈവലോകത്തെ വർഗ്ഗീകരിക്കുവാൻ അദ്ദേഹം സ്വീകരിച്ചരീതി അന്നത്തെ നിലയ്ക്ക് അതീവ യുക്തിസഹമായിരുന്നു. ആത്മീയ ചിന്തകളെ താലോലിച്ചിരുന്നുവെങ്കിൽക്കൂടി മരണാനന്തര ജീവിതചിന്തകളിൽ അഭിരമിച്ചതുമില്ല.

ആകാശ ഗോളങ്ങളെ നിരീക്ഷിക്കുന്നത് ടൈംവേസ്റ്റാണെന്ന് സോക്രട്ടീസ് പറഞ്ഞെങ്കിലും ശിഷ്യന്മാർ അത് അത്ര ഗൗനിച്ചില്ലെന്നു മാത്രമല്ല ആകാശത്തെ നന്നായി ഗൗനിക്കുകയും ചെയ്തു. പക്ഷെ അറിവിന്റെ അന്നത്തെ നിർമ്മാണരീതി അന്വേഷണങ്ങളുടെ മുനയൊടിക്കുന്നതായിരുന്നു. മാത്രമല്ല അത് ആത്മീയതയിലൂന്നുന്നതും കായികാദ്ധ്വാനത്തെ എന്നപോലെ സാങ്കേതികതയെ വിവേചനപരമായി വീക്ഷിക്കുന്നതുമായിരുന്നു. എന്നിരുന്നാൽ തന്നെയുദ്ധോപകരണങ്ങളെയുംനാവികസാങ്കേതികതകളേയും ഉപേക്ഷിക്കുവാൻ ഗ്രീക്കുകാർക്ക് സാധിക്കുമായിരുന്നില്ല. ആത്മീയത പറയുന്നവരിലാണല്ലോ ഭൗതികത, തീവ്രമായി പ്രവർത്തിക്കുന്നത്; ഇന്നും അതങ്ങിനെയാണല്ലോ. അരിസ്റ്റോട്ടലിനുശേഷം ഗ്രീസിന്റെ ബൗദ്ധിക ജീവിതത്തിന്റെ അപചയകാലമായിരുന്നു.

***

# പ്രമേഹം

ഡോ. പാർവ്വതി. കെ.എസ്.

മനുഷ്യന്റെ ആരോഗ്യം തകർക്കുന്ന ജീവിതശൈലിരോഗങ്ങളിൽ മുൻപന്തിയിലാണ് പ്രമേഹത്തിന്റെ സ്ഥാനം. പ്രമേഹം ശരീരത്തിലെ പ്രധാന അവയവങ്ങളുടെയെല്ലാം പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും എന്നതാണ് വെല്ലുവിളി. തുടക്കത്തിൽ തന്നെ രോഗം കണ്ടെത്തി ചികിത്സ നേടുന്നതിനോടൊപ്പം രോഗത്തെക്കുറിച്ച് നേരത്തെ മനസ്സിലാക്കുന്നതും നല്ലതാണ്.

### ടൈപ്പ് 1 പ്രമേഹം

പാൻക്രിയാസിലെ ഇൻസുലിൻ ഉത്പാദിപ്പിക്കുന്ന ബീറ്റാകോശങ്ങൾ പൂർണ്ണമായി നശിച്ചു പോകുകയും തൻമൂലം ഇൻസുലിന്റെ ഉത്പാദനം തീർത്തും ഇല്ലാതാകുകയും ചെയ്യുന്ന അവസ്ഥയാണ് ടൈപ്പ് 1 പ്രമേഹം. ചെറിയ പ്രായത്തിലുള്ളവരിലാണ് ടൈപ്പ് 1 പ്രമേഹം പൊതുവേ കാണുന്നത്.

### ടൈപ്പ് 2 പ്രമേഹം

ഇൻസുലിൻ ആവശ്യമായ അളവിൽ ഉത്പാദിപ്പിക്കാതിരിക്കുകയോ ഇൻസുലിന് വേണ്ടത്ര പ്രവർത്തനശേഷി ഇല്ലാതിരിക്കുകയോ ചെയ്യുന്ന അവസ്ഥയാണ് ടൈപ്പ് 2 പ്രമേഹം. തെറ്റായ ജീവിതശൈലികൾ, പാരമ്പര്യം, പ്രായം, അമിതവണ്ണം തുടങ്ങിയ ഘടകങ്ങൾ ടൈപ്പ് 2 പ്രമേഹത്തിന് കാരണമായി വിലയിരുത്തുന്നു. ജീവിതശൈലി രോഗമായാണ് ഇതിനെ കണക്കാക്കുന്നത്.

### ഗർഭകാല പ്രമേഹം

ഗർഭകാലത്ത് പുതുതായി കാണപ്പെടുന്ന പ്രമേഹാവസ്ഥയാണ് ഗർഭകാല പ്രമേഹം. പ്രസവം കഴിയുന്നതോടെ മിക്കവരിലും ഇത് സാധാരണ ഗതിയിലാകും.

### ഇൻസുലിൻ

പാൻക്രിയാസ് (ആഗ്നേയ ഗ്രന്ഥി) ഉത്പാദിക്കുന്ന ഹോർമോണാണ് ഇൻസുലിൻ. പാൻക്രിയാസിലുടനീളം ചെറുദ്വീപുകൾ പോലെ കാണപ്പെടുന്ന ഐലറ്റ്സ് ഓഫ് ലാംഗർഹാൻസിലെ ബീറ്റാകോശങ്ങളാണ് ഇൻസുലിൻ ഉത്പാദിപ്പിക്കുന്നത്. ഇതാണ് രക്തത്തിലെ ഗ്ലൂക്കോസ് നിലയെ കൃത്യമായി നിലനിർത്താൻ സഹായിക്കുന്നത്.

### ഇൻസുലിൻ ഇല്ലാതാകുമ്പോൾ

ഇൻസുലിൻ ഹോർമോൺ ഇല്ലാതാവുന്നതോ അളവ് കുറയുന്നതോ പ്രവർത്തനശേഷി കുറയുന്നതോ കൊണ്ട് രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് കൂടും. ഈ അവസ്ഥയാണ് പ്രമേഹം.

### ഇൻസുലിൻ പ്രതിരോധം

കോശങ്ങൾക്ക് ഇൻസുലിനെ ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇൻസുലിൻ പ്രതിരോധം. ഇത് മറികടക്കാൻ വേണ്ടി ആദ്യമൊക്കെ പാൻക്രിയാസ് കൂടുതൽ ഇൻസുലിൻ ഉത്പാദിപ്പിക്കും. എന്നാൽ കാലം കഴിയുന്തോറും ഇതിന് സാധിക്കാതെ വരും.

### ഗ്ലൂക്കോസ് ടേക്സിസിറ്റി

രക്തത്തിലെ ഉയർന്ന ഗ്ലൂക്കോസ് നില പാൻക്രിയാസിലെ ഇൻസുലിൻ ഉത്പാദിപ്പിക്കുന്ന ബീറ്റാ കോശങ്ങളെത്തന്നെ കേടു വരുത്തുന്ന അവസ്ഥയാണ് ഗ്ലൂക്കോസ് ടോക്സിസിറ്റി.

### ഗ്ലൂക്കോസ് നിയന്ത്രണം

ശരീരം രക്തത്തിലെ ഗ്ലൂക്കോസ് നിയന്ത്രിക്കുന്നതെങ്ങനെയാണ് എന്നത് അറിയാ

മെങ്കിലും സാധാരണക്കാരായ നമുക്ക് പല തരത്തിലുള്ള സംശയം ഉണ്ടാകാം. ഷുഗർ കൂടുമ്പോഴും കുറയുമ്പോഴും രക്തത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ നമുക്ക് വളരെ എളുപ്പത്തിൽ മനസ്സിലാക്കാം.

**ഷുഗർ കൂടുമ്പോൾ**

- ആഹാരത്തിലടങ്ങിയ അന്നജം (CARBOHYDRATE) ദഹനശേഷം ഗ്ലൂക്കോസ്സായി മാറും. അന്നജം അധികം കഴിച്ചാൽ രക്തത്തിൽ പഞ്ചസാരയുടെ അളവ് കൂടും.

↓

- രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂടുന്നതനുസരിച്ച് പാൻക്രിയാസ് ഇൻസുലിൻ എന്ന ഹോർമോൺ ഉത്പാദിപ്പിക്കും.

↓

- രക്തത്തിലെ അധിക ഗ്ലൂക്കോസ് കോശങ്ങൾക്കുള്ളിലേക്ക് പ്രവേശിക്കും. ഗ്ലൂക്കോസിന് കോശങ്ങളിലേക്ക് കടക്കാൻ ഇൻസുലിന്റെ സഹായം വേണം.

↓

- ഇൻസുലിന്റെ സഹായത്തോടെ ഗ്ലൂക്കോസിനെ കോശങ്ങൾ ആഗിരണം ചെയ്യുന്നതോടെ രക്തത്തിലെ ഗ്ലൂക്കോസ് സാധാരണ നിലയിലാകുന്നു.

**ഷുഗർ കുറയുമ്പോൾ**

- ചില സമയങ്ങളിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് വേണ്ടതിലും താഴെയാകും.

↓

- രക്തത്തിൽ പഞ്ചസാര കുറയുമ്പോൾ പാൻക്രിയാസ് ഗ്ലൂക്കഗോൺ എന്ന മറ്റൊരു ഹോർമോൺ ഉത്പാദിപ്പിക്കും.

↓

- ഗ്ലൂക്കഗോൺ കരളിൽ സൂക്ഷിച്ചിട്ടുള്ള ഗ്ലൈക്കജനെ ഗ്ലൂക്കോസാക്കി മാറ്റി രക്തത്തിലേക്ക് തുറന്നു വിടും.

↓

- രക്തത്തിൽ പഞ്ചസാരയുടെ അളവ് ഉയർന്ന് സാധാരണമാകും.

**രോഗലക്ഷണങ്ങൾ**

- അമിതമായ ദാഹവും പരവേശവും
- അസാധാരണമായ വിശപ്പ്
- കൂടെ കൂടെ മൂത്രമൊഴിക്കാൻ തോന്നുക
- ക്ഷീണവും തളർച്ചയും
- അസാധാരണമായ വിശപ്പ്
- പെട്ടെന്നുണ്ടാകുന്ന ഭാരക്കുറവ്
- മുറിവുകൾ ഉണങ്ങാൻ ബുദ്ധിമുട്ട്

**പരിശോധനകൾ**

- ആർ.ബി.എസ്. ടെസ്റ്റ്

  എപ്പോൾ വേണമെങ്കിലും നടത്താവുന്ന പരിശോധന. ഭക്ഷണം കഴിച്ചും കഴിക്കാതെയും നോക്കാം.
- HbAIC -3 മാസത്തെ ബ്ലഡ് ഷുഗർ ലെവലിന്റെ ശരാശരി കണക്കാക്കുന്നു.
- എഫ്.ബി.എസ്. ടെസ്റ്റ് (FASTING BLOOD SUGAR TEST) ഭക്ഷണം കഴിക്കാതെ രക്തത്തിലെ പഞ്ചസാരയുടെ അളവ് പരിശോധിക്കുന്നു.

**പി.പി.ബി.എസ്. ടെസ്റ്റ് (POST PRANDIAL BLOOD SUGAR TEST)**

ഭക്ഷണം കഴിച്ചതിന് ഒന്നര മണിക്കൂറിന് ശേഷമുള്ള പരിശോധന.

****

പഞ്ചഭൂതാത്മകം ദേഹമേറ്റം ജഡം
സഞ്ചിതംത്വങ്മാംസരക്താസ്ഥികൊണ്ടെടോ
നിശ്ശേഷ്ടകാഷ്ഠം തുല്യം ദേഹമോർക്ക നീ
നിശ്ചയമാത്മാവു ജീവൻ നിരാമയൻ
ഇല്ല ജനനം മരണവുമില്ല കേ.
ളല്ലലുണ്ടാകായ്കതുനിനച്ചേതുമേ
നിൽക്കയുമില്ല നടക്കയുമില്ല കേൾ
ദുഃഖവിഷയവുമല്ലതു കേവലം
സ്ത്രീപുരുഷക്ലീബഭേദങ്ങളുമില്ല
താപശീതാദിയുമില്ലെന്നറിക നീ

# സ്വയം ഭരണ സർവ്വകലാശാലകൾ രാഷ്ട്രീയ അതിപ്രസരത്തിന് ഇരയാകുമ്പോൾ....

ഡോ. പത്മനാഭൻ - ഫോൺ - 9072015115

ലോകമെമ്പാടുമുള്ള സർവ്വകാലശാലകൾ സ്വയംഭരണാധികാരമുള്ള, (autonomous) ഉന്നത ശ്രേണിയിലുള്ള ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത്. ഉന്നത നിലവാരം പുലർത്തുന്ന ഗവേഷണ യൂണിറ്റുകളും, അത്യാധുനിക ഗവേഷണ ലബോറട്ടറികളും, പ്രസിദ്ധീകരണങ്ങളും പ്രബന്ധങ്ങളും ജേർണലുകളും, വിജ്ഞാനത്തിന്റെ സിരാകേന്ദ്രങ്ങളായ റഫറൻസ് ലൈബ്രറികളും കോൺഫറൻസ് വേദികളും സാറ്റലൈറ്റ് ലിങ്കിങ്ങു വഴിയുള്ള കമ്മ്യൂണിക്കേഷൻ സാധ്യമാകുന്ന high-speed network സംവിധാനങ്ങളും അതോടൊപ്പം ഗവേഷകർക്ക് അനുയോജ്യമായ മുതലായ സൗകര്യങ്ങളുമെല്ലാമുൾപ്പെടുന്ന അത്യുന്നത വിജ്ഞാനകേന്ദ്രങ്ങളാണ് ആധുനിക ലോകത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവ്വോപരി സർവ്വകലാശാലകളും. 24 hour ലൈബ്രറികൾ സർവ്വകലാശാലകളിൽ സർവ്വസാധാരണമാണ്. ഇത്തരം ഗവേഷണകേന്ദ്രങ്ങളാണ് ഒരു രാജ്യത്തിന്റെ ശാസ്ത്രസാങ്കേതിക വളർച്ചയ്ക്ക് നെടുംതൂണായി പ്രവർത്തിക്കുന്നത്. അത്തരത്തിലുള്ള ഒരു സർവ്വകലാശാലയിൽ വിദേശത്ത് ഡെപ്യൂട്ടിഡീനും ആക്ടിംങ് ഡീനുമായി പ്രവർത്തിക്കാൻ ഈ ലേഖകന് അവസരം ലഭിച്ചത് മഹാഭാഗ്യമായി കരുതുന്നു.

ഒരു സർവ്വകലാശാലയുടെ സ്വയംഭരണ ചട്ടക്കൂട് ബാഹ്യ ഇടപെടലുകളെ അകറ്റി നിർത്തി പഠനവും ഗവേഷണവും സുഗമമായി മുന്നോട്ടു കൊണ്ടുപോകുവാൻ വേണ്ടിയാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന സർക്കാരിൽ നിന്നോ അതല്ലെങ്കിൽ കേന്ദ്ര സർക്കാരിൽ നിന്നോ നേരിട്ടു ലഭിക്കുന്ന സബ്സിഡി ഗ്രാന്റുപയോഗിച്ച് ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും പെൻഷൻ വിഹിതവും നിത്യേന ആവശ്യമായ വിവിധ ചിലവുകളും സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധ്യമായ സംവിധാനങ്ങളാണ് ലോകമെമ്പാടുമുള്ള സർവ്വകലാശാലകളിൽ നമുക്കു കാണാൻ കഴിയുന്നത്.

വിദ്യാഭ്യാസ ചട്ടക്കൂട് പരിശോധിച്ചാൽ സർവ്വകലാശാലകൾ ഭൂരിഭാഗവും പോസ്റ്റുഗ്രാജ്വേറ്റ് (Masters & Doctroal) വിദ്യാഭ്യാസമാണ്. വിദ്യാർത്ഥികൾക്ക് നൽകുന്നത്. അതായത് M.A., M.Sc., M.Phil, Ph.D, D.Sc., D.Tech മുതലായ ബിരുദാനന്തര ബിരുദങ്ങൾ. ഈ ബിരുദങ്ങൾ നേടണമെങ്കിൽ കഠിനാധ്വാനത്തിലൂടെ ഗവേഷണം നടത്തി പ്രബന്ധങ്ങൾ വിലമതിക്കുന്ന ജേർണലുകളിൽ പ്രസിദ്ധീകരിക്കണം. സ്വന്തമായി ചുരുങ്ങിയത് നാലു ഗവേഷണ പ്രബന്ധങ്ങളെങ്കിലും വിലമതിക്കുന്ന ഗവേഷണ ജേർണലുകളിൽ പ്രസിദ്ധീകരിക്കാൻ സാധിക്കണം. അതിനു ചുരുങ്ങിയത് 2 വർഷം മുതൽ 5 വർഷം വരെ അനുവദനീയമായ സമയ പരിധിയിൽ ചെയ്തു തീർത്തിരിക്കണം. എങ്കിൽ മാത്രമേ ബിരുദം ലഭിക്കാൻ അർഹത ലഭിക്കുകയുള്ളൂ.

5 വർഷം കഴിഞ്ഞിട്ടും ജേർണലുകളിൽ പ്രസിദ്ധീകരിക്കാൻ സാധിക്കാതെ പോയാൽ ചിലവേറിയ ബിരുദത്തിന് വീണ്ടും റജിസ്റ്ററുചെയ്ത് ആവർത്തിക്കേണ്ടി വരും. വിദ്യാർത്ഥിയുടെ ഗവേഷണ പ്രസിദ്ധീകരണങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്ന് സർവ്വകലാശാലയ്ക്ക് ഗ്രാന്റായി മികച്ച തുക ലഭിക്കും. ദേശീയതലത്തിലും അന്തർദേശീയതലത്തിലും പേരെടുത്ത ജേർണലിൽ ഗവേഷണ പ്രസിദ്ധീകരണം ലഭിച്ചാൽ അത്തരം പ്രബന്ധങ്ങൾക്ക് 1 ലക്ഷം രൂപ സർക്കാരിൽ നിന്ന് സ്ഥാപനത്തിന് (സർവ്വകലാശാലക്ക്) നേരിട്ട് ലഭിക്കും. സർക്കാരിൽ നിന്നുള്ള സാധാരണ ഗ്രാന്റിനു പുറമേ, ഗവേഷണ പ്രസിദ്ധീകരണങ്ങളിൽ കൂടി സർവ്വകലാശാലകൾക്ക് ധനാഗമമാർഗ്ഗ

മായി ഗവേഷണപ്രബന്ധങ്ങൾ ഉപകരിക്കുന്നു. കൂടുതൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരണത്തിന് തിരഞ്ഞെടുക്കപ്പെട്ടാൽ സർവ്വകലാശാല കൂടുതൽ ധനപരമായി സമ്പന്നമായി തീരുന്നു. Mayo Nature, Scientific American, John Hopkins, Times Higher Education എന്നിങ്ങനെയുള്ള ഏറ്റവും വിലമതിക്കപ്പെട്ടിട്ടുള്ള അന്താരാഷ്ട്ര ഗവേഷണ ജേർണലുകളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു കിട്ടിയാൽ ഗവേഷകന്റെ പേരിൽ സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന ഗ്രാന്റ് 1 ലക്ഷം രൂപയേക്കാൾ ഉയർന്ന തുകയായിരിക്കും. ഇൻഡ്യയിൽ പ്രസിദ്ധീകരിക്കുന്ന ജേർണലുകളിലെ ഗവേഷണ പ്രസിദ്ധീകരണത്തിന് അന്താരാഷ്ട്ര ജേർണലുകളിലെ പ്രസിദ്ധീകരണത്തേക്കാൾ കുറഞ്ഞ തുക മാത്രമേ ഗ്രാന്റായി സർക്കാരിൽ നിന്നു ലഭിക്കുകയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങൾക്ക് എപ്പോഴും മൂല്യം കൂടുതലാണ്, കാരണം ഗവേഷകന്റെ പ്രസിദ്ധീകരണങ്ങളിൽ കൂടി സ്വന്തം രാജ്യത്തിന്റെ യശസ്സ് അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടാൻ ഇടവരുന്നു, അത് രാജ്യത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നു. കൂടാതെ സർവ്വകലാശാലകളിലെ അദ്ധ്യാപകർക്കും ഗവേഷകർക്കും വിവിധ വിഷയങ്ങളിലെ ആധികാരിക വിഞ്ജാനമുപയോഗിച്ച് Text Bookകൾ എഴുതി സർവ്വകലാശാലകളിലെയും കോളേജുകളിലേയും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉപയോഗപ്രദമാകുന്ന പഠന പുസ്തകങ്ങൾ, ഗവേഷണപുസ്തകങ്ങൾ എന്നിവ സൃഷ്ടിച്ച് സർവ്വകലാശാലകളുടെ യശസ്സ് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും. അത്തരം പുസ്തകങ്ങൾ prescribed text books ആക്കി അംഗീകാരം നേടാനും അതുവഴി ധാരാളം കോപ്പികൾ വിറ്റഴിച്ച് വിജ്ഞാനവും വരുമാനവും ഒപ്പത്തിനൊപ്പം ഉയർത്തിയെടുക്കാൻ സാധിക്കും. ചുരുക്കിപ്പറഞ്ഞാൽ സർവ്വകലാശാലകളെ സമ്പന്നമാക്കാൻ സർക്കാരിന്റെ നിശ്ചിത ഗ്രാന്റിനു പുറമേ, മേൽപ്പറഞ്ഞ അധികവരുമാനങ്ങൾ, വഴി നാടിനും നാട്ടാർക്കും സർവ്വോപരി സർവ്വകലാശാലകൾക്കും ഉന്നത വളർച്ചയ്ക്ക് വഴിയൊരുക്കും.

സർക്കാരിന്റെ ഗ്രാന്റിനെ മാത്രം ആശ്രയിച്ച് കഴിയുന്ന സർവ്വകലാശാലകൾ അടച്ചുപൂട്ടലിലേക്ക് വഴിയൊരുക്കും. ചിട്ടയോടുകൂടി പ്രവർത്തിക്കുന്ന പേരെടുത്ത് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാൻ വിദ്യാർത്ഥികളും അദ്ധ്യാപകരും ഗവേഷകരും ക്യൂനിൽക്കും. അല്ലാത്ത പക്ഷം അത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടലിന്റെ ഭീഷണിയിലായിരിക്കും എപ്പോഴും. അനാവശ്യരാഷ്ട്രീയ സമരങ്ങൾ മൂലം സിലബസ്സ് പഠിപ്പിച്ചു തീർക്കാൻ പറ്റാതെ അഴിമതിയിൽക്കൂടി അദ്ധ്യയന വർഷം തല്ലിക്കൂട്ടി അവസാനിപ്പിച്ച് സർക്കാരിന്റെ ഖജനാവിന് നഷ്ടവും വിദ്യാർത്ഥികളുടെ ഭാവിയും നശിപ്പിച്ച് സ്പന്ദിക്കുന്ന അസ്ഥിമാടങ്ങളായി നിലകൊള്ളുന്ന ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ രാജ്യത്തിന്റെ യശസ്സിന് കളങ്കം ചാർത്തിക്കൊണ്ടേയിരിക്കുന്നു.

അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന ഉന്നത വിദ്യാഭ്യാസസ്ഥാപനമാക്കി കേരളത്തിലെ സർവ്വകലാശാലകളെ മാറ്റിയെടുക്കാൻ എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കണമെന്നു ഒന്നു പരിശോധിക്കാം.

1. രാഷ്ട്രീയ ഇടപെടലുകൾ ഇല്ലാത്ത സ്വയംഭരണ സംവിധാനം

വിദ്യാർത്ഥികൾ രാഷ്ട്രീയ അഭ്യാസം പ്രകടിപ്പിക്കുന്നതിനു പകരം അദ്ധ്യയനദിവസങ്ങൾ നഷ്ടപ്പെടുത്തുന്ന ഒരു പ്രവർത്തിയിലും ഏർപ്പെടാതെ ലബോറട്ടറികളും ക്ലാസ്സ്മുറികളും അദ്ധ്യയനത്തിനുവേണ്ടി ഉപയോഗപ്പെടുത്തി ഒരു നല്ല പൗരൻ ആയി പ്രവർത്തിക്കുക. രാഷ്ട്രീയപഠനവും വൈജ്ഞാനികപഠനവും ഒത്തുപോകാൻ സാധിക്കുകയില്ല. വിജ്ഞാനസമ്പാദനത്തിന് ക്ലാസ്സുമുറികളും ലൈബ്രറിയും ലബോറട്ടറികളുമാണ് ആശ്രയം.

രാഷ്ട്രീയ സമരങ്ങളും പഠിപ്പുമുടക്കലും ക്രിമിനലുകളേയും അഴിമതിക്കാരേയും സൃഷ്ടിക്കുന്നു. ഉത്തമപൗരനായി കുടുംബത്തിനും നാടിനും ക്ഷേമം വരുത്താൻ സമരം ചെയ്യുന്നവർക്കു സാധിക്കുകയില്ല.

2. നന്നായി പ്രവർത്തിക്കുന്ന യശസ്സുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സർവ്വകലാശാലകളേയും എങ്ങിനെ വാർത്തെടുക്കാം.

സ്വയംഭരണ സ്ഥാപനങ്ങളുടെ (സർവ്വകലാശാലകളുടെ) ചട്ടക്കൂട് താഴെ പറയുന്ന തരത്തിലാണ് അന്താരാഷ്ട്ര തലത്തിൽ പ്രാവർത്തികമാക്കിയിരിക്കുന്നത്.

2.1. അദ്ധ്യാപകരും, ഗവേഷകരും, അനദ്ധ്യാപക ജീവനക്കാരും ഉൾപ്പെട്ട മൊത്തം ജീവനക്കാർ അതിൽ അദ്ധ്യാപകരും ഗവേഷകരും പല ഡിപ്പാർട്ടുമെന്റുകളിലായി ജോലി ചെയ്യുന്നു.

സ്ഥിരനിയമനം ലഭിച്ച വിവിധ ഡിപ്പാർട്ടുമെന്റുകളിലെ അദ്ധ്യാപകരുടേയും വകുപ്പുമേധാവികളുടേയും ഗവേഷകരുടേയും ഒരു മിച്ചുകൂടുന്ന മീറ്റിംഗിനേയാണ് ഫാക്കൽട്ടി ബോർഡ് എന്ന് പറയുന്നത്. എല്ലാ വിഷയങ്ങളുടേയും അദ്ധ്യാപകരും ഗവേഷകരും ഉൾക്കൊള്ളുന്ന ബോഡിയാണ് ഫാക്കൽറ്റി ബോർഡ്. ഇവിടെ വോട്ടിനിട്ടാണ് തീരുമാനങ്ങൾ എടുക്കുന്നതും നടപ്പാക്കുന്നതും.

2.2. Senate (സെനറ്റ്) വിവിധ ഡിപ്പാർട്ടുമെന്റ് തലവന്മാർ കൂടിച്ചേരുന്ന ബോഡിയാണ് സെനറ്റ്. അദ്ധ്യായന, ഗവേഷണ കാര്യങ്ങളിൽ വോട്ടിനിട്ട് തീരുമാനങ്ങളെടുക്കുന്ന കൂട്ടായ്മ.

2.3 Council (കൗൺസിൽ) അഥവാ Syndicate ഒട്ടുമിക്ക രാജ്യങ്ങളിലും Council എന്നു തന്നെയാണ് ഉപയോഗിക്കുന്ന പേര്. കേരളത്തിൽ സിൻഡിക്കേറ്റ് എന്ന് പേരിട്ടിരിക്കുന്നു.

ചാൻസലർ, വൈസ്ചാൻസലർ, ഡെപ്യൂട്ടി വൈസ് ചാൻസലർ വിവിധ Deans, Registrar, HR Executive എന്നിങ്ങനെയുള്ള പദവികൾ വഹിക്കുന്നവർ ഉൾപ്പെടുന്ന കൂട്ടായ്മയാണ് കൗൺസിൽ. കൗൺസിൽ ആണ് ഒരു സർവ്വകലാശാലയുടെ പരമോന്നത ഭരണ സംവിധാനം ചാൻസലർ പദം ഉപയോഗിക്കുന്നത് ഒരു person of repute ഉദ്ദേശിച്ചാണ്. ഉദാഹരണത്തിന് യുണൈറ്റഡ്നേഷൻസ് (U.N) ൽ നിന്ന് ഉന്നതപദവിയിൽ നിന്നു retire ചെയ്ത രാഷ്ട്രീയ പാർട്ടികളുടെ ഭാഗമാകാത്ത വ്യക്തി അറിയപ്പെടുന്ന dignitaries, technocrats, chief Executive of an international/national company നോബൽ പ്രൈസ് നേടിയ വ്യക്തി, രാജ്യത്ത് അത്യുന്നത പുരസ്ക്കാരം നേടിയ വിദ്യാഭ്യാസ വിചക്ഷണൻ, അന്താരാഷ്ട്രതലത്തിൽ പുതിയ കണ്ടുപിടുത്തത്തിന് അംഗീകാരം ലഭിച്ച ആൾ, എന്നിങ്ങനെ അത്യുന്നത ശ്രേണിയിലുള്ള ആരെങ്കിലുമാകാം ചാൻസലർ പദവി അലങ്കരിക്കുന്നത്. ചാൻസലറിന്റെ കീഴിലാണ് വൈസ് ചൈൻസലറും മറ്റു പദവികൾ അലങ്കരിക്കുന്ന Deans, Registrar, HR Executive മുതലായവർ. ചാൻസലർ ഗവർണർ ആണെങ്കിൽ അതു വെറും ആലങ്കാരിക പദവിയാക്കി തരം താഴ്ത്തിക്കെട്ടുന്ന രീതി ലോകത്തൊരിടത്തുമില്ല. ഇത്തരം അബദ്ധപഞ്ചാംഗങ്ങൾ രാഷ്ട്രീയ ഇടപെടലുകൾക്ക് അവസരം കൂട്ടാനാണ്. ഭരണഘടനയനുസരിച്ച് ഗവർണർക്ക് ഒരു സംസ്ഥാനത്തിനു മേൽ നിർവചിച്ചിട്ടുള്ള അധികാരങ്ങളുണ്ട് എന്നിരിക്കെ, സർവ്വകലാശാലയുടെ കാര്യത്തിൽ മാത്രം അദ്ദേഹം മൂക സാക്ഷിയോ?

***

---

*(തുടർച്ച പേജ് 30ൽ നിന്ന്)*

എന്തെല്ലാം അസഭ്യങ്ങളാണ് അവൾ വിളമ്പുന്നത്? ഇതിങ്ങനെ തുടരാനനുവദിച്ചു കൂടാ. അച്ചുമാരാർ ഒരു സ്വപ്നാടനത്തിലെന്ന പോലെ അവിടെനിന്നും എഴുന്നേറ്റു. ഒരു വിധത്തിൽ സ്റ്റേജിലേക്ക് കയറി.

"കുട്ടീ, നിർത്തൂ....., ഭഗവൽസന്നിധിയിൽ നിന്നുകൊണ്ട് ഇത്തരം ഹീനമായ വാക്കുകൾ..."

"ആരാണീ കെളവൻ .... കഥ രസമ്പിടിച്ച് വന്നപ്പോ"...ആരോ പിറുപിറുത്തു.

"അമ്പലമെന്താ ഇവന്റെ തറവാട്ടുവകയാണോ"?

"ഭ്രാന്തനാണെന്നാ തോന്നണേ, എവിടെനിന്ന് എത്തി ഇവൻ?"

"എറക്കിവിടെവനെ"

കാണികളുടെ രോഷം ആളിക്കത്തുന്നു.

അച്ചുമാരാരെ ആരൊക്കയോ ബലമായി സ്റ്റേജിൽ നിന്നിറക്കി. ആൾക്കൂട്ടം മാരാരെ ക്ഷേത്രത്തിന്റെ മതിൽക്കെട്ടിന് പുറത്തേക്ക് വലിച്ചിഴച്ച് കൊണ്ടുപോയി. ക്ഷേത്രമുറ്റം ശാന്തമായി, ഹരികഥാഖ്യാനം തുടരുകയാണ്.

"ഞാൻ ഭ്രാന്തനാണത്രെ,.... ഭ്രാന്തൻ...." പുറത്തെ ഓടക്കരികിൽ കിടന്നുകൊണ്ട് അച്ചുമാരാർ അർദ്ധബോധാവസ്ഥയിൽ പുലമ്പിക്കൊണ്ടിരുന്നു.

ആ ദുർബ്ബലശരീരത്തെ തഴുകി ആശ്വസിപ്പിക്കാനെത്തിയ പാതിരാകാറ്റിൽ ശ്രീകോവിലിനകത്തുനിന്നും നിഷ്ക്രമിച്ച ഒരു നെടുനിശ്വാസവും അലിഞ്ഞുചേർന്നിരുന്നു.

***

# ചുട്ടുപഴുക്കുന്ന ഭൂമി, മാറുന്ന കാലാവസ്ഥ: അതിജീവിക്കുമോ മനുഷ്യൻ?

എൻ. രാജശേഖരൻ നായർ - ഫോൺ - 9895550719

*(തുടർച്ച)*

കാര്യങ്ങൾ ഈ നിലയിൽ മാറ്റമില്ലാതെ തുടരുകയാണെങ്കിൽ 2100-ന്റെ അവസാനത്തിൽ ഭൗമോപരിതലത്തിലെ താപനില മൂന്ന് മുതൽ അഞ്ച് ഡിഗ്രി വരെ ഉയരുന്നതാണ്. ഇതിന്റെ ഫലമായുണ്ടാകുന്ന ഭവിഷ്യത്തുകളും ദുരിതങ്ങളും നാം വിശദമായി ചർച്ചചെയ്യപ്പെട്ടു കഴിഞ്ഞതാണ്. എന്നിരുന്നാൽകൂടി ഒറ്റനോട്ടത്തിൽ അവയെ പ്രതിപാദിക്കുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി അന്തരീക്ഷത്തിൽ ചൂട് കൂടി വരുകയാണ്. ലോകവ്യാപകമായി ഇത് സംഭവിച്ച് കൊണ്ടിരിക്കുകയാണ്. താപനില 2 ഡിഗ്രി സെൽഷ്യസ് വർദ്ധിച്ചാൽ മിക്ക സസ്യജാലങ്ങൾക്കും ജീവികൾക്കും നിലനിൽക്കാൻ കഴിയുന്നതല്ല. കൂടാതെ സമുദ്രനിരപ്പ് 55 സെന്റീമീറ്റർ ആകുന്നതാണ്. ഒരു ഭാഗത്ത് ജലദൗർലഭ്യവും ചില ഭാഗങ്ങളിൽ വെള്ളപ്പൊക്കവുമാണ് സംഭവിക്കുക.

ഇനി താപനില 2 ഡിഗ്രി സെൽഷ്യസിൽ നിന്ന് 3 ഡിഗ്രി സെൽഷ്യസിലേക്ക് വർദ്ധിക്കുമ്പോൾ ഇപ്പോൾ തന്നെ ആഫ്രിക്കൻ രാജ്യങ്ങളിലെപ്പോലെ മഴ ഒരു അപൂർവ്വവസ്തുവായി തീരും. ചുഴലിക്കാറ്റിന്റെ വേഗം വർദ്ധിക്കുകയും മണൽ കൂനകൾ ചുഴലിക്കാടുകൾ ചൂഴ്ന്നെടുത്തു വിദൂരങ്ങളിൽ എത്തിക്കും. ടൺ കണക്കിന് മണലാണ് മാറ്റി സ്ഥാപിക്കപ്പെടുന്നത്. കൂടാതെ ഗ്രാമങ്ങളും പട്ടണങ്ങളും വലിയ മണൽകൂനകൾക്കിടയിലായി തീരുന്നതാണ്. ഹരിത ഗൃഹവാതകങ്ങളുടെ ബഹിർഗമനം ഈ രീതിയിൽ മുന്നോട്ട് പോയാൽ 2050-ൽ തന്നെ 3 ഡിഗ്രി സെൽഷ്യസ് ആയി തീരുന്നതാണ്.

താപനില 4 ഡിഗ്രിസെൽഷ്യസ് വർദ്ധിച്ചാൽ 2100-ൽ ശരാശരി താപനില 4 ഡിഗ്രി സെൽഷ്യസിൽ എത്തും. സമുദ്രജലനിരപ്പ് ക്രമാതീതമായി ഉയരുന്നതോടെ ഇംഗ്ലണ്ട, യു.എസ്സ്.എ. നെതർലാണ്ട, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുടെ തീരപ്രദേശങ്ങൾ മുഴുവനായും കടലിനടിയിലാകും. സമുദ്രനിരപ്പ് ഉയരുന്നതിന്റെ ഫലം, മറ്റ് സ്ഥലങ്ങളിലേക്ക് ഉപ്പ്വെള്ളം കടന്നുകയറുന്നതും കൃഷിയുടെ സർവ്വനാശവുമാണ്.

ഇനി, മുകളിൽ പറഞ്ഞതുപോലെ താപനില ഉയർന്നാൽ സംഭവിക്കുന്ന കാലാവസ്ഥാ മാറ്റങ്ങൾ എന്താണെന്നും അവ കൊണ്ടുവരുന്ന ദുരന്തങ്ങൾ എന്താണെന്നും നോക്കാം. നേരത്തേ സൂചിപ്പിച്ചതു പോലെ ശുദ്ധജലക്ഷാമം, ഭക്ഷ്യോല്പാദനം കുത്തനെ കുറയുക, തുടർന്ന് വലിയ ഒരു വിഭാഗത്തെയാണ് പട്ടിണിയിലേക്ക് നയിക്കുക. ചൂട് കൂടുന്നതിന്റെ ഫലമായുണ്ടാകുന്ന ഉഷ്ണതരംഗം സൃഷ്ടിക്കുന്നത് കടുത്ത ഭീഷണി തന്നെയായിരിക്കും. ഇപ്പോൾ തന്നെ വടക്കേ അമേരിക്ക കൊടും ചൂടിൽ ഉരുകുകയാണ്. കഴിഞ്ഞ മേയ്, ജൂൺ മാസങ്ങളിൽ, ആയിരത്തിലധികം ആളുകളാണ് ഉഷ്ണതരംഗത്തിൽ മരണമടഞ്ഞത്.

യൂറോപ്പിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത രീതിയിൽ പേമാരിയും വെള്ളപ്പൊക്കവും ഉണ്ടായി. കാലിഫോർണിയയിൽ നിന്ന് വീശിയ ഉഷ്ണവാതകം, കാനഡയിലും, യു.എസ്.എയിലും വൻദുരന്തങ്ങൾ സൃഷ്ടിച്ചു. 6,7 ദിവസങ്ങൾക്കുള്ളിൽ നൂറ് കണക്കിനാളുകളാണ് മരിച്ചു വീണത്. ഉഷ്ണതരംഗത്തിന് പുറമേ കത്തിപടർന്ന കാട്ടുതീ കൂടിയായപ്പോൾ ജനജീവിതം അക്ഷരാർത്ഥത്തിൽ സ്തംഭിച്ചു നിന്നു.

2020-ൽ യു.എസ്സ്.ൽ ഉണ്ടായത് ഏറ്റവും വലിയ കാട്ടുതീ ദുരന്തമാണ്. ആസ്ട്രേലിയയിലെ താപനില 48.90 ഡിഗ്രി സെൽഷ്യസിൽ എത്തുകയുണ്ടായി. കാനഡയിലെ ബ്രിട്ടീഷ് കോളനിയിലെ 50 ഡിഗ്രി സെൽഷ്യസായും കാലിഫോർണിയായിലെ ഡെത്ത് വാലിയിൽ 54.4 ഡിഗ്രി സെൽഷ്യസായും താപനില ഉയരുകയുണ്ടായി.

താപനില കുതിച്ചുയരുന്നതോടെ പല ജീവജാല ങ്ങളുടെയും, വംശനാശം വേഗത്തിലാവും, ആവാസ വ്യവസ്ഥ നഷ്ടപ്പെട്ട് ജീവികൾ മറ്റ് സ്ഥലങ്ങളിലേക്ക് കടന്നു കയറുന്നതാണ്.

ശുദ്ധജലത്തിന്റെ അഭാവം മൂലമുള്ള രോഗ ങ്ങൾ, പകർച്ചവ്യാധികൾ, മറ്റ് വൈറസ് രോഗങ്ങൾ പോഷകാഹാര കുറവ് മൂലവും, മുഴുപട്ടിണി മൂലവും മനുഷ്യൻ ചത്ത് വീഴുന്ന ഭയാനകമായ കാഴ്ചകൾ എന്നിവ കാണേണ്ടി വരുന്നതാണ്.

**ഹിമാനികൾ ഉരുകുമ്പോൾ**

ഹിമാനികൾ ഒന്നടങ്കം അതിശീഘ്രം ഉരുകുന്ന താണ്. ഇത് മൂലം കടൽ നിരപ്പു ക്രമാതീതമായി ഉയ രുന്നതാണ്. ഇതിന്റെ ഫലമായി ഉപ്പ്‌വെള്ളം താഴ്ന്ന പ്രദേശങ്ങളിലേക്ക് ഇരച്ച് കയറുന്നതും, ആയിരക്കണ ക്കിനാളുകൾ വീടുകളും മറ്റും നഷ്ടപ്പെട്ട് ഇറങ്ങേണ്ടി വരുന്നതുമാണ്. മറ്റൊരു ഞെട്ടിപ്പിക്കുന്ന ഫലം ഉപ്പ് വെള്ളത്താൽ കൃഷിയാകെ നശിക്കുന്നതാണ്.

1979 മുതൽക്ക് തന്നെ ആർട്ടിക്ക് കടലിലെ മഞ്ഞ് അതിവേഗം ഉരുകി കൊണ്ടിരിക്കുന്നു. അന്റാർട്ടിക്ക യുടെ കിഴക്കും പടിഞ്ഞാറുമുള്ള ഭാഗങ്ങൾ അതി ശീഘ്രം തന്നെ ഉരുകുകയാണ്. നമ്മുടെ ഹിമാലയ വും അതിവേഗം ഉുകുകയാണ്. ഹിമാലയത്തിൽ നിന്ന് ഉത്ഭവിക്കുന്ന നദികൾ കരകവിഞ്ഞ് ഒഴുകു ന്നതും വശങ്ങളിലുള്ള എത്രയെത്ര വീടുകളും, സ്ഥാപനങ്ങളും ജലത്തിനടിയിലാകുന്നതുമാണ്.

ഹിമാലയത്തിലെ മഞ്ഞ് ഉരുകി കഴിഞ്ഞാൽ, അവിടെ നിന്ന് ഉത്ഭവിക്കുന്ന എത്രയോ നദികൾ വറ്റി വളരുന്നതാണ്. ഇന്ത്യ, ചൈന, നേപ്പാൾ, ഭൂട്ടാൻ പാക്കിസ്ഥാൻ എന്നിങ്ങനെയുള്ള രാജ്യങ്ങ ളിൽ ഉണ്ടാകാൻ പോകുന്നത് ഭയാനകമായ ജലക്ഷാ മവും, കൃഷിയുടെ സർവ്വനാശവുമാണ്. 1994-2017 നും മധ്യേ 28 ലക്ഷം കോടി ടൺ മഞ്ഞ് കട്ടകളാ ണ് ഉരുകിപ്പോയത്. കൃഷിഭൂമികളുടെ നാശം മരുഭൂ മികൾ സൃഷ്ടിക്കപ്പെടുന്നതിലാണ് അവസാനിക്കുക.

അന്തരീക്ഷത്തിൽ വർദ്ധിച്ച വരുന്ന ചൂടിനെ വലിച്ചെടുത്തുകൊണ്ടിരുന്നത് കാടുകളും, സമുദ്ര ങ്ങളുമാണ്. കാടുകളും മരങ്ങളും ദിനംപ്രതി കയ്യേ റിയും മരങ്ങൾ മുറിച്ച് മാറ്റിയും, അതുമല്ലെങ്കിൽ ഒന്നാകെ തീ വച്ചു നശിപ്പിക്കുകയുമാണല്ലോ മനു ഷ്യൻ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്. ഇതി നൊക്കെ പുറമേ അക്ഷാംശ മേഖലയിലെ നിരവ ധി വർഷങ്ങളായി തണുത്ത് ഉറഞ്ഞ് കിടക്കുന്ന ചതുപ്പുകളിൽ നിന്ന് മീഥൈൻ വാതകം പുറത്ത് വരാൻ തുടങ്ങിയിരിക്കുന്നു. ഇതാകട്ടെ അതീവ ഗു രുതരമായ ആഘാതങ്ങൾക്ക് ഇടവരുത്തുന്നതാണ്.

കടലിന്റെ ഭൂമിയിലേക്കുള്ള കടന്നു കയറ്റം വെ ള്ളപൊക്കം, കൊടുങ്കാറ്റ് എന്നിവയാണ് സൃഷ്ടിക്കുക. നിരവധി പേരാണ് ഭൂമിയും കിടപ്പാടവും നഷ്ടപ്പെട്ട് ജീവൻ രക്ഷിക്കാനായി ഓടേണ്ടി വരുന്നത്. ദുരന്ത ങ്ങൾ അനുഭവിക്കാൻ വിധിക്കപ്പെട്ട് ചെറിയൊരു പറ്റം ആളുകൾക്ക് സുരക്ഷിത സ്ഥാനത്തേക്ക് മാറിതാമ സിക്കാൻ കഴിഞ്ഞേക്കാം. പക്ഷേ, ബഹുഭൂരിപക്ഷം പേരും, മാറ്റങ്ങളെ അതിജീവിക്കാനാകാതെ ഇല്ലാതാ കുന്നതാണ്. കാലാവസ്ഥാ മാറ്റങ്ങളെ തടയുവാൻ മനുഷ്യന് കഴിയുന്നില്ലെങ്കിൽ, അസഹ്യമായ ചൂട് കൊണ്ട് എണ്ണമറ്റ മരണങ്ങൾ തന്നെ ഉണ്ടാകുന്നതാ ണ്. കാലാവസ്ഥാ മാറ്റങ്ങൾ അടിക്കടി ഉണ്ടാകുകയും, അതിതീവ്രമായ അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരി ക്കുകയും ചെയ്യുന്നതാണ്. അന്തരീക്ഷത്തിലെ ചൂട് വർദ്ധിക്കുന്നതിനനുസൃതമായി കാലാവസ്ഥയിൽ മാറ്റങ്ങൾ അനിവാര്യമായി തീരുന്നതാണ്. ആരോഗ്യ രംഗത്ത് ഓരോ രാജ്യങ്ങളും അതിനനുസരിച്ചുള്ള സംവിധാനങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. മിക്ക രാജ്യ ങ്ങളും ഇക്കാര്യത്തിൽ വേണ്ടത്ര സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടില്ല എന്ന് ഗ്ലോബൽ ക്ലൈമറ്റ് ആന്റ് ഹെൽത്ത് അലിയാൻസ് കണ്ടെത്തിയിരിക്കുന്നു.

**പട്ടിണി മരണങ്ങൾ**

കാലാവസ്ഥാ പ്രതിസന്ധിയുടെ മറ്റൊരു ഞെട്ടി പ്പിക്കുന്ന ഫലം അതിരൂക്ഷമായ ഭക്ഷ്യക്ഷാമമാണ്. ഭക്ഷ്യക്ഷാമം വിരൽ ചൂണ്ടുന്നത് പട്ടിണി മരണങ്ങ ളിലേക്കാണ്. ഇപ്പോൾ ഈ സമയത്ത് തന്നെ ഓരോ മിനിട്ടിലും 11 പേർ പട്ടിണി കൊണ്ട് മരണപ്പെട്ടുകൊ ണ്ടിരിക്കുന്നു. ദാരിദ്ര്യനിർമ്മാർജ്ജന സംഘടനയായ ഓക്സഫാം ലോകത്തിൽ പട്ടിണി മരണം എത്ര യോ ഭീകരമായ അവസ്ഥയിലാണെന്ന് ചൂണ്ടിക്കാ ട്ടിയിരിക്കുന്നു. മഹാമാരിക്കാലത്ത് പോലും സൈ നിക ചിലവ് വർദ്ധിപ്പിക്കുകയാണ് മിക്ക രാജ്യങ്ങളും പ്രത്യേകിച്ച് ദരിദ്രരാജ്യങ്ങൾ പോലും ചെയ്യുന്നത്. ഇത് ജനങ്ങളെ കടുത്ത ദാരിദ്ര്യത്തിലേക്കും പട്ടിണി

മരണത്തിലേക്കുമാണ് നയിക്കുന്നത്. യെമൻ, കോംഗോ, അഫ്ഗാനിസ്ഥാൻ, വെനസ്വേല, കാമറൂൺ, മാലി, നൈജീരിയ, സുഡാൻ, എത്യോപ്യ എന്നീ രാജ്യങ്ങളിൽ അതിരൂക്ഷമായ പട്ടിണിയാണ് നേരിടുന്നത്. ഇങ്ങനെയുള്ള മിക്ക രാജ്യങ്ങളിലും ആഭ്യന്തര കലാപവും മറ്റൊരു വിപത്താണ്. ഈ സന്ദർഭത്തിൽ ഉണ്ടാകാൻ പോകുന്ന മറ്റൊരു ദുരന്തം നിലയ്ക്കാത്ത അഭയാർത്ഥി പ്രവാഹമാണ്, ഇന്ത്യയിൽ പ്രത്യേകിച്ച് ബംഗ്ലാദേശിൽ നിന്ന് വെള്ളപ്പൊക്കം, വരൾച്ച, കൃഷിനാശം, ശുദ്ധജലക്ഷാമം, സാംക്രമിക രോഗങ്ങളുടെ പകർച്ച അതിനോടൊപ്പം അഭയാർത്ഥി പ്രവാഹവും ഗവൺമെന്റുകൾക്ക് ഒന്നും ചെയ്യാനാവാതെ പകച്ച് നിൽക്കേണ്ടി വരുന്ന അവസ്ഥ സംജാതമാകുന്നതാണ്.

**ചരിയുന്ന അച്ചുതണ്ട്**

ഭൂമിയിലെ ധ്രുവങ്ങൾക്ക് മാറ്റം സംഭവിക്കുന്നുവെന്ന ഗവേഷകരുടെ കണ്ടെത്തൽ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളാ ണ് ഇതിന് കാരണമായി കാണിക്കുന്നത്. ഭൂമിയുടെ അന്തരീക്ഷത്തെ താറുമാറാക്കിക്കൊണ്ടുള്ള മനുഷ്യന്റെ പ്രവർത്തികൾ ഭൂമിക്ക് അത്യന്തം ദോഷകരമായി ബാധിക്കുവാൻ പോകുകയാണ്. ഭൂമിയുടെ സാങ്കല്പിക അച്ചുതണ്ട് കൂടുതൽ വേഗത്തിൽ ചരിയുകയും അതിന്റെ ഫലമായി ധ്രുവങ്ങളുടെ സ്ഥാനമാറ്റത്തിന് ഇടയാകുകയും ചെയ്യുന്നു. അമേരിക്കൻ ജിയോഫിസിക്കൽ യൂണിയന്റെ ജേർണലിലാണ് ഇക്കാര്യം പറഞ്ഞിട്ടുള്ളത്.

മഞ്ഞ് ഉരുകുന്നതിന്റെ അളവാകട്ടെ 1990ന് ശേഷം വളരെയധികം കൂടിയിട്ടുണ്ട്. ഈ ഉരുകുന്ന മഞ്ഞും ഹിമാനികളുമാണ് ഭൂമിയുടെ ഓരോ ഭാഗത്തെയും ഭാരത്തിൽ വ്യത്യാസമുണ്ടാക്കുന്നത്. ധ്രുവങ്ങളുടെ സ്ഥാനമാറ്റത്തിനും ഇത് കാരണമായി തീരുന്നു. പക്ഷേ ആ ധ്രുവങ്ങളുടെ സ്ഥാനമാറ്റം നിത്യജീവിതത്തെ ബാധിക്കില്ലെന്നാണ് ശാസ്ത്രജ്ഞൻ പറയുന്നത്. ഉത്തരധ്രുവത്തിനെ കിഴക്ക് ദിശയിലേക്ക് ചലിപ്പിക്കാൻ ആരംഭിച്ചിരിക്കുന്നു.

ഭൂമിക്കടിയിൽ ജലത്തിന്റെ അളവ് കുറയുകയും സമുദ്രത്തിലെത്തുന്ന ജലത്തിന്റെ അളവ് കൂടുകയും ചെയ്യുകയാണ്. ഭൂമിയുടെ ഭ്രമണത്തെയും പരിക്രമണത്തെയും ഋതുഭേദങ്ങളെയും സ്വാധീനിച്ചിരിക്കുന്ന ഇത്തരം മാറ്റങ്ങൾ ഭാവിയിൽ ജീവജാലങ്ങളുടെ ജീവിതത്തെയും സ്വാധിനീകരിക്കുക തന്നെ ചെയ്യും.

**ബഹിരാകാശ വിനോദ സഞ്ചാരം**

കാലാവസ്ഥാ മാറ്റങ്ങളുടെ അനന്തര ഫലങ്ങളെ ലോകമെങ്ങും ഭീതിയോടെ വീക്ഷിക്കുമ്പോൾ അതിസമ്പന്നരായ കുറെയാളുകളുടെ ഭ്രമണപഥം ഭേദിച്ച് കൊണ്ടുള്ള വിനോദസഞ്ചാരവിശേഷങ്ങൾ ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഭ്രമണ പഥത്തിൽ ഇപ്പോൾ തന്നെ മനുഷ്യവാസയോഗ്യമായ ബഹിരാകാശ നിലയങ്ങൾ നിർമ്മിച്ച് കഴിഞ്ഞിരിക്കുന്നു.

അന്തർദേശീയ ബഹിരാകാശ നിലയവും (international space station-ISS) ചൈനയുടെ നിർമ്മാണത്തിലിരിക്കുന്ന ടിയാൻ ഗോങ് ബഹിരാകാശനിലയവുമാണ് ഇപ്പോൾ ഭ്രമണപഥത്തിലുള്ള മനുഷ്യവാസയോഗ്യമായ ബഹിരാകാശനിലയങ്ങൾ ചന്ദ്രനെ ഒന്ന് ചുറ്റി വരാൻ. ഇപ്പോൾ ഈടാക്കുന്ന നിരക്ക് 10 കോടി അമേരിക്കൻ ഡോളറാണ്. ചന്ദ്രനെ ചുറ്റി വരാനുള്ള ബഹിരാകാശ യാത്രയുടെ സംഘാടകർ സ്പേസ് അഡ്വഞ്ചർ ലിമിറ്റഡ് (Space Adventure Limited) ആണ്. 2024ൽ ചൊവ്വാഗ്രഹത്തിലേക്ക് പോകാൻ കഴിയുമെന്നാണ് സ്പേസ്എക്സിന്റെ മേധാവി ഇലോൺ മസ്ക പ്രതീക്ഷിക്കുന്നത്. എല്ലാവരും പോകാൻ ഇഷ്ടപ്പെടുന്നത് ചന്ദ്രനിലേക്കൊ, മറ്റ് ഗ്രഹങ്ങളിലേക്കൊ ആണ്. ക്രമേണ ഇപ്രകാരുള്ള യാത്രകളിൽ പങ്കെടുക്കാൻ താൽപ്പര്യപ്പെടുന്നവരുടെ എണ്ണം കൂടുന്നതാണ്. ചന്ദ്രനിലേക്ക് ചൊവ്വായിലേക്ക്, ബഹിരാകാശത്തിലേക്ക് എന്ന മൂന്ന് യാത്രകളും സംയോജിപ്പിച്ച് ബഹിരാകാശ ടൂറിസം ഉഴലെടുക്കുന്ന കാലവും വിദൂരമല്ല. 2022 ആകുമ്പോഴേക്കും ക്രൂഡ്രാഗൺ കാപ്സ്യൂൾ വഴി 5,6 ദിവസത്തെ പരിക്രമണ യാത്രയും ഉണ്ടാകും. അങ്ങനെയാകുമ്പോൾ ഗുരുത്വാകർഷണമനുഭവപ്പെടാതെ തന്നെ നാലഞ്ച് ദിവസം ഭൂമിയെ ചുറ്റിസഞ്ചരിക്കാം. ഭാവിയിൽ പേടകത്തിൽ കയറി ബഹിരാകാശത്തെ ഹോട്ടലിൽ കുറച്ചു ദിവസം താമസിക്കാം.

ബഹിരാകാശ ടൂറിസ്സം നിലവിൽ വന്ന് കഴിഞ്ഞു. ഇതിനാകട്ടെ നിയമനിയന്ത്രണങ്ങളൊന്നും ഇല്ലതാനും. സുരക്ഷ ഉറപ്പു വരുത്തുന്ന ചില നിയമങ്ങൾ അമേരിക്ക പുറത്ത് വിട്ടിട്ടുണ്ട്. അത്രമാത്രം. വിക്ഷേ

പണവും, തിരിച്ചിറങ്ങലും സർക്കാർ പ്രതിനിധികൾ നിരീക്ഷിക്കുകയും ചെയ്യും.

**പരിസ്ഥിതി ലംഘനങ്ങൾ**

ഉയരങ്ങളിൽ വർഷങ്ങളോളം നിലനിക്കുന്ന കാർബൺഡൈ ഓക്സൈഡാണ് ബഹിരാകാശ റോക്കറ്റുകൾ പുറത്തേക്ക് വിടുന്നത്. ഒരു റോക്കറ്റ് വിക്ഷേപിക്കുമ്പോൾ 300 ടൺ കാർബൺ ഡൈഓക്സൈഡാണ് പുറത്തേക്ക് തള്ളിനീക്കുന്നത്. ഇനി ഖരദ്രവ്യ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന റോക്കറ്റാണെങ്കിൽ, മറ്റ് പല മാലിന്യ വാതകങ്ങളും അന്തരീക്ഷത്തിലെത്തിക്കുന്നു. ഇന്ന് ഭൂമിയിൽ ഒരു ദിവസം പറക്കുന്ന എത്രയോ വിമാനങ്ങൾ ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നത്തെക്കാൾ തുലോം കുറവാണെന്ന് വാദിച്ചേക്കാം. എന്നാൽ ഭാവിയിൽ ബഹിരാകാശ ടൂറിസം അതിന്റെ പാരമ്യതയിലെത്തുമ്പോൾ മലിനീകരണത്തിന്റെ തോത് വളരെ വളരെ വർദ്ധിക്കുകയും, ഇപ്പോൾ തന്നെ തീർത്തും മലിനമായി കഴിഞ്ഞ അന്തരീക്ഷത്തെ കൂടുതൽ നാശത്തിലേക്ക് സ്പേസ് ടൂറിസം കാരണമാക്കുക തന്നെ ചെയ്യും.

***

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

*ജനറൽ സെക്രട്ടറി*

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2022 ജനുവരി മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീമതി. രേണുക മേനോൻ, 379 5th Cross NGEF Layout, Bangalore- 560038 | 20,000/- |
| 2. | ശ്രീ. ജയകൃഷ്ണൻ. എൻ., X L/6717, നാരകത്തറ റോഡ്, എറണാകുളം - 682035 | 15,000/- |
| 3. | ശ്രീ. പി.ആർ. രാമകൃഷ്ണൻ നായർ, തിരുവോണം, പ്ലോട്ട് നം. 101, നോർത്ത് ഗിരിനഗർ | 10,000/- |
| 4. | ശ്രീ. കെ. രാമചന്ദ്രൻ, 3 B Silver Oak, Skyline, ജവഹർ നഗർ, കൊച്ചി - 682020 | 10,000/- |
| 5. | ശ്രീമതി. രാധിക. ഇ.കെ., X L/6717, നാരകത്തറ റോഡ്, എറണാകുളം - 682035 | 5,000/- |
| 6. | ശ്രീ. ശ്രീകുമാർ. കെ. സോപാനം, KNRA - 82, Post Office Road, Maradu. P.O. | 5,000/- |

# ആത്മജ്ഞാനത്തിന് ഒരു ആമുഖം

**സി. നാരായണൻ**

ഒരു പക്ഷേ, ഒരാൾക്ക് തന്നെപ്പറ്റിത്തന്നെ ഉള്ളതിനേക്കാൾ കൂടുതൽ അറിവ് താൻ ഉപയോഗിക്കുന്ന പേനയെപ്പറ്റി ഉണ്ടായെന്നു വരാം. നമുക്ക് നമ്മെ കുറിച്ച് അത്ര കുറച്ചേ അറിയൂ. അതു മുഴുവനും നമ്മുടെ കുറ്റമല്ലെങ്കിലും ആ യാഥാർത്ഥ്യത്തിൽ നമുക്കു പങ്കില്ലെന്നു പറയാൻ പറ്റില്ല. കാരണം തങ്ങളുടെ സത്യത്തെ കുറിച്ച് അറിയാൻ അധികമാരും മെനക്കെടാറില്ല. ആ സമയം നല്ല ഏതെങ്കിലും കമ്പനികളുടെ ഷെയറിനെ കുറിച്ചോ, റിയൽ എസ്റ്റേറ്റിനെ കുറിച്ചോ അറിയുന്നതാണ് കൂടുതൽ പ്രയോജനപ്രദമെന്നു നാം കരുതുന്നു.

എന്നാൽ നമുക്ക് ഏറ്റവും പ്രയോജനകരമായ അറിവ് നമ്മെപ്പറ്റിയുള്ളതു തന്നെയാണ്. ഉദാഹരണത്തിനു ഒരാൾ ഒരു കമ്പനിയിൽ ജോലി ചെയ്യുമ്പോൾ, അയാൾക്ക് ആ കമ്പനിയെ കുറിച്ചും തന്റെ ജോലി തന്നിൽ നിന്ന് ആവശ്യപ്പെടുന്ന ചുമതലകളെ കുറിച്ചും പൂർണ്ണമായ ധാരണയുണ്ടായിരിക്കണം. അല്ലാത്ത പക്ഷം അയാൾ ആ ജോലിയിൽ വലിയ പരാജയമായിത്തീരും. അതേ യുക്തിയനുസരിച്ച് ഈ പ്രപഞ്ചത്തിൽ എന്തിനായി ഞാൻ ജന്മമെടുത്തുവെന്നും ഇവിടെ എന്താണെന്റെ ജീവിതധർമ്മങ്ങളെന്നും എന്റെ സ്വരൂപമെന്താണെന്നും എനിക്കറിഞ്ഞേ മതിയാവൂ. കമ്പനിയിലെ ഉദ്യോഗമാണെങ്കിൽ അവിടെ എന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് അറിയാനുള്ള സംവിധാനമുണ്ട്. അതുപോലെ ഈ പ്രപഞ്ചത്തിന്റെ കാര്യത്തിലും, എന്റെ ജീവിതം എങ്ങനെ നയിക്കണമെന്നു പറഞ്ഞു തരാനും രേഖകളുണ്ട്. അതിനെ വേദങ്ങൾ എന്നു പറയുന്നു.

നമുക്ക് വേദങ്ങളുടെ കാതലായ ജ്ഞാനകാണ്ഡത്തെ ഒന്നു പരിചയപ്പെടാം. അതിനെ വേദങ്ങളുടെ താല്പര്യം എന്നർത്ഥത്തിൽ വേദാന്തമെന്നും, ആത്മജ്ഞാനമെന്നർത്ഥത്തിൽ ഉപനിഷത്തെന്നും പറയും.

ഉപനിഷത്തിലെ പ്രതിപാദ്യവിഷയം എല്ലാവരും ഞാൻ എന്നറിയുന്ന ആത്മാവാണ്. ഉപനിഷദുകളുടെ സാരാംശം, എല്ലാവരുടേയും ശരിക്കുള്ള ഞാൻ സത്തും ചിത്തും ആനന്ദവുമാണെന്നും, ആത്മാവും സർവ്വസത്യമായ ബ്രഹ്മവും ഒന്നു തന്നെയാണെന്നാണ്. എന്നാൽ മിക്കവാറും എല്ലാവരുടേയും അനുഭവം അതിനു നേർവിപരീതമായി, താൻ ദുഃഖിതനും മരണശീലനായവനുമെന്നാണ്. എന്താണ് അതിനു കാരണമെന്നാൽ അജ്ഞാനം എന്ന ഒരു തത്ത്വത്തിനു നാം വശംവദരാവുന്നതു കൊണ്ടാണെന്നാണ് ഉപനിഷത്തിന്റെ വിശദീകരണം. അതിന്റെ പ്രവർത്തനം എങ്ങിനെയെന്നാൽ അജ്ഞാനത്തിനു ആവരണമെന്നും വിക്ഷേപമെന്നും രണ്ടു മുഖങ്ങളുണ്ട്. ആവരണശക്തി നമ്മുടെ ശരിയായ അറിവിനെ മറയ്ക്കുന്നു. പിന്നീട് വിക്ഷേപശക്തിയാൽ വേറെയൊന്നായി കാണിക്കുന്നു. ഉദാഹരണമായി അവർ പറയാറുള്ളത്. മന്ദാന്ധകാരത്തിൽ ഒരു കയറിനെ കണ്ട് അതു പാമ്പാണെന്നു കരുതുന്നതു പോലെയെന്നാണ്. കയറിന്റെ യഥാർത്ഥജ്ഞാനം ഗ്രഹിക്കാൻ ആവരണശക്തി നമ്മെ അനുവദിക്കുന്നില്ല. മാത്രമല്ല, വിക്ഷേപശക്തി അതിനെ പാമ്പായി കാണിക്കുകയും ചെയ്യുന്നു.

ഈ പ്രതിഭാസം കയറിൽ പാമ്പിനെ കാണുന്ന പോലെ, ചുരുക്കം ചിലർക്ക് വല്ലപ്പോളും മാത്രം സംഭവിക്കുന്ന ഒരു പ്രമാദമല്ല. നാം ജഗത്തെന്നു വിളിക്കുന്നതും, ഞാൻ എന്നു വ്യവഹരിക്കപ്പെടുന്നതുമായ രണ്ടു സത്തകളും ബ്രഹ്മമെന്ന കയറിൽ പാമ്പെന്ന പോലെയുള്ള ഭ്രാന്തിയാണെന്നാണ് വേദാന്തത്തിന്റെ സിദ്ധാന്തം. ഇതെങ്ങനെയാണ് സംഭവിക്കുന്നതെന്നു നോക്കാം.

നാം കാണുന്ന ഏതു നിസ്സാര പദാർത്ഥത്തിനും രണ്ടംശമുണ്ട്. ഒന്ന് ഉണ്ട എന്നതും രണ്ടാമത്തേത് ആ പദാർത്ഥത്തിന്റെ പ്രതീ

തിയും. ഈ രണ്ടും അറിവായിട്ടാണ് നമ്മിൽ പ്രതിഫലിക്കുന്നത്. അപ്പോൾ ഉണ്മ എന്ന അറിവും പദാർത്ഥം എന്ന അറിവും കൂടിച്ചേർന്നതാണ് നമുക്ക് ഒരു വസ്തുവിനെക്കുറിച്ചുള്ള ബോധം. ഇവ രണ്ടും ഒരേ പോലെ സത്യമാവാൻ സാദ്ധ്യതയില്ല. കാരണം രണ്ടിന്റെയും സ്വഭാവത്തിനു പരസ്പരം വളരെ വ്യത്യാസമുണ്ട്. ഉണ്മ എന്ന സത്ത ഇന്ദ്രിയങ്ങൾക്ക് പ്രത്യക്ഷമല്ല. പദാർത്ഥമാകട്ടെ, കാത്, കണ്ണ്, ത്വക്ക്, മൂക്ക്, നാക്ക് എന്നിവയിൽ ഏതെങ്കിലും ഒന്നിനു വിഷയമാകുന്നുമുണ്ട്. അപ്പോൾ ചിന്തിക്കുന്നതിനുമുമ്പു തന്നെ നാം വസ്തുവിന്റെ ഉണ്മയെ ഉപേക്ഷിച്ച്, പ്രതീതിയാണ് സത്യമെന്നു ധരിക്കുന്നു. കാരണം അവ നമുക്ക് പ്രത്യക്ഷങ്ങളാണ്. ഉണ്മയാകട്ടെ ഇന്ദ്രിയങ്ങൾക്ക് വിഷയവുമല്ല. പക്ഷേ വസ്തുവിന്റെ ഉണ്മ എന്ന അംശം മാത്രമേ സത്യമായിട്ടുള്ളൂ എന്നാണ് വേദാന്തം പറയുന്നത്. നമുക്കു അനുഭവപ്പെടുന്നുണ്ട് എന്നതു കൊണ്ടു മാത്രം ഒരു കാര്യം സത്യമാവണമെന്നില്ല. ഉദാഹരണത്തിനു നാം സ്വപ്നത്തിൽ പല വിഷയങ്ങളും അറിയാറുണ്ട്. അനുഭവിക്കുന്ന സമയത്ത് നാമത് സത്യമാണെന്നു ധരിക്കാറുമുണ്ട്. എന്നാൽ അവ സത്യമല്ലല്ലോ. അതു പോലെ തന്നെയാണ് ജാഗ്രത്തിലെ അറിവും എന്നാണ് ഉപനിഷദിന്റെ പക്ഷം. ജാഗ്രത്തും സ്വപ്നവും തമ്മിൽ വൈരുദ്ധ്യങ്ങൾ വളരെ കുറവാണ്. സമാനതകൾ വളരെയുണ്ടു താനും. ഏറ്റവും പ്രധാനമായ സമാനത, രണ്ടിലും ദൃക്ക് ദൃശ്യം എന്ന രണ്ട് ഘടകങ്ങളുണ്ടെന്നുള്ളതാണ്. അറിയുന്നവൻ അറിയപ്പെടുന്നത് എന്ന തരംതിരിവ്. ആ ഒറ്റക്കാരണം കൊണ്ട് തന്നെ ജാഗ്രത്തും സ്വപ്നവും തമ്മിലുള്ള വ്യത്യാസം വളരെ കുറവാണെന്നനുമാനിക്കാം അവ തമ്മിൽ, സ്ഥൂല ജ്ഞാന കർമ്മേന്ദ്രിയങ്ങളുടെ സാന്നിദ്ധ്യവും അസാന്നിദ്ധ്യവും മാത്രമേ കാര്യമായി വ്യത്യാസമെന്നു പറയാനുള്ളൂ.

ഒരു പദാർത്ഥത്തിൽ രണ്ടു ഘടകങ്ങൾ ഉണ്ടെന്നു പറഞ്ഞുവല്ലോ. അവയിൽ ഒന്നു മാത്രമേ സത്യമായിട്ടുള്ളൂ എന്നും പറഞ്ഞു. എന്താണ് സത്യത്തിന്റേയും അസത്യത്തിന്റേയും മാനദണ്ഡങ്ങൾ എല്ലാവരാലും അംഗീകരിക്കപ്പെട്ട ഒരു മാനദണ്ഡമുണ്ട്. അത്, "സത്യം ഒരിക്കലും നിരാകരിക്കപ്പെടില്ല" എന്നതാണ് (അബാധിതം സത്യം). സത്യമല്ലെങ്കിലും സത്യം പോലെ അനുഭവപ്പെടുക മാത്രം ചെയ്യുന്ന ജ്ഞാനം, ഏതെങ്കിലും ഒരവസ്ഥയിൽ നിരാകരിക്കപ്പെടും.

ശ്രീ ശങ്കരാചാര്യരുടെ അഭിപ്രായപ്രകാരം, ബുദ്ധി എവിടെ "വ്യഭിചരിക്കുന്നു"വോ അത് സത്യമല്ല എന്നും എവിടെ വ്യഭിചരിക്കാതിരിക്കുന്നുവോ അതുമാത്രമാണ് സത്യം എന്നുമാണ്. ഒരു ഘടത്തിൽ നമുക്ക് "ഘടം ഉണ്ട്" എന്ന വസ്തുബോധമുണ്ടെന്നിരിക്കട്ടെ. ഘടം ഉടയുമ്പോൾ ഘടബുദ്ധി നിലനില്ക്കുന്നില്ല. അത് വ്യഭിചരിക്കുന്നു അല്ലെങ്കിൽ തെന്നി മാറുന്നു. എന്നാൽ "ഉണ്ട്" എന്ന ബുദ്ധി ഒരു കോട്ടവും തട്ടാതെ വേറെ വസ്തുവിലും വിളങ്ങുന്നു.

അതുകൊണ്ട് ഘടത്തിനു ശരിയായ സത്തയില്ല, പ്രതീതി മാത്രമേയുള്ളൂ. "ഉണ്ട്" എന്നിങ്ങനെ വിളങ്ങുന്ന ഉണ്മക്കു മാത്രമേ സത്യത്വമുള്ളൂ. വർത്തമാനത്തിൽ ഉള്ളതായി തോന്നപ്പെടുന്ന ജഗത്ത് ഒരു പ്രതീതി മാത്രമാണെന്നാണ് വേദാന്തത്തിന്റെ സിദ്ധാന്തം. അത് സൃഷ്ടിക്കു മുമ്പ് ഉണ്ടായിരുന്നില്ല. പ്രളയത്തിൽ നശിക്കുകയും ചെയ്യും. വർത്തമാനം ഭൂതം ഭാവി എന്ന മൂന്നു കാലത്തും, ജാഗ്രത് സ്വപ്നം സുഷുപ്തി എന്ന മൂന്നവസ്ഥയിലും, നിരാകരിക്കപ്പെടാത്ത ഒന്നിനെ മാത്രമേ സത്യം എന്നു വിളിക്കാൻ പറ്റൂ. അത് സത്ചിത് ആനന്ദമായ നമ്മുടെ ആത്മാവു മാത്രമാണ്.

മുൻ പറഞ്ഞ രണ്ടു ഘടകങ്ങളെ കുറിച്ച് കൂടുതൽ വിശദീകരിക്കാൻ സ്വർണ്ണവും ആഭരണവും തമ്മിലുള്ള ബന്ധത്തെ ഉദാഹരിക്കാറുണ്ട്. ഒരു സ്വർണ്ണവളയിൽ രണ്ട് അംശങ്ങളുണ്ട്. ഒന്ന് സ്വർണ്ണം എന്ന ലോഹം, രണ്ടാമത്തേത് വള എന്ന ജ്യാമിതീയ രൂപം. ഇതിൽ സ്വർണ്ണം മാത്രമാണ് സത്യം. അതു പറയാൻ കാരണം ആ വളയുടെ തൂക്കം തിളക്കം മുതലായ മാനങ്ങൾ മുഴുവനും. സ്വർണ്ണത്തിനെ ആശ്രയിച്ചാണ് നിൽക്കുന്നത്. സ്വർണ്ണം വളയാവുമ്പോൾ അതിന്റെ തൂക്കം വർദ്ധിക്കുന്നില്ല. അതായത് മൂർത്തമായ ഒന്നും സ്വർണ്ണത്തോട് കൂടിച്ചേരുന്നില്ല. വളയ്ക്ക് അധിഷ്ഠാനമായ സ്വർണ്ണക്കട്ടി, പ്രാഥമികമായ ഒരു മാറ്റത്തിനും വിധേയമാകാതെയാണ്, വള എന്ന രൂപമെടുത്തത്. സ്വർണ്ണം അതിന്റെ തിളക്കം മയം, തരുമ്പു പിടിയ്ക്കായ മുതലായ ഭൗതികഗുണങ്ങൾക്കോ അറ്റോമിക്ക് വെയ്റ്റ് മുതലായ രാസമാനങ്ങൾക്കോ മാറ്റം

വരുത്താതെയാണ് വളയായി രൂപപ്പെട്ടത്. വള തൽക്കാലം സ്വർണ്ണം പ്രകടമായിട്ടുള്ള രൂപം മാത്രമാണ്. അത് എപ്പോൾ വേണമെങ്കിലും നിരാകരിക്കപ്പെടാം. വളയെ മോതിരമായോ മാലയായോ മാറ്റാൻ നിഷ്പ്രയാസം സാധിക്കും.

അതിനാൽ വളയ്ക്ക് ഒരു സ്ഥിരമായുള്ള സത്യമില്ല. എന്നാൽ, അതേ സമയം വള വ്യാവഹാരികതലത്തിൽ സത്യമാണു താനും. ഒരേ തൂക്കമുള്ള രണ്ടു വളകൾക്ക് തമ്മിൽ കൊത്തുപണിയുടെ മേന്മയനുസരിച്ച് വിലയ്ക്ക് വളരെ വ്യത്യാസമുണ്ടാവാം. ഈ വളയുടെ രൂപത്തെ ഉപാധി എന്നു പറയുന്നു. ചില പ്രത്യേക ഉപാധികലാൽ വള എന്ന വ്യാവഹാരിക വസ്തുവിന് സ്വർണ്ണലോഹത്തിനേക്കാൾ വളരെയധികം വിലയുണ്ടാവാം. ഉദാഹരണത്തിന് ഒരു വള വിക്രമാദിത്യൻ ധരിച്ചിരുന്നതായിരുന്നു എന്നു തെളിഞ്ഞാൽ, അതിനു ലക്ഷക്കണക്കിനു രൂപ ആ ഉപാധിയുടെ പേരിൽ കൊടുക്കാൻ തയ്യാറുള്ളവരുണ്ടാകും. എന്നിരിക്കലും അതിന്റെ വളയെന്ന അവസ്ഥ വ്യാവഹാരികം മാത്രമാണ്. ഈ സത്യത്തിനു വ്യാവഹാരിക സത്യമെന്നു പറയും. അതിനെ മിത്ഥ്യയെന്നും അനിർവചനീയമെന്നും പറയാറുണ്ട്. കാരണം അത് സത്യത്തിൽ ഇല്ലാത്തതാണെങ്കിലും മേൽ പറഞ്ഞ പ്രത്യേക സംഗതികളുടെ വെളിച്ചത്തിൽ തീരെയില്ലാത്തതാണെന്ന് മുദ്ര കുത്താനും വയ്യ. അതായത് സത്യമല്ലാത്തതാണെങ്കിലും ഒരു പ്രത്യേകതരത്തിൽ നിലനിൽപ്പുള്ളതിനാൽ മുയലിന്റെ കൊമ്പു പോലെ തീരെയില്ലാത്തതല്ല. അതിനെ നിർവചിക്കാൻ കഴിയാത്തത് എന്ന അർത്ഥത്തിൽ അനിർവചനീയമെന്നേ വിളിക്കാനൊക്കൂ.

ആത്മാവെന്നാൽ സ്വയം എന്നാണർത്ഥം. “ആത്മഗതം” “ആത്മഹത്യ” എന്നിങ്ങനെ ആത്മശബ്ദത്തിനെ നാമെല്ലാം ആ അർത്ഥത്തിൽ ഉപയോഗിക്കാറുമുണ്ട്. അതുകൊണ്ട് തന്നെ ത്തന്നെ അറിയലാണ് ആത്മജ്ഞാനം. ഇവിടെ ഓർമ്മിക്കേണ്ട ഒരു പ്രധാന കാര്യം ഒരു ഞൊടി പോലും ഞാൻ എന്നെ അറിയാതിരിക്കുന്നില്ല. എന്നതാണ്. എന്തുകൊണ്ടെന്നാൽ “അറിയുക” എന്നത് ആത്മാവിന്റെ ധർമ്മമാണ്. ആത്മാവിനൊഴിച്ച് ആ ധർമ്മം വേറേയൊന്നിനുമില്ല താനും. നമ്മുടെ ശരിയായ അറിവുകളും തെറ്റായ അറിവുകളും പ്രമയും പ്രമാദവുമെന്നുവേണ്ട, അറിവിന്റെ എല്ലാ രൂപങ്ങളും ആത്മാവിന്റെ രൂപങ്ങളാണ്.

അറിവെന്ന ആ ധർമ്മം അല്ലെങ്കിൽ സ്വരൂപം വിട്ട് ആത്മാവ് നിൽക്കുന്നില്ല, ഒരു വേളയിലും മനസ്സിൽ ചിന്തകളില്ലാതിരിക്കയോ, ആ ചിന്തകളെ ഞാൻ അറിയാതിരിക്കയോ ചെയ്യുന്നില്ല. അതുകൊണ്ട് ഞാൻ ആത്മാവിനെ എല്ലായ്പ്പോഴും അറിഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ ആ അറിവ് സോപാധികമാണെന്നു മാത്രം. നമ്മുടെ ശ്രദ്ധ എപ്പോഴും ഉപാധികളിലായതിനാൽ ചിന്തയിലെ ആത്മാംശത്തെ നാം അറിയുന്നില്ല. ഉപാധികളെ ഒഴിവാക്കി ആത്മാവിനെ നിരുപാധികമായി അറിയലാണ് എല്ലാ സാധനങ്ങളുടേയും ലക്ഷ്യം.

ജഗത്തിലെ വിഷയങ്ങളെ എങ്ങിനെയാണ് അറിയുന്നത് എന്നു മനസ്സിലാക്കിയാൽ ഇതു കൂടുതൽ വ്യക്തമാകും. ജാഗ്രദവസ്ഥയിൽ നമുക്ക് ഒരു വസ്തുവിന്റെ അറിവുണ്ടാവുന്നത് പ്രത്യക്ഷമായാണ്. പ്രത്യക്ഷമെന്നാൽ ജ്ഞാനേന്ദ്രിയങ്ങളിൽ ഏതെങ്കിലും ഒന്നിലൂടെയെന്നേ അർത്ഥമുള്ളൂ. കണ്ണിലൂടെ രൂപവർണ്ണങ്ങളും കാതിൽ കൂടെ ശബ്ദവും മറ്റും നാം ഗ്രഹിക്കുന്നു. ഈ പ്രത്യക്ഷജ്ഞാനമുണ്ടാവുന്നത് ചിത്തവൃത്തികളായാണ്. അതായത് നമ്മുടെ ഏതെങ്കിലുമൊരു ജ്ഞാനേന്ദ്രിയം ഒരു വസ്തുവിനെ അഭിമുഖീകരിക്കുമ്പോൾ, ആ വസ്തുവിന്റെ രൂപം തദാകാരവൃത്തിയായി നമ്മുടെ ബുദ്ധിയിൽ രൂപമെടുക്കുന്നു. ഉദാഹരണത്തിനു, ഒരു ഘടത്തെ കാണുമ്പോൾ നമ്മുടെ ചിത്തത്തിൽ ഘടാകാരവൃത്തിയും, വൃക്ഷമാണെങ്കിൽ വൃക്ഷാകാരവൃത്തിയും ശബ്ദമാകുമ്പോൾ ശബ്ദാകാരവൃത്തിയും ഉണ്ടാകുന്നു. ഈ പ്രക്രിയക്ക് ഈ “വൃത്തിവ്യാപ്തി”യെന്നു പറയും. നമ്മുടെ ബുദ്ധി ജഡമായതിനാൽ ബുദ്ധിയിലുണ്ടായ ചിത്തവൃത്തിയും ജഡമാണ്. അതിനു സ്വയം അറിയാനുള്ള സാമർത്ഥ്യമില്ല. നമ്മളിലുള്ള ആത്മചൈതന്യം അന്തക്കരണത്തിൽ പ്രതിഫലിക്കുമ്പോൾ, “ചിദാഭാസൻ” എന്ന ഒരു സത്ത ഉണ്ടാവുന്നുണ്ട്. ഈ ചിദാഭാസ(അല്ലെങ്കിൽ ചിത്ഛായ)നാണ് നമുക്ക് വസ്തുബോധമുണ്ടാക്കുന്നത്. അതായത് ചിദാഭാസചൈതന്യം ആ ചിത്തവൃത്തിയുമായി യോജിക്കുമ്പോൾ ആ വൃത്തിയെ നാം “അറിയുന്നു”. അതായത് നമുക്കവസ്തുബോധമുണ്ടാകുന്നു. ഇതിനെ “ഫലവ്യാപ്തി”യെന്നു പറയും. രൂപമോ, ശബ്ദമോ സ്പർശമോ രുചിയോ ഗന്ധമോ, ഏതു ഇന്ദ്രിയ ജ്ഞാനവും ജനിക്കുന്നത് ചിദാഭാസൻ തദാ

കാരചിത്തവൃത്തിയെ പ്രകാശിപ്പിക്കുമ്പോളാണ്. ചുരുക്കത്തിൽ പ്രത്യക്ഷജ്ഞാനമെന്നാൽ ബുദ്ധിവൃത്തിയും ചിദാഭാസനും ചേർന്നതാണ്.

ശങ്കരാചാര്യൻ ഇതിനെ ഇങ്ങനെ വിശദീകരിക്കുന്നു

“ആത്മനഃസച്ചിദംശശ്ച
ബുദ്ധേ വൃത്തിരിതി ദ്വയം
സംയോജ്യ ചാവിവേകേന
ജാനാമീതി പ്രവർത്തതേ”

അതായത് ആത്മാവിന്റെ ചൈതന്യവും ബുദ്ധിയിലെ വിഷയാകാരവൃത്തിയും അവിദ്യയാൽ ചേരുമ്പോൾ വിഷയജ്ഞാനം ജനിക്കുന്നു. ഇതിൽ ബുദ്ധിയിലുണ്ടായ വിഷയാകാര വൃത്തി വസ്തുവിനെ കുറിച്ചുള്ള അജ്ഞാനം നീക്കം ചെയ്യുന്നു. ചിതാഭാസചൈതന്യം മൂലം വസ്തു “അറിയപ്പെടു”ന്നു.

ഞാൻ എന്ന വ്യാവഹാരിക സത്തയും, ഭൗതിക പദാർത്ഥങ്ങൾ, കാമം, രാഗം, ക്ഷോഭം മുതലായ മാനസിക വികാരങ്ങൾ മുതലായവയെല്ലാം നാമറിയുന്നതു ചിദാഭാസസഹിതങ്ങളായ വൃത്തികളിലൂടെയാണ്. നമ്മുടെ പ്രപഞ്ചം വൃത്തികളാണ്. നമ്മുടെ സ്വരൂപമായ ചിദാനന്ദത്തെ നമ്മിൽ നിന്ന് മറയ്ക്കുന്നതും ഈ വൃത്തികളാണ്. അതായത് അജ്ഞാനം രൂപമെടുക്കുന്നത് ഈ ചിത്തവൃത്തികളായാണ്. ബ്രഹ്മത്തെയറിയേണ്ടതും പ്രായേണ ഈ പ്രക്യയയിൽ കൂടിത്തന്നെയാണ്. വിഷയാകാര വൃത്തിക്കു പകരം ബ്രഹ്മാകാര (അഖണ്ഡാകാര) വൃത്തിയുണ്ടാക്കണമെന്നുമാത്രം. താൻ ബ്രഹ്മമാണെന്നുള്ള ബുദ്ധിവൃത്തി ചിദാഭാസ സഹിതം ബ്രഹ്മത്തിൽ വ്യാപിക്കുമ്പോൾ ആ വൃത്തി, ബ്രഹ്മത്തെ കുറിച്ചുള്ള അജ്ഞത നശിപ്പിക്കുന്നു. പക്ഷേ ചൈതന്യസ്വരൂപമായ ബ്രഹ്മത്തെയറിയാൻ ചിദാഭാസന്റെ ആവശ്യമില്ല. (സൂര്യനെ കാണാൻസൂര്യന്റെ പ്രതിബിംബം ആവശ്യമില്ലല്ലോ). അതായത്വിഷയജ്ഞാനത്തിലെ പോലെ“ഫലവ്യാപ്തി”യുണ്ടാവുന്നില്ല. പ്രസ്തുത ബുദ്ധിവൃത്തി ബ്രഹ്മത്തിൽ വ്യാപിക്കുന്നതോടെ ഒപ്പമുള്ള ചിദാഭാസൻ എന്ന അല്പചൈതന്യം പൂർണ്ണമായ ബ്രഹ്മചൈതന്യത്തോട് ചേരുന്നു. അങ്ങനെയാണ് നാം ആത്മാവിനെ അറിയുന്നത്. അതു തന്നെയാണ് ആത്മസാക്ഷാത്ക്കാരമെന്നു പറയപ്പെടുന്നത്. നമുക്ക് നീക്കം ചെയ്യേണ്ടതായിട്ടുള്ള അജ്ഞാനത്തിന്റെ ഒരു രൂപം “ഞാൻ” എന്ന ഭോക്താവാണ്. അതിന്റെ രൂപം എങ്ങിനെയാണെന്നു നോക്കാം. ഓരോ വസ്തുവിനും ശുദ്ധമായ ചിത്തം ജഡം എന്നീ അംശവുമുള്ളതു പോലെ, ഇപ്പോൾ ഞാൻ അറിയുന്ന “ഞാനി”നും രണ്ടംശമുണ്ട്. എന്നാൽ “ഞാനി”ന്റെ ജഡാംശം ഒരു പ്രത്യേകതരത്തിലുള്ളതാണ്. അത് ജഗത്തിൽ സാധാരണ കാണുന്ന പദാർത്ഥങ്ങളെ പോലെ സ്ഥൂലപഞ്ചഭൂതങ്ങളാൽ നിർമ്മിതമല്ല. അത് സൂക്ഷ്മായ അല്ലെങ്കിൽ അപഞ്ചീകൃതഭൂതങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ്. അത് അതിനിർമ്മലമായതിനാൽ അതിൽ ചൈതന്യത്തിന്റെ അംശം വീണയുടനെ അതിന്റെ പ്രതിബിംബമുണ്ടാവുന്നു. ആ ചിദായെന്നും ചിദാഭാസനെന്നും വിളിക്കുന്ന തത്ത്വം അന്തക്കരണത്തോട് ചേർന്ന് ശുദ്ധചിത്തോ എന്നാൽ തനി ജഡമോ അല്ലാത്ത ഒരു സത്തയെ ജനിപ്പിക്കുന്നു. അതാണ് അഹങ്കാരം (വേദാന്തത്തിൽ അഹങ്കാരമെന്നു പറയുന്നത് ശരീരത്തിലും മനസ്സിലുള്ള അഹം ബുദ്ധിയെയാണ്. അല്ലാതെ സാധാരണയായി അർത്ഥമാക്കാറുള്ള ഗർവ് എന്നതിനെയല്ല) എന്ന വിചിത്രമായ പ്രതിഭാസം. അന്തക്കരണത്തിന്റെ മറ്റു ഭാഗങ്ങളായ മനോബുദ്ധികളെ അതു തന്റെ ഉപകരണങ്ങളാക്കുന്നു. അങ്ങനെ സ്ഥൂലദേഹത്തിൽ ആത്മബുദ്ധിവെച്ച്, അത് താൻ കർത്താവും ഭോക്താവുമാണെന്ന് അഭിമാനിക്കുന്നു. (രമണമഹർഷി അഹങ്കാരത്തെക്കുറിച്ച് വളരെ നർമ്മം കലർന്ന ഒരു ഉദാഹരണം പറയാറുണ്ട്. ഒരു വിവാഹസമയത്ത് വധുവിന്റെയോ വരന്റെയോ ഭാഗത്തിൽ പെട്ടവനല്ലെങ്കിലും വിവാഹത്തിൽ പങ്കെടുത്ത് വിവാഹസദ്യ ആസ്വദിക്കുന്ന ഒരു വിരുതനെപ്പോലെയാണത്രെ അഹങ്കാരം. ചിത്തുമല്ല ജഡവുമല്ല, എന്നാൽ രണ്ടിനേയും പോലെ പെരുമാറുകയും ചെയ്യും)

ചുരുക്കത്തിൽ നമ്മുടെ അന്തക്കരണം ഞാൻ എന്ന ഭോക്താവായും വിഷയങ്ങൾ എന്ന ഭോജ്യങ്ങളുമായി, അജ്ഞാനവശാൽ വൃത്തിരൂപേണ പരിണമിക്കുന്നു.

ആത്മജ്ഞാനം ലഭ്യമാകാൻ ഈ വൃത്തികളിൽ നിന്ന് മോചനം നേടിയേ പറ്റൂ. അതിനു മോക്ഷശാസ്ത്രത്തിൽ രണ്ടു മാർഗ്ഗങ്ങൾ ഉപദേശിക്കപ്പെടുന്നുണ്ട്. ഒന്ന്, അഷ്ടാംഗയോഗത്തിലൂടെയും, മറ്റേത് ശ്രുത്യനുസരണമായ വിചാരത്തിലൂടെയും അഷ്ടാംഗയോഗത്തിന്റെ ആചാര്യനായ പതഞ്ജലിയുടെ യോഗസൂത്രങ്ങൾ ആരംഭിക്കുന്നത്.

“യോഗഃ ചിത്തവൃത്തി നിരോധഃ” എന്ന സൂത്രത്താലാണ് അതായത് യോഗമെന്നാൽ ചിത്ത

വൃത്തികളെ നിരോധിക്കുക അല്ലെങ്കിൽ ബഹിഷ്ക്കരിക്കുകയെന്നർത്ഥം പക്ഷേ യമം, നിയമം, ആസനം, പ്രാണായാമം പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ എട്ടംഗങ്ങളുള്ള യോഗശാസ്ത്രം അനുഷ്ഠിക്കുന്നത് ചിലർക്ക് ക്ലിഷ്ടമായി തോന്നിയേക്കാം. അവർക്ക് രണ്ടാമത് പറഞ്ഞ ചിത്ജഡവിവേകം എന്ന ജ്ഞാനയോഗം സ്വീകരിക്കാം. ശ്രവണം, മനനം, നിദിധ്യാസനം എന്നീ നിഷ്ഠകളുള്ള ആ മാർഗ്ഗവും എളുപ്പമാണെന്നു ധരിക്കരുത്. സാധനചതുഷ്ടയസമ്പത്തിനെ കരസ്ഥമാക്കി മനസ്സിനെ ആത്മാന്വേഷണത്തിനു തയ്യാറാക്കിയവർക്കേ ഫലപ്രദമായ രീതിയിൽ വിചാരം ചെയ്യാൻ സാധിക്കൂ. പൊതുവെ പറഞ്ഞാൽ ചിലർക്ക് ആദ്യം പറഞ്ഞ യോഗവും മറ്റു ചിലർക്ക് രണ്ടാമത്തേതായ ചിത്ജഡവിവേകവുമാണ് സ്വീകാര്യങ്ങളായി കണ്ടിട്ടുള്ളത്.

രണ്ടാമത് പറഞ്ഞ മാർഗ്ഗത്തെ വിശദീകരിക്കാം. പഞ്ചകോശവിവേകമാണ് പൊതുവെ നി ർദ്ദേശിക്കപ്പെടുന്ന ഒരു പദ്ധതി. അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം ആനന്ദമയം എന്നീ പഞ്ചകോശങ്ങളാലാണ് ചിത് സ്വരൂപമായ ആത്മാവ് ആച്ഛാദനം ചെയ്യപ്പെട്ടിട്ടുള്ളത്. നിശിതമായ ചിന്തകൊണ്ട് ഈ അഞ്ചും എനിക്കു വിഷയങ്ങളായതിനാൽ ഞാനല്ല എന്നും, ഞാൻ അവയുടെയൊന്നിന്റെയും സ്പർശം പോലുമില്ലാത്ത ശുദ്ധജ്ഞാനസ്വരൂപമാണെന്നും പ്രബലമായി സംശയാതീതമായി മനസ്സിലുറപ്പിക്കലാണ് ചിത്ജഡവിവേകം കൊണ്ടു സാധിക്കേണ്ടത്.

ഈ ചിത്തവൃത്തികൾ എങ്ങിനെയാണ് നമുക്ക് ബന്ധകാരണമാകുന്നത് എന്നു പരിശോധിക്കാം. അഹങ്കാരം ചിദാഭാസനോടും ലിംഗശരീരധാരിയാകുമ്പോൾ ജീവനെന്നു പറയുന്നത്. ആ ജീവൻ ശരീരത്തെ ഞാനാണെന്നഭിമാനിക്കുന്നു. കർമ്മങ്ങളുടെ കർത്തൃത്വം ഏറ്റെടുക്കുന്നതിനാൽ സുഖദുഖങ്ങളുടെ ഭോക്താവും ആയിത്തീരുന്നു. കർത്താവിനാണ് എപ്പോളും ഭോക്തൃത്വം. എല്ലാ കർമ്മങ്ങളുടെയും കർത്താ പ്രകൃതിയാണെങ്കിലും ജീവൻ അതിന്റെയെല്ലാം കർത്താവു താനാണെന്നും, കർമ്മങ്ങളുടെ പരിണിതഫലങ്ങളായ സുഖദുഖങ്ങൾ തന്റേതാണെന്നും ഭ്രമിച്ച് ക്ലേശിക്കുന്നു. ഗീതയിൽ ഇങ്ങനെ പറയുന്നു.

"പ്രകൃതേഃ ക്രിയമാണാനി
ഗുണൈ കർമ്മാണി സർവശഃ
അഹംകാര വിമൂഢാത്മാ
കർത്താഹമിതി മന്യതേ"

(എല്ലാ കർമ്മങ്ങളും ചെയ്യുന്നത് പ്രകൃതിയുടെ കാര്യങ്ങളായ ഇന്ദ്രിയങ്ങളാണ്. എന്നാൽ ഇന്ദ്രിയങ്ങളിൽ ആത്മബുദ്ധിയുള്ള അഹങ്കാര സഹിതനായ ജീവൻ താനാണ് കർത്താവെന്നു ഭ്രമിക്കുന്നു.) അതാണ് ജീവന്റെ ബന്ധം. കർത്താവിനാണ് കർമ്മഫലം. അതുകൊണ്ട് എല്ലാ കർമ്മഫലങ്ങളുടേയും ഭോക്താവ് ജീവനായി തീരുന്നു.

കർതൃത്വം ചിത്ജഡമായ ജീവനു മാത്രമേ ഉള്ള ധർമ്മമാണ്. ശുദ്ധമായ ചിത്തിനും ജഡമായ ശരീരാദികൾക്കും കർമ്മബന്ധമുണ്ടാവാൻ വയ്യ.

"ആത്മനോ വിക്രിയാ നാസ്തി
ബുദ്ധേ ബോധോ ന ജാത്വിതി
ജീവ സർവമലം ജ്ഞാത്വാ
ജ്ഞാതാ ദൃഷ്ടേതി മുഹ്യതി"

(ചിദ്രൂപമായ ആത്മാവിനു നിത്യപൂർണ്ണമായതിനാൽ ഫലം തരുന്ന കർമ്മങ്ങളുടെ ആവശ്യമില്ല. ജഡമായ ബുദ്ധിക്കാകട്ടെ ചേതനയില്ലാത്തതിനാൽ സ്വയം കർമ്മം ചെയ്യാനുള്ള കഴിവുമില്ല. അതുകൊണ്ട് ഇതു രണ്ടുമല്ലാത്ത ജീവൻ താൻ കാണുന്നു അറിയുന്നു എന്ന് ഭ്രമിക്കുന്നു)

പരിമിതമായ ബുദ്ധിയുപയോഗിച്ച് ദുർബലമായ കാരണങ്ങളാൽ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം അനന്തമായ സുഖമാവാൻ വയ്യ. അത് ഒരിക്കലും തൃപ്തി തരാനും പോകുന്നില്ല. അതുകൊണ്ട് ജീവൻ എപ്പോളും ദുഖിതൻ തന്നെ.

ഈ ബന്ധനം നാം ഉണ്ടാക്കിയതാണ്. അതിൽ നിന്ന് സ്വയം രക്ഷപ്പെടണം. ഭഗവാൻ ഗീതയിൽ ഇങ്ങിനെ പറയുന്നുണ്ട്.

"തത്വവിത്തു മഹാബാഹോ
ഗുണകർമ്മ വിഭാഗയോ
ഗുണാ ഗുണേഷു വർത്തന്തേ
ഇതി മത്വാ ന സജ്ജതേ"

(വിവേകി കർമ്മങ്ങളെന്നാൽ ഗുണങ്ങൾ തമ്മിൽ ചേരുന്നതാണ്. ചൈതന്യമാത്രരൂപനായ എനിക്ക് കർമ്മങ്ങളായി ഒരു ബന്ധവുമില്ലെന്നു മനസ്സിലാക്കി കർമ്മബന്ധങ്ങളിൽ പെടുന്നില്ല).

ഇപ്പറഞ്ഞതിൽ നിന്ന് സംസാരദു:ഖങ്ങളിൽ നിന്ന് മുക്തമാവാൻ താൻ, ശരീരേന്ദ്രിയങ്ങളിൽ നിന്ന് വ്യതിരിക്തമായ ആനന്ദരൂപമായ ചിദാത്മാവാണെന്നും ദു:ഖരൂപമായ പ്രപഞ്ചത്തോട് തനിക്ക് ഒരു ബന്ധമില്ലെന്നും ബോധിക്കയേ വഴിയുള്ളൂ.

ഇത് താത്ത്വികമായ (theoratically) ബോധിക്കാൻ വലിയ പ്രയാസമില്ല. കാരണം ശരീരം, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നിവയെ വിഷയീകരിക്കാൻ സാധിക്കും. എനിക്കു വിഷയമാകുന്നതൊന്നും ഞാനാവാൻ വഴിയില്ലല്ലോ. ചൈതന്യമായ ആത്മാ എപ്പോഴും വിഷയിയാണ്. അത് ഒരിക്കലും എന്നിൽ നിന്നു വേറിട്ടു നിൽക്കുന്നില്ല. അതിനാൽ ശരിയായ ഞാൻ അതാണ്. എന്നാൽ, ഈ വിജ്ഞാനം പ്രയോഗത്തിൽ കൊണ്ടുവരുന്നത് ഒരു പുൽക്കൊടി ഉപയോഗിച്ച് സമുദ്രം വറ്റിക്കുന്നതിനേക്കാളും മേരുപർവതം വെറും കൈകളാൽ പൊക്കുന്നതിനേക്കാളും വിഷമമേറിയതാണെന്ന് ജ്ഞാനികൾ തന്നെ പറയുന്നു. കാരണം താൻ ശരീരമാണെന്നും, കർമ്മേന്ദ്രിയങ്ങളാൽ ചെയ്യുന്ന കർമ്മങ്ങളുടെയെല്ലാം കർത്താവാണെന്നും കണക്കറ്റ പൂർവ്വ ജന്മങ്ങളായി നാം വിശ്വസിച്ചു പോരുന്നതാണ്. മാത്രമല്ല ഇന്ദ്രിയവിഷയങ്ങൾ സത്യമാണെന്നും അവ തനിക്ക് സുഖം തരാൻ പ്രാപ്തമാണെന്നും നാം വിശ്വസിക്കുകയും വിഷയങ്ങളോട് ഉത്ക്കടമായ ആസക്തി വെച്ചു പുലർത്തുകയും ചെയ്യുന്നു. എന്നാലും ഭഗവാൻ പറയുന്നു ആത്മജ്ഞാനത്തിലേക്കുള്ള മാർഗ്ഗം പോലും മധുരമാണ് എന്ന്, ഭഗവാനിൽ വിശ്വാസമർപ്പിച്ചാൽ ഭഗവാൻ തന്നെ ആത്മസാക്ഷാത്ക്കരണത്തിനു നമ്മെ സഹായിക്കുമെന്ന് ഗീതയിൽ പല സ്ഥലങ്ങളിൽ, പല രീതിയിൽ പറയുന്നുണ്ട്. മാത്രമല്ല, ധ്രുവൻ പ്രഹ്ലാദൻ മുതലായ ബാലന്മാർ പോലും സാക്ഷാത്ക്കരിച്ച സത്യം, നമുക്ക് അപ്രാപ്യമാവില്ല എന്നു വിശ്വസിക്കണം.

ആത്മജ്ഞാനമൊന്നുകൊണ്ടു മാത്രമാണ് സംസാരം നശിക്കുന്നത്

“രജ്ജുസർപ്പവദാത്മാനം
ജീവം ജ്ഞാത്വാ ഭയം വഹേത്
നാഹം ജീവ പരമാത്മേതി
ജ്ഞാതശ്ചേ നിർഭയോ ഭവേത്”

(കയറിനെ പാമ്പാണെന്ന് തെറ്റിദ്ധരിക്കുന്നതു പോലെ ആത്മാവിനെ ജീവനെന്നു ധരിച്ചതിനാലാണ് നാം പരിഭ്രാന്തരാവുന്നത്. അതുകൊണ്ട് താൻ ജീവനല്ല ചിദാത്മാവാണെന്ന സത്യം മനസ്സിലാക്കി നിർഭയനായിത്തീരുക).

ഇതിന് മനസ്സിൽ നിന്നു വിഷയാകാരവൃത്തികളെ ബഹിഷ്ക്കരിക്കേണ്ടതുണ്ട്. അത് ഘട്ടംഘട്ടമായി ചെയ്യേണ്ട ഒന്നാണ്. മനോവൃത്തികൾ, അവയുടെ സത്വരജതമോഗുണങ്ങളനുസരിച്ച് ശാന്തം, ഘോരം, മൂഢം എന്നിങ്ങനെ മൂന്നു തരത്തിലുണ്ട്. ഇവയിലെ ഘോരമൂഢവൃത്തികൾ മനസ്സിൽ രജോഗുണവും തമോഗുണവും നിറയുമ്പോളാണ് ഉണ്ടാകുന്നത്. ആ വൃത്തികളെ ഒരിക്കലും വളരാനനുവദിക്കരുത്. അത് നമ്മുടെ ആത്മസ്വരൂപത്തെ പാടെ മറയ്ക്കുന്നു. കാമം ക്രോധം എന്നിവയുടെ വൃത്തികൾ രജോഗുണത്താലും അസൂയ, വെറുപ്പ് എന്നിവ തമോഗുണത്താലും ഉണ്ടാകുന്നു. എന്നാൽ സത്വപ്രധാനമായ ശാന്തവൃത്തികൾ മനസ്സിനെ പ്രസന്നമാക്കുന്നു. ഉദയത്തിനു മുമ്പ് ഉണർന്ന് പൂജാദികൾ ചെയ്യുക. ഇഷ്ടദേവതയുടെ നാമങ്ങൾ ചൊല്ലുക. ക്ഷേത്രദർശനം നടത്തുക സജ്ജനസമ്പർക്കം ചെയ്യുക എന്നിവ മനസ്സിൽ ശാന്തവൃത്തികൾ നിറയ്ക്കും. വേറെയും ഉപായങ്ങൾ തോന്നുന്നുണ്ടെങ്കിൽ അവയുമാവാം. മനസ്സിൽ സത്വഗുണം നിറയ്ക്കുക. സത്ചിദാനന്ദമായ ആത്മാവിന്റെ ചിദ്ഭാവം എല്ലാ മനോവൃത്തികളിലും പതിക്കുന്നുണ്ടെങ്കിലും, ആനന്ദാംശം ശാന്തവൃത്തികളിൽ മാത്രമേ പ്രതിഫലിക്കുന്നുള്ളൂ. ആ വൃത്തികളെ പ്രിയം മോദം പ്രമോദം എന്നിങ്ങനെ വിളിക്കുന്നു. രജതമോവൃത്തികൾ നീങ്ങി ഈ വൃത്തികൾക്ക് പ്രാബല്യം കിട്ടുമ്പോളാണ് മനസ്സിനു ലാഘവം കിട്ടുന്നത്. അപ്പോൾ പ്രസാദം നിറയുകയും മനസ്സ് ആത്മോന്മുഖമാകുകയും ചെയ്യുന്നു. അപ്പോൾ നമുക്ക് സ്വാധ്യായം ചെയ്യാനും ധ്യാനത്തിൽ ഏർപ്പെടാനുമൊക്കെയുള്ള ആഗ്രഹം ജനിക്കുകയും ചെയ്യും രജതമോഗുണങ്ങളെ ഭ്രഷ്ടമാക്കി മനസ്സ് ശാന്തവൃത്തിരൂപമാക്കിയില്ലെങ്കിൽ ഒരു ആത്മസാധനയും ചെയ്യാൻ സാധിക്കുന്നതല്ല. എന്നാൽ ആ വൃത്തികളേയും അവസാനഘട്ടത്തിൽ നിവർത്തിക്കേണ്ടതുണ്ട്.

കാരണം നാം അന്വേഷിക്കുന്നത് കലർപ്പില്ലാത്ത നിത്യാനന്ദമാണ്. ശാന്തവൃത്തികൾ വേഗം ഒഴിഞ്ഞു തരും. അവയും ഒഴിയുമ്പോൾ നമുക്കു നമ്മുടെ സ്വരൂപമായ ചിദാനന്ദത്തെ സാക്ഷാത്ക്കരിക്കാം. വാസ്തവത്തിൽ തന്റെ സ്വരൂപമായ ഈ ആനന്ദഘനത്തെ പ്രാപിക്കാനാണ് ജന്മജന്മാന്തരങ്ങളായി ജീവൻ പരിശ്രമിക്കുന്ത്. പക്ഷേ അവിവേകത്താൽ തെറ്റായ സ്ഥലങ്ങളിലാണ് തിരയുന്നതെന്നു മാത്രം. അതുകൊണ്ട് നമ്മുടെ ശ്രമങ്ങൾ വിഫലമാകുകയും ചെയ്യുന്നു.

"ആത്മസംസ്ഥം മനഃകൃത്വാ

ന കിഞ്ചിതപി ചിന്തയേത്" എന്നാണ് ഭഗവാൻ ഗീതയിൽ പറയുന്നത്.

വൃത്തിരഹിതമായ ആത്മാവിൽ മനസ്സുറപ്പിച്ച് വേറെയൊന്നും ചിന്തിക്കാതിരിക്കുക. ഭഗവാന്റെ ഇപ്പറഞ്ഞ സർവോത്കൃഷ്ടമായ ഉപദേശം സദാ ഓർമ്മിക്കുക, സദാ മനനം ചെയ്യുക, മനസ്സിനെ ചിദ്സ്വരൂപമായ ആത്മാവിൽ ഉറപ്പിച്ച് ഒരു ഇതരവൃത്തിയും മനസ്സിൽ വരാതെ സൂക്ഷിക്കുക.

ഞാൻ അഹങ്കാരമോ ജീവനോ അല്ല, ഞാൻ അസംഗനും സത്ചിദാനന്ദമായ ബ്രഹ്മമാണെന്നുമുള്ള അറിവാണ് ആത്മജ്ഞാനം. ആ ജ്ഞാനം സാക്ഷാത്ക്കരിക്കലല്ലാതെ ദുഃഖനിവൃത്തിക്ക് വേറെയൊരു മാർഗ്ഗവുമില്ല എന്ന് ശ്രുതി.

"തമേവം വിദ്വാനമൃത ഇഹ ഭവതി, നാന്യ പന്ഥാ വിദ്യതേയനായ"

(ആത്മബ്രഹ്മ ഐക്യം അറിഞ്ഞവൻ മാത്രം ദുഖത്തെ മറി കടക്കുന്നു. ആ ജ്ഞാനമല്ലാതെ ഇതിനു വേറെ മാർഗ്ഗമില്ല)

ഈ സത്യം "തത്വമസി" മുതലായ മഹാവാക്യങ്ങളാൽ ശ്രുതി നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. ഈശ്വരപ്രോക്തമായ ശ്രുതി എല്ലാവരാലും അംഗീകരിക്കപ്പെടേണ്ടതാണ്. മാത്രമല്ല, ഞാൻ സച്ചിദാനന്ദമായ ബ്രഹ്മമാകാനേ നിവൃത്തിയുള്ളൂ എന്ന് യുക്തികൊണ്ടും നമുക്ക് ബോധിക്കാവുന്നതാണ്.

"അദ്വൈതമകരന്ദ"ത്തിലെ

യുക്തിഭദ്രമായ ഈ വരികൾ നോക്കൂ

"അഹമസ്മി സദാ ഭാതി

കദാചിന്നമഹപ്രിയ

ബ്രഹ്മൈവാഹമതഃസ്സിദ്ധം

സച്ചിദാനന്ദ ലക്ഷണം"

ഈ വരികളിലെ യുക്തി അനിഷേധ്യമാണ്. തന്റെ ആത്മാവു മാത്രമേ സത്യമായുള്ളൂ. വിഷയങ്ങളെയെല്ലാം താനല്ല എന്ന് "നേതി, നേതി" എന്നിങ്ങനെ നിരാകരിക്കാം. എന്നാൽ ആർക്കും. തന്നെത്തന്നെ നിഷേധിക്കാൻ സാദ്ധ്യമല്ല. മാത്രമല്ല, എനിക്ക് ഞാനുണ്ടെന്നറിയാൻ ഒരു പ്രമാണത്തിന്റെയും ആവശ്യമില്ല. ഞാൻ എനിക്ക് സ്വതഃസ്സിദ്ധമാണ്. ഇപ്പറഞ്ഞ കാരണങ്ങളാൽ ഞാൻ "സത്" എന്ന ഉണ്മയാണ്.

അതുപോലെ പ്രകാശിക്കുക എന്നത് എന്റെ സ്വഭാവമാണ്. മറ്റെന്തിനെയും പ്രകാശിപ്പിക്കുന്നതും ഞാൻ തന്നെ. സൂര്യാദികൾ പോലും പ്രകാശിക്കുന്നത് എന്റെ വെളിച്ചത്തിലാണ്. ഒരാൾ കണ്ണുകളടച്ചാൽ പിന്നെ അയാളെ സംബന്ധിച്ചേടത്തോളം സൂര്യനില്ല. അതുകൊണ്ടാണ് ശ്രുതി പറയുന്നത്

"തമേവ ഭാന്തമനുഭാതി

സർവ്വം തസ്യ ഭാസാ സർവ്വമിദം വിഭാതി" (ആത്മാ മാത്രം പ്രകാശിക്കുന്നു ബാക്കിയെല്ലാം പ്രകാശിക്കപ്പെടുന്നു) എന്ന്. അതുകൊണ്ട് ഞാൻ "ചിത്തും" ആണെന്ന് തെളിഞ്ഞു.

നമുക്കു സുഖം തരുന്ന വസ്തുവാണ് നമുക്കു പ്രിയമായിരിക്കുക. എനിക്ക് ഏറ്റവും പ്രിയമായിട്ടുള്ളത് ഞാൻ തന്നെയാണ്. തനിക്കു വേണ്ടി മററുള്ളവയെ ഉപേക്ഷിക്കുകയല്ലാതെ, മറ്റെന്തിനെങ്കിലും വേണ്ടി ആരും തന്നെത്തന്നെ ഉപേക്ഷിക്കാറില്ല. എനിക്ക് എന്നോട് പരമ പ്രേമമാണെന്നുള്ളതിനാൽ ഞാൻ നിരതിശയസുഖ സ്വരൂപനാണെന്നുറപ്പിക്കാം.

ഇത്തരത്തിൽ ഞാൻ

സത്ചിദാനന്ദമാണെന്ന് ശ്രുതി പറഞ്ഞത്. യുക്തികൊണ്ടും സ്ഥാപിതമായി. ഇത് മഹത്തുക്കൾക്ക് അനുഭവമായിട്ടുണ്ടെന്നതിനു വേണ്ടുവോളം തെളിവുകളുണ്ട്. അങ്ങനെ ഞാൻ സച്ചിദാനന്ദ ബ്രഹ്മമാണെന്ന് ശ്രുതിയാലും യുക്തിയാലും അനുഭവത്താലും വ്യക്തമായി.

***

# പഞ്ചമഹാഭൂതങ്ങളിൽ ഒന്നായ പ്രാണനെക്കുറിച്ച്

**ആശാലത. കെ. എസ്. – 8547001958**

*ആയുർവേദം അനുസരിച്ച് ഈ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും നിർമ്മാണത്തിൽ അഞ്ച് അടിസ്ഥാനഘടകങ്ങൾ അടങ്ങിയിരിക്കുന്നു. ഭൂമി അഥവാ പൃഥി, ജലം, അഗ്നി, വായു, ആകാശം എന്നിവയാണ് അവ. ഇവയെ പഞ്ചമഹാഭൂതങ്ങൾ എന്നു വിളിക്കുന്നു. ജീവനുള്ളതും ഇല്ലാത്തതുമായ വസ്തുക്കളും ഇപ്രകാരം ഉള്ള ചെറിയ മൂലകങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഒന്നോ അതിലധികമോ മൂലകങ്ങളുടെ അസന്തുലിതാവസ്ഥയാണ് ആരോഗ്യത്തെ അനാരോഗ്യത്തിലേക്ക് എത്തിക്കുന്നത്. ഇവയെ സന്തുലിതമാക്കുന്നതിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാനും സാധിക്കും. സാത്വിക ഭക്ഷണം, സദ്ചിന്തകൾ, സദ്സംഗമങ്ങൾ മുതലായവകൊണ്ട് ഒരു പരിധിവരെ രോഗങ്ങൾ കീഴടക്കാതെ നമുക്ക് ജീവിക്കാൻ സാധിക്കും.*

## പ്രാണൻ

ഭാഗവതപുരാണത്തെ അവലംബിച്ചു പറയുമ്പോൾ സൃഷ്ടിയുടെ ആദ്യത്തെ പടി വിരാട് പുരുഷനാണ്. വിരാട് പുരുഷൻ ജലത്തിൽ ശയിച്ചിരുന്നുവെന്നും തന്നാൽ തന്നെ സൃഷ്ടിക്കപ്പെട്ട ജലത്തിൽ ആയിരം സംവത്സരം വസിച്ചതിനാൽ "നാരം" എന്ന് പേർ സിദ്ധിക്കുകയുണ്ടായി എന്നും വിശ്വസിക്കപ്പെടുന്നു. നരനിൽ നിന്നുള്ള ജലം എന്നാണ് നാരത്തിന്റെ അർത്ഥം. ആ നാരത്തിൽ (ജലത്തിൽ) ശയിച്ചതു കൊണ്ട് അദ്ദേഹത്തിന് നാരായണൻ എന്ന പേരുണ്ടായി. ഇനി സൃഷ്ടിയിൽ പലവിധമായി ഭവിക്കേണമെന്നുള്ള സങ്കൽപ്പത്തിനാൽ മായ കൊണ്ട് സ്വശരീരം മൂന്നായി വിഭജിച്ചു. അതിന് ഇന്ദ്രിയശക്തി, മനശക്തി, ദേഹശക്തി എന്നിങ്ങനെ നാമവുമായി. പിന്നീടാണ് ചൈതന്യവത്തായ പ്രാണൻ ജനിച്ചത്. അതാവട്ടെ സൂക്ഷ്മരൂപത്തിൽ നിന്നാണ് ഉണ്ടായത്.

പ്രാണൻ മുഖ്യമായ ഘടകം ആയിത്തീർന്നതിനും കാരണം പറയുന്നു. അത് ഇപ്രകാരമാണ്. പ്രാണൻ ജീവാധാരവും, ഇന്ദ്രിയങ്ങളെല്ലാം അതിനെ അനുസരിക്കുന്നതുമാണ്. അങ്ങനെ പ്രാണൻ ശരീരമദ്ധ്യത്തിൽ ചലിച്ചപ്പോൾ വിശപ്പും ദാഹവും ഉണ്ടായി. ഭുജിക്കണമെന്ന ഇച്ഛയുണ്ടായപ്പോൾ ദേവന് ആദ്യത്തെ മുഖമുണ്ടായി. അനന്തരം നാനാവിധങ്ങളായ രസങ്ങൾ ഉണ്ടായി. അവ അമ്ലം, കടുമധുരം, തിക്തം, കഷായം, ക്ഷാരം എന്ന വിധത്തിലാണ് ആറു രസങ്ങൾ.

പ്രാണവായു ഉപയോഗിക്കാനുള്ള ആവശ്യത്തിനായി നാസാദ്വാരങ്ങൾ ഉണ്ടായി. വാസനയെ ഗ്രഹിക്കണമെന്നുള്ള പുരുഷസങ്കൽപമാണ് ഇതിനു പിന്നിൽ.

ശരീരത്തിന്റെ നാഡികളിലൂടെ പ്രവഹിക്കുന്ന ശക്തിയാണ് പ്രാണൻ. അതിനെ ശരീരത്തിന്റെ ഊർജ്ജം, ശക്തി ജീവന്റെ സത്ത് എന്നു പറയാം. അത് ജീവനുള്ള എല്ലാ വസ്തുക്കളിലും ഉള്ളതാണ്. അതേ പ്രാണൻ തന്നെയാണ് ലോകത്തേയും സ്വബോധത്തേയും മനസ്സിനേയും തമ്മിൽ ബന്ധിപ്പിക്കുന്നത്.

സ്വാമി ശിവാനന്ദജി പറയുന്നത് ഏറ്റവും സൂക്ഷ്മമായ ചൈതന്യവത്തായ ശക്തിയാണ് പ്രാണൻ. എന്നാണ്. ഭൗതിക തലത്തിൽ ചലന

മായും പ്രവൃത്തിയായും ഉള്ള പ്രാണൻ മാനസിക തലത്തിൽ ചിന്തയായും കാണപ്പെടുന്നു. വെളിച്ചവും ചൂടും കാന്തിക ശക്തിയും വൈദ്യുത ശക്തിയും എല്ലാം പ്രാണന് ഉദാഹരണങ്ങളാണ്.

പുരാണത്തിൽ പ്രാണന് അഞ്ച് പിരിവുകളാണ് ഉള്ളത്. പ്രാണൻ, അപാനൻ ഉദാനൻ, വ്യാനൻ സമാനൻ എന്നിങ്ങനെയാണ് അവ.

ഇനി ഇവയ്ക്ക് 5 ഉപ പിരിവുകളും ഉണ്ട്. നാഗൻ, കൂർമ്മൻ, ദേവദത്തൻ, കൃകരൻ ധനഞ്ജയൻ ഇപ്രകാരം. അങ്ങനെ വിരാട് പുരുഷനിൽ പത്തുവിധമായ പ്രാണാദി വായുവികാരങ്ങൾ വസിക്കുന്നു.

നിങ്ങളുടെ പ്രാണൻ ശ്വാസത്തിൽ ഇരിക്കും എന്നാൽ ശ്വാസോഛ്വാസം എന്നാൽ പ്രാണനല്ല. ഉദാഹരിച്ചാൽ നമുക്ക് ഇപ്രകാരം പറയാനാവും. ശ്വാസം ഒരു വാഹനമായാൽ പ്രാണൻ അതിലെ യാത്രികനാവും.

ഈ പ്രാണശക്തിയെ, നമ്മുടെ പ്രാണോർജ്ജത്തെ വിശ്വവ്യാപകമായിരിക്കുന്ന ദൈവിക ശക്തിയിലേക്ക് ലയിപ്പിച്ച് ചികത്സിക്കുന്ന ഒരു സമ്പ്രദായം ഉണ്ട്. അതിന്ന് റെയ്കി എന്നു പറയുന്നു. നമ്മുടെ മഹാമുനികൾ വൈദിക കാലങ്ങളിൽ ഇപ്രകാരം ചികിത്സ ചെയ്തിരുന്നത് ഒരു സത്യം മാത്രമാണ്. പിന്നീട് അത്. വിദേശത്തേക്ക് കൊണ്ടുപോകപ്പെടുകയും. തിരികെ ഒരു ജാപ്പനീസ് ചികിത്സാരീതിയായി ഭാരതത്തിലേക്ക് മടങ്ങി എത്തുകയും ചെയ്തു. ശരീരത്തിലെ നാഡികളിലൂടെ ഒഴുകുന്ന ഊർജ്ജപ്രവാഹം തടസ്സപ്പെടുമ്പോഴാണ് നമുക്ക് രോഗാവസ്ഥയുണ്ടാകുന്നത്. ഇതാകട്ടെ ചക്രവ്യൂഹങ്ങളിൽ വിവിധതരം അഴുക്കുകൾ അടിഞ്ഞു കൂടുമ്പോഴാണ്. ചക്രവ്യൂഹങ്ങളെയും നാഡീവ്യൂഹത്തേയും നമുക്ക് ശുദ്ധീകരിക്കാനാവും.

ശ്വാസോഛ്വാസം നിയന്ത്രിച്ച് നമുക്ക് ഉയരങ്ങൾ കീഴടക്കാനാവും അതെങ്ങിനെയെന്നു പറയാം. ശ്വാസോഛ്വാസം നിയന്ത്രിക്കുമ്പോൾ നമ്മുടെ പ്രാണശക്തിയെക്കൊണ്ട് മനസ്സിനെ നിയന്ത്രണത്തിലാക്കാനാവും. നിയന്ത്രണത്തിലുള്ള മനസ്സ്, ശരീരത്തെ, അതിന്റെ ചലനങ്ങളെ നിയന്ത്രിക്കും. അങ്ങിനെ ചിത്തശക്തിയും ആത്മശക്തിയും നിയന്ത്രിച്ച് ക്രിയാശക്തി വേണ്ടവിധത്തിൽ ഉപയോഗയോഗ്യമായ രീതിയിൽ മാറ്റാനാവും.

അഷ്ടാംഗ യോഗത്തിലെ പ്രാണായാമം എന്ന ആസനത്തിൽ ചെയ്യുന്നത് ഇതു തന്നെയാണ്. നല്ല ചിന്തകൾ, പ്രവൃത്തികൾ, നല്ല ഭക്ഷണം ഇവയാൽ പരിപാലിപ്പിക്കപ്പെടുന്ന ശരീരം തന്റെ ശ്വാസോഛ്വാസനിയന്ത്രണത്തിലൂടെ നമ്മുടെ ആവശ്യമുള്ള കർമ്മങ്ങളിലേക്ക് നമ്മെ നയിക്കും. അതിനെയാണ് ക്രിയാശക്തി എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ക്രിയാശക്തിയെ വേണ്ട വിധത്തിൽ ഉപയോഗിച്ച് നമുക്ക് ഉയരങ്ങൾ കീഴടക്കാനാവും.

അടുത്തതായി ഈ പ്രാണശക്തി എവിടെ നിന്നു ലഭിക്കുമെന്ന് നോക്കാം. പരമമായ ശക്തിസ്രോതസ്സായ സൂര്യനിൽ നിന്നും പ്രത്യക്ഷമായും സൂര്യരശ്മികൾ പതിക്കുന്ന ജലത്തിൽ നിന്നും പരോക്ഷമായും നമുക്ക് പ്രാണശക്തി ലഭ്യമാകും. അതാണ് ദിവസാരംഭത്തിൽ ജലത്താൽ ആചമനം ചെയ്തുകൊണ്ട് പ്രഭാതവന്ദനം നടത്തുന്നത് ഇത് ഋഷിമാരുടെയും ഉപാസകരുടെയും ശീലമായി കാണപ്പെടുന്നത്.

ചുരുക്കത്തിൽ പ്രാണൻ എന്നത് ശ്വാസം തന്നെയാണ്. അത് പരമാത്മാവിന്റെ സൂക്ഷ്മരൂപത്തിലുള്ള ശക്തി തന്നെയാണ്.

****

മിനിക്കഥ

## രീതികൾ

ഉണ്ണിവാരിയത്ത്

എന്തിനും ഒരു രീതി വേണമല്ലോ. അങ്ങനെ, നടപ്പുരീതിയുണ്ടായി.
അതേസമയം അതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് നടക്കാത്ത രീതിയുണ്ടായി.
തുടർന്ന്, ദുർന്നടപ്പു രീതിയുണ്ടായി.
അപ്പോഴും, നടപ്പിലാക്കേണ്ട രീതി എന്താണെന്ന് ആരും അറിയാതെ പോയി. ആലോചിക്കാതെ പോയി, അവലംബിക്കാതെ പോയി. അങ്ങനെ, ഒക്കെ പോക്കാണെന്നു പറയുന്ന ഒരു രീതിയുമുണ്ടായി.

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി – 9447077203

സുഖാനുശയീ രാഗ:
ദു:ഖാനുശയീ ദ്വേഷ:
സുഖത്തെ അനുഗമിക്കുന്നതാണ് രാഗം
ദു:ഖത്തെ അനുഗമിക്കുന്നത് ദ്വേഷവും.

യോഗ ദർശനത്തിന്റെ രണ്ടാം അധ്യായം ആരംഭിക്കുന്നത് ക്രിയാ യോഗത്തിലാണ്. അതിന്റെ ഫലം സമാധി ഭാവനയും ക്ലേശതനൂകരണവുമാണ്. ക്ലേശതനൂകരണത്തിനു ക്ലേശമെന്തെന്നറിയേണ്ടേ? അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നീ അഞ്ചെണ്ണമാണ് ക്ലേശമെന്ന് തുടർന്ന് പറയുന്നു. അവയൊരോന്നും എന്ത് എന്നതാണ് അടുത്ത ചോദ്യം. അവിദ്യ, അസ്മിത എന്നിവ എന്തെന്ന് കഴിഞ്ഞ സൂത്രങ്ങളിൽ വിശദീകരിച്ചു. ഇതിൽ രാഗ-ദ്വേഷങ്ങൾ എന്ത് എന്നു വിവരിക്കുന്നു.

കാറിൽ സ്ഥിരം സഞ്ചരിക്കുന്നവർക്ക് നല്ല ദോശ കിട്ടുന്ന വഴിയോര ഹോട്ടലുകളെ കുറിച്ച് നല്ല അറിവുണ്ടാകും. വിശപ്പടക്കേണ്ട സമയമാണെങ്കിൽ അവിടെയെത്തുമ്പോൾ കാർ നിന്നുപോകും.

എന്തുകൊണ്ടാണിത് സംഭവിക്കുന്നത്? ഒരിക്കൽ അനുഭവിച്ച സുഖം ആവർത്തിക്കുവാൻ നമുക്ക് ഒരു മോഹം സ്വാഭാവികമാണ്. ഇതാണ് രാഗം എന്നു പറയപ്പെടുന്നത്. മറിച്ചായാൽ ദുഖവും അപ്പോൾ ദ്വേഷം വരും. വാസ്തവത്തിൽ ഈ രാഗ-ദ്വേഷങ്ങളാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്. കുറച്ചു കൂടുതൽ സുഖം വരാനിരിക്കുന്നതേയുള്ളൂ എന്ന പ്രതീക്ഷയാണ് ജീവിതം.

സുഖം അഥവാ സന്തോഷമെന്നാൽ എന്താണ്?

മുത് പ്രീതി പ്രമദോ ഹർഷ
പ്രമോദാ മോദ സമ്മദാ
അനന്ദഥു ആനന്ദ
ശർമ ശാത സുഖാനിച (അമരകോശം)

മുദ്, പ്രീതി, പ്രമദം മുതലായ 12 വാക്കുകൾ സുഖത്തിന്റെ പര്യായമാണ്.

ദു:ഖം ആമനസ്യം പ്രസൂതിജം
കഷ്ടം കൃച്ഛ്റം ആഭീലം (അമരകോശം)

ഈ ആറു വാക്കുകൾ ദു:ഖപര്യായങ്ങളാണ്.

നിരതിശയസുഖപ്രാപ്തിയാണ് ജീവിത ലക്ഷ്യമെന്ന് സാംഖ്യദർശനം പറയുന്നു. ദു:ഖ നിവാരണവും സ്വർഗ്ഗ സുഖം പോലും താരതമ്യം ഉള്ളതാണ്. എല്ലാ ദേവന്മാരുടെയും സുഖം ഒരുപോലെയല്ല.

ദു:ഖത്തിന്റെ അഭാവമാണ് സുഖം; സുഖത്തിന്റെ അഭാവമാണ് ദു:ഖം എന്നും പറയാം.

രാഗ-ദ്വേഷങ്ങൾക്ക് ഓർമ ഒരു ഘടകമാണ്. ഒരു പുതിയ അനുഭവം വരുമ്പോൾ പഴയതിനോടു താരതമ്യപ്പെടുത്തി മുമ്പിലത്തേതിലും സുഖം, അഥവ അതിലും കുറവു സുഖം എന്നു തീരുമാനിക്കുന്നത് ഓർമ്മയുടെ അടിസ്ഥാനത്തിലാണ്. സുഖാനുഭാവത്തിന്റെ ഓർമ്മ അതിനോട് മനസ്സിനെ ഒട്ടിക്കുന്നു. അതു തന്നെ രാഗം. മറിച്ചായാൽ ദ്വേഷവും. ഇതിന് അസ്മിത ഒരു കാരണമാണ്. ഞാൻ അനുഭവിച്ചു. എനിക്ക് ഇനിയും അനുഭവിക്കണം ദു:ഖത്തെ ഒഴിവാക്കണം എന്ന ത്വര അസ്മിതയുടെ ഫലമാണ്-അവിദ്യ അസ്മിതയ്ക്കു കാരണമായതുപോലെ.

ഓർമ്മകളാണ് സംസ്കാരമായിത്തീരുന്നത്. അത് ചിത്തത്തിൽ ഉറങ്ങിക്കിടക്കും. ഈ നിർവീര്യമെന്നു തോന്നിക്കുന്ന സംസ്കാരങ്ങൾ പോലും മനസ്സിനെയും ഇന്ദ്രിയങ്ങളെയും തത്സംബന്ധമായ വിഷയങ്ങളോട് അടുപ്പിക്കും. രാഗമുണ്ടാക്കും. വ്യക്തികൾക്ക് ചില വസ്തുക്കളോടും വ്യക്തികളോടും അകാരണമായ അടുപ്പത്തിനും പക്ഷപാതിത്വത്തിനും ഇത് വഴി വരുത്തും. അവിദ്യയും അസ്മിതയും അതിനു ചൂട്ടുപിടിക്കും. ആത്മാവിനെ ശരീരത്തിലും ഇന്ദ്രിയങ്ങളിലും കെട്ടിയിടാൻ ഈ ക്ലേശം സഹായിക്കും.

ദ്വേഷവും നമ്മെ കെട്ടിയിടും. സ്നേഹിതനെക്കാൾ നാം ഓർക്കുന്നത് ചിലപ്പോൾ ശത്രുക്കളെയാവും. പ്രതികാരദാഹം തിളച്ചുമറിയും. നാം മാനസികമായി കെട്ടപ്പെടും. പൊട്ടിക്കാൻ പറ്റാത്ത കെട്ട്.

രാഗമില്ലാത്ത അവസ്ഥയാണ് വിരാഗം. അതു തന്നെ വൈരാഗ്യം ചിത്തവൃത്തി നിരോധനത്തിന് പറയുന്ന രണ്ടുപായങ്ങൾ അഭ്യാ

സവും വൈരാഗ്യവുമാണല്ലൊ. സാധാരണ നിത്യജീവിതത്തിൽ പോലും വൈരാഗ്യം നന്മ കൊണ്ടുവരും.

രാഗം മൂത്താൽ കൊതിയും അത്യാഗ്രഹവും ആയിത്തീരും. ശരിയും തെറ്റും, ധർമ്മവും അധർമവും തിരിച്ചറിയാനാവാതാകും. അത്യാഗ്രഹം ക്രോധവും ഉണ്ടാക്കും. അതിൽ നിന്ന് ഇതികർത്തവ്യതാമൂഢത്വം വരും. ബുദ്ധി നശിക്കും. സർവനാശമാണ് ഫലം എന്ന് ഭഗവദ്ഗീത (2-62, 63) നമ്മെ പഠിപ്പിക്കുന്നു.

ഇന്ദ്രിയസ്യ ഇന്ദ്രിയസ്യ അർത്ഥേ
രാഗദ്വേഷാ വ്യവസ്ഥിതൗ
തയോർ ന വശമാഗച്ഛേത്
തൗഹി അസ്യ പരിപന്ഥിനൗ (ഭ.ഗീ 3-34)


രാഗവും ദ്വേഷവും ഇന്ദ്രിയങ്ങളുടെ വിഷയാനുഭവത്തിൽ നിന്നാണ്. അതിനു വശപ്പെടരുത്. അവ നന്മയുടെ മാർഗ്ഗത്തിൽ വിഘാതം സൃഷ്ടിക്കുന്നു എന്നും ഭഗവദ് ഗീത പറയുന്നു.

എന്നാൽ ജീവമുക്തന്റെ രാഗം മറ്റു സഹജീവികളെ സഹായിക്കുന്നതിലായിരിക്കും. അതു ദോഷം ചെയ്യുകയുമില്ല.

അത് വ്യക്തിപരമായ ലാഭത്തിനല്ല. അവിദ്യയിൽ നിന്നുണ്ടായതുമല്ല. അതുകൊണ്ടു തന്നെ അതു ക്ലേശവുമല്ല.

*****

## സാഹിത്യത്തെക്കുറിച്ചും പത്രപ്രവർത്തനത്തെക്കുറിച്ചും



ആർക്കുവേണ്ടിയാണ് നമ്മുടെ സാഹിത്യം അഹമ്മദാബാദിലെ യജമാനന്മാർക്കു വേണ്ടിയല്ല. അവർക്ക് വേണമെങ്കിൽ സാഹിത്യകാരന്മാരെ വിളിച്ചു വരുത്താം. വീട്ടിൽ ഒരു വായനശാല ഉണ്ടാക്കാം. എന്നാൽ ചീത്ത വിളിച്ചു കൊണ്ട് കാളകളെ കൂട്ടി കിണറ്റിൽ നിന്നും വെള്ളം വലിക്കുന്ന പാവപ്പെട്ടവന്റെ കാര്യമോ?....

നൂറുകണക്കിന് ആളുകൾ, ഗ്രാമങ്ങളിൽ ആ ജീവിതം നയിക്കുന്നു. ജീവദായിയായ സാഹിത്യമാണ് അവർക്കു വേണ്ടത്. സെഗാവിലാണ് ഇന്നു ഞാൻ താമസിക്കുന്നത്. അറുനൂറാണ് മൊത്തം ജനസംഖ്യ. ഇതിൽ പത്ത് ശതമാനത്തിനേ സാക്ഷരതയുള്ളൂ. അതിൽ തന്നെ പത്തുപേർക്കേ വായിക്കാനറിയൂ. മൂന്നോ നാലോ പേർക്കേ വായിച്ചതെന്തെന്ന് മനസ്സിലാക്കാൻ കഴിയൂ. സാക്ഷരതയുള്ള ഒരൊറ്റ സ്ത്രീ പോലുമില്ല. ഹരിജനങ്ങളാണ് എഴുപത്തി അഞ്ച് ശതമാനവും. അവർക്ക് ഒരു വായനശാലയെക്കുറിച്ച് ഞാൻ ചിന്തിച്ചു. വലിയ പുസ്തകങ്ങൾ കിട്ടിയിട്ട് അവർക്ക് വലിയ കാര്യമൊന്നുമില്ല. അതിനാൽ രണ്ടുമൂന്ന് പെൺകുട്ടികളിൽ നിന്നും സ്കൂൾ പുസ്തകങ്ങൾ ഞാൻ ഇരന്നു വാങ്ങി. അവർക്ക് ആവശ്യമില്ലാത്തതായിരുന്നു അവ. എൽ.എൽ.ബി. പാസായ ഒരു യുവാവ് എന്നോടൊപ്പമുണ്ട്. എന്റെ കൂടെ കൂടിയതിനാൽ അയാൾ നിയമം മുഴുവൻ മറന്നു കഴിഞ്ഞിരുന്നു. ചെറിയ പുസ്തകങ്ങൾ അയാൾ ഗ്രാമവാസികൾക്കു വേണ്ടി വായിച്ചു കൊടുക്കുന്നു. ചിലപ്പോൾ പത്രങ്ങളാവും കൊണ്ടുപോവുക. പക്ഷേ പത്രം വായിച്ചാൽ അവർക്ക് എന്ത് മനസ്സസിലാകാനാണ്. സ്പെയിൻ എന്നും റഷ്യ എന്നും പറഞ്ഞാൽ അവർക്ക് എന്തു മനസ്സിലാകും. അവർക്ക് ഭൂമിശാസ്ത്രം എന്തറിയാൻ. അവർക്കു വേണ്ടി ഞാൻ എന്താണ് വായിച്ചു കൊടുക്കേണ്ടത്. സെഗാവിലെ ഒരു കുട്ടിയെ നഗരത്തിലേക്ക് കൊണ്ടുവരാൻ ഞാനൊരുങ്ങിയതാണ്. പക്ഷേ അങ്ങനെ ചെയ്തില്ല. അവനിവിടെ വന്ന് എന്തു ചെയ്യാൻ. വിചിത്രലോകത്തിൽ എത്തിപ്പെട്ടതു പോലാകും. അവന്റെ പ്രതിനിധിയാണ് ഞാൻ എന്നു വച്ചോളൂ. അതാണല്ലോ ശരിയായ ജനാധിപത്യം. എന്നോടൊപ്പം ആ ഗ്രാമത്തിലേക്കു വരൂ. ഞാൻ വഴിയൊരുക്കാം. മുള്ളുകൾ മാത്രമല്ല, വഴിയിൽ പുഷ്പങ്ങളുമുണ്ടെന്ന് നിങ്ങൾ കണ്ടെത്തും.

ഡീൻ ഫറാർ എഴുതിയ ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള പുസ്തകം ഞാൻ ഓർമ്മിക്കുന്നു. ഇംഗ്ലീഷ് സാഹിത്യത്തിലെ ഒരമൂല്യ രത്നമാണത്. ഞാൻ ബ്രട്ടീഷ് മേൽക്കോയ്മയെ എതിർക്കുന്നു. എന്നാൽ അവരേയോ അവരുടെ ഭാഷയേയോ ഞാൻ വെറുക്കുന്നില്ല. അയാൾ ആ പുസ്തകം എഴുതിയതെങ്ങനെയാണെന്നോ ഇംഗ്ലീഷ് ഭാഷയിൽ ക്രിസ്തുവിനെക്കുറിച്ച് എഴുതിയിട്ടുള്ളതെല്ലാം അയാൾ വായിച്ചു. പാലസ്തീനിൽ നേരിട്ടു പോയി. ബൈബിളിൽ പറഞ്ഞ സ്ഥലങ്ങളെല്ലാം സന്ദർശിച്ചു. എന്നിട്ടാണ് സാധാരണക്കാർക്ക് മനസ്സിലാകുന്ന ഭാഷയിൽ പുസ്തകമെഴുതിയത്. ഡോ. ജോൺസണിന്റെ രീതിയിലല്ല, ഡിക്കൻസിന്റെ ലളിത ശൈലിയിലാണ് ആ പുസ്തകം എഴുതിയത്. നമ്മുടെ നാട്ടിലെ കഥകൾ നമ്മുടെ നാട്ടുകാർക്ക് അതു പോലെയും ഭവഭൂതിയേയും ഇംഗ്ലീഷ് സാഹിത്യകാരന്മാരേയും അനുകരിക്കാനാണ് നമ്മുടെ എഴുത്തുകാർക്ക് ഇഷ്ടം. അവർ ഗ്രാമത്തിലേക്ക് പോകട്ടെ. പഠിക്കട്ടെ എന്നിട്ട് ജീവദായിനിയായ എന്തെങ്കിലും നൽകട്ടെ.......

കലയും സാഹിത്യവും ജനകോടികളോട് സംസാരിക്കണം.

# കോവിഡ് – 19 ഉം മാനസിക സംഘർഷവും

ഡോ. വിജയലക്ഷ്മി

**2019** ഡിസംബറിൽ ചൈനയിലെ വുഹാനിൽ ആദ്യമായി കോവിഡ് 19 വൈറസ്സ് കണ്ടു. പിന്നെ കണ്ണടച്ചു തുറക്കും മുമ്പ് ലോകമെങ്ങും പടർന്നു. ഇന്ത്യയിൽ ആദ്യമായി കണ്ടത് ജനുവരി 30, 2020 ൽ ആണ്. കൊറോണ വൈറസ്സിന്റെ വകഭേദമായ കോവിഡ് –19 ന്റെ ഉറവിടവും ഉത്ഭവവും ഇന്നും തർക്ക വിഷയമാണ്. പാമ്പ്, വവ്വാൽ, യുദ്ധായുധം എന്നൊക്കെ പറയുന്നുണ്ട്. പക്ഷെ അത് ഒരു മഹാമാരിയായി മാറി എന്നുള്ളതിന് ഒരു തർക്കവുമില്ല. ഇതു വരെ നമ്മുടെ സംസ്ഥാനത്ത് 50 ലക്ഷത്തിലധികം രോഗികളും 47000 മരണങ്ങളും ഉണ്ടായി.

| | രോഗികൾ | | മരണം |
|---|---|---|---|
| India | 3.48 Cr. | | 4.81 Lakhs |
| Kerala | 50 Lakhs | " | 47000 |
| World | 28.7 Cr. | " | 54.31 Lakhs |

കോടിക്കണക്കിന് ജനങ്ങളെ ശാരീരകമായി ആക്രമിക്കുകയും ലക്ഷക്കണക്കിന് ജീവൻ അപഹരിക്കുകയും ചെയ്തു. ഈ മഹാമാരി അതിലുപരി കോവിഡ് ഉണ്ടാക്കിയിരിക്കുന്ന മാനസികവ്യാധികൾ കുറച്ചൊന്നുമില്ല. മാർച്ച് 2021 ൽ ഡെൽറ്റാവകഭേദം ഉണ്ടായി. രണ്ടാം തരംഗവവും വന്നു. ഏപ്രിൽ മാസത്തിലെ നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷം ഡെൽറ്റാ തരംഗം ശക്തമായി. മൂന്നാം തരംഗം ആഗസ്റ്റ്–സെപ്റ്റംബറിൽ ഉണ്ടാകാത്തപ്പോൾ സമാധാനിച്ചു. പക്ഷെ നവംബർ 24 ൽ പുതിയ വകഭേദം ഒമിക്രോൺ സൗത്ത് ആഫ്രിക്കയിൽ പ്രത്യക്ഷപ്പെടുകയും അതിവേഗം പല രാജ്യങ്ങളിലേക്ക് എത്തുകയും ചെയ്തു. കേരളത്തിലും എത്തി വ്യാപനശേഷി കൂടുതലാണെങ്കിലും വലിയ ആഘാതങ്ങൾ ഉണ്ടാക്കാതെ പോകുമെന്ന് വിദഗ്ദ്ധർ. വാക്സിനേഷനും, കോവി ഡ് ആർജ്ജിത പ്രതിരോധവും കാരണമാകാം അത്.

1. നമ്മൾ ഒരു ആഘാതം നേരിടുകയാണ്. അതിനെ അതിജീവിക്കാൻ നമുക്ക് കഴിയണം. ഉത്ക്കണ്ഠയും വിഷാദവും ലോകത്ത് എന്നും ഉണ്ട്. പക്ഷെ കോവിഡ് കാലത്ത് കൂടിയിട്ടുണ്ട്. എന്നു മാത്രം. ചെറിയ ഉത്കണ്ഠ (worry)മുതൽ ആത്മഹത്യയിലേക്ക് നയിക്കുന്ന വിഷാദം വരെ ഉണ്ടാകാം. ഈ മാനസിക പ്രശ്നങ്ങൾ എന്തെല്ലാമെന്നും എങ്ങനെ നേരിടാമെന്നും ചിന്തിക്കാം.

2. ഉത്കണ്ഠയാണ് ഏറ്റവും ലഘുവായത്, രോഗത്തിനെപ്പറ്റി വരുന്ന വാർത്തകളും ഭയപ്പെടുത്തുന്നതായിരുന്നു. ആദ്യമൊക്കെ രോഗത്തിനെപ്പറ്റി അറിവ് കുറവായിരുന്നു. പനി, ചുമ, ശ്വാസംമുട്ടൽ എന്നൊക്കെ കേട്ടു തുടങ്ങി പിന്നെ Pulse Oximeter, $O_2$, Ventilator, Isolation Ward, PPE Kit, Quarantine എന്നും കേട്ടു തുടങ്ങി. നമുക്കും വരുമോ രോഗം എന്നു പേടിയും സംശയവും.

3. ഗവൺമെന്റ് വരുത്തിയ നിയന്ത്രണങ്ങൾ അത്യാവശ്യമായിരുന്നെങ്കിലും ഉത്കണ്ഠ കൂടി മാസ്ക്, കൈകഴുകൽ, Social Distancing നിർബന്ധമായി. അതുപോലെ സോപ്പ് & സാനിറ്റൈസർ ഉപയോഗവും.

4 എസ്. എം. എസിനോടൊപ്പം (സോപ്പ്, മാസ്ക്, Social Distancing) "ഭയം വേണ്ട ജാഗ്രത മതി" എന്ന് ആവർത്തിച്ചു പറഞ്ഞിട്ടും ഉത്കണ്ഠ നില നിന്നു.

5. ഒറ്റപ്പെടൽ, ഏകാന്തത

സമ്പർക്ക വിലക്കിനെ തുടർന്ന് അയൽക്കാരെയോ സുഹൃത്തുക്കളെയോ കാണാൻ പറ്റാതായി, പതിവായി പുറത്തു പോയിരുന്നവർക്കു കൂടുതൽ ഒറ്റപ്പെടൽ അനുഭവപ്പെട്ടു. മനുഷ്യന് ഏറ്റവും വിഷമമുള്ള കാര്യമാണ് ഏകാന്തത.

6. സാമ്പത്തിക ബുദ്ധിമുട്ട്.

യാത്രാവിലക്കും നിയന്ത്രണവും മൂലം പല സ്ഥാപനങ്ങളെയും മുഴുവനായൊ, ഭാഗികമായൊ അടച്ചിടേണ്ടി വന്നു. ധാരാളം പേർക്ക് ജോലി നഷ്ടപ്പെട്ടു. വരുമാനവും ഇല്ലാതായി. ഇതു മാനസിക സംഘർഷത്തിന് ഇടയാക്കി. അന്നന്നു കാശുണ്ടാക്കി ജീവിച്ചിരുന്ന തൊഴിലാളിക്ക് മുൻപോട്ടു പോകാൻ വകയില്ലാതായി. അതുപോലെ തന്നെ വീടുകളിൽ ജോലി ചെയ്തിരുന്ന സ്ത്രീകളെയും വീടുകളിൽ കയറ്റാൻ വീട്ടുകാർക്ക് ഭയമായിരുന്നു.

സാമ്പത്തിക ബുദ്ധിമുട്ടിന്റെ ഒരു ഉദാഹരണം ഒരു ചെറിയ ജോലി ഉണ്ടായിരുന്ന ഒരു സ്ത്രീയെ ക്ഷേമവിവരങ്ങൾ അറിയാൻ ഞാൻ വിളിച്ചു . മറുപടി ഒരു പൊട്ടിക്കരച്ചിൽ ആയിരുന്നു. മൂന്നുദിവസമായി അവരുടെ വീട്ടിലെ കൈക്കുഞ്ഞിന് പാലുകൊടുത്തിട്ട് കടം മേടിക്കാവുന്നതൊക്കെ മേടിച്ചു ഭാഗ്യത്തിന് സന്നദ്ധപ്രവർത്തകർ വഴി അവർക്ക് സാധനങ്ങൾ എത്തിച്ച് കൊടുക്കാൻ സാധിച്ചു.

7. നമ്മുടെ സ്വഭാവങ്ങളിലും, വ്യത്യാസങ്ങൾ വന്നു.

- പെട്ടെന്ന് ദേഷ്യം വരിക
- മനസ്സിന്റെ പ്രതിരോധശക്തി കുറയുന്നു.
- ബന്ധങ്ങളിൽ വിള്ളൽ ഉണ്ടാകാം.
- ഉറക്കം ഇല്ലായ്മ മനസ്സിന് പേടിപ്പെടുത്തുന്ന ദു:സ്വപ്നങ്ങൾ കണ്ടേക്കാം.

8. Addiction

കോവിഡിന് മുൻപ് തന്നെ Mobile Phone Addiction ഒരു രോഗമായി മാറിയിരുന്നു. ഇപ്പോൾ work from home ൽ Mobile phone, laptop, Net ഒക്കെ കൂടുതൽ ഉപയോഗിക്കേണ്ടി വരുന്നു. ഒറ്റപ്പെടൽ ഒഴിവാക്കാൻ മുതിർന്നവർ പോലും ഗെയിം കളിക്കുന്നു.

9. Psychomatic Pains (ശാരീരിക അസ്വസ്തകൾ)

രോഗം വരുമോ എന്ന ഭയം, കുറ്റബോധം. രോഗികളെ കാണാനോ ശുശ്രൂഷിക്കാനോ പറ്റാത്തതുകൊണ്ടുള്ള കുറ്റബോധം. ഏറ്റവും വിഷമം ഉണ്ടാകുന്നത് മരണാനന്തരക്രിയ ചെയ്യാൻ പറ്റാത്തതാണ്. മരണാനന്തര ക്രിയകൾ യുഗങ്ങളായി ചെയ്യുന്നതാണ്. മരിച്ചവരുടെ ആത്മശാന്തിക്ക് ബന്ധുക്കൾ ക്രിയകൾ ചെയ്യണമെന്നാണല്ലോ ഈ നിയന്ത്രണങ്ങൾ നമ്മുടെ മാനസിക അവസ്ഥയെ വല്ലാതെ വിഷമിപ്പിക്കും. നമുക്ക് കുറ്റബോധം ഉണ്ടാകാം.

10. Work from Home

കോവിഡിന്റെ പശ്ചാത്തലത്തിൽ ഓഫീസിൽ പോക്ക് പ്രശ്നമായപ്പോൾ Work from Home ലേക്ക് മാറി. ആദ്യമൊക്കെ ഇതു വളരെ സന്തോഷകരമായിരുന്നു. എല്ലാവരും തമ്മിൽ തമ്മിൽ കാണുന്നു. ഒരുമിച്ചു ഭക്ഷണം കഴിക്കുന്നു. കുട്ടികളുമായി കളിക്കുന്നു. പിന്നെ പിന്നെ വീട്ടമ്മയുടെ ജോലി ഭാരം കൂടികൂടി വന്നു. പക്ഷെ സമൂഹത്തിന്റെ ഒരു കണ്ണി ആവാൻ പറ്റാതെ വന്നാൽ വീണ്ടും ഒറ്റപ്പെടലും ഉത്കണ്ഠയും ഉണ്ടായേക്കാം.

11. കുട്ടികളുടെ കാര്യം. ഇപ്പോൾ പഠനം ഓൺലൈൻ ആണല്ലോ. അപ്പോൾ മൊബൈൽ ഉപയോഗിക്കാതെ പറ്റുകയില്ല. നമ്മൾ സാധാരണ പറയും കുട്ടികളുടെ കൂടെ മുതിർന്നവർ ആരെങ്കിലും വേണം. അപ്പോൾ എന്താണ് കാണുന്നത് എന്ന് അറിയാൻ കഴിയും. അശ്ലീലമോ, കളികളോ അതല്ല ഇനി ചാറ്റിംഗും ഉണ്ടോ? ഇപ്പോൾ ഒരു പുതിയ ഗെയിം വന്നിട്ടുണ്ട്. Free Fire കുറച്ചു ദിവസം മുൻപ് ഇതു കളിച്ചിരുന്ന ഒരു കുട്ടി ആത്മഹത്യ ചെയ്തു. Blue whale, Pubgy നിരോധിച്ചിട്ടുണ്ട്.

എല്ലാ കുട്ടികൾക്കും Mobile/Laptop കിട്ടിയുണ്ടാവില്ല. സാമ്പത്തിക ബുദ്ധിമുട്ടായിരിക്കും കാരണം മറ്റുള്ളവർ പഠിക്കുന്നതു കാണുമ്പോൾ ഇവർക്കു നിരാശ ഉണ്ടാകാം.

Range കിട്ടാത്തതും പ്രശ്നമാണ്. മരത്തിന്റെ മുകളിൽ ഇരുന്ന് പഠിക്കുന്നവരെ പറ്റി കേട്ടിട്ടുണ്ട്. ഡിഗ്രിക്ക് പഠിക്കുന്ന ഒരു പെൺകുട്ടി ഒരു അമ്പലത്തിന്റെ മൂലക്ക് ഇരുന്ന് (വെളിച്ചവും range കിട്ടും) പഠിക്കുന്ന കഥയും കേട്ടിട്ടുണ്ട്.

സ്കൂളിൽ പോകാതെ കുട്ടികൾക്ക് സൗഹൃദങ്ങൾ നഷ്ടപ്പെടുന്നു വീടുകളിൽ ഒറ്റപ്പെട്ടിരിക്കുന്നു. Sharing & caring അവർക്ക് അറിയില്ല. സ്വന്തം കാര്യം നോക്കുന്നവരായി മാറും.

**12. എങ്ങിനെ നേരിടാം.**

1. ഭയം ഒഴിവാക്കാൻ കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കുക. രോഗം എങ്ങനെ പകരും, നിയന്ത്രിക്കാം etc.

2. കോവിഡിനെ പറ്റിയുള്ള വാർത്തകൾ ആവശ്യമില്ലാതെ വീണ്ടും വീണ്ടും കാണുകയോ കേൾക്കുകയോ ഒഴിവാക്കാം. മരിച്ചവരുടെയും രോഗികളുടെ എണ്ണവും ഹൃദിസ്ഥമാക്കണ്ട.

3. നിയന്ത്രണങ്ങൾ ശരിയായി പാലിച്ചാൽ രോഗം പകരും എന്ന ആശങ്ക കുറയും.

• മാസ്ക് ശരിയായി ധരിക്കുക. മൂക്കും വായും മൂടുന്ന രീതിയിൽ. കഴുത്തിൽ അല്ല. ഒരു ട്രോൾ കണ്ടു കഴുത്തിൽ ഇട്ടാൽ ബാക്കി ജോലി കാലൻ ചെയ്യുമെന്ന്. ഡബിൾ മാസ്ക് ഉപയോഗിക്കണം.

• കൈ കഴുകുക, സോപ്പ് /സാനിറ്റൈസർ ഉപയോഗിക്കുക.

• സാമൂഹ്യ അകലം എന്നാൽ - ശാരീരിക അകലം എന്നാണ്. അല്ലാതെ സമൂഹത്തിൽ നിന്നല്ല വീട്ടുകാരും സുഹൃത്തുക്കളുമായി ഫോണിൽ സംസാരിക്കാം.

• ആൾക്കൂട്ടങ്ങൾ ഒഴിവാക്കാം.
• മനസ്സിനെ ശാന്തമാക്കുവാൻ വ്യായാമം, യോഗ, പ്രാണായാമം നല്ലതാണ്.
• സ്വയം മാനസിക ശക്തി ആർജ്ജിക്കുക
• ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യാം.

പല സ്ത്രീകളും പാചക പരീക്ഷണങ്ങൾ നടത്തുന്നു. വീട്ടുമുറ്റത്തെ കൃഷി, Fashion Designing എല്ലാം നല്ലതാണ്. ട്യൂഷൻ, യോഗാ ക്ലാസ്സുകളും പലരും ചെയ്യുന്നുണ്ട്. സ്വയം ശക്തിയാർജ്ജിച്ച് പരിശ്രമിച്ച് പല വഴികളും കണ്ടെത്തണം. അല്ലാതെ കയ്യിൽ ആരെങ്കിലും കൊണ്ടു തരുമെന്ന് വിചാരിച്ച് കാത്തിരുന്നാൽ ഒന്നും നടന്നില്ലെന്ന് വരും. വാക്സിനേഷൻ എടുക്കാൻ മടിക്കരുത്.

Panic Attacks ഉത്കണ്ഠയുള്ളവർക്ക് ഉണ്ടാകാം. ഹൃദയാഘാതം ഉണ്ടോ എന്ന തോന്നൽ, നെഞ്ചു വേദന എന്ന് തോന്നും ആശുപത്രിയിൽ എത്തിച്ച് ഡോക്ടർ പരിശോധിച്ച് ഇ സി ജി എടുത്ത് ഒന്നുമില്ല എന്ന് പറഞ്ഞാൽ സമാധാനം ആകും. ഇവർക്ക് ആഘാതം മനസ്സിനാണ് ശരീരം അനുഭവിക്കുന്നതായി തോന്നും എന്ന് മാത്രം.

ചെറിയ തോതിൽ തുടങ്ങുന്ന മാനസിക സംഘർഷങ്ങൾ സഹായം കിട്ടിയില്ലെങ്കിൽ വിഷാദത്തിലേക്കും ആത്മഹത്യയിലേക്കും നയിക്കാം. ഈ കാലത്തത് ആത്മഹത്യ 10,000 കടന്നു. മാനസിക സംഘർഷം ഉണ്ടാവുമ്പോൾ വേണ്ടപ്പെട്ടവരോട് തുറന്ന് സംസാരിക്കുന്നത് നല്ലതാണ്. വിഷമങ്ങൾ പങ്കുവയ്ക്കുമ്പോൾ പകുതി ആകുമെന്നല്ലെ ചൊല്ല്.

ഈ ആശയത്തിൽ പ്രവർത്തിക്കുന്ന സംഘടനകൾ ഉണ്ട്. വൈകാരിക പിന്തുണയാണ് അവർ നല്കുന്നത് ഇങ്ങനെയൊരു സംഘടനയാണ് ചൈത്രം. ശ്രദ്ധയോടെ, കുറ്റപ്പെടുത്താതെ, സമാധാനത്തോടെ കേൾക്കുന്ന ഒരാൾ ഉണ്ടെങ്കിൽ നമുക്ക് തുറന്ന് സംസാരിക്കാനും പറ്റും.

സംഘർഷം കൂടുതലയാൽ മാനസികരോഗ വിദഗ്ദ്ധരെ കാണാൻ മടിക്കരുത്. നമ്മുടെ നാട്ടിൽ ഈ വിദഗ്ദ്ധരെ കാണുന്നത് ആക്ഷേപമാണ്. സംശയങ്ങൾ ലഘൂകരിക്കാൻ ഗവൺമെന്റ് തലത്തിലും പ്രവർത്തനമുണ്ട്. Tel. No. 1057.

**സ്ത്രീകൾക്ക് എങ്ങനെ സഹായിക്കാൻ പറ്റും ?**

മിക്ക സ്ത്രീ സൗഹൃദസംഘടനകളും സാമ്പത്തികം മാത്രമാണ് ചർച്ച ചെയ്യുന്നത്. ലോൺ കൊടുക്കുക, വാങ്ങുക അതും പലിശയില്ലാതെ അപ്പോൾ വേണ്ടതിനും വേണ്ടാത്തതിനും ഈ പണം ചിലവാക്കും. നമ്മുടെ സഹപ്രവർത്തകർക്കോ കൂട്ടുകാർക്കോ എന്തെങ്കിലും വിഷമമുണ്ടെങ്കിൽ ഒന്നു ചെവി കൊടുത്തു കൂടെ. പക്ഷെ സ്വകാര്യതയോടെയും കുറ്റപ്പെടുത്താതെയും ആകണം.

ഇതിന് മുമ്പ് ലോകത്തിൽ മഹാമാരികളും (സ്പാനിഷ് ഫ്ളൂ പ്ലേഗ് എബോള) മഹായുദ്ധങ്ങളും, ലോകമഹായുദ്ധങ്ങളും, (ലോകമഹായുദ്ധം I, II ) ഉണ്ടായിട്ടുണ്ട് മനുഷ്യൻ അതിനെ ഒക്കെ അതിജീവിച്ചിട്ടുണ്ട്. കോവിഡിനെയും നമ്മൾ അതിജീവിക്കും.

***

# ആയുസ്സിന്റെ അവധി

ജി. മാധവൻ നായർ – 9446221156

കുട്ടികൾ രണ്ടുപേരും സ്ക്കൂളിൽ പോയിക്കഴിഞ്ഞിരിയ്ക്കുന്നു. ഏതാണ്ട് ആഫീസ്സിലേക്ക് പോകാനുള്ള സമയമായി. ഉമ്മറത്ത് പത്രം വായിച്ചുകൊണ്ടിരിക്കുന്ന അച്ഛനോട് യാത്ര പറഞ്ഞ് ഗേറ്റിനടുത്തേക്ക് നീങ്ങി. വാഹനസാരഥി കാർ തയ്യാറാക്കി ഇട്ടിട്ടുണ്ട്. ഈയ്യിടെ, ഡ്രൈവിംഗ് പഠിച്ച് പൂർത്തിയാക്കിയിട്ടേയുള്ളൂ. തന്നെ ഓടിക്കുവാൻ പറ്റുമെങ്കിലും സ്വയം വിശ്വാസക്കുറവുണ്ട്. അതുകൊണ്ട് ലൈസൻസുള്ളവൻ അടുത്ത് വേണം. കുറച്ചുകാലം കഴിഞ്ഞ്, കൃത്യത വരുമായിരിക്കും.

കുഞ്ഞേ വണ്ടി എടുത്തോളൂ

ഭവ്യതയോടെ, വണ്ടിയുടെ ചാവി നൽകിയിട്ട് കുഞ്ഞുമോൻ, ഡോർ തുറന്നു പിടിച്ചു.

ഒരു ചെറു പുഞ്ചിരിയോടെ അവൾ വണ്ടിയ്ക്കുള്ളിൽ കയറി, സീറ്റിലിരുന്ന് ബെൽട്ടിട്ടു, അപ്പുറത്തെ ഇരിപ്പിടത്തിൽ കുഞ്ഞുമോൻ വന്നിരുന്ന ശേഷമേ, വണ്ടി സ്റ്റാർട്ടാക്കിയുള്ളൂ.

കവാടം കടന്ന്, കുഞ്ഞൻ ഇടവഴിയിലൂടെ കാർ, മെല്ലെ ഓടിച്ചു. മറ്റൊരു വാഹനം വന്നാൽ കടന്നു പോകുവാൻ അല്പം ബുദ്ധിമുട്ടുണ്ട്. കൂടാതെ ധാരാളം വളവുകളുള്ള വഴിയാണ്. ധൈര്യം അവലംബിച്ച് ഓരോന്നും കടന്ന് ക്ഷേത്രത്തിന്റെ മുന്നിലെത്തി. അവിടെ ഉള്ള സ്ഥലത്ത് ശകടം ഒന്നൊതുക്കിയിട്ടിട്ട് ഉള്ളിലേക്ക് കയറി. ഒന്ന് വലം വച്ച് പ്രാർത്ഥിച്ചു തൊഴുതിട്ട് വേഗത്തിൽ തിരിച്ചെത്തി, വാഹനത്തിനുള്ളിലേക്ക് കടന്ന്, വാതിലടച്ചിട്ട്, വീണ്ടും പ്രയാണം ആരംഭിച്ചു. വേഗത്തിൽ തന്നെ മുഖ്യ പാതയിലെത്തി. വഴിക്ക് ഇരുവശത്തുകൂടി വാഹനങ്ങൾ ചീറിപായുകയാണ്. വേഗത നന്നേ കുറച്ച്, വളരെ ദൂരത്തിലല്ലാത്തെ ആഫീസ്സിലേക്ക് കാർ സാവധാനം ഓടിച്ചു.

വാഹനം നിയന്ത്രിച്ചു സഞ്ചരിക്കുന്നതിനിടയിൽ കൂടുതലായി മനോവ്യാപാരം പാടില്ല എന്നാണ് പൊതു തത്ത്വം. പക്ഷേ പലപ്പോഴും അവൾക്കത് പാലിക്കാനായിട്ടില്ല. ഇന്നും അങ്ങിനെയുള്ള ഒരവസ്ഥയാണ്. അകാലത്തിൽ പൊലിഞ്ഞു പോയ അമ്മയാണാദ്യം സ്മൃതിപഥത്തിലെത്തിയത്. വിവിധ സ്ഥലങ്ങളിലായി ജോലി ചെയ്തിരുന്ന അച്ഛനേയും പലപ്പോഴും കാണാൻ കഴിഞ്ഞിരുന്നില്ല. എല്ലാ കാര്യവും നോക്കി നടത്തിയിരുന്നത് അമ്മ തന്നെ. തന്റേയും അനുജത്തിയുടേയും വിദ്യാഭ്യാസമടക്കമുള്ള എല്ലാ വിഷയങ്ങളിലും ഏറെ ശ്രദ്ധ പുലർത്തിയിരുന്നത് ജനനി തന്നെയായിരുന്നു. എന്നിരുന്നാലും വാത്സല്യനിധിയും, സാധുവുമായിരുന്ന അച്ഛനെ വിസ്മരിക്കുവാൻ സാധ്യമാകുന്നില്ല.

കുറച്ചകലെ ജോലി ചെയ്യുന്ന ഭർത്താവിന്റെ മുഖം പെട്ടെന്നാണ് കടന്നുവന്നത്. ഒരല്ലലില്ലാതെ ജീവിതം കഴിച്ചുകൊണ്ടുപോകുവാൻ ബദ്ധശ്രദ്ധപുലർത്തുന്നയാളാണദ്ദേഹം. അടുത്ത കാലത്താണ് ഒരു പുതിയ കാർ വാങ്ങിത്തന്നത്. ഓടിച്ചു പഠിക്കുവാൻ, കുഞ്ഞുമോൻ എന്ന പഴയകാലസാരഥിയെ സഹായത്തിനായി നിയോഗിക്കപ്പെട്ടതും. സ്വയമായി, നിയന്ത്രിച്ച് വാഹനം കൊണ്ടുപോകുവാൻ സാദ്ധ്യമായിട്ടും അയാളെ ഒഴിവാക്കാൻ അവൾക്ക് തോന്നിയില്ല. റോഡിലൂടെ, സധൈര്യം അങ്ങിനെ സ്വയം ഓടിച്ചു പോകുവാൻ അവൾക്കെന്തുകൊണ്ടോ ആകുന്നില്ല.

പെട്ടെന്ന് ചിന്തകളിലേക്ക് തിരിഞ്ഞു. അവളുടെ മനസ്സാകെ ഒന്നു പിടഞ്ഞു. അല്പാല്പം ദുർവാശിയുണ്ടെങ്കിലും, സ്നേഹമയിയാണ്. പഠിപ്പിൽ, കേമത്വം കാട്ടിയതിനാലാണ്, എൻജിനി

യറിംഗിനു പ്രവേശനം ലഭിച്ചത്. രാവിലെ കോളേജ് ബസ്സിൽ പോകുന്നതിനു മുമ്പ് അവൾ സൗന്ദര്യപിണക്കം കാട്ടിയിരുന്നു. ഒരു പുതിയ മൊബൈൽ ഫോൺ വാങ്ങുന്നത് സംബന്ധിച്ചായിരുന്നു സംസാരം. അച്ഛൻ വന്നിട്ടാകാമെന്നു പറഞ്ഞത് അവൾക്കൊട്ടും പിടിച്ചില്ല. മുഖം വീർപ്പിച്ച് ഒന്നുമുരിയിടാതെയാണ് അവൾ പോയത്..

ആഫീസ്സിനോടടുത്തുള്ള കുഞ്ഞുകുട്ടികളുടെ ഉല്ലാസകേന്ദ്രം കഴിഞ്ഞ് മുന്നോട്ടു പോകുമ്പോൾ പെട്ടെന്നാണ് വഴിയാത്രക്കാരൻ റോഡിനു കുറുകെ ചാടിയത്. ഉടനടി ബ്രേക്ക് ചെയ്തതിനാൽ വണ്ടി നിന്നെങ്കിലും അവളുടെ മാനസികനിലയ്ക്ക ഊനം തട്ടി.

മോളു പരിഭ്രമിക്കണ്ട. ഇതൊക്കെ ഓട്ടത്തിനിടയിൽ ഉള്ളതാണ്. വണ്ടി എടുത്തോളൂ.

കുഞ്ഞുമോൻ, ആശ്വാസ വചനങ്ങൾ ചൊരിഞ്ഞതോടെ മനസാന്നിദ്ധ്യം വീണ്ടെടുത്ത് വണ്ടി സ്റ്റാർട്ടാക്കി യാത്ര തുടർന്നു.

ഇനിയും ആഫീസ്സിലെത്താൻ കുറച്ചു ദൂരം കൂടിയെയുള്ളൂ. വേഗത നന്നേ കുറച്ചുകൊണ്ട് പോകുവാൻ ഒരുങ്ങുന്നതിനിടയിൽ അവൾക്ക് കണ്ണിൽ ഒരു മൂടലനുഭവപ്പെട്ടു. വഴി ശരിക്കും തെളിഞ്ഞു കാണുന്നില്ല. ശരീരമാകെ വിയർത്ത് തുടങ്ങി. എവിടെ നിന്നൊക്കെയോ ഒരാലസ്യത്തിന്റെ ലക്ഷണം വരുന്നതായിതോന്നി. അപ്പുറത്തിരുന്ന കുഞ്ഞുമോൻ പെട്ടെന്നവളുടെ മാറിയ ഭാവം മനസ്സിലാക്കി.

“കുഞ്ഞേ എന്തോ പ്രയാസമുണ്ടല്ലോ വണ്ടി നിർത്തിക്കോ. ഇനി ഞാനോടിക്കാം”.

ഇതുകേട്ട് വണ്ടി നിർത്തിയശേഷം അവൾ, ആയാസപ്പെട്ട് ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റു. അപ്പുറത്തേക്ക് നടക്കുവാൻ കാലിടറുന്നുണ്ട്. എങ്ങിനെയോ അടിവച്ചവൾ ആ സീറ്റിൽ കയറിയിരുന്നു. കുഞ്ഞുമോൻ അവളെ ഉറ്റുനോക്കിയിട്ട് കാറോടിക്കാൻ തുടങ്ങി. അയാളാകെ സ്തംഭിച്ചിരുന്നു. ഇടക്ക് ഒന്നു നോക്കുമ്പോൾ, സീറ്റിലമർന്നിരുന്ന അവൾ ഒരു വശത്തേക്കു ചെരിഞ്ഞു വീണു. ഭയവിഹ്വലനായ അയാൾ, അവൾക്കെന്തോ സംഭവിച്ചുണ്ടെന്നു മനസ്സിലാക്കി അടുത്തു തന്നെയുള്ള, ഒരാശുപത്രിയിലേക്ക് വേഗത്തിൽ തന്നെ വണ്ടി പായിച്ചു. അവിടെ ചെന്നു പുറത്തിറങ്ങി. മുൻവശത്തു തന്നെ സ്ഥിതി ചെയ്യുന്ന കാഷ്വാലിറ്റിയിൽ ചെന്ന് വിറയലോടെ വിവരങ്ങൾ ധരിപ്പിച്ചു. പാഞ്ഞെത്തിയ നേഴ്സും കൂട്ടരും അവളെ ഒരു സെട്രച്ചറിൽ കിടത്തി, നിമിഷനേരംകൊണ്ട് അകത്തേക്കു കൊണ്ടു പോയി.

ആകെ സ്തബ്ധനും, ദുഃഖിതനുമായ കുഞ്ഞുമോൻ ഇതിനിടക്ക് അകലെയുള്ള അവളുടെ ഭർത്താവിനെ വിളിച്ച് വിവരം പറഞ്ഞു. ഗൗരവമായിട്ടുള്ള എന്തോ സംഭവിച്ചിട്ടുണ്ടെന്നും, ഉടനെതന്നെ വന്നെത്തണമെന്നും ഉണർത്തിച്ചു. സംഗതിയുടെ സ്ഥിതിയറിഞ്ഞ അയാൾ ആകെ പരിഭ്രമിച്ചവശനായി. ജോലി സ്ഥലത്ത് നിന്നിരുന്ന ആ തകർന്ന മനുഷ്യൻ ഉടനെ തന്നെ എത്തിക്കോളാമെന്ന് ഇടർച്ചയോടെ പറഞ്ഞു.

കാഷ്യാലിറ്റിയിലെ ഡോക്ടർ പരിശോധനയെല്ലാം കഴിഞ്ഞ് പുറത്തു വന്ന് ബന്ധുക്കളെ തിരക്കി. ഡ്രൈവർ മാത്രമേ, കൂടെയുള്ളൂ എന്നു പറഞ്ഞ നേഴ്സിനോട് സേവന നിരതനായ ഡോക്ടർ ദു:ഖഭാവത്തോടെ സ്വരം താഴ്ത്തി പറഞ്ഞു.

“കൊണ്ടുവന്നപ്പോഴേ ജീവൻ പോയിക്കഴിഞ്ഞിരുന്നല്ലോ”

അരികത്തു തന്നെ നിന്നിരുന്ന കുഞ്ഞുമോൻ ഇതു കേട്ട് എന്ത് ചെയ്യണമെന്നറിയാതെ വിങ്ങലോടെ ആശുപത്രിയുടെ പിൻഭാഗത്തു പോയി, ചുമരിൽ ചാരിയങ്ങിനെ നിന്നു.

ജീവൻ നഷ്ടമായ, പെൺകുട്ടിയുടെ ഭർത്താവ് എപ്പോൾ വേണമെങ്കിലും എത്തിച്ചേരാം. എന്താണുണ്ടായതെന്നെങ്ങിനെ പറയും.

അങ്ങിനെ കുറച്ചു നേരം കഴിഞ്ഞപ്പോൾ അതിവേഗം ഓടിച്ചുവന്ന ഒരു ജീപ്പ്, കവാടം കടന്ന് അകത്തേക്കു വന്നു. പെട്ടെന്ന് നിന്ന വാഹനത്തിൽ നിന്ന് കുറച്ച് പേർ ചാടിയിറങ്ങി. കൂട്ടത്തിൽ രണ്ടു പേർ അയാളെ താങ്ങിപിടിച്ചു കൊണ്ടുവരുന്നുണ്ടായിരുന്നു. ഒഴിഞ്ഞു മാറി നിന്നിരുന്ന കുഞ്ഞുമോൻ അയാളെ നല്ലവണ്ണം കണ്ടു. പക്ഷേ നേരിട്ടു പ്രത്യക്ഷപ്പെടുവാൻ ധൈര്യപ്പെട്ടില്ല. മിഴികൾ തുടച്ചുകൊണ്ട് പ്രപഞ്ചശക്തിയെ പ്രാർത്ഥിച്ച് നിർവികാരതയോടെ ആശുപത്രിയുടെ ഉള്ളിലേക്ക് അയാൾ നോക്കി.

*****

# പുരുഷാർത്ഥങ്ങൾ

എം.ആർ.എസ്. മേനോൻ - 9037126220

**കാമം** - ധർമ്മാധിഷ്ഠിതമായ അർത്ഥം (ധനം) കൊണ്ട് കാമത്തെ (സുഖാനുഭവങ്ങളെ) അനുഭവിക്കുന്നതിന് സനാതന ധർമ്മം എതിരല്ല. എല്ലാ ഭോഗവസ്തുക്കളും ഈശ്വരന്റേതാണ് എന്നറിഞ്ഞു ഭഗവത് പ്രസാദമായി അർത്ഥത്തെ ഉപയോഗിക്കാമെന്ന് ഉപനിഷത്ത് പറയുന്നു.

വിഷ്ണു സഹസ്രനാമത്തിൽ "കാമദേവ: കാമ പാല: കാമി കാന്ത: കൃതാഗമ:"

എന്നാണ് ഭഗവാനെ സ്തുതിക്കുന്നത്. കാമം ധർമ്മാധിഷ്ഠിതമെങ്കിൽ അനുഭവിക്കാം വിഷയസുഖങ്ങൾ അനുഭവിച്ച് ശമിപ്പിക്കാൻ സാധ്യമല്ലെന്ന് യയാതിയുടെ കഥ പഠിപ്പിക്കുന്നു. കാമം അനുഭവിക്കുന്തോറും വർദ്ധിക്കുന്നു. വിഷയങ്ങളിൽ വ്യാപരിക്കുന്നത് കൊണ്ട് കിട്ടുന്ന തൃപ്തിയാണ് കാമം എന്ന് മഹാഭാരതം പഠിപ്പിക്കുന്നു. (മഹാഭാരതം 3.33.37-38)

"ധർമ്മം സമാചരേത് പൂർവ്വം, തതോ *f*ർത്ഥം ധർമ്മസംയുക്തം

തത: കാമം ചരേത് പശ്ചാത് സിദ്ധാർത്ഥ: സഹിതൽ പര: (ആദ്യം ധർമ്മം പാലിക്കുക പിന്നീട് ധർമ്മമാർഗ്ഗത്തിലൂടെ അർത്ഥം സമ്പാദിക്കുക. പിന്നെ വേണം കാമം സാധിക്കാൻ") എന്നു തന്നെയാണ് ഭാഗവതം പഠിപ്പിക്കുന്നത്. ഉറച്ച ധർമ്മബോധമുള്ളവൻ അനിയന്ത്രിതമായ വിഷയ സുഖങ്ങളുടെ പിന്നാലേ പോകുകയില്ല.

വിഷയ സുഖങ്ങളുടെ പിന്നാലെ പോയതാണ് രാവണന്റെ പതനത്തിന് കാരണം.

"ധ്യായതോ വിഷയാൻ പുംസ:
സംഗാത് സംജായതേ കാമ:
ക്രോധാത് ഭവതി സമ്മോഹ:
സ്മൃതി ഭ്രംശാത് വുദ്ധി നാശോ
സംഗസ് തേഷു പജായതേ
കാമാത് ക്രോധോ *f* ഭിജായതേ
സമ്മോഹാത്സ്മൃതി വിഭ്രമ:
ബുദ്ധിനാശാത്പ്രണശ്യതി

(ഭഗവത് ഗീത അദ്ധ്യായം 3.62-63) വിഷയങ്ങളെ ചിന്തിക്കുന്നവന് അവയിൽ പ്രീതിയുണ്ടാകുന്നു. പ്രീതിയിൽ നിന്ന് കാമം ജനിക്കുന്നു. കാമത്തിൽ നിന്ന് ക്രോധം ഉത്ഭവിക്കുന്നു. ക്രോധം മൂലം ബുദ്ധിഭ്രമം ഉണ്ടാകുന്നു. ബുദ്ധിഭ്രമം മൂലം ഓർമ്മക്കേട് ഉണ്ടാകുന്നു. ഓർമ്മക്കേട് കാരണം വിവേകശക്തി നശിക്കുന്നു. വിവേക നാശം കാരണം ജീവിതം നാശമടയുന്നു. സർവ്വനാശത്തിനും കാരണം കാമമാണെന്ന് വ്യക്തം. കാമമാകട്ടെ വിഷയങ്ങളെപറ്റി ചിന്തിക്കുന്നതിൽ നിന്ന് ഉണ്ടാകു ന്നു. ധർമ്മാനുസൃതം ജീവിക്കുന്നവന്റെ ചിന്തകൾ ശുദ്ധമായിരിക്കുന്നു. ശരിയായ ചിന്ത ആത്മ ശ്രേയസ്സിനും തെറ്റായ ചിന്ത ആത്മനാശത്തിനും കാരണമായിത്തീരുന്നു. സർവ്വനാശങ്ങൾക്കു കാരണം കാമവും അതിന് ഹേതുവായ വിഷയ ചിന്തകളും ആണ്. ശക്തമായ ധർമ്മ ചിന്തയില്ലാതെ ജീവിക്കുന്നവനെ നിയന്ത്രിക്കുന്നത് വിഷയസുഖങ്ങളിലുള്ള കാമം ആയിരിക്കും. കാമങ്ങളെ അതിന്റെ വഴിക്ക് അഴിച്ച് വിട്ടാൽ അവ അധപതനത്തിലേക്ക് നയിക്കും. അതിനാൽ ജീവിതത്തിന്റെ അടിത്തറ ധർമ്മമാണെങ്കിൽ കാമത്തെ അനുഭവിക്കലും ധർമ്മാനുസൃതമായിരിക്കും. പുരുഷാർത്ഥത്തിന് ഏറ്റവും നല്ല ഉദാഹരണം രാമായണം തന്നെയാണ്. രാമൻ ധർമ്മത്തിന് വേണ്ടി അർത്ഥത്തെ ത്യജിച്ചു. തനിക്ക് കൈവന്ന ആർത്ഥത്തെ രാമൻ രണ്ടു തവണ ത്യജിച്ചു.

തന്റെ പിതാവിന്റെ സത്യം പാലിക്കാൻ രാമൻ രാജ്യത്തെ ഉപേക്ഷിച്ച് വനത്തിൽ പോകാൻ തയ്യാറായി പിന്നീട് ഭരതൻ വനത്തിൽ വന്ന് തിരിച്ച കൊണ്ടുപോകാൻ ശ്രമിച്ചപ്പോഴും ഭരതൻ പ്രായോപവേശം ചെയ്യാൻ തുനിഞ്ഞപ്പോഴും ഭരതനോടൊപ്പം കൈകേയി കൂടെ ഉണ്ടായിട്ടും രാമൻ ഉഗ്രപ്രതിജ്ഞ ചെയ്യുകയാണ് ഉണ്ടായത്. പിന്നീട് നാം കാണുന്നത് രാമൻ ധർമ്മത്തിന് വേണ്ടി കാമത്തെ ത്യജിക്കുന്നതാണ്. സീത സുചരിതയും പതിവ്രതയും ആണെന്ന് തനിക്ക് ഉത്തമ ബോധ്യമുണ്ടായിട്ടും ഒരു ഭരണാധികാരിയുടെ ധർമ്മം ജനങ്ങളോടാണ് എന്ന് മനസ്സിലാക്കി രാമൻ തന്റെ പത്നിയെ രണ്ടു തവണ ത്യജിച്ചു. തനിക്കേറ്റവും പ്രിയപ്പെട്ടവനെന്ന് രാമൻ പറയുന്ന ലക്ഷ്മണനെ വരെ ത്യജിക്കാൻ രാമൻ തയ്യാറായി. അർത്ഥ കാമങ്ങളെക്കാൾ മീതെ ധർമ്മം തന്നെയാണെന്ന് രാമന്റെ ജീവിതം കാട്ടിത്തരുന്നു. മറിച്ചൊരു ഉദാഹരണവും രാമായണത്തിൽ ഉണ്ട്. ദശരഥന് ഭാര്യമാരിൽ യുവതിയും സുന്ദരിയുമായ കൈകേയിയോട് പ്രത്യേക മമതയും വിധേയത്വവും ഉണ്ടെന്ന് രാമായണത്തിൽ നിന്ന് വ്യക്തം. ക്രോധാലയത്തിൽ വിലപിച്ച് കിടക്കുന്ന കൈകേയിയോട് ദശരഥൻ ചോദിക്കുന്നത് നീ ദു:ഖിക്കാനെന്താണ് കാര്യം. എന്തും ഞാൻ ചെയ്ത് തരാം. വധ്യനെ ഞാൻ അവധ്യനാക്കിടാം അവധ്യനെ ഞാൻ വധ്യനാക്കീടാം, നിർദ്ധനൻ എങ്കിൽ ധനികനാക്കാം. അർത്ഥവാനേ ഞാൻ നിനക്ക് വേണ്ടി ദരിദ്രനാക്കാം. ഇത് ഒരു ഭരണാധികാരിക്ക് ചേർന്ന വാക്കുകളല്ല. തനിക്കിഷ്ടപ്പെട്ട ഭാര്യക്ക് വേണ്ടി എല്ലാ രാജധർമ്മങ്ങളെയും ഉപേക്ഷിക്കാൻ ദശരഥൻ തയ്യാറാവുന്നു. കൈകേയിയുടെ രാമനെ കാട്ടിലയക്കാനും ഭരതനെ രാജാവാക്കാനും ഉള്ള ആവശ്യം ദശരഥന് നിഷേധിക്കാം. കാരണം തന്റെ ഭാര്യയുടെ ഇഷ്ടം സാധിച്ച് കൊടുക്കൽ രാജാവിന്റെ കടമയല്ലല്ലോ?

*****

# 1-ാം ചരമ വാർഷികം

## 8-02-2022



**ചെറുപറമ്പത്ത് സി. ബാലകൃഷ്ണൻ**
**അനുഗ്രഹ, ചെറുപറമ്പത്ത് വീട്**
**കടവന്ത്ര, കൊച്ചി - 682020**

# രമേശൻ നായരെ ഓർക്കുമ്പോൾ

**എം.കെ. ചന്ദ്രശേഖരൻ**

സാഹിത്യരംഗത്ത് ഒരു ഗ്രന്ഥകർത്താവെന്ന മേൽവിലാസം എനിക്ക് നൽകിയ ആളാണ് എസ്. രമേശൻ നായർ. കവി, ഗാനരചയിതാവ്, വിവർത്തകൻ അതിനും പുറമേ ആകാശവാണിയിലെ മുൻ ഉദ്യോഗസ്ഥൻ എന്നതിനേക്കാൾ ഉപരി എന്റെ "തടവറയിലേയ്ക്ക് വീണ്ടും" എന്ന ആദ്യപുസ്തകത്തിന്റെ പ്രസാധകൻ എന്ന നിലയിൽ രമേശൻ നായരോട് ഞാനേറെ കടപ്പെട്ടിരിക്കുന്നു.

73-ാമത്തെ വയസ്സിൽ മരണമടയുക എന്നത് ഇന്നത്തെ കാലത്ത് വാർദ്ധക്യസഹജമായ അസുഖം മൂലമാണെന്ന് വിശേഷിപ്പിക്കാനാവില്ല. മുൻമന്ത്രി കെ.ആർ. ഗൗരിയമ്മയുടെ മരണം 102-ാമത്തെ വയസ്സിലായിരുന്നു. മുൻ മുഖ്യമന്ത്രി അച്ചുതാനന്ദൻ ഇപ്പോൾ 97-ാമത്തെ വയസ്സിലേക്ക് കടന്നിരിക്കുന്നു. കോവി ഡ് കാലത്തെ അതിജീവിച്ച് വാക്സിനേഷൻ എടുത്ത 104 കാരിയുടെയും 101 കാരുടെയും വാർത്തകൾ ടി.വി. ചാനലുകളിലൂടെ അവരുടെ ചിത്രങ്ങൾ സഹിതം കാണുമ്പോൾ, രമേശൻ നായർ കുറച്ച് കാലം കൂടി ജീവിച്ചിരിക്കേണ്ട ആളായിരുന്നു എന്ന ഒരു തോന്നൽ എങ്കിലും അകാലമൃത്യു എന്നും പറയാനാവില്ല. വളരെ വൈകിയാണ് ഞാൻ സാഹിത്യ രംഗത്ത് സജീവമായത്. പഠിക്കുന്ന കാലത്തേ എഴുതി തുടങ്ങിയതാണെങ്കിലും കോളേജ് ജീവിതത്തിന്റെ തുടക്കത്തിൽ തന്നെ വന്നുപെട്ട ചില തിക്താനുഭവങ്ങൾ മൂലം എന്റെ സർഗ്ഗവാസനയ്ക്ക് അവധി കൊടുത്ത് ആദ്യം വിദ്യാർത്ഥി രാഷ്ട്രീയത്തിലും പിന്നീട് ജോലി കിട്ടിയപ്പോൾ ജീവനക്കാരുടെ സംഘടയുടെ തലപ്പത്തുള്ള ആളെന്ന നിലയിലും സജീവമായപ്പോൾ എന്നിലെ എഴുത്തുകാരൻ മരിച്ച് പോയിരുന്നു. 20 വർഷത്തെ വനവാസത്തിന് ശേഷം സാഹിത്യരംഗത്തേയ്ക്ക് വരുമ്പോൾ എന്നോടൊപ്പമുണ്ടായിരുന്നവരും എനിക്ക് പിന്നാലെ വന്നവരും ഏറെ മുന്നോട്ട് പോയിരുന്നു. പിന്നീട് 80കളുടെ അവസാനത്തിലും 90 കളുടെ തുടക്കത്തിലുമായി ഞാൻ എഴുതിയ ഏതാനും കഥകളും രണ്ട് നോവലുകളും പല പ്രസിദ്ധീകരണങ്ങളിലും പത്രങ്ങളുടെ വാരാന്ത്യപ്പതിപ്പിലുമായി വന്നവ പുസ്തകരൂപത്തിലാക്കണമെന്ന മോഹം പല കാരണങ്ങൾ കൊണ്ട് നീണ്ടുപോയി. അന്ന് കേരളത്തിലെ ഏറ്റവും വലിയ പ്രസിദ്ധീകരണശാലയായ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെ സമീപിച്ചെങ്കിലും പുസ്തകപ്രസിദ്ധീകരണം നടക്കുമെന്ന മോഹം അന്നാ സംഘത്തിന്റെ തലപ്പത്തിരുന്നവരുടെ നിസ്സഹകരണം മൂലം നടക്കാതെ പോയി.

ആയിടെയാണ് തൃശ്ശൂർ കേന്ദ്രമാക്കി ഒരു പുതിയ പ്രസിദ്ധീകരണശാല തുടങ്ങുന്നത്. കൃതികൾ ക്ഷണിച്ചു കൊണ്ടുള്ള പരസ്യം പത്രത്തിൽ കാണാനിടയായതോടെ ഒരു ഭാഗ്യപരീക്ഷണം എന്ന നിലയിൽ ഒരു പത്രത്തിന്റെ വാരാന്ത്യപ്പതിപ്പിൽ വന്ന നോവലിന്റെ പേപ്പർ കട്ടിങ്സ് അയച്ചു കൊടുത്തു. പുസ്തക പ്രസിദ്ധീകരണ സ്ഥാപനങ്ങൾ കൂടുതലും നോവലുകൾക്കാണ് പ്രാമുഖ്യം കൊടുക്കുക എന്ന കണക്ക് കൂട്ടലിലാണ് നോവലിന്റെ കട്ടിംഗ്സ് അയച്ചു കൊടുത്തത്. രണ്ടാഴ്ച കഴിഞ്ഞില്ല. അയച്ചുകൊടുത്ത കൃതി മടങ്ങി. ക്രാഫ്റ്റിന്റെ മികവ് കൃതിക്കുണ്ട്. പക്ഷേ പ്രമേയം പൈങ്കിളി സ്വഭാവം കാണിക്കുന്നു. ഞങ്ങൾ ഇത്തരം കൃതികൾ പ്രസിദ്ധീകരിക്കുന്നില്ല. താരതമ്യേന മികച്ച സൃഷ്ടികളാണ് പുസ്തകമാക്കുക. താങ്കൾ കഥകളെഴുതുന്ന ആളല്ലെ. പ്രസിദ്ധീകരിച്ച ഏതാനും കഥകളയച്ചു തരിക.

നിരാശയും പ്രതീക്ഷയും ഒപ്പം വന്ന നിമിഷം. പല പ്രസിദ്ധീകരണങ്ങളിലായി വന്ന കഥകൾ എല്ലാം സാമാന്യം നിലവാരമുള്ള പ്രസിദ്ധീകരണങ്ങളിൽ വന്നത്. ഇവയൊന്നും മടക്കിവിടില്ലെന്ന ആത്മവിശ്വാസത്തിൽ അയച്ചുകൊടുത്തു. അതോടൊപ്പം ഇതേവരെ പ്രദ്ധീകരിക്കാത്ത കഥകളുടെ കയ്യെഴുത്തു പ്രതികളും

അയച്ചു. മൊത്തം 10 കഥകൾ. പുസ്തകത്തതിന് കുറെ വലിപ്പം കിട്ടണമെങ്കിൽ ഈ കഥകളും വരണം എന്ന കണക്ക് കൂട്ടലായിരുന്നു. ഒരു മാസത്തിന് മേലെയായിട്ടും മറുപടിയൊന്നും കിട്ടാഞ്ഞപ്പോൾപ്രസിദ്ധീകരണശാലയിൽ പോയന്വേഷിക്കാമെന്ന് തീരുമാനിച്ചു. പുസ്തകപ്രസിദ്ധീകരണശാലയുടെ തലപ്പത്ത് അക്കിത്തവും മറ്റൊരാൾ പേരെടുത്ത യുവകവിയുമായതിനാൽ അവരെ കാണുക എന്നതും ലക്ഷ്യമായിരുന്നു. ശരിക്കും പറഞ്ഞാൽ ഒരു തീർത്ഥയാത്ര. രണ്ടുപേരും ആകാശവാണിയിൽ ജോലി ചെയ്യുന്നവരായിരുന്നു എന്ന് ഇതിനോടകം അറിയാൻ കഴിഞ്ഞിരുന്നു.

തൃശ്ശൂർ ആകാശവാണിയിൽ ചെന്നപ്പോൾ അക്കിത്തമില്ല. അദ്ദേഹം വരേണ്ട ദിവസം ആവുന്നതേയുള്ളൂ. മറ്റെയാൾ രമേശൻ നായർ ഉച്ചയോടെ വീട്ടിലേയ്ക്കു പോയിരുന്നു. അദ്ദേഹത്തിന് ഇന്നിനി ഇവിടെ വരേണ്ട ആവശ്യമില്ല. രമേശൻ നായർ താമസിക്കുന്നത് ചേറൂർ എന്ന സ്ഥലത്താണെറിഞ്ഞ് പിന്നെ അങ്ങോട്ടായി യാത്ര. വീട് കണ്ടു പിടിച്ച് പേര് പറഞ്ഞപ്പോൾ കഥകളെല്ലാം വായി ച്ചുഴിഞ്ഞു. ഏതായാലും വന്നില്ലേ, ഒന്നു കൂടി വായിച്ച് ഒരു തീരുമാനമെടുക്കാൻ പറ്റുമോ എന്ന് നോക്കണം. വീട്ടിൽ വേറാരുമില്ല എന്നറിഞ്ഞപ്പോൾ കുറെ സ്വതന്ത്രമായിടപെടാൻ പറ്റി. കുടുംബം നാട്ടിലേയ്ക്കു പോയിരിക്കുന്നു. ആദ്യകഥ വായിച്ചു കഴിഞ്ഞു. ഒരഭിപ്രായം പറയാതെ മാറ്റിവയ്ക്കുന്നു. ആ കഥ സ്വീകാര്യമല്ല എന്നാണ് ഞാൻ മനസ്സിലാക്കിയത്. അങ്ങനെ കഥ വായിച്ചു ഒരഭിപ്രായവും പറഞ്ഞില്ല. ബാക്കിയുള്ളത് കയ്യെഴുത്ത് പ്രതികളായതിനാലാകാം വായിച്ചില്ല. അതും സ്വീകാര്യമാവില്ല എന്നാണ് കണക്കുകൂട്ടൽ.

ഒരു പുസ്തകമിറക്കിക്കാണുക എന്ന മോഹം അതോടെ മാറ്റിവച്ചു. പോവാനായി ഏഴുന്നേറ്റ് ആ കഥകൾ തിരിച്ച് കിട്ടിയാൽ ഉപകാരം എന്ന് പറഞ്ഞപ്പോൾ ഉടനെ വന്നു മറുപടി.

എന്താ പുസ്തകം വേണ്ടന്ന് വയ്ക്കയാണോ ഇനിയാണ് യഥാർത്ഥ ജോലി. പ്രസ്സിൽ കൊടുക്കണം. കംപോസ് ചെയ്ത് പ്രൂഫ് നോക്കണം. കവർ അങ്ങിനെ എന്തെല്ലാം ജോലികൾ.

ഏതായാലും പിന്നീടുള്ള കയ്യെഴുത്ത് പ്രതികളും വായിച്ചു. ഇവയും പ്രസിദ്ധീകരണയോഗ്യമാണ്. പക്ഷേ ഞങ്ങൾക്ക് 8 കഥകൾ മതിയാകും. ഏതായാലും ഒരു കഥ ഇവിടെ വയ്ക്കുകയാണ്. ആകാശവാണിയിൽ ശനിയാഴ്ചതോറുമുള്ള സാഹിത്യലോകത്ത് കൊടുക്കാൻ പറ്റും. അത് പ്രക്ഷേപണം ചെയ്യുന്ന ദിവസം നേരത്തെ തന്നെ അറിയിക്കാം. മറ്റെക്കഥ ഏതെങ്കിലും വീക്കിലിയിലോ മാഗസിനി ലോ കൊടുത്തുകൊള്ളൂ.

എന്നെ സംബന്ധിച്ചിടത്തതോളം സന്തോഷം നൽകുന്ന നിമിഷങ്ങൾ. ഒരു പുസ്തകം ആദ്യമായി വരുന്നു. അതോടൊപ്പം ആകാശവാണിയിൽ പ്രക്ഷേപണത്തിനായി ഒരു കഥ തിരഞ്ഞെടുത്തിരിക്കുന്നു. ഇതിനൊക്കെ സാഹചര്യമൊരുക്കിയ രമേശൻ നായരെ എങ്ങനെ മറക്കാൻ പറ്റും. അദ്ദേഹം എന്നും എന്റെ സ്മൃതിമണ്ഡപത്തിലുണ്ടാവും. പുസ്തകത്തിന്റെ പേര് ഏതെങ്കിലും ഒരു കഥയുടേതാവട്ടെ എന്ന് തീരുമാനിച്ചതും രമേശൻ നായരാണ്. "വീണ്ടും തടവറയിലേക്ക്". ആറ് മാസം മുമ്പ് ഒരു വീക്കിലിയിൽ വന്ന കഥയാണ്. കഥ കൊള്ളാം പക്ഷേ പേര് ഞാനൊന്ന് മാറ്റം വരുത്തുകയാണ്. 'തടവറയിലേയ്ക്ക്' വീണ്ടും. അതല്ലേ ശരി.

രമേശൻ നായരുടെ പെരുമാറ്റവും സംസാരവും എല്ലാം അടുത്ത ഒരു സ്നേഹിതനെപ്പോലെയാണ്. ആദ്യമായി കാണുന്നു. കഥകളെല്ലാം വായിക്കുന്നു. പുസ്തകത്തിന് കൊടുക്കേ പേര് വരെ നിർദ്ദേശിക്കുന്നു. ആത്മാവിനെ തൊട്ടറിഞ്ഞുള്ള കാലങ്ങളായുള്ളള സൗഹൃദം നിലനിർത്തുന്ന ഒരു വ്യക്തി.

വീണ്ടും രമേശൻ നായരെ കാണാനുള്ള സാഹചര്യമുണ്ടായിട്ടുണ്ട് കേരള സാഹിത്യ അക്കാദമിയിൽ ഏതെങ്കിലും പരിപപാടിയിൽ പങ്കെടുക്കാനായി പോവുമ്പോൾ രമേശൻ നായരെ കാണാൻ പോവുക എന്നതും ഒരു ചര്യയായി. ഇതിനിടയയിൽ അദ്ദേഹത്തിന് തിരുവനന്തപുരത്തേയ്ക്ക് മാറ്റമായി. അതും എനിക്കേറെ ഗുണം ചെയ്തു. കമ്പനിയുടെ ആവശ്യത്തിന് ചിലപ്പോൾ സെക്രട്ടറിയേറ്റിൽ പോവേണ്ടി വരുമ്പോൾ എങ്ങനെയും സമയം കത്തെി സൗഹൃദം പുതുക്കുന്നു. അത് കൊണ്ട് വേറെയും ഗുണമുായി. കഥ തിരുവനന്തപുരം നിലയത്തിൽ നിന്ന് പ്രക്ഷേപണം ചെയ്യാനുള്ള സാഹചര്യമൊരുക്കുന്നു. ജോലിചെയ്യുന്ന കമ്പനിയുടെ ഹെഡ് ഓഫീസ് കോട്ടയത്തായതിനാൽ ഞാൻ കഥ അയക്കു മ്പോൾ കോട്ടയം അഡ്രസ്സിൽ അയച്ചാൽ മതി. തിരുവനന്തപുരം നിലയത്തിന്റെ പരിധി കോട്ടയം വരെ വരുന്നു. മാത്രമല്ല പ്രതിഫലത്തിന്റെ കാര്യത്തിൽ ഗണ്യമായ വർദ്ധന.

തിരുവനന്തപുരത്തേയ്ക്ക് മാറിയത്, രമേശൻ നായർക്ക് വേറെയും ഗുണം ചെയ്തു. പല സിനിമകൾക്കും ഗാനങ്ങളെഴുതാനുള്ള സാഹചര്യം വരുന്നു. എഴുതിയ ഗാനങ്ങൾ കാവ്യഗുണമുള്ളവ. പി. ഭാസ്കരൻ, വയലാർ, ഓ.എൻ.വി, ശ്രീകുമാരൻ തമ്പി, യൂസഫലി കേച്ചേരി ഇവയുടെയൊക്കെ ഒപ്പം മുൻപന്തിയിൽ തന്നെ സ്ഥാനം. അച്ചുവേട്ടന്റെ വീട് എന്ന സിനിമ വന്നതോടെ അതിലെ പല ഗാനങ്ങളും പേരെടുത്ത് കഴിഞ്ഞു.

ഏറ്റവും നല്ല ഗാനരചയിതാവിനുള്ള അവാർഡ് ലഭിക്കുന്നു. ആള് വലിയ ധനവാനായി മാറിയല്ലൊ. ഒരിക്കൽ ഞാൻ പറഞ്ഞതേ ഉള്ളൂ. അറിഞ്ഞുകൂടാഞ്ഞിട്ടാ പലരും പ്രതിഫലത്തിന്റെ കാര്യത്തിൽ കളിപ്പിക്കുന്നു. ചിലർ സിനിമ ഇറങ്ങിയിട്ട് തരാമെന്നു പറയും. അത്ര തന്നെ. പിന്നെ നിർമ്മാതാവിനെ മഷിയിട്ട് നോക്കിയാൽ പോലും കാണില്ല. പി. ഭാസ്കരനെ പോലെയോ വയലാറിനെപ്പോലെയോ അവരെന്നെ കാണുന്നില്ല. അങ്ങനെ കാണണമെന്നും പറയുന്നില്ല. പക്ഷേ ഈ ഗാനങ്ങളൊക്കെ കാസറ്റുകളാക്കി ചൂടപ്പം പോലെ വിറ്റു പോകുന്നെന്ന് ഞാനറിയുന്നു. കോപ്പി റൈറ്റിന്റെ പേരിൽ എന്തെങ്കിലും നടപടിയിലേയ്ക്ക് നീങ്ങിയാൽ ഞാനാവഴിയൊന്നും ആലോചിച്ചിട്ടില്ല. ഇത്രയൊക്കെ അടുത്ത സുഹൃത്തുക്കളായി മാറിയെങ്കിലും അദ്ദേഹവുമായി മുഷിഞ്ഞു സംസാരിക്കേണ്ട സാഹചര്യവുമുണ്ടായി. പുസ്തകത്തിന്റെ റോയൽട്ടിയെ സംബന്ധിച്ചായിരുന്നു. എഗ്രിമെന്റ് പ്രകാരം ആദ്യഗഡു പുസ്തകമിറങ്ങിയ വർഷാവസാനം തന്നെ കിട്ടുകയുണ്ടായി. പക്ഷേ രണ്ടാമത്തെ ഗഡുവായപ്പോഴേയ്ക്കും താളംതെറ്റി. തിരുവനന്തപുരത്തേയ്ക്ക മാറ്റമായതിനാലാവാം തുക കിട്ടിയില്ല. ഇതിനോടകം പുസ്തക പ്രസിദ്ധീകരണശാലയുടെ പ്രവർത്തനം നിലച്ചു. അക്കിത്തം സർവ്വീസിൽ നിന്ന് പിരിഞ്ഞു പോവുകയും രമേശൻ നായർ തിരുവനന്തപുരത്തേയ്ക്ക് മാറ്റമായി പോവുകയും ചെയ്തതോടെ തലപ്പത്ത് ആരുമില്ലാത്ത അവസ്ഥ. പ്രസിദ്ധീകരണശാല നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തി. രണ്ടുപേരും കവികളായത് കൊണ്ടാവാം. പുറത്തിറങ്ങിയ പുസ്തകങ്ങളിൽ ഏറിയകൂറും കവിതാഗ്രന്ഥങ്ങളായിരുന്നു. നോവലിനോ കഥാസമാഹാരങ്ങൾക്കോ ലഭിച്ച വില്പന കവിതാസമാഹാരത്തിന് ലഭിച്ചില്ല. (ഈ വിവരമെല്ലാം രമേശൻ നായർ എന്നോട് പറയുന്നത് വർഷങ്ങൾക്ക് ശേഷമാണ്.) പിന്നെ കെട്ടിക്കിടക്കുന്ന പുസ്തകങ്ങളിൽ മിക്കതും വേറെ ചില പ്രസാധനശാലക്കാർക്ക് കാര്യമായ പ്രതിഫലമൊന്നുമില്ലാതെ വിൽക്കേണ്ടി വന്നു. എനിക്ക് ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം പുസ്തകത്തിന്റെ സിംഹഭാഗവും വിറ്റ് കഴിഞ്ഞിരുന്നു. രണ്ടാമത്തെ ഗഡു കിട്ടാതെ വന്നപ്പോഴുള്ള അന്വേഷണത്തിന് കുറച്ച് കൂടി കാക്കുക എന്ന മറുപടിയാണ് തന്നത്. പിന്നൊരു തവണത്തെ അന്വേഷണത്തിന് ഇതിലുള്ള പുസ്തകങ്ങളുടെ വില്പന നോക്കാതെ തന്നെ മുഴുവനായിത്തന്നെ തരാമെന്നാണ്. ഇതിനിടയിൽ സാമ്പത്തികമായി ഏറെ ഞെരുങ്ങിയ അവസ്ഥയിലായിരുന്നു ഞാൻ. മകളുടെ ഹയർ സ്റ്റഡീസിനുവേണ്ടി കൂടെകൂടെയുള്ള ഇന്റർവ്യൂ. രണ്ട് തവണ സ്റ്റേറ്റിനു വെളിയിലായിരുന്നു പലപ്പോഴും കൂട്ടുപോവേണ്ടി വരുമ്പോൾ പ്രതീക്ഷിക്കാത്ത ചിലവ് വന്നുപെടുന്നു. ഞാനെന്റെ അസഹിഷ്ണത മറച്ച് വച്ചില്ല. ഞാൻ അടുത്തയാഴ്ച തിരുവനന്തപുരത്ത് വരുന്നുണ്ട്. സെക്രട്ടറിയേറ്റിൽ ഔദ്യോഗികാവശ്യങ്ങൾക്കായിട്ടാണ്. ആ സമയം അവിടെ വരുന്നതായിരിക്കാം. ഫോണിൽ കൂടി പറഞ്ഞതേയുള്ളൂ. മറുപടിക്ക് വേണ്ടികാത്തില്ല. പിന്നെ ഒഴിവുകഴിവ് പറഞ്ഞെങ്കിലോ എന്ന കണക്ക് കൂട്ടലിലായിരുന്നു.

തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിൽ നിന്ന് ഓട്ടോയിൽ കയറി ആകാശവാണിയിലെത്തി. തുക കിട്ടിയാൽ ആ ഓട്ടോയിൽ തന്നെ 2 മണിക്കുള്ള മദ്രാസ് (ഇപ്പോൾ ചെന്നൈ) മെയിൽ പിടിക്കാമെന്നായിരുന്നനു കണക്കുകൂട്ടൽ. ആകാശവാണിയിൽ ചെന്നപ്പോൾ ആള് സ്ഥലത്തില്ല. ലീവാണ്. സ്റ്റേഷൻ മാസ്റ്ററുടെ സഹായത്തോടെ വീട്ടിലേയ്ക്കുള്ള നമ്പർ തപ്പിപ്പിടിച്ച് വിളിച്ചപ്പോൾ രണ്ട് മണിക്ക് വരുമെന്നാണ് മറുപടി. 2 മണിക്കുള്ള മദ്രാസ് മെയിലിന് മടങ്ങാമെന്ന ആഗ്രഹം മാറ്റിവച്ചും ഇനിയുള്ള ട്രയിനിന് കയറിയാൽ എറണാകുളത്തെത്തുമ്പോൾ എങ്ങനെയും രാത്രി 11 മണി കഴിയും. എന്നാലും കാക്കാൻ തന്നെ തീരുമാനിച്ചു.

ഉച്ച കഴിഞ്ഞതോടെ അവൾ വന്നു. കരഞ്ഞു കലങ്ങിയ മുഖം. എന്തോ മാനസിക വ്യഥ അനുഭവിക്കുന്നു. വന്നപാടെ 500 രൂപ ഏല്പിച്ചു. കണക്കൊക്കെ പിന്നീട് പറയാം. ഞാൻ പോണു. വന്ന ഓട്ടോയിൽ തന്നെ രമേശൻ നായർ മടങ്ങി. ഈ 500 രൂപ ആരോടെങ്കിലും

മേടിച്ചു തന്നതാവാനേ വഴിയുള്ളൂ. എനിക്കിനി കിട്ടാനുള്ള തുക ബാക്കിയുള്ള മുഴുവൻ പുസ്തകങ്ങൾ വിറ്റാൽ പോലും ഇത്രയും വരില്ല. പിന്നീ ടെത്രയോ നാളുകൾക്ക് ശേഷമാണ് ഞാനറിയുന്നത്. അദ്ദേഹത്തിന്റെ ഭാര്യ മാരകമായ രോഗം ബാധിച്ച് ആശുപത്രിയിലായിരുന്നു. അതിന്റെ വിഷമവും അതോടൊപ്പം വന്നുപെട്ട സാമ്പത്തിക ബാദ്ധ്യതകളും. ഭാര്യ മരിച്ചുവെന്നത് പിന്നീട് കുറെ കഴിഞ്ഞു. (അതിനുശേഷമാണ് രമ അദ്ദേഹത്തിന്റെ ജീവിത പങ്കാളിയാവുന്നത്) ഈ വിവരമൊക്കെ നേരത്തേ അറിഞ്ഞിരുന്നെങ്കിൽ ഞാനിത്രയും കാർക്കശ്യമായ നിലപാടെടുക്കുമായിരുന്നില്ല. ആ ഒരു കുറ്റബോധം എന്നെ ഏറെക്കാലം വേട്ടയാടിയിരുന്നു. അതിനിടയിൽ രമേശൻ നായർക്ക് വീണ്ടും തിരിച്ചടി. ആകാശവാണിയിൽ വന്ന ഒരു റേഡിയോ നാടകമാണ്. നെടുമുടിവേണുവൊക്കെ ശബ്ദം കൊടുത്ത ആ റേഡിയോ നാടകത്തിന്റെ രചയിതാവ് രമേശൻ നായർ ആണ്. അന്നത്തെ മുഖ്യമന്ത്രിയുടെ മകന്റെ രാഷ്ട്രീയ പ്രവേശത്തെ അവലംബിച്ചെഴുതിയതാണ്. അതിലെ കിങ്ങിണികുട്ടൻ എന്ന ക്യാരക്റ്ററിനെ ചൊല്ലിയായിരുന്നു വിവാദം. മുഖ്യമന്ത്രിക്ക് കേന്ദ്രമന്ത്രിസഭയിലുള്ള സ്വാധീനത്തിലൂടെ രമേശൻ നായർക്ക് സ്ഥലംമാറ്റം. ആൻഡമാൻ നിക്കോബാർ നിലയത്തിലേയ്ക്ക്. ശരിക്കും പറഞ്ഞാൽ കുറ്റവാളികളെബ്രിട്ടീഷ് ഭരണകാലത്ത് നാടുകടത്തിയതിന് തുല്യമായ ശിക്ഷ. രമേശൻ നായർക്ക് ജോലി രാജിവെയ്ക്കേണ്ടി വന്നു. പിന്നീട് ഗാനരചയിതാവെന്ന നിലയിൽ പ്രസിദ്ധനായി. അഞ്ഞൂറിലധികം ഗാനങ്ങൾ വിവിധ സിനിമകൾക്കായി എഴുതിയെന്നാണ് കണക്കു കൂട്ടിയിരിക്കുന്നത്. അതോടൊപ്പം നിരവധി ഭക്തി ഗാനങ്ങളുമെഴുതി. കാവ്യരചനാ രംഗത്തും സജീവമായി. തിരുക്കുറലൽ, ചിലപ്പതികാരം എന്നിവയുടെ വിവർത്തനം ഒപ്പം ശ്രീ നാരായണഗുരുവിന്റെ ജീവിതത്തെ ആസ്പദമാക്കി എഴുതിയ ഗുരുപൗർണമി എന്ന കാവ്യഗ്രന്ഥം പ്രത്യേകം പരാമർശമർഹിക്കുന്നു. പലപ്പോഴും പലവിധ രോഗങ്ങളാൽ ക്ലേശിച്ചപ്പോഴും സാഹിത്യരംഗത്ത് സജീവമായത്തന്നെ തുടർന്നു.

പിന്നീട് താമസം എറണാകുളത്ത് ഇടപ്പള്ളിയിലായതോടെ ഞങ്ങൾ തമ്മിലുള്ള സൗഹൃദം ഒന്നുകൂടി ഊട്ടിയുറപ്പിച്ചു. ചങ്ങമ്പുഴപാർക്കിൽ നടക്കുന്ന പല പരിപാടികളിലും ഞങ്ങൾ നിരവധി തവണ വേദികൾ പങ്ക് വച്ചിട്ടുണ്ട്.

ചങ്ങമ്പുഴയുടെ ജീവിതത്തെ ആസ്പദമാക്കി ഗന്ധർവ്വസ്പന്ദം എന്നൊരു നോവൽ ഞാനെഴുതിയിട്ടുന്നെും പ്രൊഫസർ ഏം.കെ. സാനുവിന്റെ അവതാരികയോടു കൂടി ഇറങ്ങുന്ന ആ പുസ്തകത്തിന്റെ പ്രകാശനം അന്നത്തെ സംസ്കൃതസർവ്വകലാശാല വൈസ്ചാൻസലർ നടത്തുമ്പോൾ ആദ്യ പ്രതി ഏറ്റുവാങ്ങുന്ന ആളായി വരണമെന്നുള്ള എന്റെ ആഗ്രഹം അദ്ദേഹം സസന്തോഷം സ്വീകരിച്ചു. ഡോ. ലീലാവതി മുഖ്യപ്രഭാഷണം നടത്തുന്ന ചടങ്ങിൽ പ്രൊഫസർ സി.ആർ. ഓമനക്കുട്ടൻ ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം പ്രസിഡണ്ട് കെ. ബാലചന്ദ്രൻ എന്നിവരോടൊപ്പം രമേശൻ നായരും ഹൃദ്യമായ ഒരു പ്രഭാഷണം നടത്തുകയും ഉണ്ടായി. പുസ്തകത്തിന്റെ പകുതിക്ക് ശേഷം ഇതൊരു നോവല് ഒരു ഭാവദീപ്തമായ കാവ്യമായിട്ടാണ് വായനക്കാർക്കനുഭവപ്പെടുക എന്ന് ആ നോവലിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ച് കൊണ്ട് സംസാരിച്ചു ഇന്നും എന്റെ മഹോമുകുരത്തിൽ അദ്ദേഹം തെളിഞ്ഞു വരുന്നുണ്ട്. ടിവി ചാനലുകളിലും പിറ്റേ ദിവസത്തെ പത്രങ്ങളിലും പ്രാമുഖ്യം ലഭിച്ചത് രമേശൻ നായരുടെ പ്രഭാഷണത്തിലെ ഉദ്ധരണികളായിരുന്നു. ഗന്ധർവ്വ സ്പന്ദം എന്ന നോവലിനെ ഏറെ വായനക്കാരുണ്ടാവാൻ അത് കാരണമായി മാറി. പിന്നീട് പലപ്പപോഴും പല വേദികളിലും ഞങ്ങളൊരുമിച്ച് പങ്കെടുക്കാനുള്ള അവസരങ്ങളുണ്ടായിട്ടുണ്ട്. കോവിഡ് കാലം തുടങ്ങിയതതോടെ ആശയ വിനിമയം ഫോൺ സംവാദങ്ങളിലൊതുങ്ങി. ഏറ്റവും അവസാനം സംസാരിച്ചപ്പോൾ ഫോണിലൂടെ പോലുള്ള സംസാരം വിലക്കിയിട്ടുന്നെും എങ്കിലും കവിതകളാവശ്യപ്പെട്ട് പത്രാധിപ സമിതിയിലെ ആൾക്കാരെ ഒരിക്കലും നിരാശപ്പെടുത്തിയിട്ടില്ലെന്നും പറഞ്ഞു. പിന്നെ പല വാരികകളിലും വാരാന്ത്യ പതിപ്പുകളിലും അദ്ദേഹത്തിന്റെ രചനകൾ കാണുമ്പോൾ പ്രസാദാത്മകമായ പുഞ്ചിരിയോടെ മുമ്പില് നിൽക്കുന്നതായാണ് അനുഭവപ്പെട്ടിട്ടുള്ളത്

ആ രമേശൻ നായരാണ് നമ്മോട് വിടപറഞ്ഞത്. ആ വാർത്ത് ടി.വി. ചാനലുകളിലൂടെ കാണാനിടയായപ്പോൾ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ എനിക്കാ ഭൗതിക ശരീരം കാണാൻ പറ്റിയില്ലല്ലൊ എന്നത് ഏറെ വേദനിപ്പിക്കുന്നു.

പക്ഷേ എനിക്കുറപ്പിച്ച് പറയാം. രമേശൻ നായർ ഇപ്പോഴും ഇവിടൊക്കെ വിടർന്ന് പുഞ്ചിരിയോടെ കവിതയും മൂളി നടക്കുന്നുണ്ട്.

***

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 9447332125

# മാസഫലം

**2022 ഫെബ്രുവരി13 മുതൽ മാർച്ച 14 വരെ**

**ജ്യോതിഷാചാര്യൻ: അച്ചുതൻ നായർ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക 1/4) ഈ കൂറുകാർക്ക് സൂര്യനും ഗുരുവും അനുകൂലഭാവത്തിലും കുജൻ ശനി പ്രതികൂലഭാവത്തിലും ആകയാൽ സ്ഥാനപ്രാപ്തി രോഗനാശം, സുഖാനുഭാവം, മുതലായ സദ്ഗുണങ്ങളും ശരീരത്തിന് ബലക്കുറവ്, കർമ്മവിഘ്നം, കാര്യവിഘ്നം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി ശാസ്താവിനും ഭദ്രകാളിയ്ക്കും ക്ഷേത്രങ്ങളിൽ എണ്ണ, മാല, പായസം, അർച്ചന തുടങ്ങിയ വഴിപാടുകൾ നടത്തി ദോഷശാന്തി വരുത്തുക.



ഇടവക്കൂർ (കാർത്തിക 3/4, രോഹിണി, മകീര്യം 1/2) സൂര്യ, ശുക്രന്മാർ അനുകൂലത്തിലും ഗുരു, ശനി, കുജന്മാർ പ്രതികൂലഭാവത്തിലും ആകയാൽ കർമ്മഗുണം, വിഭവസിദ്ധി, സമ്പത്ത്, സുഖം മുതലായ സദ്ഗുണങ്ങളും അർത്ഥനാശം, സന്താനക്ലേശം, ദുഖം പിതൃസ്ഥാനീയർക്ക് ക്ലേശം മുതലായ ദോഷശാന്തിയ്ക്കായി വിഷ്ണുശാസ്താവ്, ക്ഷേത്രങ്ങളിൽ നിവേദ്യസഹിതം വഴിപാട് നടത്തുക.



മിഥുനക്കൂർ (മകീര്യം 1/2, തിരുവാതിര, പുണർതം 3/4) ഈ കൂറുകാർക്ക് ഗുരു അനുകൂലഭാവത്തിലും ഇതരഗ്രഹങ്ങൾ പ്രതികൂലത്തിലും ആകയാൽ സൗഭാഗ്യം സമ്പത്ത്, പുത്രർത്ഥലാഭം മുതലായ സദ്ഗുണങ്ങളും ബന്ധു നാശം രോഗാദിദുഖ ഫലം, ദുർവ്യയങ്ങൾ, ദാമ്പത്യക്ലേശങ്ങൾ മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി നവഗ്രഹപൂജയും ശിവക്ഷേത്രത്തതിൽ ധാര, പിൻവിളക്ക്, മൃത്യുഞ്ജയ മന്ത്രം അർച്ചന മുതലായ വഴിപാടുകൾ നടത്തുക



കർക്കിടകക്കൂർ (പുണർതം 1/4 , പൂയ്യം, ആയില്യം) ഈ കൂറുകാർക്ക് രാഹു ഇഷ്ടഭാവത്തത്തിലും ഇതരഗ്രഹങ്ങൾ അനിഷ്ടത്തിലും ആകയാൽ ഭാഗ്യാനുഭവങ്ങളും, ജയം, ധനലാഭം മുതലായ സദ്ഗുണങ്ങളും നയനരോഗം, മരണം കാരണമുള്ള ദുഖങ്ങൾ അരിഷ്ടത മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായയി ശിവക്ഷേത്രത്തിൽ മൃത്യുഞ്ജയഹോമം, നവഗ്രഹക്ഷേത്രത്തിൽ നവഗ്രഹപൂജ മുതലായ വഴിപാടുകൾ നടത്തുക



ചിങ്ങക്കൂർ (മകം, പൂരം, ഉത്രം 1/4 ) ഈ കൂറുകാർക്ക് ഗുരു ശനി ഗ്രഹങ്ങൾ ഇഷ്ടഭാവത്തിലും സൂര്യൻ അനിഷ്ടത്തിലും ആയതിനാൽ സ്ത്രീസൗഖ്യം, നല്ല യാത്രകൾ, സുഖവർദ്ധന മുതലായ സദ്ഗുണങ്ങളും ദേഹാസ്വാസ്ത്യം, വയറിൽ വേദന, രക്തസ്രാവം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി ശിവക്ഷേത്രത്തിൽ ശതകലശ വെള്ളനിവേദ്യം കൂവളമാല അർച്ചന മുതലായ വഴിപാടുകൾ നടത്തുക



കന്നിക്കൂർ (ഉത്രം 1/2, അത്തം, ചിത്തിര 1/2) ഈ കൂറു കാർക്ക് ഗുരുവും ശനിയും അനിഷ്ടഭാവത്തിലും ആകയാൽ ശത്രുനാശം, മോഹനിവൃത്തതിയും അഭിവൃദ്ധി, സന്താനഗുണം മുതലായ സദ്ഗുണങ്ങളും സ്ഥാനഭ്രമംശം ബന്ധുക്കൾ കാരണം ദുഖം, ഭാര്യാപുത്രകലഹം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി വെങ്കിടാചലപതിയ്ക്ക് അർച്ചന, നിവേദ്യം, മാല മുതലായ വഴിപാടുകൾ നടത്തുക.



തുലാക്കൂറ് (ചിത്തിര 1/2 , ചോതി, വിശാഖം 3/4) ഈ കൂറുകാർക്ക് ഗുരു, ശുക്രൻന്മാർ ഇഷ്ടഭാവത്തിലും ഇതര ഗ്രഹങ്ങൾ അനിഷ്ടത്തിലും ആകയാൽ ജയവും സുവർണ്ണ ലാഭം, രാജാനുകൂല്യം മുതലായ സദ്ഗുണങ്ങളും ബന്ധുക്ലേശം ധനനാശം മരണക്ലേശങ്ങൾ ചിത്തക്ഷോഭം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി ശാസ്ത്രാവിന് കരിക്ക് അഭിഷേകം അടനിവേദ്യം അർച്ചന മുതലായ വഴിപാടുകൾ നടത്തുക



വൃശ്ചികക്കൂർ (വിശാഖം 1/4 അനിഴം, തൃക്കേട്ട) ഈ കൂറുകാർക്ക് ശനി , ശുക്രൻമാർ ഇഷ്ടഭാവത്തിലും ഇതരഗ്രഹങ്ങൾ അനിഷ്ടത്തിലും ആകയാൽ സ്ഥാനപ്രാപ്തി, ഭൃത്യഗുണം, അർത്ഥലാഭം, ഐശ്വര്യം മുതലായ സദ്ഗുണങ്ങളും രോഗം, സ്ത്രീസുഖാനുഭവങ്ങൾക്ക് രോഗഹേതുവാകയാൽ തടസ്സങ്ങൾ, നാല്ക്കാലിക ഭയം, ബന്ധുക്കൾ മൂലം ദുഖം മുതലായ ദോഷശാന്തിയ്ക്കായി ശങ്കരനാരായണ സ്വാമിക്ഷേത്രത്തിൽ അർച്ചന, അഭിഷേകം, നിവേദ്യം മുതലായ വഴിപാടുകൾ നടത്തുക




ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം 1/4) ഈ കൂറുകാർക്ക് സൂര്യനും, ശുക്രനും ഇഷ്ടഭാവത്തിലും ഇതരഗ്രഹങ്ങൾ അനിഷ്ടത്തിലും ആകയാൽ ഗൃഹലാഭം, സ്ഥാനപ്രാപ്തി, സന്തോഷം, അലങ്കാര വസ്തുക്കളുടെ ലാഭം ശത്രുനാശം മുതലായ സദ്ഗുണങ്ങളും മനോഭാവം, സ്വജന വിരഹം, രക്തരോഗം, ഉഷ്ണരോഗം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി വിഷ്ണുക്ഷേത്രത്തിലും സുബ്രഹ്മണ്യക്ഷേത്രത്തിലും നിവേദ്യ സഹിതം വഴിപാടുകൾ നടത്തുക.



മകരക്കൂർ ഉത്രാടം 3/4 തിരുവോണം, അവിട്ടം 1/2) ഈ കൂറുകാർക്ക് ഗുരു, ശുക്രൻന്മാർഇഷ്ടത്തിലും ഇതര ഗ്രഹങ്ങൾ അനിഷ്ടസ്ഥിതയും ആയതിനാൽ ധനം, കുടുംബസുഖം, നിർഭയത്വം, ഐശ്വര്യം മുതലായ സദ്ഗുണങ്ങളും ദ്രവ്യനഷ്ടം, ഉഷ്ണരോഗം, മുതലായ ദോഷശാന്തിയ്ക്കായി ശാസ്താവിനും, ഭദ്രകാളിയ്ക്കും നിവേദ്യസഹിതം വഴിപാടുകൾ നടത്തുക.



കുംഭക്കൂർ (അവിട്ടം 1/2, ചതയം, പൂരുരുട്ടാതി 3/4) ഈ കൂറുകാർക്ക് ശുക്രൻ ഇഷ്ടഭാവത്തിലും ഇതരഗ്രഹങ്ങൾ അനിഷ്ടത്തിലും ആകയാൽ ദ്രവ്യം, ആരോഗ്യം, ഭൂമി ഇതുകളുടെ ലാഭം പ്രയാസം വിഭവനാശം കോപവർദ്ധന, ദുഖം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി നവഗ്രഹപൂജയും, ശിവക്ഷേത്രദർശനവും നടത്തുക.



മീനക്കൂർ (പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി) ഈ കൂറുകാർക്ക് ശനി ഇഷ്ടഭാവത്തിലും ഇതര ഗ്രഹങ്ങൾ അനിഷ്ടത്തിലും ആകയാൽ സൗഖ്യം, സമ്പത്ത്, കീർത്തി, ശത്രുക്കളുമായി ഐക്യം മുതലായ സദ്ഗുണങ്ങളും വിത്തനാശം, ബന്ധുവിരോധം, ക്ലേശം, ജ്വരരോഗം മുതലായ ദോ ഷങ്ങളുടെ ശാന്തിയ്ക്കായി വിഷ്ണുവിനും, ശിവനും നവഗ്രഹ ക്ഷേത്രത്തതിലും ദർശനം നടത്തി നിവേദ്യസഹിതം വഴിപാടുകൾ നടത്തുക



*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


*****

# MANGALYAM MATRIMONIAL
# വരനെ ആവശ്യമുണ്ട്



Nair Girl, 25/158cm, Pooram, White, B.Tech.Doing Bank coaching,Pref: Government PSU, Mob:7306661447, 9446574317


Email:rpagb9958@gmail.com
Date of Birth:7-2-1996(2.29pm)
Sishta Dasa:




Contact Address:
MR.UDAYA KUMAR
ELENJIYIL KUNNEL
MAYITHARA P O
CHERTHALA
PIN - 688539

Nair Girl, 26/5'2" Thiruvonam, Sudhajathakam, Fair, Vegetarian, B.Tech (Civil), Pref:Post Graduation/ Graduation in similar, Ph:0484-2508153, Mob:9495315834


Email:sasipgmenon@gmail.com
Date of Birth:31-10-1995(9.20am)
Sishta Dasa:Chandra:4-9-5




Contact Address:
MR.SASIDHARAN P
SIVASAILAM
EZHIKKARA P. O
ERNAKULAM -683513

Nair Girl,24/164cm, Rohini -Sudha jathakam with a slight papam ,Medium, M.Com, Studying BEd,Student,Pref: looking for a well educated groom with a decent job from Ernakulam, Alappuzha, Kottayam, Age-26-30, Mob: 9447664092, 9446915227


Email:hemanthts65@gmail.com
Date of Birth:15-3-1997(10.12am)
Sishta Dasa:




Contact Address:
MR.HEMANTHAKUMAR T. S
KRISHNASREE
AMBALAPARAMBIL, NEAR V TOOLS WORKSHOP ARA 33
PUTHIYAKAVU, UDAYAMPEROOR P O, ERNAKULAM - 682307

Nair Girl,23/148cm, Makayiram, Sudhajathakam, Fair, BSc, MSc Botany, Currently doing BEd, Pref: PostGraduation, Permanent job, Mob 9388868648, 8086816085


Email:sreekumarkm1964@gmail.com
Date of Birth:30-4-1998(4.35am)
Sishta Dasa:




Contact Address:
MR.SREEKUMAR K M
CHINMAYAM
KARAMAYIL HOUSE
MURIYAMANGALAM
MAMALA P O
ERNAKULAM 682305

Nair Girl, 24/160cm, Karthika 3/4 (Edavam), Doctor of Pharmacy, Hamd Medical Corporation (HMC) Qatar, Pref: Profesionals /PG, Mob: +97455971268


Email : bose200768@yahoo.com
Date of Birth:14-2-1997(12.00am)
Sishta Dasa:




Contact Address:
MR.A.S.CHANDRA BOSE
AMIRI GEMS
P O BOX 376,
DOHA
QATAR

Nair Girl, 23/5ft,Visakham, Fair, B.Com, PGDCA,Process Executive-Cognizant, Mob:9894452383, 9894530783

Email:jpaji545@gmail.com
Date of Birth:25-6-1999(13.20)
Sishta Dasa:




Contact Address:
MR.JAYAPRAKASH
19/1B, OM SAKTHI NAGAR
LAKSHMI NAGAR
IIND STREET
KAVUMDAMPALAYAM
COIMBATORE - 641030


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 31/167cm,Rohini, Medium, BA,LLB(Hons) From National Law University, Advocate, High Court of Kerala, Pref: Employed girl from Ernakulam District,Mob: 9447586968


Email:panickerrajasekhara@gmail.com
Date of Birth:14-8-1990(11.20pm)
Sishta Dasa: Chandra:8-4-21



Contact Address:
MR.RAJASEKHARA PANICKER
INDIRA NIVAS
THRICHATTUKULAM P O
POOCHAKKAL (VIA)
ALAPUZHA - 688524

Nair Boy, 28/167cm,Chothi, Fair, B.Com, MBA Finance, Sales Executive, UB Emirates, LLC, Dubai,Pref: Graduate/PG, Mob:9048440441


Email:devikabalamandiram@gmail.com
Date of Birth: 06-01-1994 (11.30am)
Sishta Dasa :Rahu : 15-9-20



Contact Address:
SMT.SINDHU UNNIKRISHNAN
CHELATTU HOUSE
KARUKUTTY P O
ANKAMALY VIA
ERNAKULAM - 683576

Nair Boy, 29/ 6ft 1 inch, Makam, Medium, Mass Communication Degree from Amritha College,Working as Assistant General Manager, Bangalore, Pref: Educated , Book reading habits, working girls Bangalore are prefered, Mob: 9645462713


Email:anilkpaliyath@gmail.com
Date of Birth: 31-7-1992 (11.45am)
Sishta Dasa : Ketu :4-4-5



Contact Address:
MR.ANIL KUMAR PALLIATH
KALATHIL MADHOM
PALIYAM
CHENDAMANGALAM
ERNAKULAM - 683512

Nair Boy, 32/179cm,Uthram, Wheatish, ME(Mech), Asst Professor., Engineering College, Divorcee, Mob:9895971469

Email:pravidvijay@gmail.com
Date of Birth:05-08-1989(10.50pm)
Sishta Dasa:Ravi - 1-11-7



Contact Address:
MR.VIJAYAKUMAR T.B
THACHERIL HOUSE
OCHANTHURUTH P O
COCHIN - 682508

### എറണാകുളം കരയോഗാംഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**

# www.karayogammangalyam.com

## എന്ന വെബ്സൈറ്റ് വഴി
## എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
## ഉത്തമ പങ്കാളിയെ കണ്ടെത്തു.

**www.karayogammangalyam.com**
**എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം**
**മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തു.**

**കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),**



രജിസ്റ്റർ ചെയ്യുന്നതിനായി നിങ്ങളുടെ മൊബൈൽ നമ്പർ കൊടുക്കുക.



OTP കൊടുക്കുന്നതിലൂടെ നിങ്ങളുടെ മൊബൈൽ നമ്പർ വേരിഫിക്കേഷൻ നടക്കുന്നു



ആർക്കുവേണ്ടി നോക്കുന്നു എന്ന് സെലക്ട് ചെയ്തതിനു ശേഷം അവരുടെ ഡീറ്റെയിൽസ് കൊടുക്കുക



നൽകിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ചേരുന്ന പ്രൊഫൈലുകൾ നമുക്ക് കാണുവാൻ സാധിക്കും.



ഒരു വർഷത്തെ പ്രീമിയം മെമ്പർഷിപ്പ് പ്ലാൻ ആയ ₹1199 രൂപ അടയ്ക്കുന്നതു വഴി മാച്ചിംഗ് പ്രൊഫൈലുകളുടെ കോൺടാക്ട് ഡീറ്റെയിൽസ് നിങ്ങൾക്ക് ലഭിക്കുന്നതാണ്



താല്പര്യമുള്ള പ്രൊഫൈലുകൾ ക്ലിക്ക് ചെയ്യുന്നതുവഴി അവരെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുവാൻ സാധിക്കുന്നു

**DATE OF PUBLICATION: 10-02-2022**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**
**M6-57945/2007**

**REGISTERED KL/EKM/514/2021-23**
**LICENSE NO. KL/CR/EKM/WPP-15/2021-23**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 14 February 2022 Issue No. 2



## എറണാകുളം കരയോഗം 35-ാമത്

# ശ്രീമദ് ഭാഗവത സപ്താഹയജ്ഞം

### 2022 ഫെബ്രുവരി 20 ഞായറാഴ്ച മുതൽ 27 ഞായറാഴ്ച വരെ

**എറണാകുളം കരയോഗം 35-ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം 2022 ഫെബ്രുവരി 20 ഞായറാഴ്ച മുതൽ 27 ഞായറാഴ്ച വരെ ടി.ഡി. എം ഹാളിൽ നടത്തപ്പെടുന്നു. യജ്ഞാചാര്യൻ വേദവ്യാസ സംസ്കൃത അക്കാദമി കുലപതിയായ ശ്രീമൻ. മനോജ്ശാസ്ത്രി, കാഞ്ഞിരപ്പിള്ളി. കോട്ടയം-686507. സഹ ആചാര്യന്മാർ-ദിലീപ് അമ്മാറത്ത്, ജിതേഷ് പാങ്കോട്.**



*ഏവർക്കും സ്വാഗതം*

**സർക്കാരിന്റെ നിയന്ത്രണങ്ങൾ അനുസരിച്ച് മാത്രമായിരിക്കും യജ്ഞം നടത്തുക.**

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.